പുസ്തകം–1

# നിയമ ധ്വനി

സെപ്റ്റംബർ 2017

## കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം

ലക്കം–3

പേജുകൾ 96



എല്ലാ വായനക്കാർക്കും ഹൃദയം നിറഞ്ഞ
ഓണാംശസകൾ



# നിയമ ധ്വനി



**കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം**

5/475/2017 - 1

## പത്രാധിപ സമിതി


| | | |
|---|---|---|
| *ചീഫ് എഡിറ്റർ* | : | **ബി. ജി. ഹരീന്ദ്രനാഥ്**<br>നിയമ സെക്രട്ടറി |
| *എഡിറ്റർ* | : | **ആർ. വിജയകുമാർ**<br>അഡീഷണൽ നിയമ സെക്രട്ടറി |
| *അംഗങ്ങൾ* | : | **മിനി ഭാസ്കർ, എസ്.**<br>ജോയിന്റ് സെക്രട്ടറി |
| | | **സോണിഷ്, കെ.**<br>സെക്ഷൻ ആഫീസർ |
| | | **ലക്ഷ്മി പ്രതാപൻ**<br>ലീഗൽ അസിസ്റ്റന്റ് |
| | | **സുജിത, പി. എസ്.**<br>ലീഗൽ അസിസ്റ്റന്റ് |
| *പുറംതാൾ രൂപകല്പന* | : | **ഗോകുൽ പ്രതാപ്** |
| *വിലാസം* | : | നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം-695 001. |
| *ഫോൺ* | : | 0471-2517064, 0471-2517066 |


ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനത്തിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമവകുപ്പിന്റെയോ അല്ലായെന്നും അവ ലേഖകന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ ആണെന്നും സാക്ഷ്യപ്പെടുത്തുന്നു.

*—പത്രാധിപ സമിതി*



# പ്രസാധക കുറിപ്പ്

"മിണ്ടിത്തുടങ്ങുവാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം അമ്മ യെന്നുള്ള
രണ്ടക്ഷരമല്ലയോ സമ്മേളിച്ചീടുന്നതൊന്നാമതായ്
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻഭാഷ താൻ".

മാതൃഭാഷയുടെ മഹത്ത്വത്തെക്കുറിച്ച് മഹാകവി വള്ളത്തോളിന്റെ വരികളാണ് മേലുദ്ധരിച്ചത്.

അതുപോലെതന്നെ, ഇംഗ്ലീഷ് ചിന്തകനും, ജൂറിസ്റ്റും സാമൂഹിക പരിഷ്കർത്താവുമായ മി. ജെർമി ബെന്തവും മാതൃഭാഷയുടെ പ്രാധാന്യത്തെപ്പറ്റി തന്റെ സിദ്ധാന്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.

ജനനി ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി എന്ന് വാല്മീകി രാമായണത്തിൽ പറയുന്നതുപോലെ നമ്മുടെ ഭാഷ താൻ എൻ തറവാട്ടമ്മ അന്യയാം ഭാഷ വിരുന്നുകാരി എന്നുള്ള കവിവാക്യവും മാതൃഭാഷയുടെ പ്രാധാന്യത്തെ എടുത്തുകാട്ടുന്നു.

സർക്കാരിന്റെ പ്രഖ്യാപിതനയമായ 'മാതൃഭാഷ–ഭരണഭാഷ' എന്ന മുദ്രാവാക്യത്തിനനുസൃതമായി ബഹു. സുപ്രീം കോടതിയുടെയും കേരള ഹൈക്കോടതിയുടെയും കാലിക പ്രാധാന്യമുള്ള വിധിന്യായങ്ങളുടെ മലയാള പരിഭാഷ അടങ്ങുന്ന 2017-ലെ നിയമ ധ്വനിയുടെ പുസ്തകം 1 മൂന്നാം ലക്കം നിങ്ങളുടെ വായനക്കായി സമർപ്പിക്കുകയാണ്. ഇതിന്റെഅച്ചടി നിർവ്വഹിക്കുന്ന സർക്കാർ പ്രസ്സിലെ ജീവനക്കാരോട് നിയമ വകുപ്പിന്റെ നന്ദി രേഖപ്പെടുത്തുന്നു.

എല്ലാ വായനക്കാർക്കും എന്റെയും നിയമ വകുപ്പിന്റെയും
ഓണാശംസകൾ..

നിയമ വകുപ്പ്,
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്.
തിരുവനന്തപുരം,
28-07-2017.

**ബി. ജി. ഹരീന്ദ്രനാഥ്,**
നിയമ സെക്രട്ടറി.

## ഉൾത്താളുകളിൽ......

### സുപ്രീം കോടതി വിധിന്യായങ്ങൾ


1. എൻ. പരമേശ്വരൻ ഉണ്ണി *അഭി* ജി. കണ്ണനും മറ്റൊരാളും ........................ 3
2. നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് *അഭി* ഹിന്ദുസ്ഥാൻ സേഫ്ടി ഗ്ലാസ് വർക്സ് ലിമിറ്റഡ് ........................ 9
3. ജസ്റ്റ് സൊസൈറ്റി *അഭി* യൂണിയൻ ഓഫ് ഇൻഡ്യ ........................ 16
4. കുമാരൻ *അഭി* കേരള സർക്കാരും മറ്റൊരാളും ........................ 19
5. ഗൗരവ് കുമാർ ബൻസൽ *അഭി* യൂണിയൻ ഓഫ് ഇൻഡ്യയും മറ്റുള്ളവരും ........................ 34
6. പവൻ കുമാർ ഗുപ്ത *അഭി* ബി. ആർ ഗുപ്ത ........................ 38


### ഹൈക്കോടതി വിധിന്യായങ്ങൾ


1. പൊറതിശ്ശേരി ഗ്രാമപഞ്ചായത്ത് കരുവണ്ണൂർ *അഭി* ആന്റണിയും മറ്റൊരാളും ........................ 48
2. ബിപിൻ *അഭി* മീര ഡി. എസ്സും മറ്റുള്ളവരും ........................ 52
3. വീണാ രവീന്ദ്രൻ *അഭി* കേരള സർക്കാരും മറ്റൊരാളും ........................ 58
4. കുഞ്ഞിമുഹമ്മദ് കെ.-യും മറ്റൊരാളും *അഭി* മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കലിന് ജില്ലാതലത്തിൽ അധികാരപ്പെടുത്തിയ സമിതി, തൃശ്ശൂരും മറ്റുള്ളവരും ........................ 61
5. കൃഷ്ണൻ കുട്ടി *അഭി* ജാനകിയും മറ്റുള്ളവരും ........................ 64
6. കെ. പ്രദീപ് കുമാർ *അഭി* കേരള സർക്കാർ ........................ 66
7. ലിജോ ജോസും മറ്റൊരാളും *അഭി* സബ് രജിസ്ട്രാർ/മാര്യേജ് ഓഫീസർ, എരുമേലിയും മറ്റൊരാളും ........................ 70
8. ഹോട്ടൽ പാർക്ക് റസിഡൻസി *അഭി* കേരള സർക്കാരും മറ്റുള്ളവരും ........................ 72
9. എൻ. സതീഷ് കുമാർ അഭി കുടുംബക്കോടതി നെടുമങ്ങാട്, തിരുവനന്തപുരം ....... 79
10. എം. സി അബ്ദുൾ റഹ്മാനും മറ്റൊരാളും *അഭി* കേരള സർക്കാരും മറ്റുള്ളവരും .... 86
11. രജിപ്ത് ബാലകൃഷ്ണൻ കെ. കെ. *അഭി* കേരള സർക്കാരും മറ്റുള്ളവരും ........................ 91
12. ഷാൻ സെബാസ്റ്റിനും മറ്റൊരാളും *അഭി* വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിലെ സെക്രട്ടറിയും മറ്റൊരാളും ........................ 92

# സുപ്രീം കോടതി വിധിന്യായങ്ങൾ

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എൻ. വി. രമണ

&

ബഹു. ജസ്റ്റിസ് പ്രഫുല്ല സി. പന്ത്

എൻ. പരമേശ്വരൻ ഉണ്ണി

*അഭി*

ജി. കണ്ണനും മറ്റൊരാളും

ക്രിമിനൽ അപ്പീൽ നം. 455/2006

2017 മാർച്ച് 1-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് ഖണ്ഡം (സി)-ൽ പ്രതിപാദിക്കുന്നതുപോലെ ചെക്ക് എഴുതിക്കൊടുക്കുന്നആൾ നോട്ടീസ് കിട്ടി പതിനഞ്ച് ദിവസത്തിനുള്ളിൽ പണം നൽകുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ ചെക്ക് എഴുതിക്കൊടുത്ത ആൾ ഈ വകുപ്പിൻ കീഴിൽ കുറ്റം ചെയ്തതായി കണക്കാക്കുന്നതും പണം നൽകിയ ആൾക്ക് ആക്റ്റിലെ 142-ാം വകുപ്പിൽ നിർദ്ദേശിക്കുന്ന നടപടി പിന്തുടർന്നുകൊണ്ട് ഹർജി സമർപ്പിക്കാവു ന്നതുമാണ്- അപ്പീൽ അനുവദിക്ക പ്പെടുന്നു-വിചാരണ കോടതിയുടെയും അപ്പീൽ കോടതിയുടെയും വിധി ന്യായങ്ങൾ പുന: സ്ഥാപിക്കുന്നു.**

വിധിന്യായം

ജസ്റ്റിസ് എൻ. വി. രമണ

1. ഒന്നാം എതിർകക്ഷി ഫയൽ ചെയ്ത 1995-ലെ 644-ാം നമ്പർ ക്രിമിനൽ റിവിഷൻ ഹർജിയിൽ 06-10-2003-ൽ എറണാകുളത്തെ കേരള ഹൈക്കോടതി വിചാരണക്കോടതിയുടേയും അപ്പീൽ കോടതിയുടേയും യോജിപ്പുള്ള വിധിന്യായങ്ങൾ അസ്ഥിരപ്പെടുത്തിക്കൊണ്ട് പാസ്സാക്കിയ വിധിന്യായത്തിനും ഉത്തരവിനും എതിരെയാണ് ഈ അപ്പീൽ ഉത്ഭവിച്ചിട്ടുള്ളത്. ആയതിൽ 1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ "(ചുരുക്കത്തിൽ എൻ.ഐ.ആക്റ്റ്)" 138-ാം വകുപ്പുപ്രകാരം, ഇപ്പോഴത്തെ കേസിൽ ഈ വകുപ്പിൻകീഴിൽ നിർണ്ണയിക്കപ്പെട്ട നടപടിക്രമം പാലിച്ചിട്ടില്ലാത്തതിനാൽ

ഒന്നാം എതിർകക്ഷിയെ കുറ്റക്കാരനാക്കുന്നതിന് കഴിയുന്നതല്ലെന്ന് കണ്ട് ആ ക്രിമിനൽ റിവിഷൻ ഹൈക്കോടതി അനുവദിച്ചിട്ടുണ്ട്.

2. പ്രോസിക്യൂഷൻ കേസ് പ്രകാരം, ഈ ക്രിമിനൽ അപ്പീലിലേക്കു നയിക്കുന്ന വസ്തുതകളുടെ ചുരുക്കം എന്തെന്നാൽ, അപ്പീൽവാദി/വാദിയിൽ നിന്നും 13-10-1990-ൽ ഒന്നാം എതിർകക്ഷി/പ്രതി 64,000 രൂപ കടം വാങ്ങി എന്നതാണ്. കടം വാങ്ങിയ തുകയ്ക്കു പകരം ഒന്നാം എതിർകക്ഷി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ആലപ്പുഴ ബ്രാഞ്ചിൽ നിന്നും എടുത്തിട്ടുള്ള 13-10-1990-ലെ യഥാക്രമം 10,000 രൂപയ്ക്കും 25,000 രൂപയ്ക്കും ഉള്ള രണ്ടു ചെക്കുകൾ നൽകിയിട്ടുണ്ട്. എൽ.ഐ.സി ഡവലപ്മെന്റ് ഓഫീസർ ഒരു കെ. രാജേഷ് നൽകിയിട്ടുള്ള വടൈ കനാൽ ബ്രാഞ്ച്, ആലപ്പുഴയിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നുള്ള, 08-10-1990 തീയതിയിലെ 29,000 രൂപയ്ക്കുള്ള മറ്റൊരു ചെക്കും ഒന്നാം എതിർകക്ഷി അപ്പീൽവാദിയ്ക്ക് നൽകിയിരുന്നു.

3. അപ്പീൽവാദി, അയാളുടെ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ആലപ്പുഴ മെയിൻ ബ്രാഞ്ചിൽ 13-10-1990 തീയതിയിലെ രണ്ട് ചെക്കുകളും 4-4-1991-ൽ തുക മാറുന്നതിനായി നൽകി. ഒന്നാം എതിർകക്ഷിയുടെ ബാങ്ക് 05-04-1991-ൽ "റഫർ ടു ഡ്രോയർ" എന്ന മേലെഴുത്തോടുകൂടി പ്രസ്തുത രണ്ടു ചെക്കുകളും തിരിച്ചുനൽകി. അപ്പീൽവാദി അയാളുടെ ബാങ്കിൽ നിന്നുമുള്ള 05-04-1991-ലെ അറിയിപ്പ് മെമ്മോ 08-04-1991-ൽ കൈപ്പറ്റി.

4. അപ്പീൽവാദി ഒന്നാം എതിർകക്ഷിക്ക് ഒരു വക്കീൽ നോട്ടീസ് 12-04-1991-ൽ അയച്ചു നൽകിയിട്ടുള്ളതും ആയത് 20-04-1991-ൽ "അറിയിപ്പ് നൽകി, മേൽവിലാസക്കാരൻ വന്നില്ല" എന്ന പോസ്റ്റൽ മേലെഴുത്തോടുകൂടി തിരികെ വന്നിട്ടുള്ളതുമാണ്. ആയത് അപ്പീൽവാദിയുടെ അഭിഭാഷകൻ 25-4-1991-ൽ കൈപ്പറ്റിയിരിക്കുന്നു. അപ്പീൽവാദി, വീണ്ടും 4-5-1991-ൽ വക്കീൽ നോട്ടീസ് അയച്ചു. ഒന്നാം എതിർകക്ഷിയുടെ മേൽവിലാസത്തിലേക്ക് അയച്ച രണ്ടാമത്തെ നോട്ടീസ് "നിരസിച്ചു, അയച്ച ആളിന് മടക്കി" എന്ന പോസ്റ്റൽ മേലെഴുത്തോടുകൂടി തിരിച്ചു വന്നു. അപ്രകാരം, അപ്പീൽവാദി പറയുന്നതനുസരിച്ച് ഒന്നാം എതിർകക്ഷി കടം വാങ്ങിയ തുകയായ 64,000 രൂപ തിരിച്ചുനൽകാൻ പരാജയപ്പെട്ടതിന് എൻ.ഐ ആക്റ്റിലെ വകുപ്പ് 138-ന്റെ ക്ലിപ്തനിബന്ധന (ബി) പ്രകാരമുള്ള നിയമാനുസൃത നോട്ടീസ്, അയാളുടെ ബാങ്ക് അക്കൗണ്ടിൽ മതിയായ തുകയില്ലാത്തതിനാൽ മടക്കി ലഭിച്ചിട്ടുള്ള ചെക്കുകളുടെ നഷ്ടം നികത്തുന്നതിനായി, അയാൾക്ക് നൽകിയിട്ടുണ്ട് എന്നതാണ്.

5. 23-5-1991-ൽ, അപ്പീൽവാദി, ആലപ്പുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ്-II കോടതി മുമ്പാകെ ഒരു സ്വകാര്യ അന്യായം ആരോപിക്കപ്പെട്ട കുറ്റത്തിനു കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരം ലോഡ്ജ് ചെയ്തിട്ടുള്ളതും ആയത് സമ്മറി ട്രയൽ നം. 34/92 ആയി നമ്പരിട്ടിട്ടുള്ളതുമാണ്. ഒരു സമ്പൂർണ്ണ വിചാരണയ്ക്കും കക്ഷികൾക്കുവേണ്ടി ഹാജരാക്കിയ രേഖാമൂലമുള്ള തെളിവുകൾ വിവേചിച്ചറിഞ്ഞതിനു ശേഷവും ഒന്നാം എതിർകക്ഷി, എൻ.ഐ ആക്റ്റിലെ 138-ാം വകുപ്പിൻ കീഴിലുള്ള കുറ്റം ചെയ്തിട്ടുള്ളതായി സംശയത്തിനതീതമായി തെളിയിക്കുന്നതിൽ അപ്പീൽവാദി വിജയിച്ചതിനാലും വിചാരണക്കോടതി പരാതി അനുവദിച്ചു. അതുകൊണ്ട്, വിചാരണക്കോടതി, 29-07-1993-ലെ വിധിന്യായത്തിലൂടെ ഒന്നാം എതിർകക്ഷിയെ അപരാധിയായി വിധിക്കുകയും മൂന്നു മാസത്തെ വെറും തടവ് അനുഭവിക്കുന്നതിന് ശിക്ഷ വിധിക്കുകയും ചെയ്തു.

6. കുറ്റസ്ഥാപനത്തിലും ശിക്ഷാ വിധിയിലും സങ്കടപ്പെട്ടുകൊണ്ട് ഒന്നാം എതിർകക്ഷി ആലപ്പുഴ അഡീഷണൽ സെഷൻസ് കോടതി മുമ്പാകെ 104/1993 നമ്പരായി ക്രിമിനൽ അപ്പീൽ ഫയൽ ചെയ്തു. പാണ്ഡിത്യമുള്ള ജഡ്ജി രേഖകൾ പരിശോധനക്കും വിശദമായ വാദം കേൾക്കലിനുംശേഷം അതിന്റെ 7-7-1995-ലെ വിധിന്യായത്തിലൂടെ വിചാരണക്കോടതി യുടെ വിധിന്യായത്തെ അനുകൂലിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്ത് അപ്പീൽ തള്ളിക്കളഞ്ഞു.

7. പ്രസ്തുത ഉത്തരവിനെതിരെ, എതിർകക്ഷി കേരള ഹൈക്കോടതി മുമ്പാകെ ക്രിമിനൽ റിവിഷൻ നം. 644/1995 ഫയൽ ചെയ്തു. എൻ.ഐ. ആക്റ്റിലെ 138-ാം വകുപ്പിന്റെ ക്ലിപ്തനിബന്ധനയിലുള്ള ഖണ്ഡം (ബി)-ലെ വ്യവസ്ഥകൾ അപ്പീൽ വാദി, പാലിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത വകുപ്പിലെ വ്യവസ്ഥകളെ ഉപയോഗി ക്കുവാൻ കഴിയില്ലെന്നുള്ളതാണ് ഹൈ ക്കോടതി മുമ്പാകെ ഉയർത്തിയിട്ടുള്ള ഏക കാരണം. പണം മാറാൻ കഴിയാതെ വന്ന ചോദ്യം ചെയ്തിട്ടുള്ള രണ്ട് ചെക്കുകളിൽ നിന്നുള്ള തുക ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസ് 04-05-1991-ൽ നൽകിയിട്ടുള്ളതും, എന്നാൽ പ്രസ്തുത ചെക്കുകൾ പണം മാറാതെ മടക്കി നൽകിയതിനെ സംബന്ധിച്ച് അപ്പീൽവാദിയുടെ ബാങ്ക് 08-04-1991-ൽ അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്. ആകയാൽ, ആ നോട്ടീസ് 15 ദിവസം കഴിഞ്ഞതിനു ശേഷമുള്ളതാണ്. അതുകൊണ്ട്, ഇങ്ങനെ യുള്ള സാഹചര്യത്തിൽ എൻ.ഐ ആക്റ്റിലെ 138-ാം വകുപ്പ് ആകർഷിക്കപ്പെടാത്തതും യാതൊരു കുറ്റവും ഉണ്ടാക്കപ്പെട്ടിട്ടി ല്ലാത്തതുമാണ്.

8. എൻ.ഐ. ആക്റ്റിലെ 138-ാം വകുപ്പിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ നിർണ്ണയിച്ചിട്ടുള്ള സമയപരിധിയ്ക്ക് അപ്പുറത്താണ് നിയമാനുസൃത നോട്ടീസ് എന്ന് ഉറപ്പിച്ച് കീഴ്ക്കോടതികളുടെ യോജിപ്പുള്ള കണ്ടെത്തലുകളെ മറിച്ചുവിധിച്ചുകൊണ്ട് ഹൈക്കോടതി അതിന്റെ 06-10-2003-ലെ വിധിന്യായ ത്തിലൂടെ റിവിഷൻ അനുവദിച്ചു.

9. ഒന്നാം എതിർകക്ഷിയുടെ യഥാർത്ഥ മേൽവിലാസത്തിൽ അപ്പീൽവാദി അയച്ച ആദ്യത്തെ നോട്ടീസ് സമയത്തിനുള്ളി ലാണെങ്കിൽ പോലും, രണ്ടാമത്തെ നോട്ടീസ് നൽകിയിട്ടുളളത് സമയ പരിധിയ്ക്ക് അപ്പുറത്താണ്. അതായത്, എൻ.ഐ ആക്റ്റിലെ 138-ാം വകുപ്പിന്റെ ക്ലിപ്ത നിബന്ധനയിലെ ഖണ്ഡം (ബി) പ്രകാരം ബാങ്കിൽ നിന്നും പണം മാറാൻ കഴിയാതെ മടക്കി എന്ന അറിയിപ്പ് ലഭിച്ച തീയതിക്ക് ശേഷം 15 ദിവസത്തിനുശേഷമാണ്, എന്ന കാരണത്താൽ അപ്പീൽവാദിയുടെ കേസ് നിരസിച്ച ഹൈക്കോടതി നടപടി ശരിയാണോ എന്നതാണ് ഇപ്പോൾ നമ്മുടെ മുമ്പിലുള്ള പ്രശ്നം.

10. തർക്കവിഷയത്തിലേക്ക് കടക്കുന്നതിനു മുമ്പായി ആക്റ്റിലെ 138-ാം വകുപ്പ് അന്ന് അത് നിലനിന്നിരുന്നതുപോലെ പുനരുദ്ധരിക്കുന്നത് ഉചിതമായേക്കും.

138. "അക്കൗണ്ടിൽ ആവശ്യത്തിന് പണമില്ലാതെ മറ്റും ചെക്ക് മാറാതെ മടക്കിനൽകുന്നത്:-" ഏതെങ്കിലും ചെക്ക് ഒരാൾ ഒരു ബാങ്കിൽ നിലനിറുത്തി പോരുന്ന അയാളുടെ ഒരു അക്കൗണ്ടിൽ, ഏതെങ്കിലും തുകക്കുള്ള പണം മറ്റൊരാൾക്ക് ആ അക്കൗണ്ടിൽ നിന്നും നൽകുന്നതിനായി, മുഴുവനായോ ഭാഗികമായോ, ഏതെങ്കിലും കടമോ മറ്റ് ബാദ്ധ്യതയോ, ആ ചെക്ക് മാറ്റി നൽകുന്നതിന് ആ അക്കൗണ്ടിൽ ആവശ്യ മായിട്ടുള്ള പണം ഇല്ലാത്ത കാരണത്താലോ ബാങ്കുമായി ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം അക്കൗണ്ടിൽ നിന്നും നൽകേണ്ട തുക അതിൽ കവിഞ്ഞിടത്തോ, ബാങ്കിൽ നിന്നും തുക നൽകാതെ മടക്കിനൽകു

ന്നിടത്ത്, അത്തരം ആൾ കുറ്റം ചെയ്തതായി കരുതപ്പെടുന്നതും, ഈ ആക്റ്റിലെ ഏതെങ്കിലും മറ്റ് വ്യവസ്ഥക്ക് ഭംഗം വരാത്തവിധം, രണ്ടുവർഷം വരെയാകാവുന്ന ഒരു കാലയളവിലേക്കുള്ള തടവിനോ, ചെക്കിലെ തുകയുടെ ഇരട്ടി തുക വരെയാകാവുന്ന പിഴക്കോ, രണ്ടുംകൂടിയോ ശിക്ഷിക്കപ്പെടേണ്ടതുമാണ്.

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നുംതന്നെ-

(എ) ബാങ്കിൽ ഹാജരാക്കിയ ചെക്ക്, അതിൽ എഴുതിയിട്ടുള്ള തീയതി മുതൽ ആറുമാസം വരെയുള്ള ഒരു കാലയളവിനുള്ളിലോ അതിന്റെ സാധുവായ കാലയളവിനുള്ളിലോ, ഏതാണോ ആദ്യം വരുന്നത് അതിനുള്ളിലും;

(ബി) പണം പറ്റുന്ന ആളോ, ഉത്തമ വിശ്വാസത്തിൽ കൈവശം വയ്ക്കുന്ന ആളോ, അതതു സംഗതിപോലെ, പ്രസ്തുത തുകയ്ക്കുള്ള പണത്തിനായി ലിഖിതമായ ഒരു നോട്ടീസിലൂടെ ചെക്ക് എഴുതിക്കൊടുക്കുന്ന ആളോട് സാധികാരം ആവശ്യപ്പെടുകയും അയാൾക്ക് ബാങ്കിൽ നിന്നും ചെക്ക് പണം നൽകാനാകാതെ മടക്കിയ വിവരം ലഭിച്ച് 15 ദിവസത്തിനകവും; കൂടാതെ

(സി) അത്തരം ചെക്ക് എഴുതിക്കൊടുക്കുന്ന ആൾ പ്രസ്തുത തുകക്കുള്ള പണം, പണം പറ്റുന്ന ആൾക്കോ, അതതു സംഗതിപോലെ, ഉത്തമ വിശ്വാസത്തിൽ ചെക്ക് കൈവശം വച്ചു കൊണ്ടിരുന്ന ആൾക്കോ അത്തരം നോട്ടീസ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ പണം നൽകുന്നതിൽ പരാജയപ്പെടുമ്പോഴും ബാധകമാകുന്നതല്ല.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി കടം അഥവാ മറ്റു ബാധ്യത എന്നാൽ നിയമാനുസൃതമായി ഈടാക്കപ്പെടാവുന്ന കടം അഥവാ മറ്റു ബാദ്ധ്യത എന്നർത്ഥമാകുന്നു.

11. എൻ.ഐ. ആക്റ്റിലെ 138-ാം വകുപ്പിന്റെ ഒരു സാധാരണ വായന സൂചിപ്പിക്കുന്നത് ചെക്കുകളുടെ, സത്യസന്ധതയില്ലാത്ത എഴുതിക്കൊടുക്കുന്ന ആളുകളെ, അവരുടെ ബാദ്ധ്യതയിൽ നിന്നും ഒഴിഞ്ഞു മാറുകയും ഒഴിവാകുകയും ചെയ്യുന്നതു തടയുന്നതിനും ശിക്ഷിക്കുന്നതിനും 138-ാം വകുപ്പ് വിവക്ഷിക്കുന്നു എന്നതാണ്. ക്ലിപ്തനിബന്ധനയുടെ ഖണ്ഡം (ബി)-ൽ വിശദീകരിച്ചിട്ടുള്ളതുപോലെ, ബാങ്കിൽ നിന്നും ചെക്ക് പണമില്ലാതെ മടക്കി എന്ന അറിയിപ്പു ലഭിച്ചു 15 ദിവസത്തിനുള്ളിൽ ചെക്കിന്റെ പണം പറ്റുന്ന ആൾ, അല്ലെങ്കിൽ ഉത്തമവിശ്വാസത്തിൽ ചെക്ക് കൈവശം വച്ചു കൊണ്ടിരിക്കുന്ന ആൾ ചെക്ക് എഴുതി നൽകിയ ആൾക്ക് ഒരു ലിഖിതമായ നോട്ടീസ് നൽകേണ്ടത് തികച്ചും ആവശ്യമായിട്ടുണ്ട്.

12. ഇത് ചെക്ക് എഴുതിക്കൊടുക്കുന്ന ആൾക്ക് പണം പിൻവലിക്കുന്ന ആൾ അത്തരം നോട്ടീസ് അയച്ചത് കൈപ്പറ്റി പതിനഞ്ച് ദിവസത്തിനുള്ളിൽ പണം കൊടുക്കൽ നടത്തുവാൻ അവസരം നൽകുകയും ചെയ്യുന്നു എന്ന് എൻ.ഐ ആക്റ്റിലെ 138-ാം വകുപ്പിന്റെ ഖണ്ഡം (സി) പ്രകാരം നിസ്സംശയമായി വ്യക്തമാക്കിയിരിക്കുന്നു. ആവശ്യമില്ലാത്ത ബുദ്ധിമുട്ടുകൾ ഒഴിവാക്കുക എന്നതാണ് ഖണ്ഡം (സി)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള ലക്ഷ്യമെന്ന് ഇതിൽ നിന്നും പ്രകടമാണ്. ഖണ്ഡം (സി)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പോലെ ചെക്ക് എഴുതിക്കൊടുക്കുന്ന ആൾ അത്തരം നോട്ടീസ് കൈപ്പറ്റി പതിനഞ്ച് ദിവസത്തി

നുള്ളിൽ പണം നൽകുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ പോലും ചെക്ക് എഴുതിക്കൊടുത്ത ആൾ ഈ ആക്റ്റ് പ്രകാരമുള്ള കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും, ആയതിനുശേഷം, പണം പിൻവലിക്കുന്ന ആൾക്ക് ആക്റ്റിലെ 142-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നടപടി പിന്തുടർന്നുകൊണ്ട് ചെക്ക് എഴുതിക്കൊടുത്ത ആൾക്കെതിരെ പരാതി ഫയൽ ചെയ്യുവാൻ ക്ഷമതയുള്ളതാക്കപ്പെടുന്നതുമാണ്.

13. ചെക്ക് എഴുതിക്കൊടുത്ത ആളിനെ ശരിയായി സംബോധന ചെയ്ത് രജിസ്റ്റേർഡ് തപാലിൽ ഒരിക്കൽ നോട്ടീസ് അയച്ചാൽ നോട്ടീസിന്റെ നൽകൽ ഫലപ്രദമായി നടന്നതായി കണക്കാക്കപ്പെടുന്നു എന്നത് 1897-ലെ സാമാന്യ ഖണ്ഡങ്ങൾ ആക്റ്റ് വകുപ്പ് 27-ൽ നിന്നും, 1872-ലെ ഇൻഡ്യൻ തെളിവ് ആക്റ്റ് വകുപ്പ് 114-ൽ നിന്നും വ്യക്തമാണ്. വിനിർദ്ദേശിച്ച രീതിയിൽ നോട്ടീസ് അയച്ചുനൽകിയിട്ടുണ്ടെങ്കിൽ 138-ാം വകുപ്പ് ക്ലിപ്ത നിബന്ധന (ബി)-ലെ ആവശ്യങ്ങൾ നിറവേറ്റപ്പെട്ട് നിലനിൽക്കുന്നു. എന്നിരുന്നാലും, ചെക്ക് എഴുതിക്കൊടുത്ത ആൾക്ക് ഈ അനുമാനം ഖണ്ഡിക്കുന്നതിന് സ്വാതന്ത്ര്യമുണ്ട്.

14. നിയമനിർമ്മാണത്തിൽ ഉദ്ദേശിച്ചിട്ടുള്ള ലക്ഷ്യം പ്രാപ്യമാകുന്നതിനെ അടിസ്ഥാനമാക്കി ആകണം ഒരു നിയമത്തിന്റെ നല്ല വ്യാഖ്യാനം എന്നത് സുസ്ഥാപിതമാണ്.

നിയമത്തിന്റെ വ്യാഖ്യാനത്തിൽ അതിൽ ഉപയോഗിച്ചിട്ടുള്ള പദപ്രയോഗങ്ങളുടെ വിവക്ഷ മനസ്സിലാക്കേണ്ടത് അവ നിയമനിർമ്മാണ ത്തിന്റെ ലക്ഷ്യവുമായി ഏറ്റവും പൊരുത്തപ്പെടുന്ന തരത്തിലും നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യത്തെ ഫലവത്താക്കുന്ന തരത്തിലുമാകണം എന്നത് ഒരു അംഗീകരിച്ചിട്ടുള്ള ചട്ടമാണ്. ഒരു പദപ്രയോഗം ഇടുങ്ങിയതും അല്ലെങ്കിൽ സാങ്കേതികവുമായ അർത്ഥത്തിലും ഒരു സാധാരണ അർത്ഥത്തിൽ ഉള്ളതുപോലെ എളുപ്പത്തിലുമാണെങ്കിൽ നിയമ നിർമ്മാണത്തിൽ ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗം അതിന്റെ ഉദ്ദേശ്യത്തെ പുറത്തു കൊണ്ടുവരുന്ന രീതിയിലാണെന്നും ഏതാണോ അതിന്റെ അധികാരം പ്രയോഗിക്കുന്നത് അസാധുവാക്കുന്നതു അത് നിരസിക്കുകയും ചെയ്യാം എന്ന് അനുമാനിക്കുന്നതിൽ കോടതി ന്യായീകരിക്കപ്പെടാവുന്നതാണ്. (*മെ. ന്യൂ ഇന്ത്യ ഷുഗർ മിൽസ് ലിമിറ്റഡ്* അഭി *വില്പന നികുതി കമ്മീഷണർ* എഐആർ 1963 എസ്‌സി1207).

15. രജിസ്റ്റേർഡ് പോസ്റ്റ് വഴി ഒരു നോട്ടീസ് അയക്കുമ്പോൾ നിരസിച്ചു അല്ലെങ്കിൽ "വീട്ടിൽ ലഭ്യമല്ല അല്ലെങ്കിൽ വീട് പൂട്ടിയിരിക്കുന്നു" അല്ലെങ്കിൽ "കട അടച്ചിരിക്കുന്നു" അല്ലെങ്കിൽ ''മേൽവിലാസക്കാരൻ സ്ഥലത്തില്ല" എന്നുള്ള പോസ്റ്റൽ മേലെഴുത്തോടുകൂടി തിരിച്ചു ലഭിക്കുകയാണെങ്കിൽ നിയമാനുസൃത സർവ്വീസ് ഊഹിക്കാവുന്നതാണെന്ന് ഈ കോടതി ധാരാളം കേസുകളിൽ വിധിച്ചിട്ടുണ്ട്. (*ജഗദീശ് സിംഗ്* അഭി *നാഥു സിംഗ്* (1992) 1 എസ്‌സിസി 647; *മദ്ധ്യപ്രദേശ് സർക്കാർ* അഭി *ഹിരലാൽ* (1996) 7 എസ്‌സിസി 523-ഉം *വി. രാജകുമാരി* അഭി *പി. സുബ്ബരാമ നായിഡു* (2004) 8 എസ്‌സിസി 774). എന്നിരുന്നാലും നടപടിയിലെ വ്യാഖ്യാനത്തിൽ ഈ കേസിൽ സംഭവിച്ചതുപോലെ ഒരു സത്യസന്ധമായി പണം കടംകൊടുക്കുന്നവന്റെ അവകാശത്തെ തോൽപ്പിക്കുവാൻ കഴിയാത്തതാണ്. പ്രസക്തമായ വകുപ്പുകളുടെ ഒരു വായനയിൽ, സാധാരണയായി, എൻ.ഐ. ആക്റ്റിൽ ചെക്ക് എഴുതിക്കൊടുക്കുന്ന ആൾക്ക് ഒരു ഓർമ്മപ്പെടുത്തൽ നോട്ടീസ് അയയ്ക്കുന്നതിന് തടസ്സമില്ലാത്തതും അത്തരം നോട്ടീസിനെ അപ്പീൽവാദിയുടെ ആദ്യ നോട്ടീസിന്റെ നോൺ-സർവ്വീസിന്റെ ഒരു സമ്മതിച്ചിട്ടുള്ള വസ്തുതയായി

വ്യാഖ്യാനിക്കാൻ കഴിയുന്നതല്ല, ഈ കേസിൽ സംഭവിച്ചതുപോലെ, എന്ന് സുവ്യക്തമാണ്.

16. അതിനും പുറമേ, അപ്പീൽവാദി അയച്ചിട്ടുള്ള 12-04-1991-ലെ ആദ്യ നോട്ടീസ് ഫലപ്രദമായതും ഒന്നാം എതിർകക്ഷിക്ക് നോട്ടീസ് നൽകപ്പെട്ടതായി കണക്കാക്കപ്പെടാവുന്നതുമാണ്. കൂടുതലായി, നിലവിലത്തെ ഈ കേസിൽ രണ്ടാമത്തെ നോട്ടീസിന് യാതൊരു പ്രസക്തിയും ഇല്ലാത്തതാണെന്ന് വ്യക്തമാണ്. എതിർകക്ഷിയുടെ കടബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനു വേണ്ടിയുള്ള അയാളുടെ കടപ്പാടിന്റെ ഒരു ഓർമ്മപ്പെടുത്തലായി രണ്ടാമത്തെ നോട്ടീസിനെ വ്യാഖാനിക്കുവാൻ കഴിയുന്നതാണ്. എൻ.ഐ. ആക്റ്റിന്റെ 142-ാം വകുപ്പ് ഖണ്ഡം (ബി)-ൽ ഉദ്ദേശിച്ചിട്ടുള്ള നിശ്ചിത സമയത്തിനുള്ളിൽ പരാതി സമർപ്പിച്ചിട്ടുള്ളതുകൊണ്ട് എൻ. ഐ ആക്റ്റിന്റെ 138-ാം വകുപ്പ് 142-ഉം ആയി കൂട്ടിവായിച്ചത് ആകർഷിക്കുന്നതുമാണ്. സംഗതിയുടെ ഈ കാഴ്ചപ്പാടിൽ ഹൈ ക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായം ഞങ്ങൾ അസ്ഥിരപ്പെടുത്തുന്നു.

17. എന്നിരുന്നാലും, വാദത്തിനിടയിൽ, ഒന്നാം എതിർകക്ഷിയുടെ പാണ്ഡിത്യമുള്ള അഭിഭാഷകൻ, ഇതിലെ അപ്പീൽവാദി സമ്മതിച്ചിട്ടുള്ളതു പോലെ, ഒന്നാം എതിർകക്ഷി, വിചാരണക്കോടതി ചുമത്തിയിട്ടുള്ളതും ഒന്നാം അപ്പീൽ കോടതി സ്ഥിരപ്പെടുത്തിയതുമായ മൂന്നു മാസത്തെ വെറും തടവ് അനുഭവിക്കുന്നതിന് പകരമായി രൂ. 2,00,000 (രണ്ടു ലക്ഷം രൂപ മാത്രം) നൽകുന്നതിന് സമ്മതിച്ചിരിക്കുന്നുവെന്ന് ബോധിപ്പിച്ചിട്ടുള്ളത് ഈ കോടതി പ്രമാണീകരിച്ചു.

18. പാണ്ഡിത്യമുള്ള അഭിഭാഷകൻ നൽകിയിട്ടുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ, 30-04-2017-ലോ അതിനു മുമ്പായോ ആലപ്പുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ്-II മുമ്പാകെ മേൽപ്പറഞ്ഞ തുകയായ രൂ. 2,00,000 (രണ്ട് ലക്ഷം രൂപ മാത്രം) നിക്ഷേപിക്കുവാൻ ഞങ്ങൾ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു. അങ്ങനെ നിക്ഷേപിക്കുന്ന രൂ. 2,00,000 (രണ്ട് ലക്ഷം രൂപ മാത്രം)-ൽ നിന്നും രൂ. 1,30,000 രൂപ (ഒരു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) അപ്പീൽ വാദിയ്ക്ക് നഷ്ടപരിഹാരമായി നൽകേണ്ടതാണ്.

19. ഫലത്തിൽ, മുകളിൽ സൂചിപ്പിച്ചതുപോലെ, ഒന്നാം എതിർകക്ഷി മേൽ സൂചിപ്പിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ രൂ. 2,00,000 നിക്ഷേപിക്കുന്നതിന് മൂന്നു മാസത്തെ ശിക്ഷാവിധിയും പുന:സ്ഥാപിക്കപ്പെടുന്നതും ഒന്നാം എതിർകക്ഷിക്ക് നൽകിയിട്ടുള്ള ജാമ്യം റദ്ദാക്കപ്പെടുന്നതുമാണ്.

20. മേൽ പറഞ്ഞ വ്യവസ്ഥകൾക്കനുസൃതമായി അപ്പീൽ തീർപ്പാക്കുന്നു.

*——————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്ററിസ് മദൻ ബി. ലോകൂർ

&

ജസ്ററിസ് പ്രഫുല്ല സി. പന്ത്

നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്

അഭി

ഹിന്ദുസ്ഥാൻ സേഫ്ടി ഗ്ലാസ് വർക്ക്സ് ലിമിറ്റഡ്

സിവിൽ അപ്പീൽ നമ്പർ 3883/2007

കൂടെ

നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്

അഭി

കനോരിയ കെമിക്കൽസ് ആന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്

സിവിൽ അപ്പീൽ നമ്പർ 1156/2008

2017 ഏപ്രിൽ 7-ന് വിധി കല്പിച്ചത്

വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

1986-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റ് വകുപ്പ് 24 എ- പോളിസിയിലെ നിബന്ധന 6 (ii)-ഉപഭോക്താവിനെ സംബന്ധിക്കുന്ന ഒരു തർക്കത്തെ സംബന്ധിച്ച്, കോടതികൾ മുഖ്യമായിട്ടും ഉപഭോക്താവിന്റെ അവകാശങ്ങൾ ഒരു പ്രായോഗിക വീക്ഷണത്തോടെ എടുക്കേണ്ടത് ആവശ്യമാകുന്നു, എന്തെന്നാൽ, സേവനങ്ങളുടെയോ ചരക്കുകളുടെ വിതരണക്കാരിൽ നിന്നും ഉള്ള ഒരു അസൗകര്യത്തിന് അഭിമുഖമായി വരുന്നത് ആ ഉപഭോക്താവാണ്. ഈ അസൗകര്യത്തെ മറികടക്കുന്നതിനായിട്ട് പാർലമെന്റ് 1986-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിന്റെ രൂപത്തിലുള്ള ഒരു ഗുണകരമായ നിയമനിർമ്മാണം നടത്തി. ഒരു ഉപഭോക്താവിന്റെ അവകാശവാദത്തെ ഒത്തുതീർപ്പാക്കുന്നതിനുള്ള ഒരു കാലതാമസത്തിന് ഇടയാക്കുന്നതിനുള്ള ഉപകരണമായേക്കാവുന്ന ചരക്കുകളുടേയും സേവനങ്ങളുടേയും ഒരു വിതരണക്കാരൻ ആകുന്ന ഒരു കേസിൽ ഉപഭോക്താവിനുണ്ടായ അസൗകര്യത്തിന് ആ ആക്റ്റിലെ കാലഹരണ വ്യവസ്ഥ കർശനമായി വ്യാഖ്യാനിക്കുവാൻ കഴിയുന്നതല്ല. അത് അങ്ങനെ ആയിരിക്കെ, ഇതു സംബന്ധിച്ചുള്ള നാഷണൽ ഇൻഷ്വറൻസിന്റെ വാദത്തെ ദേശീയ കമ്മീഷൻ തള്ളിക്കളഞ്ഞത് തികച്ചും ശരിയാണ് എന്ന അന്തിമതീരുമാനത്തിൽ എത്തിച്ചേരുന്നതിൽ ഞങ്ങൾക്ക് യാതൊരു വൈമനസ്യവുമില്ലാത്തതാണ് - അപ്പീലുകൾ തള്ളിക്കളഞ്ഞു.

വിധിന്യായം

ജസ്റ്റിസ് മദൻ ബി. ലോകുർ

ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ (ചുരുക്കത്തിൽ ദേശീയ കമ്മീഷൻ) ആദ്യഹർജ്ജി നമ്പർ 161/1996-ൽ 2007 ഏപ്രിൽ 23-ന് പാസ്സാക്കിയ വിധിന്യായത്തിനും ഉത്തരവിനും എതിരായിട്ട് നിർദ്ദേശിച്ചിട്ടുള്ള ഒന്നാം അപ്പീലിൽ ഉദിച്ചിട്ടുള്ള ചോദ്യം ചരക്കുകളുടെ ഇൻഷ്വറൻസിൽ എതിർ കക്ഷിയുടെ അവകാശവാദം ദേശീയ കമ്മീഷൻ ശരിയായി സ്വീകരിച്ചിരുന്നുവോ (എന്നാൽ ഭാഗികമായിട്ട്) എന്നതാണ്. ഈ ചോദ്യത്തിനുള്ള ഞങ്ങളുടെ ഉത്തരം അത് സ്വീകാര്യാത്മകവും ദേശീയ കമ്മീഷന്റെ തീരുമാനത്തിൽ ഇടപെടുന്നതിന് ഞങ്ങൾ ഒരു കാരണവും കണ്ടെത്താത്തതുമാണ്.

2. എതിർകക്ഷി ഹിന്ദുസ്ഥാൻ സേഫ്ടി ഗ്ലാസ്സ് വർക്ക്സ് ലിമിറ്റഡ് (ചുരുക്കത്തിൽ ('ഇൻഷ്വർ ചെയ്തയാൾ') 29-08-1990-ൽ അപ്പീൽവാദി നാഷണൽ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും പിന്നീട് അടുത്ത ഒരു വർഷത്തേക്ക് വീണ്ടും പുതുക്കാവുന്ന ഒരു വർഷ കാലത്തേക്കുള്ള രണ്ടു പോളിസികൾ എടുത്തിരുന്നു. ആദ്യത്തെ പോളിസി, കൽക്കട്ടയിലെ ഓഫീസ് കെട്ടിടം താമസത്തിനുള്ള ക്വാർട്ടേഴ്സുകൾ, കാന്റീൻ എന്നിവയ്ക്കുള്ള നഷ്ടസാധ്യതകൾ ഉൾക്കൊള്ളുന്നതിന് ഉള്ള തുകയായ 4.9 ലക്ഷം രൂപക്കുള്ളതായിരുന്നു. രണ്ടാമത്തെ പോളിസി, കൽക്കട്ടയിലുള്ള അതിന്റെ ഫാക്ടറി/വർക്ക്സിന്റെ കെട്ടിടം, യന്ത്രോപകരണങ്ങൾ, പൂർത്തിയാക്കിയതും ഭാഗികമായി പൂർത്തിയാക്കിയതുമായ സ്റ്റോക്കുകൾ, സ്റ്റോർ, ഗൃഹോപകരണങ്ങൾ, വയറിംഗുകളും ഫിറ്റിംഗുകളും മുതലായവയുടെ നഷ്ടസാധ്യതകൾ ഉൾക്കൊള്ളുന്നതിന് ഉള്ള തുകയായ ഏകദേശം 5.7 കോടി രൂപയ്ക്കുള്ളതായിരുന്നു. വെള്ളപ്പൊക്കവും ജലപ്രളയവും മൂലം ഉണ്ടാകുന്ന കേടുപാടിനും നഷ്ടത്തിനും ഉൾപ്പെട്ടിട്ടുള്ളതാണ് ഈ പോളിസികൾ.

3. 1992 ആഗസ്റ്റ് 6-ന് കൽക്കട്ടയിൽ കോരിച്ചൊരിയുന്ന മഴ ഉണ്ടായിരുന്നതും അതിന്റെ ഫലമായി ഇൻഷ്വർ ചെയ്തിട്ടുള്ള ഫാക്ടറി/വർക്ക്സിന്റെ അകവശത്തും ചുറ്റും ധാരാളം മഴവെള്ളം അടിഞ്ഞുകൂടിയെന്നുള്ളതിൽ യാതൊരു തർക്കവും ഇല്ല. ഇൻഷ്വർ ചെയ്ത ആളുടെ അഭിപ്രായത്തിൽ, അസംസ്കൃത വസ്തുക്കൾ, സ്റ്റോക്കുകൾ, ചരക്കുകൾ, ഗൃഹോപകരണങ്ങൾ എന്നിവയ്ക്ക് പറയത്തക്ക കേടുപാടുകൾ ഉണ്ടായിട്ടുണ്ട് എന്നതാണ്. ഇൻഷ്വർ ചെയ്ത ആൾ അനുഭവിച്ച കേടുപാടുകളുടെ ഫലമായിട്ടും, നാഷണൽ ഇൻഷ്വറൻസിൽ നിന്നും എടുത്ത രണ്ടു പോളിസികളുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും, ഇൻഷ്വർ ചെയ്ത ആൾ 1992 ആഗസറ്റ് 7-ഉം, 8-ഉം ഏകദേശം ഒരു തുകയായ രൂപ 52 ലക്ഷത്തിന് അവകാശവാദങ്ങൾ ഫയൽ ചെയ്തു.

4. നൽകപ്പെട്ട ആ അവകാശവാദങ്ങളെ തുടർന്ന്, നാഷണൽ ഇൻഷ്വറൻസ് 1992 സെപ്റ്റംബർ 24-ന് എൻ. റ്റി കോത്താരി & കമ്പനിയെ അവരുടെ സർവ്വെയർ ആയി നിയമിച്ചു. ആവശ്യമായ സർവ്വെ നടത്തുകയും ഇൻഷ്വർ ചെയ്ത ആൾക്ക് ഏകദേശം 24 ലക്ഷം രൂപയുടെ ഒരു നഷ്ടം സൂചിപ്പിച്ചുകൊണ്ട് എൻ.റ്റി. കോത്താരി & കമ്പനി 11-11-1993-ൽ അതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

5. അവ്യക്തമായിട്ടുള്ള കാരണങ്ങളാൽ, നാഷണൽ ഇൻഷ്വറൻസ് ആ റിപ്പോർട്ട് സ്വീകരിക്കാതെയും ഇൻഷ്വറൻസ് ചെയ്ത ആൾ അനുഭവിച്ച നഷ്ടത്തിന്റെയോ കേടുപാടുകളുടെയോ റിപ്പോർട്ടിനുള്ള ഒരു സർവ്വെയറായി സീസ്കാൻ സർവ്വീസസ് (പശ്ചിമ ബംഗാൾ) പ്രൈവറ്റ് ലിമിറ്റഡിനെ പകരം നിയമിക്കുകയും ചെയ്തു. ഇൻഷ്വർ ചെയ്ത ആൾ അനുഭവിച്ച നഷ്ടവും

കേടുപാടുകളും തിട്ടപ്പെടുത്തിയിട്ട് ഏകദേശം 26 ലക്ഷം രൂപയുടെ റിപ്പോർട്ട് 1994 നവംബർ 23-ന് രണ്ടാം സർവ്വെയർ നൽകി. 1995 ഫെബ്രുവരി 10-ന് ഒരു തിരുത്ത് പുറപ്പെടുവിച്ചുകൊണ്ട് ഇൻഷ്വർ ചെയ്ത ആൾക്ക് ഉണ്ടായിട്ടുള്ള കേടുപാടോ നഷ്ടമോ ഏകദേശം 24 ലക്ഷം രൂപയായി കുറവ് ചെയ്തു.

6. രണ്ടു സർവ്വെ റിപ്പോർട്ടുകളിലും നഷ്ടം അല്ലെങ്കിൽ കേടുപാട് ഏകദേശം 24 ലക്ഷം രൂപയ്ക്ക് കണക്കാക്കിയിട്ടുണ്ടെങ്കിലും നാഷണൽ ഇൻഷ്വറൻസ് ഇൻഷ്വർ ചെയ്ത ആളിന് യാതൊരു തുകയും നൽകിയിട്ടില്ല. പരിണിത ഫലമായി 1996 ഏപ്രിൽ 22-ന് ഇൻഷ്വർ ചെയ്ത ആൾ നോട്ടീസിൽ നാഷണൽ ഇൻഷ്വറൻസിന് അതിന്റെ അവകാശവാദം തീർപ്പാക്കിയിട്ടില്ലെന്നും നഷ്ടം അഥവാ കേടുപാട് ഉന്നയിച്ചിട്ടുള്ളത് ഏകദേശം രൂപ 52 ലക്ഷത്തിനാണെന്നും അത് നൽകേണ്ടതാണെന്നും ഉള്ള ഫലത്തിലേക്ക് നോട്ടീസ് അയച്ചു.

7. ഈ നോട്ടീസിന് നാഷണൽ ഇൻഷ്വറൻസ് മറുപടി നൽകിയിട്ടില്ലാത്തതും പരിണിത ഫലമായി, ഇൻഷ്വർ ചെയ്ത ആൾ, ദേശീയ കമ്മീഷനിൽ 1986-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിലെ (ചുരുക്കത്തിൽ ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം ഒരു തുകയായ രൂപ 52.32 ലക്ഷവും നഷ്ടം കുറയ്ക്കുന്നതിന്റെ ആവശ്യത്തിനായി ചെലവ് ചെയ്തതിന് ഭവിച്ച ചെലവായ തുക രൂപ 1.81 ലക്ഷം രൂപയും ചേർത്ത് അവകാശമുന്നയിച്ചുകൊണ്ട് ഒരു പരാതി ഫയൽ ചെയ്തു. വെള്ളപ്പൊക്കമോ പ്രളയമോ സംഭവിച്ചതിന് നാലു മാസത്തിനുശേഷം അതായത്, 1992 ഡിസംബർ 6 മുതൽ ഇൻഷ്വർ ചെയ്ത ആൾ പ്രതിവർഷം 18% പലിശയ്ക്ക് കൂടി അവകാശമുന്നയിച്ചു.

8. ഈ ഘട്ടത്തിൽ, ഇൻഷ്വർ ചെയ്ത ആൾ, 1992 ആഗസ്റ്റ് 7-ലെയും, 8-ലെയും കത്തുകളുടെയും 1996 ഏപ്രിൽ 22-ലെ നോട്ടീസിന്റെയും അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള അവകാശവാദങ്ങൾ, 2001 മേയ് 22-ന്, അതായത്, ദേശീയ കമ്മീഷനിൽ പരാതി ഫയൽ ചെയ്ത് അഞ്ചുവർഷത്തിനുശേഷം, നാഷണൽ ഇൻഷ്വറൻസ് നിരാകരിച്ചത് ശ്രദ്ധിക്കാവുന്നതാണ്.

9. അത് അങ്ങനെ ആയിരിക്കെ, പരാതിക്ക് എതിരായും വാദങ്ങൾ നടത്തുന്നതിന് ഇടയിലും നാഷണൽ ഇൻഷ്വറൻസ് നാല് തടസ്സവാദങ്ങൾ ഉന്നയിച്ചു. അത് ദേശീയ കമ്മീഷൻ താഴെ കൊടുക്കുംവിധം സംഗ്രഹിച്ചിട്ടുണ്ട്.

(i) പോളിസികളിലെ നിബന്ധന നം. 6 (ii) പ്രകാരം പരാതി വിലക്കപ്പെട്ടതാണ്.

(ii) 1992 ആഗസ്റ്റിൽ ഇൻഷ്വർ ചെയ്ത ആളുടെ വസ്തു വകകൾക്ക് നഷ്ടം/ കേടുപാട് സംവിച്ചിട്ടുണ്ടെങ്കിലും അത് 13-08-1996-ൽ ഫയൽ ചെയ്ത പരാതിക്ക് കാലഹരണം എന്ന വിലക്ക് ഉള്ളതാണ്.

(iii) ആരോപിച്ചിട്ടുള്ള നഷ്ടം 03-05-1991 മുതൽ ഫാക്ടറി ലോക്കൗട്ടിൽ ആയതുകാരണം യഥാവിധി സൂക്ഷിക്കാതെ സ്റ്റോക്കുകൾ കിടന്നതുമൂലം പൊടിയുടേയും ഈർപ്പത്തിന്റെയും അടിഞ്ഞുകൂടൽ മുഖാന്തിരം ഉണ്ടായതാണെന്നും അല്ലാതെ വെള്ളപ്പൊക്കത്തിന്റേയോ പ്രളയത്തിന്റേയോ ഫലമായി ഉണ്ടായിട്ടുള്ളതല്ലെന്നും ആണ്.

(iv) അവകാശപ്പെട്ടിട്ടുള്ള തുകയുടെ നൽകലിന് രണ്ടു സർവ്വെ റിപ്പോർട്ടുകളും അടിസ്ഥാനമാക്കുന്നതിന് കഴിയുന്നതല്ല.

10. ദേശീയ കമ്മീഷൻ, നാഷണൽ ഇൻഷ്വറൻസ് ഉയർത്തിയ വാദങ്ങൾ എല്ലാം നിരാകരിക്കുകയും സീസ്കാൻ സർവ്വീസസ് (പബ) പ്രൈവറ്റ് ലിമിറ്റഡ് (രണ്ടാം സർവ്വെയർ) പുറപ്പെടുവിച്ചിട്ടുള്ള തിരുത്തലിനുശേഷം

മൂന്നുമാസത്തിനുശേഷം അതായത്, 1995 മേയ് 11 മുതൽ 9% വാർഷിക പലിശ സഹിതം ഒരു തുകയായ രൂപ 21,05,803.89 ഇൻഷ്വർ ചെയ്ത ആളിന് ചോദ്യം ചെയ്യപ്പെടുന്ന വിധിന്യായവും ഉത്തരവും വഴി അവാർഡു ചെയ്തു. ഇൻഷ്വർ ചെയ്ത ആളിന് രൂപ 20,000/- ചെലവും കൂടി അവാർഡ് ചെയ്തു. ഞങ്ങളുടെ അഭിപ്രായത്തിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ള തീരുമാനത്തിൽ അബദ്ധം ഒന്നും ഇല്ല എന്നതാകുന്നു.

11. ഒന്നാമത്തെ തടസ്സവാദത്തെ സംബന്ധിച്ച്, അതായത്, ഇൻഷ്വറൻസ് പോളിസികളുടെ നിബന്ധന നമ്പർ 6 ((ii)-നെ ആശ്രയിക്കേണ്ടതും ഈ നിബന്ധനയുടെ വ്യാപ്തിയെ സംബന്ധിച്ച് ഒന്നാമതായി മനസ്സിലാക്കേണ്ടതും ആവശ്യമാണ്, ആയത് താഴെ പറയും വിധം വായിക്കാവുന്നതാണ്:

ഏതൊരു കേസ്സിലും എങ്ങനെയായിരുന്നാലും നടപടി അല്ലെങ്കിൽ മാദ്ധ്യസ്ഥം നിലവിലിരിക്കുന്നത് ഒഴികെ നഷ്ടമോ കേടുപാടോ സംഭവിച്ച് 12 മാസം കഴിഞ്ഞ ശേഷം യാതൊരു നഷ്ടം അല്ലെങ്കിൽ കേടുപാടിന് കമ്പനി ബാദ്ധ്യസ്ഥനാക്കപ്പെടാത്തതാണ്; ഇത് പ്രകടമായി സമ്മതിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നതെന്തെന്നാൽ ഇതുപ്രകാരമുള്ള ഏതെങ്കിലും അവകാശവാദത്തെ സംബന്ധിച്ച ബാദ്ധ്യത കമ്പനി അവകാശനിരസനം അനുവദിച്ചിട്ടില്ലെങ്കിലും അത്തരം അവകാശവാദം അവകാശ നിരസനത്തീയതി മുതൽ 12 കലണ്ടർ മാസത്തിനുള്ളിൽ ഒരു കോടതിയിൽ ഒരു വ്യവഹാരത്തിന്റെ വിഷയമാക്കിയിട്ടില്ലെങ്കിൽ ആ അവകാശവാദം എല്ലാ ആവശ്യങ്ങൾക്കും ഉപേക്ഷിച്ചതായി കരുതപ്പെടുന്നതും അതിനുശേഷം ഇതനുസരിച്ച് വസൂലാക്കപ്പെടുന്നതല്ലാത്തതുമാണ്.

12. മേൽ നിബന്ധനയുടെ ലളിതമായ ഒരു വായന നയിക്കുന്ന ഉപസംഹാരമെന്തെന്നാൽ നാഷണൽ ഇൻഷ്വറൻസ് സംഭവം നടന്നതിന് 12 മാസങ്ങൾക്കുശേഷം ഉള്ള ഏതെങ്കിലും നഷ്ടത്തിനോ കേടുപാടിനോ ഉള്ള അവകാശവാദം നടപടിയോ മാദ്ധ്യസ്ഥമോ നിലവിലിരിക്കുന്ന വിഷയത്തിന്റേതല്ലാതെയുള്ള കാര്യത്തിന് ഇൻഷ്വറർ ചെയ്ത ആളിന് സംഭവിച്ച നഷ്ടത്തിനോ കേടുപാടിനോ ബാദ്ധ്യസ്ഥനല്ലാത്തതാണ് എന്നതാകുന്നു. നാഷണൽ ഇൻഷ്വറൻസിനുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ നടപടി നിലവിലിരിക്കുന്നു എന്ന പദപ്രയോഗം നിയമപ്രകാരമുള്ള ഒരു കോടതിയിൽ ആരംഭിച്ചിട്ടുള്ള നടപടിയുമായി ബന്ധപ്പെട്ടതാണെന്ന് സമർപ്പിച്ചിരിക്കുന്നു.

13. ഞങ്ങളെ ഈ ബോധിപ്പിക്കലിൽ നിന്നും യാതൊന്നും സ്വാധീനിച്ചിട്ടില്ല. ഇൻഷ്വർ ചെയ്ത ആൾ ഒരു അവകാശവാദം നടത്തുമ്പോൾ അത് സ്വയമേവ നടപടിയെടുക്കാവുന്നത് ആകുന്നു. അവകാശവാദത്തിന്റെ ന്യായനിർണ്ണയത്തിനായി നിയമപ്രകാരമുള്ള ഒരു കോടതിയെ ഇൻഷ്വർ ചെയ്ത ആൾ സമീപിക്കേണ്ട ആവശ്യമുണ്ടെന്ന യാതൊരു ചോദ്യവും ഇവിടെ ഇല്ലാത്തതാണ്. ഇത് അനാവശ്യമായിട്ടുള്ള വ്യവഹാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും, ആയത് ഇൻഷ്വറൻസ് പോളിസികളുടെ ഉദ്ദേശമായിട്ടും പൊതുതാല്പര്യത്തിലുള്ള ഏതെങ്കിലും സംഗതിയായും തീർച്ചയാക്കാൻ കഴിയുന്നതല്ലാത്തതുമാണ്. കൂടുതലായിട്ട്, നാഷണൽ ഇൻഷ്വറൻസ് 2001 മേയിൽ ആണ് അവകാശവാദം നിരസിച്ചിട്ടുള്ളതും പോളിസികളിലെ കാലഹരണത്തിനുള്ള കാലാവധി ആ സമയത്തിന് മുമ്പായി ആരംഭിക്കുവാൻ കഴിയാത്തതുമാണ്. നാഷണൽ ഇൻഷ്വറൻസിനുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ഈ ബോധിപ്പിക്കലിന്മേൽ സമ്മർദ്ദം ചെലുത്താത്തതിനാൽ, ഞങ്ങൾ ആ വിഷയം ഉപേക്ഷിച്ചു.

14. എന്നിരുന്നാലും, പാണ്ഡിത്യമുള്ള അഭിഭാഷകൻ ശക്തമായി വാദിച്ചിരിക്കുന്നതെന്തെന്നാൽ, ആക്റ്റിലെ വകുപ്പ് 24എ-ലെ വ്യവസ്ഥപ്രകാരം, 1992 ആഗസ്റ്റ് 6-ന് സംഭവിച്ച നഷ്ടം അല്ലെങ്കിൽ കേടുപാടിന് 1996 ആഗസ്റ്റ് 13-ന് ദേശീയ കമ്മീഷനിൽ അവകാശവാദം ഉന്നയിച്ച് ഇൻഷ്വർ ചെയ്ത ആൾ പരാതി ഫയൽ ചെയ്തിട്ടുള്ളതിൽ കാലഹരണം എന്ന വിലക്ക് ഉണ്ടെന്നാണ്. അതുകൊണ്ട്, കാരണം ഉടലെടുത്ത തീയതി മുതൽ വ്യവസ്ഥാപിതമായ രണ്ടുവർഷക്കാലയളവിനുശേഷം ഫയൽ ചെയ്ത പരാതി ദേശീയ കമ്മീഷന് സ്വീകരിക്കുവാൻ കഴിയുന്നതല്ലാത്തതാണ്.

15. പാണ്ഡിത്യമുള്ള അഭിഭാഷകൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അഭി ബി.എസ് അഗ്രികൾച്ചർ ഇൻഡസ്ട്രീസ് (2009) 5 എസ്‌സിസി 121 എന്ന കേസിൽ ആശ്രയമർപ്പിച്ചു, എന്നാൽ ഈ നിഗമനത്തിൽ ഞങ്ങൾക്ക് യാതൊരു പ്രസക്തിയും കാണാൻ കഴിഞ്ഞിട്ടില്ല. വസ്തുതകളിൽ, ഈ കേസിൽ കണ്ടതെന്തെന്നാൽ, അപ്പീൽവാദിയുടെ കാരണമായിട്ടുള്ള നടപടി ആരംഭിച്ചത് 1994 ജൂൺ 7-ന് ആയിരുന്നതും എന്നാൽ, നാഷണൽ കമ്മീഷനിൽ ഫയൽ ചെയ്ത പരാതി 1997 മേയ് 5-നും ആണെന്നാണ്. ആ പരാതി തികച്ചും കാലഹരണപ്പെട്ടതാണ്.

16. അതുപോലെ, *കണ്ടിമല്ല രാഘവയ്യ & കമ്പനി* അഭി *നാഷണൽ ഇൻഷ്വറൻസ് കമ്പനി* (2009) 7 എസ്‌സിസി 768-ൽ ആശ്രയമർപ്പിച്ചിട്ടുള്ളതും അസ്ഥാനത്താകുന്നു. ഈ കേസിൽ, 1988 മാർച്ച് 23-ന് ഇൻഷ്വർ ചെയ്ത ആളിന്റെ കെട്ടിട പരിസരത്ത് ഒരു തീപിടുത്തം ഉണ്ടായിട്ടുള്ളതും അതിലെ അപ്പീൽവാദി 1992 നവംബർ 6-ാം തീയതി ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ഒരു അവകാശവാദം തേടിയിട്ടുള്ളതും 1997 ഒക്ടോബർ 24-ന് ദേശീയ കമ്മീഷനിൽ പരാതി ഫയൽ ചെയ്തിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ, ആ പരാതി കാലഹരണപ്പെട്ടതാണെന്ന് വിധി കല്പിച്ചിട്ടുണ്ട്.

17. ശക്തമായി പറയുമ്പോൾ, കൽക്കട്ടയിലെ കനത്ത മഴ കാരണം 1992 ആഗസ്റ്റ് 6-ന് ഇൻഷ്വർ ചെയ്ത ആളിന് നഷ്ടം അല്ലെങ്കിൽ കേടുപാട് ഉണ്ടായ സംഭവം നടക്കുന്നതും, ഇൻഷ്വർ ചെയ്ത ആളിന്റെ അസംസ്കൃത പദാർത്ഥങ്ങൾ, സ്റ്റോക്കുകൾ, ചരക്കുകൾ, ഗൃഹോപകരണങ്ങൾ എന്നിവയ്ക്ക് കേടുപാട് സംഭവിക്കുകയും ചെയ്തിരിക്കുന്നു. തൊട്ടടുത്ത ദിവസം തന്നെ, നാഷണൽ ഇൻഷ്വറൻസിൽ ഇൻഷ്വർ ചെയ്ത ആൾ ഒരു അവകാശവാദം നടത്തി അതിനെ തുടർന്ന് നാഷണൽ ഇൻഷ്വറൻസ് എൻ.റ്റി. കോത്താരി & കമ്പനിയെ ഇൻഷ്വർ ചെയ്ത ആളിന്റെ നഷ്ടം കണക്കാക്കുന്നതിന് ആദ്യം നിയമിക്കുകയും ആ സർവ്വെയർ ഒരു വർഷത്തിനുശേഷം ഒരു റിപ്പോർട്ട് നൽകുകയും ആണ് ചെയ്തിട്ടുള്ളത്. അതിനുശേഷം, കാരണങ്ങൾക്ക് തീർച്ചയായും വ്യക്തതയില്ലാതെ, നാഷണൽ ഇൻഷ്വറൻസ് ഒരു രണ്ടാമത്തെ സർവ്വേയറെ നിയമിക്കുകയും അതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏകദേശം ഒരു വർഷം കൂടി എടുക്കുകയും ആ റിപ്പോർട്ടിന് ഒരു തിരുത്ത്, അതുവഴി റിപ്പോർട്ടും തിരുത്തും പൂർത്തിയാകുന്നതിന് ഒരു വർഷം കഴിയുകയും ചെയ്തുകൊണ്ട് നൽകുകയും ചെയ്തിട്ടുണ്ട്. മറ്റൊരു വിധത്തിൽ നാഷണൽ ഇൻഷ്വറൻസ് സർവ്വെ നടത്തുന്നതിന് അല്ലെങ്കിൽ ഇൻഷ്വർ ചെയ്ത ആൾക്ക് ഭവിച്ച നഷ്ടം അല്ലെങ്കിൽ കേടുപാടിന്റെ സർവ്വെ നടത്താൻ ഇടയാക്കുന്നതിന് അതുതന്നെ രണ്ടു വർഷത്തിലധികം എടുത്തു എന്നതാണ്. തീർച്ചയായും, ഈ ഇൻഷ്വറൻസ് എടുത്ത ആൾ ഒരു അവകാശവാദം സമർപ്പിച്ചിരിക്കുന്നിടത്ത്, മുഴുവൻ കാലവിളംബവും നാഷണൽ ഇൻഷ്വറൻസ് സംഭാവന ചെയ്തതും ഇൻഷ്വർ ചെയ്ത ആളിന്റെ അവകാശവാദത്തെ ഭംഗം വരുത്തുന്നതിന് കഴിയാത്തതുമാണ്. സംഗതികളെ വഷളാക്കുന്നതിന്, നാഷണൽ ഇൻഷ്വറൻസ്

യഥാർത്ഥത്തിൽ ഇൻഷ്വർ ചെയ്ത ആളിലെ അവകാശവാദം 2001 മേയ് 22-ന് മാത്രമേ നിരസിച്ചിട്ടുള്ളു, അതാകട്ടെ, തികച്ചും ദേശീയ കമ്മീഷന് മുമ്പാകെ പരാതി ഫയൽ ചെയ്തതിന് ശേഷവുമാകുന്നു.

18. ഞങ്ങളുടെ അഭിപ്രായത്തിൽ, ഉപഭോക്താവിനെ സംബന്ധിക്കുന്ന ഒരു തർക്കത്തെ സംബന്ധിച്ച്, കോടതികൾ മുഖ്യമായിട്ടും ഉപഭോക്താവിന്റെ അവകാശങ്ങൾ ഒരു പ്രായോഗിക വീക്ഷണത്തോടെ എടുക്കേണ്ടത് ആവശ്യമാകുന്നു, എന്തെന്നാൽ, സേവനങ്ങളുടെയോ ചരക്കുകളുടെ വിതരണക്കാരിൽ നിന്നും ഉള്ള ഒരു അസൗകര്യത്തിന് അഭിമുഖമായി വരുന്നത് ആ ഉപഭോക്താവാണ്. ഈ അസൗകര്യത്തെ മറികടക്കുന്നതിനായിട്ട് പാർലമെന്റ് 1986-ലെ ഉപഭോക്തൃസംരക്ഷണ ആക്റ്റിന്റെ രൂപത്തിലുള്ള ഒരു ഗുണകരമായ നിയമനിർമ്മാണം നടത്തി. ഒരു ഉപഭോക്താവിന്റെ അവകാശ വാദത്തെ ഒത്തുതീർപ്പാക്കുന്നതിനുള്ള ഒരു കാലതാമസത്തിന് ഇടയാക്കുന്നതിനുള്ള ഉപകരണമായേക്കാവുന്ന ചരക്കുകളുടേയും സേവനങ്ങളുടേയും ഒരു വിതരണക്കാരൻ ആകുന്ന ഒരു കേസിൽ ഉപഭോക്താവിനുണ്ടായ അസൗകര്യത്തിന് ആ ആക്റ്റിലെ കാലഹരണ വ്യവസ്ഥ കർശനമായി വ്യാഖ്യാനിക്കുവാൻ കഴിയുന്നതല്ല. അത് അങ്ങനെ ആയിരിക്കെ, ഇതു സംബന്ധിച്ചുള്ള നാഷണൽ ഇൻഷ്വറൻസിന്റെ വാദത്തെ ദേശീയ കമ്മീഷൻ തള്ളിക്കളഞ്ഞത് തികച്ചും ശരിയാണ് എന്ന അന്തിമതീരുമാനത്തിൽ എത്തിച്ചേരുന്നതിൽ ഞങ്ങൾക്ക് യാതൊരു വൈമനസ്യവുമില്ലാത്തതാണ്.

19. നാഷണൽ ഇൻഷ്വറൻസ് ഉന്നയിച്ച മൂന്നാമത്തെ എതിർവാദത്തെ സംബന്ധിച്ചിടത്തോളം, അത് തന്നെ നിയമിച്ച രണ്ട് സർവ്വെയറന്മാരുടെ റിപ്പോർട്ടുകളെ തന്നെ എതിർത്തുകൊണ്ടുള്ളതാണ്. ഈ പ്രയാസം മറികടക്കുന്നതിനായി നാഷണൽ ഇൻഷ്വറൻസ് മുന്നോട്ടുവച്ച നാലാം എതിർവാദം, അതായത് അവകാശവാദം ഉന്നയിച്ചിട്ടുള്ള തുക നൽകുന്നതിന് വേണ്ടി അടിസ്ഥാനപ്പെടുത്തുവാൻ ഈ രണ്ടു സർവ്വെ റിപ്പോർട്ട് കൊണ്ടും കഴിയുന്നതല്ല എന്നതാണ്.

20. ഇതിന്റെ സന്ദർഭത്തിൽ, എൻ.റ്റി കോത്താരി ആന്റ് കമ്പനി നൽകിയ ആദ്യത്തെ സർവ്വെ റിപ്പോർട്ടിൽ ഇൻഷ്വറൻസ് ചെയ്ത ആൾ അനുഭവിച്ച കേടുപാടിനെയോ നഷ്ടത്തിനെയോ സംബന്ധിച്ച് ഏതെങ്കിലും റിപ്പോർട്ട് നൽകുന്നതിന് പ്രത്യേക ഉദ്യോഗസ്ഥനെ കൽക്കട്ടയിലെ സെൻട്രൽ ഗ്ലാസ്സ് ആന്റ് സിറാമിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രാധികാരം ചെയ്യാത്തതുകൊണ്ട് അത് ഒരു യോഗ്യമായ റിപ്പോർട്ടല്ലെന്ന് എതിർവാദമുഖമായി ഉന്നയിച്ചു. ആദ്യത്തെ സർവ്വെ റിപ്പോർട്ടിനെ ദേശീയ കമ്മീഷൻ തന്നെ ആശ്രയിക്കാത്തതിനാൽ, ഈ സംഗതിയുടെ കാര്യത്തിൽ കടക്കാതെ, അതേ സ്ഥാപനം അതായത് കൽക്കട്ടയിലെ സെൻട്രൽ ഗ്ലാസ്സ് ആന്റ് സിറാമിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ രണ്ടാമത്തെ റിപ്പോർട്ട്, എന്നാൽ, ഈ സന്ദർഭത്തിൽ, മറ്റൊരു ഓഫീസറുമായിട്ടാണ് കൂടിയാലോചന നടത്തിയിട്ടുള്ളത്, ഞങ്ങൾ ശ്രദ്ധയിലെടുത്തു. ദേശീയ കമ്മീഷൻ മുമ്പാകെയോ ഞങ്ങളുടെ മുമ്പാകെയോ, വിദൂരത്തിലായാൽപോലും, രണ്ടാമത്തെ റിപ്പോർട്ടിൽ, റിപ്പോർട്ട് നൽകുന്നതിനായി പ്രാധികാരം ചെയ്തിട്ടില്ലാത്ത ആഫീസറുമായിട്ടാണ് കൂടിയാലോചന നടത്തിയതെന്നോ മറ്റേതെങ്കിലും നീതിപൂർവ്വകമായ കാരണമുള്ളതിനാലോ കറ പുരണ്ടതായി കാണുന്നതിനുള്ള ഏതെങ്കിലും കാരണം നൽകുന്നതിന് ഇൻഷ്വറൻസ് കമ്പനി പരാജയപ്പെട്ടു. സർവ്വെ റിപ്പോർട്ടും അതിന്മേലുള്ള തെറ്റു തിരുത്തലും നൽകിയ സീസ്ക്കാൻ (പബ) പ്രൈവറ്റ് ലിമിറ്റഡിന്റെ രണ്ടാമത്തെ സർവ്വെ റിപ്പോർട്ട് ദേശീയ കമ്മീഷൻ സ്വീകരിച്ചിട്ടുള്ളതിനാലും സർവ്വെയറുടെ അല്ലെങ്കിൽ സർവ്വെയറുടെ

റിപ്പോർട്ടിന് എതിരായി കണക്കാക്കാവുന്ന ഏതെങ്കിലും സംഗതിയുടെ അഭാവത്തിൽ എത്തിച്ചേർന്നിട്ടുള്ള തീർപ്പുമായി വിയോജിക്കുവാൻ ഏതെങ്കിലും കാരണം ഞങ്ങൾ കാണുന്നില്ലാത്തതാണ്.

21. തദനുസൃതമായി, ഞങ്ങളുടെ അഭിപ്രായത്തിൽ, ദേശീയ കമ്മീഷൻ പാസ്സാക്കിയ ഉത്തരവിൽ ഇടപെടുന്നതിലേക്ക് നാഷണൽ ഇൻഷ്വറൻസ് യാതൊരു കേസും ഉണ്ടാക്കിയിട്ടില്ല എന്നതാകുന്നു.

**സിവിൽ അപ്പീൽ നമ്പർ 1156/2008**

22. ഈ അപ്പീലും കാലഹരണത്തെ സംബന്ധിച്ചുള്ള ഇൻഷ്വർ ചെയ്ത ആൾ എടുത്ത ഇൻഷ്വറൻസ് പോളിസിയിലെ നിബന്ധന നമ്പർ 6(ii)-ന്റെ വ്യാഖ്യാനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. ഈ അപ്പീൽ, 1993 സെപ്റ്റംബർ 6-ന് സംഭവിച്ച ഒരു അത്യാഹിതത്തിൽ ഇൻഷ്വറൻസ് ചെയ്ത ആളിന്റെ ചരക്കുകൾക്ക് സംഭവിച്ച ഒരു നഷ്ടത്തിനോ കേടുപാടിനെയോ പറ്റിയുള്ളതാണ്. ഇൻഷ്വർ ചെയ്ത ആൾ തൊട്ടടുത്ത ദിവസം തന്നെ ഒരു അവകാശവാദം സമർപ്പിച്ചിട്ടുണ്ട്. 1998 മാർച്ച് 6-ന് ഫയൽ ചെയ്ത ഒരു പരാതി ദേശീയ കമ്മീഷനിൽ നിലനിൽക്കവേ 1999 ഡിസംബർ 27-ന് നാഷണൽ ഇൻഷ്വറൻസ് ആ അവകാശവാദം നിരാകരിച്ചു. ഈ വസ്തുതകളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട അപ്പീലിലെ ചർച്ചകളുടെ അടിസ്ഥാനത്തിലും, ഇൻഷ്വറൻസ് പോളിസിയിലെ നിബന്ധന നമ്പർ 6 (ii)-ന്റേയോ ആക്റ്റിലെ വകുപ്പ് 24 എ-ന്റേയോ അടിസ്ഥാനത്തിൽ പരാതി കാലഹരണപ്പെട്ടതാണെന്ന് പാണ്ഡിത്യമുള്ള അഭിഭാഷകൻ ഉന്നയിച്ച തടസ്സവാദത്തിന് യോഗ്യതയില്ലാത്ത താകുന്നു. എന്തുതന്നെയായാലും, ഈ അപ്പീലിലെ വസ്തുതകളുടെ അടിസ്ഥാനത്തിൽ പാണ്ഡിത്യമുള്ള അഭിഭാഷകൻ ഈ വാദത്തെ മുറുകെ പിടിച്ചില്ല.

23. കേസിന്റെ യോഗ്യതകളിൽ ഉള്ള ഏക വിവാദ്യകം, ഈ നഷ്ടം അല്ലെങ്കിൽ കേടുപാട് ഇൻഷ്വർ ചെയ്ത മെഷീനിൽ ഉണ്ടായ ഒരു സ്ഫോടനത്താലോ, ഷോർട്ട് സർക്യൂട്ടിനാലോ ഇടയായതെന്നതാണ്. നാഷണൽ ഇൻഷ്വറൻസ് പറയുന്നതനുസരിച്ച്, മെഷീനിലുള്ള ഷോർട്ട് സർക്ക്യൂട്ട് ഇൻഷ്വർ ചെയ്ത ആളിന് അവകാശവാദം ഉന്നയിക്കുന്നതിൽ അനർഹനാക്കുന്നു എന്നതാണ്. തെളിവിന്റെ പരിഗണനയിൽ, മെഷീനിൽ ഒരു സ്ഫോടനം ഉണ്ടായതായും അതിന്റെ ഫലമായി ഷോർട്ട് സർക്ക്യൂട്ടും പരിണിത ഫലമായി മെഷീനിന്റെ നഷ്ടവും കേടുപാടും ഉണ്ടായതായി ദേശീയ കമ്മീഷൻ വിധി കല്പിച്ചു.

24. രേഖയിലുള്ള തെളിവ് വായിച്ചു നോക്കവേ, ദേശീയ കമ്മീഷൻ റിക്കാർഡിലുള്ള തെളിവിനെ അടിസ്ഥാനമാക്കി മാത്രവുമല്ല, ഏതൊരു സംഭവത്തിനുള്ള ഒരു കാഴ്ചപ്പാടിനേയും കൂടി അടിസ്ഥാനമാക്കിയാണ് തീരുമാനമെടുത്തതെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. തെളിവിന്റെ വിശകലനത്തിൽ ഏതെങ്കിലും വസ്തുതാപരമായ അബദ്ധത്തിന്റെ അഭാവത്തിൽ ദേശീയ കമ്മീഷൻ എടുത്ത നിലപാടിനെ ഞങ്ങളുടെ നിലപാടുകൊണ്ട് പകരം ചേർക്കുന്നത് ഉചിതമാണെന്ന് കരുതുന്നില്ല.

25. അതുകൊണ്ട്, ഈ അപ്പീലിൽപ്പോലും ദേശീയ കമ്മീഷൻ പാസ്സാക്കിയ ഉത്തരവിൽ ഇടപെടുന്നതിലേക്കുള്ള ഒരു കേസാക്കുന്നതിന് നാഷണൽ ഇൻഷ്വറൻസിന് സാധിച്ചിട്ടില്ല.

ഫലം

26. രണ്ടു അപ്പീലുകളും യാതൊരു യോഗ്യതകളും ഇല്ലാത്തതാകുന്നതും തദനുസൃതമായി തള്ളിക്കളയുന്നതുമാണ്.

*————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്ററിസ് രഞ്ജൻ ഗൊഗോയ്

&

ബഹു. ജസ്റ്റിസ് നവിൻ സിൻഹ

ജസ്റ്റ് സൊസൈറ്റി

*അഭി*

യൂണിയൻ ഓഫ് ഇൻഡ്യ

ട്രാൻസ്ഫേർഡ് കേസ് (സിവിൾ) നം.25/2015

2017 ഏപ്രിൽ 27–ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**2013–ലെ ലോക്പാലും ലോകായുക്തകളും ആക്റ്റ് വകുപ്പുകൾ 3(2) (എ), 4(1)(ഡി), 4(1)(ഡി), 4(1)(ഇ)– വകുപ്പ് 4(1) (ഇ)–യിൽ ഉൾപ്പെട്ടിട്ടുളള വ്യവസ്ഥകൾക്ക് ബലക്ഷയമുണ്ടെന്ന് പ്രഖ്യാപിക്കുന്നതിന് കഴിയുന്നതല്ല – റിട്ട് ഹർജി തളളിക്കളയുന്നു.**

### വിധിന്യായം

ജസ്ററിസ് രഞ്ജൻ ഗൊഗോയ്

1. ഹർജിക്കാരൻ 2013–ലെ ലോക്പാലും ലോകായുക്തകളും ആക്റ്റിലെ (ഇതിനുശേഷം ചുരുക്കത്തിൽ 'ആക്റ്റ്') ചില വ്യവസ്ഥകൾ അതായത് വകുപ്പുകൾ 3(2) (എ)–ഉം, 4(1)(ഡി), 4(1)(ഇ), 4(2) വകുപ്പ് 4(3)രണ്ടാം ക്ലിപ്ത നിബന്ധന, വകുപ്പ് 10, വകുപ്പ് 14(3)–ലെ ക്ലിപ്തനിബന്ധന, വകുപ്പ് 16, വകുപ്പ് 37(2)–ഉം വകുപ്പ് 63–ഉം ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദങ്ങൾ 14–ന്റേയും 50–ന്റേയും അധികാരാതീതമായതാണെന്ന ഒരു പ്രഖ്യാപനം ആവശ്യപ്പെടുന്നു. ആക്റ്റിലെ വകുപ്പ് 4(1)(ഡി) പ്രകാരം ഭാരതത്തിലെ ചീഫ് ജസ്റ്റീസോ അദ്ദേഹത്തിന്റെ നാമാതാവായ സുപ്രീം കോടതി ജഡ്ജിയോ തിരഞ്ഞെടുക്കൽ സമിതിയിലെ ഒരു വെറും അംഗമായിരിക്കുകയും ലോക്പാലിന്റേയോ ചെയർപേഴ്സണിന്റേയോ അംഗങ്ങളുടെയോ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ അഭിപ്രായം നിർവ്വഹിക്കുന്ന ഭാരതത്തിന്റെ ചീഫ് ജസ്റ്റീസിന്റേയോ അദ്ദേഹത്തിന്റെ നാമാതാവായ ജഡ്ജിക്കോ പ്രാമുഖ്യം ഇല്ലെന്ന കാരണം ഒന്നാമതായി അടിസ്ഥാനമാക്കിയിട്ടുള്ളതാണ് മേല്പറഞ്ഞ ട്രാൻസ്ഫർ ചെയ്ത (നം.25/2015) കേസിലെ തർക്കം. മേല്പറഞ്ഞ വാദഗതിയെ ബലപ്പെടുത്തുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളതെന്തെന്നാൽ ഈ കോടതിയിലെ നാല് മുൻ ജഡ്ജിമാർ ചെയർപേഴ്സണിന്റെ തസ്തികയിലേക്ക് പരിഗണിക്കുന്നതിനായി അവരുടെ താല്പര്യം വിനിയോഗിച്ചിട്ടുള്ളതും അത്തരം ഒരു സന്ദർഭത്തിൽ ബഹുമാനപ്പെട്ട ഭാരത ചീഫ് ജസ്റ്റീസോ അദ്ദേഹത്തിന്റെ നാമാതാവായ ജഡ്ജിയോ

മാത്രം നിയമനത്തിന് പരിഗണിക്കുന്നതിനായി താല്പര്യപ്പെട്ട/താല്പര്യപ്പെട്ടേക്കുന്ന ഈ കോടതിയുടെ ഏതെങ്കിലും അത്തരത്തിലുള്ള മുൻ ജഡ്ജിയുടെ അനുയോജ്യത തീരുമാനിക്കുന്നതിന് ഉത്തമമായി നിലകൊള്ളണമെന്നുമാണ്. ഹർജിക്കാരന് വേണ്ടി വീണ്ടും വാദിച്ചിട്ടുള്ളതെന്തെന്നാൽ, ആക്റ്റിലെ വകുപ്പ് 4(1) (ഇ) പ്രകാരമുള്ള ഒരു 'ശ്രേഷ്ഠനായ നിയമജ്ഞൻ'-നെ നിയമിക്കുന്നതിനായി യാതൊരു പെരുമാറ്റചട്ടമോ/മാനദണ്ഡമോ വെച്ചിട്ടില്ലാത്തതും അതുവഴി നിർവ്വഹിക്കപ്പെടുന്ന മേല്പറഞ്ഞ ആക്റ്റിലെ വ്യവസ്ഥ നിയമപരമായും ഭരണഘടനാപരമായും ദുർബലമായതാണ് എന്നതാണ്.

2. എങ്ങനെ മേല്പറഞ്ഞ ഏതെങ്കിലും വാദഗതികൾക്ക് ആക്റ്റിലെ വ്യവസ്ഥകൾക്ക് ഏതെങ്കിലും ദൃഢതയില്ലായ്മയോ ദുർബലതയോ ആക്റ്റിലെ പ്രസക്തമായ വകുപ്പുകൾ അപ്രകാരം നിർവ്വഹിക്കുന്നതിന് ദുർബലമായതാണ് എന്ന് ഏതെങ്കിലും ഭരണഘടനാ വ്യവസ്ഥകളുടെ വെളിച്ചത്തിൽ സ്ഥാപിച്ചെടുക്കാൻ കഴിയുമെന്ന് കാണുന്നതിൽ ഞങ്ങൾ പരാജയപ്പെടുന്നു.

3 ചീഫ് ജസ്റ്റീസിന്റെയോ അദ്ദേഹത്തിന്റെ നാമാതാവിന്റെയോ അഭിപ്രായത്തിനുള്ള പ്രാമുഖ്യം നൽകുന്നത് ചില നിയമപുസ്തകങ്ങളിലെ പദപ്രയോഗമായ " കൂടിയാലോചനയിൽ" ഉപയോഗിച്ചാണ്, അത്തരത്തിലുള്ള പ്രയോഗം ചീഫ് ജസ്റ്റീസിന്റെ അഭിപ്രായത്തിന് ജുഡീഷ്യൽ അഭിപ്രായമായി മനസ്സിലാക്കുന്ന പ്രാമുഖ്യം അനുവദിച്ചു നൽകുന്നു. ആക്റ്റിൽ അതില്ലാത്തപ്പോൾ, സ്വയമേവ, അതിന്റെ വകുപ്പ് 4(1)(ഡി) ഭരണഘടനയുടെ അടിസ്ഥാന ഘടനയെ ദുർബലപ്പെടുത്തുന്നതല്ലാത്തതാണ് എന്നതാണ് വസ്തുത. നിയമനിർമ്മാണ സഭ അതിന്റെ സാമർത്ഥ്യത്തിൽ, ചീഫ് ജസ്റ്റീസിന്റെയോ അദ്ദേഹത്തിന്റെ നാമാതാവിന്റെയോ അഭിപ്രായത്തിന് പ്രാമുഖ്യം നൽകുന്നത് ഉചിതമല്ലെന്ന് വിചാരിക്കുകയും ചീഫ് ജസ്റ്റിസിന്റെയോ അദ്ദേഹത്തിന്റെ നാമാതാവിന്റെയോ അഭിപ്രായത്തിന് തുല്യ സ്ഥിതി നൽകിയും തിരഞ്ഞെടുക്കൽ സമിതിയിലെ മറ്റ് അംഗങ്ങൾ നൽകുന്ന അഭിപ്രായത്തിന് തുല്യമായി അത്തരം അഭിപ്രായത്തെ കണക്കാക്കുമ്പോൾ, എങ്ങനെ അത്തരം നിയമനിർമ്മാണ സാമർത്ഥ്യത്തെ ഭരണഘടനാ ദൗർബല്യമെന്ന കാരണത്താൽ ചോദ്യംചെയ്യാൻ കഴിയുമെന്ന് ഞങ്ങൾ കാണുന്നില്ല. വ്യത്യസ്ത നികായങ്ങളിലെ വിവിധ ആഫീസുകളിലെ നിയമനവുമായി ബന്ധപ്പെട്ട എല്ലാ സംഗതികളും ചീഫ് ജസ്റ്റിസിന്റെയോ അദ്ദേഹത്തിന്റെ നാമാതാവിന്റെയോ അഭിപ്രായത്തിന് പ്രാമുഖ്യം നൽകുക എന്നത് ഭരണഘടനയുടെ ആജ്ഞാപകം അല്ല. അത്തരത്തിൽ പ്രാമുഖ്യം നൽകണമോ വേണ്ടയോ എന്നത് തീരുമാനിക്കേണ്ടത് നിയമനിർമ്മാണ സഭയാകുന്നതും, നിലവിലത്തെ ആക്റ്റിൽ ചേർത്തിട്ടുള്ള നിയമനിർമ്മാണ അഭിപ്രായം മറ്റു നിയമ പുസ്തകത്തിൽ നൽകിയിട്ടുള്ളതിന് എതിരാണെങ്കിൽ, അത്തരത്തിലുള്ള നിയമനിർമ്മാണത്തിന്റെ ഉദ്ദേശം, സ്വയമേവ, ഭരണഘടനാപരമായി അനുവദിക്കപ്പെട്ടിട്ടില്ലെന്ന് മനസ്സിലാക്കാൻ കഴിയുന്നതല്ലാത്തതുമാണ്.

4. ഒരു ശ്രേഷ്ഠനായ നിയമജ്ഞന്റെ നിയമനത്തെ സംബന്ധിച്ചിടത്തോളം, ആ വിവാദ്യകത്തിൽ ആഴ്ന്നിറങ്ങേണ്ടത് ആവശ്യമാണെന്ന് ഞങ്ങൾ കരുതുന്നില്ലാത്തതും എന്നാൽ ആക്റ്റിലെ വകുപ്പ് 4(1)(എ) മുതൽ 4(1)(ഡി) വരെ അക്കമിട്ട് പറഞ്ഞിട്ടുള്ള ഭരണഘടനാ ചുമതല നിർവ്വഹിക്കുന്ന ഉന്നതർ അടങ്ങിയിട്ടുള്ള ഒരു ഉന്നത ശക്തിയുള്ള നികായത്തിന്റെ തീരുമാനത്തിന് വിട്ടുള്ളതാണെന്ന് പറയാതെ, ആക്റ്റിലെ വകുപ്പ് 4(1)(ഇ)-യിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ യാതൊരു മുഖഭാവത്തിലും നിയമാനുസൃതമല്ലെന്ന് വേർതിരിക്കാൻ കഴിയുന്നതല്ലാത്തതുമാണ്. ആക്റ്റ് മാനദണ്ഡങ്ങൾ വെച്ചിട്ടില്ലാത്തിടത്തോളം, എല്ലാവരേയും തൃപ്തിയാക്കുന്നതിന് എല്ലാം

സമഗ്രമായി ആയത് മനസ്സിലാക്കുന്നതിന് പ്രയാസമായിരിക്കുന്നതാണ്.. യാചിച്ചിട്ടുള്ള കാരണങ്ങളുടെ അടിസ്ഥാനത്തിൽ ആക്റ്റിലെ വകുപ്പ് 4(1)(ഇ)-യിൽ ഉൾപ്പെട്ടിട്ടുള്ള വ്യവസ്ഥകൾക്ക് ബലക്ഷയമുണ്ടെന്ന് പ്രഖ്യാപിക്കുവാൻ കഴിയുന്നതല്ല.

5. പരിണിതഫലമായും മേൽ വെളിച്ചത്തിലും ഈ ട്രാൻസ്ഫർ ചെയ്ത കേസ്സിന് യാതൊരു യോഗ്യതയും ഞങ്ങൾ കാണുന്നില്ല. ഹർജിക്കാരൻ സൊസൈറ്റി ഫയൽ ചെയ്ത റിട്ട് ഹർജി തദനുസൃതമായി തള്ളിക്കളയുന്നു.

*————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ആർ.എഫ്. നരിമാൻ

&

ബഹു. ജസ്റ്റിസ് നവിൻ സിൻഹ

കുമാരൻ

*അഭി*

കേരള സർക്കാരും മറ്റൊരാളും

ക്രിമിനൽ അപ്പീൽ നമ്പരുകൾ 896-897/2017

(പ്രത്യേകാനുമതി ഹർജി (ക്രിമിനൽ)

നമ്പരുകൾ 1231-1232/2013-ൽ നിന്നും ഉത്ഭവിച്ചത്)

2017 മേയ് 5-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പ് 138 പ്രകാരമുള്ള നഷ്ടപരിഹാരം-വീഴ്ചക്കുള്ള തടവുശിക്ഷ പൂർണ്ണമായും അനുഭവിച്ചു എന്ന വസ്തുത പിഴ ഈടാക്കുന്നതിലേക്കുളള ഒരു തടസ്സമാകാൻ പാടുള്ളതല്ല-അപ്പീൽ നിരസിച്ചു.**

വിധിന്യായം

ജസ്റ്റിസ് ആർ.എഫ്. നരിമാൻ

1. അനുമതി നൽകി

2. നിലവിലുള്ള അപ്പീലുകളിൽ ഉയർന്നിട്ടുള്ള രസകരമായ ചോദ്യമെന്തെന്നാൽ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പ് 138 പ്രകാരം ഒരു കുറ്റത്തിന് നഷ്ടപരിഹാരം ഉത്തരവിടുകയും അതിന്റെ വീഴ്ചയിൽ ഒരു തടവ് ശിക്ഷ നിർണ്ണയിച്ചിട്ടുള്ളത് അനുഭവിച്ചതിനുശേഷം നഷ്ടപരിഹാരം ഈടാക്കാമോ എന്നതാണ്.

3. നിലവിലത്തെ കേസിൽ, പ്രതി, പരാതിക്കാരനിൽ നിന്നും 2.75 ലക്ഷം കടം വാങ്ങിയിരുന്ന ഒരു ഇടപാടിൽ പരാതിക്കാരൻ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിൻ കീഴിലുള്ള വകുപ്പ് 138 പ്രകാരം മജിസ്ട്രേറ്റിനെ സമീപിച്ചു എന്നതാണ് വസ്തുതകൾ. പരാതിക്കാരൻ തുക തിരിച്ച് ആവശ്യപ്പെട്ടപ്പോൾ, പ്രതി പ്രസ്തുത തുകക്കായി ഒരു ചെക്ക് നൽകുകയും ആയത് ആവശ്യത്തിനുള്ള തുക ഇല്ല എന്നതിനാൽ പണം മാറാനാകാതെ തിരിച്ചു ലഭിക്കുകയും ചെയ്തു. പരാതി നൽകിയതിനോടൊപ്പം തന്നെ ആവശ്യമായ ആവശ്യപ്പെടൽ അറിയിപ്പ് പ്രതിക്ക് പരാതിക്കാരൻ അയച്ചു. അന്തിമമായി, വകുപ്പ് 138 പ്രകാരമുള്ള കുറ്റത്തിന് പ്രതി കുറ്റക്കാരനെന്ന് കണ്ടെത്തുകയും ശിക്ഷിക്കുകയും ചെയ്തുകൊണ്ട് പ്രസ്താവിച്ചിരിക്കുന്നത്:

"ഇത് കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പ് 138 പ്രകാരമുള്ള ഒരു കുറ്റമാണെന്ന വസ്തുത പരിഗണിക്കുമ്പോൾ പ്രൊബേഷൻ ഓഫ് ഒഫൻണ്ടേഴ്സ് ആക്റ്റ്

പ്രകാരം നടപടിക്കെടുക്കേണ്ട ഉചിതമായ ഒരു കേസാണ് ഇതെന്ന് ഞാൻ കരുതുന്നില്ല. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പ് 138 പ്രകാരമുള്ള കുറ്റത്തിന് 4 മാസം വെറും തടവ് നീതിപൂർവ്വകമാണ് എന്നതാണ് എന്റെ അഭിപ്രായം. പ്രതിയോട് ക്രിമിനൽ നടപടി നിയമസംഹിതയിലെ വകുപ്പ് 357 (3) പ്രകാരം പരാതിക്കാരന് രൂപ 2, 75,000/- നഷ്ടപരിഹാരം നൽകുവാൻകൂടി നിർദ്ദേശിച്ചിരിക്കുന്നു. നഷ്ടപരിഹാരം നൽകുന്നതിനുള്ള വീഴ്ചയിന്മേൽ, അയാൾ ഒരു മാസം കൂടി വെറും തടവ് അനുഭവിക്കേണ്ടതാണ്".

4. പ്രതി മേല്പറഞ്ഞ വിധിന്യായത്തെ സെഷൻസ് കോടതി മുമ്പാകെ ചോദ്യം ചെയ്യുകയും ആ അപ്പീൽകോടതി, 2006 ഏപ്രിൽ 27-ന് ഉള്ള ഒരു ഉത്തരവ് പ്രകാരം കുറ്റസ്ഥാപനത്തെ സ്ഥിരപ്പെടുത്തിയെങ്കിലും ശിക്ഷ കോടതി പിരിയുന്നതുവരെയുള്ള തടവായി കുറവുചെയ്യുകയും ചെയ്തു. നഷ്ടപരിഹാരം നൽകുന്നതിനുള്ള ഉത്തരവ് വീഴ്ചാഖണ്ഡം ഉൾപ്പെടെ നിലനിർത്തി. പ്രതി കോടതി പിരിയുന്നതുവരെയുള്ള തടവു ശിക്ഷയും നഷ്ടപരിഹാരം നൽകുന്നതിലുള്ള വീഴ്ചയ്ക്കുള്ള ശിക്ഷയും അനുഭവിച്ചു. രണ്ടാം എതിർകക്ഷി, നഷ്ടപരിഹാരം ഈടാക്കുന്നതിനുവേണ്ടി പ്രതിക്കെതിരായി ഒരു ഡിസ്ട്രസ് വാറണ്ട് പുറപ്പെടുവിക്കുന്നതിനായിട്ട് ക്രിമിനൽ നടപടി നിയമസംഹിതയിലെ വകുപ്പ് 421 പ്രകാരം പാണ്ഡിത്യമുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ സി.എം.പി നമ്പർ 2018/2008 ഫയൽ ചെയ്തു. ഈ സി.എം.പി 2008 ജൂലൈ 19-ന് അനുവദിക്കുകയും നഷ്ടപരിഹാരം ഈടാക്കുന്നതിനായി ഒരു ഡിസ്ട്രസ് വാറണ്ട് പുറപ്പെടുവിക്കുകയും ചെയ്തു. പ്രതി ഒരു റീകാളിംഗ് ഹർജി ഫയൽ ചെയ്തെങ്കിലും 2011 മാർച്ച് 29-ന് അത് തള്ളിക്കളഞ്ഞു. ഹൈക്കോടതി 2012 ആഗസ്റ്റ് 8-ലെ ചോദ്യംചെയ്യപ്പെടുന്ന വിധിന്യായത്താൽ, വീഴ്ചയിന്മേലുള്ള ശിക്ഷ അനുഭവിച്ചിട്ടുണ്ടെങ്കിലും ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകൾ പ്രകാരം, ഇപ്പോഴും, നഷ്ടപരിഹാരം ഈടാക്കാവുന്നതാണെന്ന് വിധിക്കുകയും പാണ്ഡിത്യമുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ ഉത്തരവുകൾ സ്ഥിരപ്പെടുത്തുകയും ചെയ്തു.

5. ശ്രീ. സിദ്ധാർത്ഥ് ദവേ, അപ്പീൽ വാദിക്കുവേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുള്ള അഭിഭാഷകൻ, ഞങ്ങളുടെ മുമ്പാകെ വാദിച്ചതെന്തെന്നാൽ ഒരു പ്രതിയോട് പിഴ അടയ്ക്കുന്നതിനോ പിഴ ഒരു ഭാഗമാകുന്നതും അതിൽ നിന്ന് നഷ്ടപരിഹാരം നൽകേണ്ടതായിട്ടുള്ളതുമായ ശിക്ഷ അനുഭവിക്കുന്നതിനോ നിർദ്ദേശിക്കുകയും, അപ്പോൾ വകുപ്പ് 421-ൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ പ്രതിക്കെതിരെ ഒരു കോടതി നടപടി സ്വീകരിക്കുമ്പോൾ അയാൾക്ക് നൽകിയ വീഴ്ച വരുത്തലിനുള്ള ശിക്ഷ അയാൾ അനുഭവിക്കേണ്ടതായിട്ടുണ്ട്. എന്നാൽ, പിഴ ഒരു ശിക്ഷ ആകുമ്പോൾ അഥവാ പിഴ ശിക്ഷയുടെ ഒരു ഭാഗമാകുമ്പോൾ പിഴ ചുമത്തിയിട്ടുള്ളതിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിനുള്ള യാതൊരു ഉത്തരവും ഇല്ലാത്തിടത്ത്, വകുപ്പ് 421 പ്രകാരം പ്രതിയ്ക്കെതിരെ നടപടി എടുക്കുന്നതിന് മുമ്പ് കോടതി പ്രത്യേക കാരണങ്ങൾ രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. അതുപോലെ, ക്ലിപ്ത നിബന്ധനയിലുൾപ്പെടുന്നതായിട്ടുള്ള വകുപ്പ് 357(3) പ്രകാരമുള്ള നഷ്ടപരിഹാരത്തിന്, പ്രതിക്ക് ചുമത്തിയിട്ടുള്ള വീഴ്ചയ്ക്കുള്ള ശിക്ഷ അനുഭവിച്ചിട്ടുണ്ടെങ്കിൽ വകുപ്പ് 421 പ്രകാരം നടപടി സ്വീകരിക്കുന്നതിന് മുമ്പ് വിശേഷാൽ കാരണങ്ങൾ എഴുതി രേഖപ്പെടുത്തിയാൽ മാത്രമേ നടപടി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. നിലവിലത്തെ കേസിൽ, വാറണ്ട് പുറപ്പെടുവിച്ച സമയം, പ്രതിയായ ആൾക്കെതിരായി നടപടി എടുക്കേണ്ടതിലേക്കായി മജിസ്ട്രേറ്റ് പ്രത്യേക കാരണങ്ങൾ എഴുതി രേഖപ്പെടുത്തിയിട്ടില്ല, അതിനാൽ ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായം ദുർബലപ്പെടുത്തേണ്ടതാണ്.

6. ശ്രീ. സി.കെ. ശശി, എതിർ കക്ഷിക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ, മേൽ വാദങ്ങളെ എതിർത്തു. പാണ്ഡിത്യമുള്ള അഭിഭാഷകൻ പറയുന്നത് അനുസരിച്ച്, ക്രിമിനൽ നടപടി നിയമസംഹിതയിലെ വകുപ്പ് 431-ലെ കരുതപ്പെടുന്ന സങ്കല്പത്തിന്റെ പ്രയോഗത്തിൽ പ്രതി വീഴ്ചയ്ക്കുള്ള ശിക്ഷ അനുഭവിച്ചാൽ തന്നെയും നഷ്ടപരിഹാരം ഈടാക്കുവാൻ കഴിയുന്നതാണ് എന്നതാണ്. കുറ്റകൃത്യത്തിന്റെ ഇരയ്ക്ക് നഷ്ടപരിഹാരം നൽകുന്ന ഉദ്ദേശ്യം സാക്ഷാത്കരിക്കുന്നതിനായിട്ടാണ് വകുപ്പ് 421-ലെ ക്ലിപ്ത നിബന്ധനയിൽ ഒഴിവാക്കൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പാണ്ഡിത്യമുള്ള അഭിഭാഷകൻ പറയുന്നതനുസരിച്ച്, വകുപ്പ് 421-ലെ ഉദ്ദേശ്യം തന്നെ ഇരയ്ക്കു നഷ്ടപരിഹാരമാണ്, നീതി പ്രാപ്തമാക്കുന്നതിന് ആ വ്യവസ്ഥ ഉദാരമായി വ്യാഖ്യാനിക്കേണ്ടതാണ്. അപ്രകാരമായിരിക്കെ, ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായം യാതൊരു വിധത്തിലും തെറ്റാണെന്ന് കണക്കാക്കുവാൻ കഴിയുന്നതല്ല.

7. കക്ഷികൾക്ക് ആയിട്ടുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനെ കേട്ടിട്ട്, നിയമ പുസ്തകത്തിലെ പ്രസക്തമായ വ്യവസ്ഥകളെ സ്ഥാപിക്കേണ്ടത് വളരെ ആവശ്യമായിരിക്കുന്നു. ക്രിമിനൽ നടപടി നിയമ സംഹിതയിലെ വകുപ്പ് 357 താഴെ പറയുംവിധം വായിക്കാവുന്നതാണ്:

357. "<u>നഷ്ടപരിഹാരം കൊടുക്കാനുള്ള ഉത്തരവ്</u>- (1) കോടതി, പിഴ ശിക്ഷയോ അഥവാ പിഴ ശിക്ഷ ഭാഗമായിട്ടുള്ള ഒരു ശിക്ഷയോ (മരണശിക്ഷ ഉൾപ്പെടെ) ചുമത്തുമ്പോൾ, ആ കോടതിക്ക്, വിധി പാസ്സാക്കാവുന്ന സമയത്ത്, വസൂലാക്കപ്പെടുന്ന പിഴ മുഴുവനോ അതിന്റെ ഏതെങ്കിലും ഭാഗമോ-

(എ) പ്രോസിക്യൂഷൻ നടത്തുന്നതിനായി ഉചിതമായ വിധത്തിൽ നേരിട്ട ചെലവുകൾ കൊടുക്കുന്നതിനും;

(ബി) കോടതിയുടെ അഭിപ്രായത്തിൽ ഒരു സിവിൽ കോടതിയിൽ ഏതെങ്കിലും ആൾക്ക് നഷ്ടപരിഹാരം വസൂലാക്കാവുന്നതായിരിക്കുമ്പോൾ, ആ കുറ്റത്താൽ ഉണ്ടായിട്ടുള്ള ഏതെങ്കിലും നഷ്ടത്തിനോ, ക്ഷതിക്കോ അങ്ങനെയുള്ള ആൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനും;

(സി) മറ്റൊരാളുടെ മരണത്തിന് ഇടയാക്കിയിട്ടുണ്ടെങ്കിലോ അഥവാ അങ്ങനെ ഉള്ള ഒരു കുറ്റം ചെയ്യുവാൻ പ്രേരണ നൽകിയതിനോ ഏതെങ്കിലും ആളെ കുറ്റസ്ഥാപനം നടത്തുമ്പോൾ 1855-ലെ മാരകമായ അപകടങ്ങൾ ആക്റ്റിൻ (1855-ലെ 13) കീഴിൽ അങ്ങനെയുള്ള മരണത്തിൽ നിന്ന് അവർക്ക് ഉണ്ടായിട്ടുള്ള നഷ്ടത്തിന്, ശിക്ഷ വിധിക്കപ്പെട്ടിട്ടുള്ള ആളിൽ നിന്നും നഷ്ട പരിഹാരം ഈടാക്കി അർഹതപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനും;

(ഡി) മോഷണമോ, കുറ്റകരമായ ദുർവിനിയോഗമോ, കുറ്റകരമായ വിശ്വാസ ലംഘനമോ, ചതിക്കലോ ഉൾപ്പെടെയുള്ള ഏതെങ്കിലും കുറ്റത്തിനോ അഥവാ മോഷ്ടിച്ചതാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ കളവു മുതൽ നേരുകേടായി സ്വീകരിക്കുകയോ വച്ചുകൊണ്ടിരിക്കുകയോ അഥവാ അത് വ്യയനം ചെയ്യാൻ സ്വേച്ഛയാ സഹായിക്കുകയോ ചെയ്യുന്ന കുറ്റത്തിനോ, ഏതെങ്കിലും ആൾ ശിക്ഷിക്കപ്പെടുമ്പോൾ, അതിന് അവകാശപ്പെട്ട ആളുടെ കൈവശത്തിലേക്ക് തിരികെ കൊടുക്കുന്നുവെങ്കിൽ അതു നഷ്ടപ്പെട്ടതിന് അതിന്റെ ഉത്തമവിശ്വാസത്തോടുകൂടിയ ഏതെങ്കിലും ക്രേതാവിന് നഷ്ടപരിഹാരം കൊടുക്കുന്നതിനും ഉപയോഗിക്കാൻ ഉത്തരവ് ചെയ്യാവുന്നതാണ്.

(2) അങ്ങനെ തുക കൊടുക്കുന്നത്, പിഴ അപ്പീലിന് വിധേയമായ സംഗതിയിൽ ചുമത്തുന്നതാണെങ്കിൽ, അപ്പീൽ ബോധിപ്പി

ക്കുവാൻ അനുവദനീയമായ കാലം കഴിയുന്നതിനു മുമ്പോ, ഒരു അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ, അപ്പീലിന്റെ തീരുമാനത്തിനു മുമ്പോ ആകാൻ പാടുള്ളതല്ല.

(3) കോടതി പിഴ ശിക്ഷ ഭാഗമായിട്ടു ള്ളതല്ലാത്ത ഒരു ശിക്ഷാവിധി ചുമത്തുമ്പോൾ, കോടതിക്ക് വിധി പാസ്സാക്കുന്ന സമയത്ത് കുറ്റാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളോട് അയാളെ അപ്രകാരം ശിക്ഷയ്ക്ക് വിധിച്ചത് ഏത് കൃത്യത്തിനാണോ ആ കൃത്യം കാരണമായി ഏതെങ്കിലും നഷ്ടമോ ക്ഷിതിയോ അനുഭവിച്ചിട്ടുള്ള ആൾക്ക് ഉത്തരവിൽ വിനിർദ്ദേശിക്കുന്ന തുക നഷ്ടപരിഹാരമായി കൊടുക്കാൻ ഉത്തരവ് ചെയ്യാവുന്നതാണ്;

(4) ഈ വകുപ്പിൻകീഴിലുള്ള ഒരു ഉത്തരവ്, അപ്പീൽ കോടതി അല്ലെങ്കിൽ ഹൈക്കോടതിയോ സെഷൻസ് കോടതിയോ അതിന്റെ റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ അതിനും പാസ്സാക്കാ വുന്നതാണ്.

(5) അതേ വിഷയം സംബന്ധിച്ച് പിന്നീടുള്ള ഏതെങ്കിലും സിവിൽ വ്യവഹാരങ്ങളിൽ നഷ്ടപരിഹാരം വിധിക്കുന്ന സമയത്ത് ആ കോടതി ഈ വകുപ്പിൻകീഴിൽ നഷ്ടപരിഹാരമായോ കൊടുക്കപ്പെട്ടതോ വസൂലാക്കപ്പെട്ടതോ ആയ ഏതെങ്കിലും തുക കണക്കിലെടുക്കേണ്ടതാകുന്നു".

ഒരു പുതിയ വ്യവസ്ഥയായ ഉപവകുപ്പ് (3) പഴയ ക്രിമിനൽ നടപടി നിയമ സംഹിതയിൽ നിലവിലില്ല എന്നത് പ്രധാനമായും ശ്രദ്ധിക്കേണ്ടതാണ്.

(8) വകുപ്പ് 421-ന്റെ മുൻഗാമിയായ 1898-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ വകുപ്പ് 386 താഴെ പറയും വിധം വായിക്കാവുന്നതാണ്:

"386. <u>പിഴ ഈടാക്കാനുള്ള വാറണ്ട്</u>- (1) കുറ്റം ചെയ്ത ആളിനെ പിഴ ഒടുക്കാനുള്ള ശിക്ഷക്ക് വിധിച്ചിട്ടുള്ളിടത്തെല്ലാം, ശിക്ഷാ വിധി പാസ്സാക്കുന്ന കോടതിക്ക് പിഴ വസൂലാക്കുന്നതിന് താഴെ പറയുന്ന രണ്ടിലേതെങ്കിലും വഴിയിലൂടെയോ രണ്ടു വഴിയിലൂടെയോ നടപടി എടുക്കാവുന്നതാണ്, അതായത്, അതിന്-

(എ) കുറ്റക്കാരന്റെ വകയായ ഏതെങ്കിലും ജംഗമവസ്തുവിന്റെ ജപ്തിയും വില്പനയും വഴി തുക ഈടാക്കാനുള്ള ഒരു വാറണ്ട് പുറപ്പെടുവിക്കാവുന്നതാണ്.

(ബി) വീഴ്ച വരുത്തിയ ആളുടെ ജംഗമമോ സ്ഥാവരമോ അഥവാ രണ്ടുമോ ആയ വസ്തുവിൽ നിന്നും സിവിൽ നടപടിക്കനുസൃതമായിട്ടുള്ള നടപ്പാക്കൽ വഴി തുക വസൂലാക്കാൻ ജില്ലാ കളക്ടർക്ക് പ്രാധികാരം നൽകിക്കൊണ്ട് അദ്ദേഹത്തിനുള്ള ഒരു വാറണ്ട് പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ, പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ കുറ്റക്കാരൻ തടവിലാക്ക പ്പെടുമെന്ന് ശിക്ഷാവിധിയിൽ നിർദ്ദേശി ക്കുകയും അങ്ങനെയുള്ള കുറ്റക്കാരൻ അപ്രകാരം വീഴ്ച വരുത്തിയതിലുള്ള തടവുശിക്ഷ മുഴുവൻ അനുഭവിച്ചിരിക്കുകയും ചെയ്യുന്നുവെങ്കിൽ യാതൊരു കോടതിയും ലിഖിതമായി രേഖപ്പെടുത്തേണ്ടതായ പ്രത്യേക കാരണങ്ങളാൽ അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് അത് കരുതാത്തപക്ഷം അങ്ങനെയുള്ള ഒരു വാറണ്ടും പുറപ്പെടുവി ക്കുവാൻ പാടുള്ളതല്ല.

(2) സർക്കാരിന് ഉപവകുപ്പ് (1) ഖണ്ഡം (എ) ക്ക് കീഴിലുള്ള വാറണ്ടുകൾ നടപ്പാ ക്കേണ്ടുന്ന രീതി ക്രമപ്പെടുത്തുന്നതിനും അങ്ങനെയുള്ള വാറണ്ട് നടപ്പാക്കുന്നതിനും ജപ്തി ചെയ്ത ഏതെങ്കിലും വസ്തു സംബന്ധിച്ച് കുറ്റവാളി അല്ലാതെയുള്ള മറ്റേതെങ്കിലും ആളുടെ അവകാശവാദങ്ങളുടെ സമ്മറിയായ തീരുമാനത്തിനും ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(3) ഉപവകുപ്പ് (1) ഖണ്ഡം (ബി)-ക്ക് കീഴിൽ കോടതികൾ കളക്ടർക്കുള്ള ഒരു വാറണ്ട് പുറപ്പെടുവിക്കുന്ന സംഗതിയിൽ, അത്തരം വാറണ്ട് 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ അർത്ഥപരിധിക്കുള്ളിലെ ഒരു ഡിക്രി ആയും കളക്ടർ ഒരു ഡിക്രി കൈവശക്കാരൻ ആയും കരുതപ്പെടേണ്ടതും ആ തുകക്കുള്ള നടപ്പാക്കലിനുള്ള ഏതെങ്കിലും ഡിക്രി ഏറ്റവും അടുത്ത സിവിൽ കോടതിയിൽ, നിയമസംഹിതയിലെ ആവശ്യത്തിനായിട്ട്, ഡിക്രി പാസ്സാക്കിയ കോടതി ആയി കരുതപ്പെടേണ്ടതും, ഡിക്രിയുടെ നടപ്പാക്കൽ സംബന്ധിച്ച് നിയമസംഹിതയിലെ എല്ലാ വ്യവസ്ഥകളും ബാധകമായിരിക്കുന്നതുമാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു വാറണ്ടും കുറ്റക്കാരനെ അറസ്റ്റു ചെയ്തോ തടങ്കലിൽ വച്ചോ നടപ്പാക്കാൻ പാടുള്ളതല്ല".

9. നിലവിലത്തെ നിയമസംഹിതയിലെ വകുപ്പ് 421 താഴെ വായിക്കാവുന്നതാണ്:

"421. പിഴ ഈടാക്കാനുള്ള വാറണ്ട്.- കുറ്റക്കാരനെ പിഴ ഒടുക്കാനുള്ള ശിക്ഷക്ക് വിധിച്ചിട്ടുള്ളപ്പോൾ, ശിക്ഷാവിധി പാസ്സാക്കുന്ന കോടതിക്ക് പിഴ വസൂലാക്കുന്നതിന് താഴെ പറയുന്ന രണ്ടിലേതെങ്കിലും വഴിയിലൂടെയോ രണ്ട് വഴിയിലൂടെയോ നടപടി എടുക്കാവുന്നതാണ്, അതായത്, അതിന്-

(എ) കുറ്റക്കാരന്റെ വകയായ ഏതെങ്കിലും ജംഗമവസ്തുവിന്റെ ജപ്തിയും വില്പനയും വഴി തുക ഈടാക്കാനുള്ള വാറണ്ട് പുറപ്പെടുവിക്കാവുന്നതാണ്;

(ബി) വീഴ്ച വരുത്തുന്ന ആളുടെ ജംഗമമോ സ്ഥാവരമോ ആയ വസ്തുവിൽ നിന്ന് ഈ ഭൂമിക്കരകുടിശ്ശിക എന്ന പോലെ വസൂലാക്കൽ ജില്ലാ കളക്ടർക്ക് അധികാരം നൽകിക്കൊണ്ട് അദ്ദേഹത്തിനുള്ള ഒരു വാറണ്ട് പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ പിഴ ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ കുറ്റക്കാരൻ തടവിലാക്കപ്പെടുമെന്ന് ശിക്ഷാവിധിയിൽ നിർദ്ദേശിക്കുകയും അങ്ങനെയുള്ള കുറ്റക്കാരൻ അപ്രകാരം വീഴ്ച വരുത്തിയതിലുള്ള തടവ് ശിക്ഷ മുഴുവൻ അനുഭവിച്ചിരിക്കുകയും ചെയ്യുന്നുവെങ്കിൽ യാതൊരു കോടതിയും ലിഖിതമായി രേഖപ്പെടുത്തേണ്ട പ്രത്യേക കാരണങ്ങളാൽ അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് അത് കരുതാത്തപക്ഷമോ അല്ലെങ്കിൽ പിഴയിൽ നിന്ന് ചെലവുകളോ നഷ്ടപരിഹാരമോ കൊടുക്കുവാൻ 357-ാം വകുപ്പിൻ കീഴിലുളള ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്ത പക്ഷമോ അങ്ങനെയുള്ള വാറണ്ട് പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) സംസ്ഥാന സർക്കാരിന് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൻ കീഴിലുളള വാറണ്ടുകൾ നടപ്പാക്കേണ്ട രീതി ക്രമപ്പെടുത്തുന്നതിനും അങ്ങനെയുള്ള വാറണ്ട് നടപ്പാക്കുന്നതിൽ ജപ്തി ചെയ്ത ഏതെങ്കിലും വസ്തു സംബന്ധിച്ച് കുറ്റവാളി അല്ലാതെയുള്ള മറ്റേതെങ്കിലും ആളുടെ ഏതെങ്കിലും അവകാശവാദങ്ങളുടെ സമ്മറിയായ തീരുമാനത്തി നുള്ളതും ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൻകീഴിൽ കോടതി കളക്ടർക്കുള്ള ഒരു വാറണ്ട് പുറപ്പെടുക്കുന്ന സംഗതിയിൽ കളക്ടർ ആ തുക അങ്ങനെയുള്ള വാറണ്ട് ഭൂമിക്കരക്കുടിശ്ശിക വസൂലാക്കുന്നതു സംബന്ധിച്ച നിയമത്തിൻകീഴിൽ പുറപ്പെടുവിച്ച ഒരു സാക്ഷ്യപത്രം ആയിരുന്നാലെന്ന പോലെ അങ്ങനെയുള്ള നിയമമനുസരിച്ച് വസൂലാക്കേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു വാറണ്ടും കുറ്റക്കാരനെ അറസ്റ്റ് ചെയ്തോ തടങ്കിലിൽ വച്ചോ നടപ്പാക്കാൻ പാടുള്ളതല്ല".

10. ഉപവകുപ്പ് (1)-ന്റെ ക്ലിപ്ത നിബന്ധനയുടെ അന്തിമ ഭാഗം, അതായത്, "അല്ലെങ്കിൽ പിഴയിൽ നിന്ന് ചെലവുകളോ നഷ്ടപരിഹാരമോ കൊടുക്കാൻ 357-ാം വകുപ്പിൻകീഴിലുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തപക്ഷമോ" ക്ലിപ്ത നിബന്ധനയിൽ ആദ്യമായിട്ടാണ് കൂട്ടിച്ചേർത്തിട്ടുള്ളത്

എന്നത് ശ്രദ്ധിക്കാവുന്നതാണ്. ഇത് ചേർത്തിട്ടുള്ളത് 41-ാമത് നിയമ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. അത് കുറച്ച് കഴിഞ്ഞ് പരാമർശിക്കാം, ചേർത്തിട്ടുള്ളതാണ്.

11. ക്രിമിനൽ നടപടി നിയമ സംഹിതയിലെ മൂന്നാമത്തെ പ്രധാനപ്പെട്ട വ്യവസ്ഥ വകുപ്പ് 431 ആകുന്നു. അത് താഴെ വായിക്കാവുന്നതാണ്:

"431. കൊടുക്കാൻ ഉത്തരവ് ചെയ്ത പണം പിഴയെന്നപോലെ വസൂലാക്കാമെന്ന്- ഈ നിയമസംഹിതയിൻകീഴിൽ ചെയ്ത ഏതെങ്കിലും ഉത്തരവിന്റെ ബലത്തിൽ കൊടുക്കാനുള്ളതും വസൂലാക്കുന്ന സമ്പ്രദായത്തിന് മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമായ (ഒരു പിഴയല്ലാത്ത) ഏതെങ്കിലും പണം പിഴയായിരുന്നാലെന്നപോലെ വസൂലാക്കപ്പെടാവുന്നതാണ്:

എന്നാൽ, 421-ാം വകുപ്പിന്, അത് ഈ വകുപ്പിന്റെ ബലത്തിൽ 359-ാം വകുപ്പിൻ കീഴിലുള്ള ഒരു ഉത്തരവിന് ബാധകമാകുന്നതിൽ, 421-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ" 357-ാം വകുപ്പിൻ കീഴിലുള്ള ഉത്തരവ്, എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ശേഷം "അല്ലെങ്കിൽ 359-ാം വകുപ്പിൻകീഴിൽ ചെലവുകൾ കൊടുക്കാനുള്ള ഉത്തരവ് എന്ന വാക്കുകളും അക്കങ്ങളും ചേർത്തിരുന്നാലെന്നപോലെ അർത്ഥം കൽപ്പിക്കേണ്ടതാണ്". ഈ വ്യവസ്ഥയിൽ നിന്നും, ഒരു കരുതപ്പെടേണ്ട സങ്കല്പം നിർമ്മിച്ചിട്ടുണ്ടെന്നത് വളരെ വ്യക്തമാണ്, അതായത്, ഒരു പിഴ അല്ലാതെയുള്ള ഏതൊരു തുകയും (ക്രിമിനൽ നടപടി നിയമ സംഹിതയിലെ വകുപ്പ് 357 (3) പ്രകാരം നൽകേണ്ടതായ നഷ്ടപരിഹാരവും ഉൾപ്പെടുത്താവുന്നതാണ്), വസൂലാക്കപ്പെടുന്ന രീതി വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിലും, അത് ഒരു പിഴ എന്നതുപോലെ വസൂലാക്കാവുന്നതാണ്. വകുപ്പ് 431 പ്രകാരമുള്ള കരുതപ്പെടാവുന്ന സങ്കല്പത്തിന്റെ പ്രഭാവമാണ് ഈ അപ്പീലുകളിലെ വാദത്തിലെ ഒരു മർമ്മപ്രധാനമായ തർക്കവിഷയം.

12. നിയമസംഹിതയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റവാളികൾക്ക് ബാധകമായ ശിക്ഷയെപ്പറ്റി ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ വകുപ്പ് 53-ൽ പ്രസ്താവിച്ചിരിക്കുന്നു. അതിൽ ഒന്ന് പിഴ ആകുന്നതും എന്നാൽ നൽകേണ്ടതായ നഷ്ടപരിഹാരം ആകുന്നില്ല എന്നും പറയേണ്ടത് പര്യാപ്തമാണ്.

13. ശിക്ഷാ നിയമസംഹിതയിൽ "ശിക്ഷകൾക്കായി" എന്ന തലക്കെട്ടോടു കൂടിയ അദ്ധ്യായം III-ൽ വകുപ്പുകൾ 64 മുതൽ 70 വരെയുള്ള വ്യവസ്ഥകളും ഉൾപ്പെടുന്നു. ഒരു പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുമ്പോൾ, കുറ്റവാളി തടവ് അനുഭവിക്കേണ്ടതാണ് എന്ന് പ്രസ്താവിക്കുന്നതിന് ഒരു കുറ്റവാളിയെ ശിക്ഷിക്കുന്ന കോടതിക്ക് അധികാരിത ഉണ്ടെന്ന് വകുപ്പ് 64 അംഗീകരിക്കുന്നു. അത്തരത്തിലുള്ള തടവിന് പോകാൻ കഴിയുന്ന പരിധി വകുപ്പ് 65 മുൻകൂട്ടി ഉറപ്പിച്ചിട്ടുണ്ട്. വകുപ്പ് 68 പ്രധാനപ്പെട്ടതാകുന്നതും അത് ഇനിപ്പറയുന്നതുപോലെ വായിക്കാവുന്നതുമാണ്:

"68. പിഴ അടയ്ക്കുന്നതിൻമേൽ അവസാനിപ്പിക്കാവുന്ന തടവ്.- ഒരു പിഴ അടക്കുന്നതിന്മേലുള്ള വീഴ്ചയിൽ ചുമത്തപ്പെടുന്ന തടവ് ആ പിഴ ഒന്നുകിൽ അടക്കുന്നതിന്മേലോ നിയമ പ്രക്രിയയിൽ വസൂലാക്കപ്പെടുന്നതിന്മേലോ അവസാനിപ്പിക്കാവുന്നതാണ്".

വകുപ്പ് 70, ഈ അപ്പീലുകളിൽ വാദിച്ചിട്ടുള്ളതായ ഏകദേശം തീരുമാനിക്കപ്പെടേണ്ട വിഷയം, ഇപ്രകാരം വായിക്കാവുന്നതാണ്:

"70. പിഴ ആറു വർഷങ്ങൾ അഥവാ തടവ് കാലയളവിൽ വസൂലാക്കപ്പെടേണ്ടതാണ്- മരണം വസ്തുവിനെ ബാദ്ധ്യതയിൽ നിന്നും വിടുതൽ ചെയ്യുന്നില്ല.- പിഴ അഥവാ അതിന്റെ ഏതെങ്കിലും ഭാഗം അടയ്ക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ശിക്ഷാവിധി പാസ്സാക്കിയതിനുശേഷം ആറു വർഷങ്ങൾക്കുള്ളിൽ ഏതെങ്കിലും സമയം കുറ്റവാളി ആറു വർഷങ്ങൾ അധികരിച്ചിട്ടുള്ള ഒരു കൂടുതൽ കാലത്തെ തടവിന് ബാദ്ധ്യസ്ഥനാണെങ്കിൽ, അപ്പോൾ ആ കാലാവധി തീരുന്നതിന് മുൻപുള്ള ഏതെങ്കിലും സമയം വസൂലാക്കപ്പെടേണ്ടതും, കൂടാതെ കുറ്റവാളിയുടെ മരണം അയാളുടെ കടങ്ങൾക്ക് നിയമപരമായി ബാദ്ധ്യതയുള്ള ഏതെങ്കിലും വസ്തുവിന്റെ ബാദ്ധ്യതയെ അയാളുടെ മരണശേഷം വിടുതൽ ചെയ്യാത്തതുമാണ്".

14. ഈ വേളയിൽ, ഹൈക്കോടതികളുടെ ചില വിധിന്യായങ്ങൾ കൈകാര്യം ചെയ്യേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്.

15. പഴയ നിയമസംഹിതയിലെ വകുപ്പ് 386 (1)-ന്റെ ക്ലിപ്തനിബന്ധനയുടെ ആവശ്യത്തിലേക്കായി എന്താണ് "പ്രത്യേക കാരണങ്ങൾ" എന്നത് ബോംബെ ഹൈക്കോടതി വളരെ മുമ്പുള്ള ഒരു വിധിന്യായത്തിൽ കൈകാര്യം ചെയ്തിട്ടുണ്ട്. പ്രസ്തുത ഹൈക്കോടതിയുടെ ഒരു ഡിവിഷൻ ബെഞ്ച്, *ദിഗംബർ കാശിനാഥ് ഭാവർതി* അഭി *എംപറർ*, എഐആർ 1935 ബോംബെ 160: ഐഎൽആർ LIX ബോംബെ 350, വകുപ്പ് 386(1)-ന്റെ ക്ലിപ്ത നിബന്ധന ഇനിപ്പറയുന്ന പദങ്ങളിൽ വിവരിക്കുന്നു:

"1934 ജൂൺ 30-ന് അപേക്ഷകൻ അയാളുടെ മുഖ്യശിക്ഷാവിധിയും പിഴയും അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയതിന്മേൽ അയാളുടെ മേൽ ചുമത്തിയിരുന്ന ശിക്ഷയും അനുഭവിച്ചശേഷം ജയിലിൽ നിന്നും മോചിതനാവുകയും അയാൾക്കെതിരെ പുറപ്പെടുവിച്ചിരുന്ന പിഴ വസൂലാക്കൽ വാറണ്ട് പിൻവലിക്കുവാൻ അയാൾ ഇപ്പോൾ ആവശ്യപ്പെടുകയും, അയാളുടെ വാദത്തിന്റെ പിൻബലത്തിനായി വകുപ്പ് 386 (1)-ന്റെ ക്ലിപ്തനിബന്ധനയെ ആശ്രയിക്കുകയും ചെയ്യുന്നു. ശിക്ഷാവിധിയിൽ പിഴ ഒടുക്കാത്തതിന്മേലുള്ള വീഴ്ചയിൽ കുറ്റവാളിയെ തടവിലിടണമെന്ന് നിർദ്ദേശിച്ചിട്ടുള്ളിടത്തും, അത്തരം കുറ്റവാളി പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നതിന്റെ ഫലമായിട്ടുള്ള തടവ് പൂർണ്ണമായും അനുഭവിക്കുകയും ചെയ്തിട്ടുള്ളിടത്തും, യാതൊരു കോടതിയും ഈ വകുപ്പ് പ്രകാരമുള്ള ഒരു വാറണ്ട്, അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് അത് കരുതുന്നതായി ലിഖിതമായി രേഖപ്പെടുത്തിയ പ്രത്യേക കാരണങ്ങൾ ഇല്ലാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല എന്ന് ആ ക്ലിപ്ത നിബന്ധന വ്യവസ്ഥ ചെയ്യുന്നു. ആ ക്ലിപ്ത നിബന്ധന ഒരു പുതിയ വാറണ്ടിന്റെ പുറപ്പെടുവിക്കലിന്റെ നിബന്ധനയിൽ മാത്രം ബാധകമാകുന്നതും, പിഴ ഒടുക്കുന്നതിന്മേലുള്ള വീഴ്ചയ്ക്കുള്ള ശിക്ഷാവിധി തീരുന്നതിന് മുമ്പായി പുറപ്പെടുവിച്ച ഒരു വാറണ്ടിന്റെ പിൻവലിക്കൽ ആവശ്യപ്പെടാത്തതുമാണ്. എന്നാൽ, നിലവിലുള്ള അത്തരം വാറണ്ടുകൾ കൈകാര്യം ചെയ്യുമ്പോൾ, വകുപ്പ് 386-ലെ ക്ലിപ്തനിബന്ധനയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ആ നയം കോടതി പിൻതുടരേണ്ടതുണ്ട് എന്നാണ് ഞാൻ വിചാരിക്കുന്നത്. പൊതുവിൽ ഒരു കുറ്റവാളി പിഴ അടയ്ക്കുകയും വീഴ്ച വരുത്തുന്നതിന്മേലുള്ള ശിക്ഷ അനുഭവിക്കുകയും രണ്ടും വേണമെന്നത് ആവശ്യമായി വരുന്നില്ലെന്നാണ് ആ നയം കാണിക്കുന്നത്. എന്നാൽ ആ ക്ലിപ്തനിബന്ധന, വീഴ്ച വരുത്തുന്നതിന്മേലുള്ള മുഴുവൻ ശിക്ഷയും അനുഭവിച്ചാൽ പോലും വാറണ്ട് പുറപ്പെടുവിക്കുന്നതിന് പ്രത്യേക കാരണങ്ങളുണ്ടെന്ന് കോടതി കരുതുന്ന പക്ഷം പിഴ വസൂലാക്കുന്നതിന് ഒരു വാറണ്ട് പുറപ്പെടുവിക്കുന്നതിന് പ്രാപ്തമാക്കുന്നുണ്ട്. പിഴയുടെ വസൂലാക്കലിന് വീഴ്ച

വരുത്തിയതിന്മേലുള്ള ശിക്ഷ അനുഭവിക്കുന്നതിന് മുമ്പ് പിഴ വസൂലാക്കേണ്ടതില്ലെന്നും കൂടാതെ ആ കാര്യത്തിലേക്ക് നയിച്ചിട്ടുള്ള ഏതെങ്കിലും കാരണങ്ങളും പ്രസക്തമായേക്കാം എന്ന വസ്തുത കണക്കിലെടുത്തിട്ടുള്ളതാണ് ആ പ്രത്യേക കാരണങ്ങൾ എന്ന് ഞാൻ ആശങ്കപ്പെടുന്നു. അവ, അധികാരികൾക്ക്, അവരുടെ ഭാഗത്തുനിന്നും യാതൊരു ഉപേക്ഷയും ഇല്ലാതെയും, വസ്തുക്കളുടെ നിലനില്പ് അറിയാതെയും, അഥവാ, പ്രതി വീഴ്ച വരുത്തിയതിനുള്ള ശിക്ഷാവിധി അനുഭവിച്ചതിനുശേഷം അയാൾക്ക് പാരമ്പര്യമായിട്ടുള്ള വസ്തു ലഭിച്ചിട്ടുണ്ടായാലും; അഥവാ, വാറണ്ട് നടപ്പാക്കുന്നതിന് ആവശ്യമായി സമയം ലഭിച്ചിട്ടില്ല എന്നതാകാവുന്നതുമാണ്. വീഴ്ച വരുത്തിയതിന്മേലുള്ള ശിക്ഷാവിധി അനുഭവിച്ചശേഷം ഒരു വാറണ്ട് പുറപ്പെടുവിക്കുവാനുള്ള പ്രത്യേക കാരണങ്ങൾ ഈ വിധത്തിലുള്ള കാര്യങ്ങളായേക്കാവുന്നതാണ്; കൂടാതെ, അതേ വിധത്തിൽ, പുറപ്പെടുവിച്ചിട്ടുള്ള ഒരു വാറണ്ട് പിൻവലിക്കുന്ന കാര്യം നിരസിക്കുന്നതിനെ ന്യായീകരിക്കുന്നതിന് കോടതിക്കുള്ള കാരണങ്ങളുമാകാവുന്നതാണെന്ന് ഞാൻ വിചാരിക്കുന്നു. നിലവിലത്തെ കേസിൽ, ജഡ്ജി എഴുതി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും പ്രത്യേക കാരണങ്ങൾ ഉണ്ടെന്നതാണ് എന്റെ അഭിപ്രായം. വീഴ്ചയിന്മേലുള്ള ശിക്ഷാവിധി അനുഭവിക്കുന്നതിന് മുമ്പ് തന്നെ അധികാരികൾ ഈ വാറണ്ടിന്മേലുള്ള നടപ്പാക്കലിന് അപേക്ഷകന്റെ സ്ഥാവരവസ്തുവിന്മേൽ വസൂലാക്കൽ നടപടികൾ എടുത്തിട്ടുള്ളതും അതിന്മേൽ സംഭവിച്ചിട്ടുള്ള കാലതാമസം എന്റെ അഭിപ്രായത്തിൽ, അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായ ഏതെങ്കിലും വീഴ്ചയായി കാണിക്കുന്നില്ല എന്നുള്ള ഒരു പ്രത്യേക കാരണമാണ് വാറണ്ട് പിൻവലിക്കാതിരിക്കുന്നതിനുള്ള കാരണമെന്ന് ഞാൻ വിചാരിക്കുന്നു. പാണ്ഡിത്യമുള്ള ജഡ്ജി, കുറ്റകൃത്യം ഗുരുതരമായ ഒന്നാണെന്നും, പരാതിക്കാരന് പിഴയുടെ ഭാഗമാണ് അനുവദിച്ചിട്ടുള്ളതെന്നും ഉള്ളതാണ് വാറണ്ട് പിൻവലിക്കാതിരിക്കുന്നതിന് നൽകിയിട്ടുള്ള അദ്ദേഹത്തിന്റെ കാരണങ്ങൾ. എന്റെ അഭിപ്രായത്തിൽ, വീഴ്ചയിന്മേലുള്ള ശിക്ഷാവിധിയുടെ സർവ്വീസിനു മുൻപായി തന്നെ പിഴ വസൂലാക്കപ്പെടാത്തതിന് അവർ കണക്ക് കാണിക്കേണ്ടതില്ലാത്തതുപോലെ ഉള്ള കാരണങ്ങൾ പ്രസക്തമല്ലാത്തതാണ്. ഈ കാരണങ്ങളാൽ, അപേക്ഷ നിരസിക്കേണ്ടതാണെന്ന് ഞാൻ വിചാരിക്കുന്നു."

16. ഈ വിധിന്യായം പാട്ന ഹൈക്കോടതിയുടെ ഒരു ഡിവിഷൻ ബെഞ്ച് *ബ്രേഷേശ്വർ പ്രസാദ് സിൻഹ* അഭി *ബീഹാർ സർക്കാർ*, 1983 ക്രി.ലാ.ജേ 8 എന്ന കേസിൽ പിന്തുടരുകയുണ്ടായി, അതിൽ പാട്ന ഹൈക്കോടതി ഇനിപ്പറയുന്ന പോലെ വിധി കല്പിച്ചു:

"*ദിഗംബർ കാശിനാഥ് ഭാവാർത്തി* അഭി *എംപറർ* (എഐആർ 1935 ബോംബെ 160): (1935-36 ക്രി.ലാ.ജേ. 1034) ബോംബെ ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്തെന്നാൽ, പഴയ നിയമ സംഹിതയിലെ വകുപ്പ് 386-ൽ സൂചിപ്പിച്ചിട്ടുള്ള പ്രത്യേക കാരണങ്ങൾ, വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷാവിധി അനുഭവിക്കുന്നതിനു മുമ്പ് പിഴ വസൂലാക്കാത്തതിന്റേയും ആ കാര്യത്തിലേക്ക് നയിച്ചിട്ടുള്ള ഏതെങ്കിലും കാരണങ്ങളും അത് പരിശോധന ചെയ്യുന്നതിന് പ്രസക്തമാണോ എന്ന വസ്തുതകൾ കണക്കാക്കുന്നതിനുള്ള കാരണങ്ങളാകേണ്ടതാണ് എന്നതാണ്, പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി നൽകിയിട്ടുള്ള കാരണങ്ങൾ പ്രസക്തമല്ലെന്ന് എനിക്ക് പറയുവാൻ സാധിക്കാത്തതാകുന്നു. പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജിയുടേത് വിവേകം ആകുന്നതും റിവിഷനിൽ ഇരിക്കുന്ന ആൾ അതിൽ നിസ്സാരമായി ഇടപെടാൻ പാടില്ലാത്തതുമാണെന്ന് ചൂണ്ടിക്കാണിക്കേണ്ടതുണ്ട്".

17. അലഹബാദ് ഹൈക്കോടതിയിലെ ഒരു സിംഗിൾ ജഡ്ജി *പരസ്നാഥ്* അഭി *സർക്കാർ*, എഐആർ 1969 അലഹ. 116 ഇനിപ്പറയുംപോലെ വിധി കല്പിച്ചിട്ടുണ്ട്.

"തടവുശിക്ഷയുടെ കാലാവധി പൂർണ്ണമായും അനുഭവിക്കുന്നതുകൊണ്ട് പിഴ വസൂലാക്കേണ്ടതില്ലാത്തതാണ് എന്ന് വ്യവസ്ഥ ചെയ്യുന്ന വകുപ്പ് 68 പോലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിൽ യാതൊരു വ്യവസ്ഥയുമില്ല. ക്രിമിനൽ നടപടി നിയമസംഹിതയിലെ വകുപ്പ് 386-ൽ അത്തരം പിഴകൾ വസൂലാക്കേണ്ട നടപടിക്രമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സിആർപിസി-യിലെ വകുപ്പ് 386 ഉപവകുപ്പ് (1), ഇതിന് പ്രസക്തമാകുന്നു, അതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്:-

386(1)-കുറ്റം ചെയ്ത ആളിനെ പിഴ ഒടുക്കാനുള്ള ശിക്ഷയ്ക്ക് വിധിച്ചിട്ടുള്ളിടത്ത്, ശിക്ഷാവിധി പാസ്സാക്കുന്ന കോടതിക്ക് പിഴ വസൂലാക്കുന്നതിന് താഴെ പറയുന്ന രണ്ടിലേതെങ്കിലും വഴിയിലൂടെയോ രണ്ടു വഴിയിലൂടെയുമോ നടപടി എടുക്കാവുന്നതാണ്, അതായത്, അതിന്-

(എ) കുറ്റക്കാരന്റെ വകയായ ഏതെങ്കിലും ജംഗമ വസ്തുവിന്റെ ജപ്തിയും വില്പനയും വഴി തുക ഈടാക്കാനുള്ള ഒരു വാറണ്ട് പുറപ്പെടുവിക്കാവുന്നതാണ്;

(ബി) വീഴ്ച വരുത്തിയ ആളുടെ ജംഗമമോ സ്ഥാവരമോ അഥവാ രണ്ടുമോ ആയ വസ്തുവിൽ നിന്നും സിവിൽ നടപടിക്കനുസൃതമായിട്ടുള്ള നടപ്പാക്കൽ വഴി തുക വസൂലാക്കാൻ ജില്ലാ കളക്ടറിന് പ്രാധികാരം നൽകിക്കൊണ്ട് അദ്ദേഹത്തിനുള്ള ഒരു വാറണ്ട് പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ, പിഴ ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ കുറ്റക്കാരനെ തടവിലാക്കേണ്ടതാണെന്ന് ശിക്ഷാവിധി നിർദ്ദേശിക്കുന്നു വെങ്കിലും അങ്ങനെയുള്ള കുറ്റക്കാരൻ അപ്രകാരം വീഴ്ച വരുത്തിയതിലുള്ള തടവുശിക്ഷ മുഴുവൻ അനുഭവിച്ചിരിക്കുകയും ചെയ്യുന്നുവെങ്കിൽ യാതൊരു കോടതിയും ലിഖിതമായി രേഖപ്പെടുത്തേണ്ട പ്രത്യേക കാരണങ്ങൾ ആവശ്യമാണെന്ന് അത് അപ്രകാരം കരുതാത്ത പക്ഷം അങ്ങനെയുള്ള വാറണ്ട് പുറപ്പെടുവി ക്കുവാൻ പാടുള്ളതല്ല.

വീഴ്ച വരുത്തുന്നതിനുള്ള തടവ് കാലയളവ് പൂർണ്ണമായും അനുഭവിച്ചിട്ടുണ്ടെങ്കിൽ പിഴ വസൂലാക്കേണ്ടതില്ല എന്ന ഫലത്തിലേക്കുള്ള പ്രത്യേക വ്യവസ്ഥയുടെ അഭാവവും സിആർപിസി വകുപ്പ് 386 ഉപവകുപ്പ് (91)-ലെ ക്ലിപ്ത നിബന്ധനയിലെ ഭാഷയും സിആർപിസി വകുപ്പ് 386 (1)-ൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ എങ്ങനെയായാലും വസൂലാക്ക പ്പെടേണ്ട പിഴ, പിഴ നൽകുന്നതിൽ വീഴ്ച വരുത്തുമ്പോൾ നൽകിയിട്ടുളള തടവ് ശിക്ഷ അനുഭവിക്കുന്നതു വഴി പിഴയിൽ നിന്നുള്ള ഒരു വിടുതലായിട്ടോ അത് തൃപ്തികരമായി നിവർത്തിച്ച തായിട്ടുള്ളതോ ആയ ഫലമുണ്ടാക്കുന്നില്ല എന്ന അന്തിമ തീരുമാനത്തിലേക്ക് നയിക്കുന്നു.

18. കേരള ഹൈക്കോടതിയിലെ ഒരു സിംഗിൾ ജഡ്ജി *സജി കുമാർ* അഭി *സോമൻ പിള്ള*, 2006(3) കെഎൽറ്റി 679, ക്രിമിനൽ നടപടി നിയമസംഹിതയിലെ വകുപ്പ് 421 അടിസ്ഥാനമാക്കുകയും സിആർപിസിയിലെ

വകുപ്പ് 431-ൽ ഉൾപ്പെട്ടിട്ടുള്ള സങ്കല്പം, അതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതുവരെ യുക്തിപരമായി ദീർഘിപ്പിക്കേണ്ടതാണെന്ന് വിധിക്കുകയും ചെയ്തു. ഒരു പിഴ അല്ലാത്തത് വസൂലാക്കലിന്റെ ആവശ്യത്തിലേക്കായി ഒരു പിഴയായി കരുതപ്പെടേണ്ടതും വസൂലാക്കൽ പൂർണ്ണമാകുന്നതുവരെ, ആ സങ്കല്പം തുടരേണ്ടതുമാണ്. അപ്രകാരം വിധി കല്പിക്കവേ, വകുപ്പ് 421 (1)-ലെ ക്ലിപ്ത നിബന്ധന, വകുപ്പ് 357 (1)-ൽ മാത്രമല്ല വകുപ്പ് 357 (3)-ൽ കൂടി ബാധകമാകുന്നതും, ഇപ്രകാരമായിരിക്കെ, വീഴ്ചയിന്മേലുള്ള ശിക്ഷാവിധി അനുഭവിച്ചെന്ന വസ്തുതയിന്മേലും വകുപ്പ് 357(3) പ്രകാരമുള്ള നഷ്ടപരിഹാരം വസൂലാക്കപ്പെടേണ്ടതാണെന്ന് വിധി കല്പിച്ചുകൊണ്ട് പാണ്ഡിത്യമുള്ള ജഡ്ജി പ്രസ്താവിച്ചിരിക്കുന്നു. നമ്മുടെ മുമ്പാകെയുള്ള ചോദ്യം ചെയ്യപ്പെടുന്ന അതേ ഹൈക്കോടതിയുടെ വിധിന്യായം പ്രസ്തുത വിധിന്യായത്തിലെ അന്തിമതീർപ്പിനെ പൂർണ്ണമായും, എന്നാൽ വ്യത്യസ്തമായ കാരണം കാണിച്ചുകൊണ്ട് അംഗീകരിച്ചിട്ടുള്ളതാണ്. ഡിവിഷൻ ബെഞ്ചിന്റെ അഭിപ്രായത്തിൽ, "നഷ്ടപരിഹാരം" ഒരു "ശിക്ഷാവിധി" അല്ലെന്നും, സംഗതി അപ്രകാരമായിരിക്കെ, വകുപ്പ് 421 (1)-ലെ ക്ലിപ്തനിബന്ധനയിൽ അത് ഉൾപ്പെടാത്തതുമാണ് എന്നതാണ്. വീഴ്ച വരുത്തിയതിന്മേലുള്ള ശിക്ഷാവിധി അനുഭവിച്ചാലും മറ്റുവിധത്തിൽ വസൂലാക്കപ്പെടാവുന്നതാണ് നഷ്ടപരിഹാരമെന്നത് ഇത് വ്യക്തമാക്കി തരുന്നുണ്ട്, അന്തിമമായി, വകുപ്പ് 421 (1)-ലെ ആദ്യഭാഗത്തിന്റെ കീഴിൽ ഒരു വാറണ്ട് പുറപ്പെടുവിക്കുവാൻ കഴിയുന്നതാണ്.

19. ഈ ഘട്ടത്തിൽ, ശിക്ഷാ നിയമസംഹിതയിലെ വകുപ്പ് 70-ലേക്ക് എത്തുന്ന വിവിധ ഹൈക്കോടതികളുടെ ഒരു കൂട്ടം വിധിന്യായങ്ങൾ സൂചിപ്പിക്കേണ്ടത് വളരെ പ്രധാനപ്പെട്ടതാകുന്നു. *കിർപ റാം* അഭി *എംപറർ* എഐആർ 1914 ലാഹോർ 539-ൽ ലാഹോർ ഹൈക്കോടതിയുടെ ഒരു ഡിവിഷൻ ബെഞ്ച് ശിക്ഷാ നിയമസംഹിതയിലെ വകുപ്പ് 70-നെ ശ്രദ്ധിക്കുകയും വീഴ്ച വരുത്തുന്നതിൻമേൽ നൽകിയിട്ടുള്ള തടവുശിക്ഷ അനുഭവിച്ചതിനു ശേഷം ഒരു പിഴ ഈടാക്കുന്നതിന് കഴിയുന്നതാണെന്ന് കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

20. *ബ്രോച്ചിലെയും പഞ്ച്മഹളിലെയും കളക്ടർ* അഭി *ഒച്ചാവ്‌ലാൽ ഭികലാൽ*, എഐആർ 1941 ബോംബെ 158 എന്ന കേസിൽ, ബോംബെ ഹൈക്കോടതിയുടെ ഒരു ഡിവിഷൻ ബെഞ്ച് സിആർപിസി യിലെ വകുപ്പ് 386 (അതായത് നിലവിലെ നിയമസംഹിതയിലെ വകുപ്പ് 421-ന് മുൻപ് നിലവിലിരുന്ന വകുപ്പ്) നടപടിയുമായി മാത്രം ബന്ധപ്പെട്ടതാണെന്നും എന്നാൽ ശിക്ഷാ നിയമസംഹിതയിലെ വകുപ്പ് 70-ൽ ഉൾപ്പെട്ടിട്ടുള്ള പിഴയുടെ ഒടുക്കൽ എന്നത് മുഖ്യ നിയമമാണെന്നും വിധി കല്പിച്ചു. സംഗതി ഇതായിരിക്കെ, ശിക്ഷ വിധിച്ച തീയതി മുതൽ ആറ് വർഷം വരെയുള്ള കാലഹരണ കാലാവധി ആ കേസിൽ ഹാജരാക്കപ്പെട്ടിട്ടുള്ള അപേക്ഷയെ തടയുന്നുവെന്ന് വിധി കല്പിച്ചു.

21. *സർക്കാർ* അഭി *കൃഷ്ണപിള്ള*, എഐആർ 1953 തിരുവിതാംകൂർ-കൊച്ചി-233-ൽ ബാധകമാക്കിയ നിയമം പ്രസ്താവിച്ചിട്ടുള്ളത് ഇപ്രകാരമാണ്:

പിഴ അടയ്ക്കുന്നതിലുള്ള വീഴ്ചയിൽ ഒരു തടവു ശിക്ഷ ചുമത്തുന്ന തിനുള്ള വിചാരണ കോടതിയുടെ അധികാരിത അനുവദനീയമായിട്ടുള്ളത് മാത്രമാകുന്നു. ഒരു പിഴ നൽകലിൻമേലുള്ള വീഴ്ചയിൽ ഒരു ജയിൽ ശിക്ഷയ്ക്കുള്ള ഒരു കാലാവധി അവാർഡ് ചെയ്യുക എന്നത് ആജ്ഞ അല്ല.പിഴയുടെ നൽകാതിരിക്കലിന്മേൽ ഒരു തടവ് ശിക്ഷ ചുമത്തുന്നതിന് കോടതി പ്രാപ്തനാണ് എന്നാണ് ശിക്ഷാ നിയമസംഹിതയിലെ

വകുപ്പ് 64, (വ.53, തിരുവിതാംകൂർ നിയമ സംഹിത) കേവലം പ്രസ്താവിക്കുന്നത്. വീണ്ടും, പിഴ നൽകുന്നതിനുള്ള വീഴ്ചയിന്മേലുള്ള ജയിൽവാസം പ്രതിയായിട്ടുള്ള ഒരു ആളെ അയാളുടെ മേൽ ചുമത്തപ്പെട്ടിട്ടുള്ള പിഴ അടയ്ക്കുന്നതിനുള്ള അയാളുടെ ബാദ്ധ്യതയിൽ നിന്നും മോചിപ്പിക്കുന്നില്ല. അത്തരം തടവ്, പിഴ അടയ്ക്കുന്നതിൽ നിന്നുള്ള ഒരു വിടുതലായിട്ടോ തൃപ്തിയായിട്ടോ കണക്കാക്കുന്നതല്ലാത്തതും പക്ഷേ പിഴ അടക്കാതിരിക്കുന്നതിന്മേലുള്ള ഒരു ശിക്ഷയായി ചുമത്തിയിട്ടുള്ളതുമാണ്. ശിക്ഷാവിധി പാസ്സാക്കിയതിനുശേഷം ആറ് വർഷം വരെ കാലാവധിയിൽ ഈടാക്കപ്പെടുന്നതിനായി പിഴ മാറ്റമില്ലാതെ നിലനിൽക്കുന്നു. പ്രതിയായ എതിർ ഹർജിക്കാരന് ആയത് അടയ്ക്കുന്നതിന് യാതൊന്നും ഇല്ലെന്ന് വിചാരിച്ചാലും, വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാലാവധിക്കുള്ളിൽ അയാൾ ആർജ്ജിക്കുന്ന ഏതെങ്കിലും വസ്തുവിൽ നിന്നും അത് വസൂലാക്കപ്പെടുവാൻ കഴിയുന്നതാണ്. അയാളുടെ മരണം പോലും ഏതെങ്കിലും വസ്തുവിനെ, അതിന്, അയാളുടെ കടങ്ങൾക്ക് അയാളുടെ മരണശേഷവും നിയമപരമായി ബാദ്ധ്യത ഉണ്ടെങ്കിൽ, ബാദ്ധ്യതയിൽ നിന്നും വിടുതൽ ചെയ്യുന്നില്ല. (വകുപ്പ് 70, ശിക്ഷാ നിയമ സംഹിത; തിരുവിതാംകൂർ ശിക്ഷാ നിയമസംഹിതയിലെ വകുപ്പ് 59-ന് തുല്യമായത്).

22. *കെ. വേമ്മന ഷേണായി* അഭി *തെക്കൻ കാനറയിലെ കളക്ടർ*, എഐആർ 1964, മൈസൂർ 64 എന്ന കേസിൽ ഹൈക്കോടതിയിലെ ഒരു സിംഗിൾ ജഡ്ജി 1923-ലെ ഭേദഗതി ആക്റ്റ് ശ്രദ്ധിച്ചു, അതിൽ സിആർപിസി യിലെ വകുപ്പ് 386-ൽ ഒരു മുഖ്യമായ മാറ്റം വരുത്തിയിട്ടുണ്ട്, അത് വ്യക്തമായി ഉണ്ടാക്കിയിട്ടുള്ളതെന്തെന്നാൽ, പ്രത്യേക കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തുന്നതിന്റെ അഭാവത്തിൽ കുറ്റക്കാരനെ പിഴ അടയ്ക്കുവാൻ ഇടയാക്കേണ്ടതില്ലാത്തതും അതുപോലെതന്നെ പിഴ അടയ്ക്കുന്നതിന്മേലുള്ള വീഴ്ചയിൽ തടവുശിക്ഷ അനുഭവിപ്പിക്കേണ്ടതില്ല എന്നുമാണ്. പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി, വകുപ്പ് 386 (1)-ലെ ക്ലിപ്ത നിബന്ധനയോടൊപ്പം കൂട്ടിവായിച്ച ഐപിസി വകുപ്പ് 70 ആവശ്യമായും നയിക്കുന്ന തീരുമാനമെന്തെന്നാൽ പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന കുറ്റക്കാരൻ തടവ് അനുഭവിച്ചതിനുശേഷം ലിഖിതമായി രേഖപ്പെടുത്തിയ പ്രത്യേക കാരണങ്ങളുടെ അഭാവത്തിൽ പിഴ വസൂലാക്കാൻ കഴിയുന്നതല്ലെന്ന് വിധി കല്പിച്ചു.

23. മേൽ പ്രസ്താവിച്ച വിധി ന്യായങ്ങളുടെ വിശദമായ ഒരു അവലോകനം കാണിക്കുന്നതെന്തെന്നാൽ പഴയ സിആർപിസി പ്രകാരം നഷ്ടപരിഹാരം പിഴയുടെ ഒരു ഭാഗമായി എല്ലായ്പ്പോഴും വസൂലാക്കാമെന്നും, വീഴ്ചയിന്മേലുള്ള തടവ് ശിക്ഷ അനുഭവിച്ചാൽപോലും, വകുപ്പ് 386-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ഒരു പിഴ അതിനു ശേഷവും ഈടാക്കുവാൻ കഴിയുമെന്നതാണ്. 1923-ലെ ഭേദഗതി ആക്റ്റ് പ്രകാരമാണ് പ്രത്യേക കാരണങ്ങളുടെ ആവശ്യകത നടപ്പിലാക്കിയിട്ടുള്ളത്. 1935-ലെ ബോംബെ ഹൈക്കോടതി വിധിന്യായം പോലെ 1964-ലെ മൈസൂർ ഹൈക്കോടതി വിധിന്യായത്തിലും എടുത്തുപറഞ്ഞ പ്രത്യേക കാരണങ്ങൾ കാണിച്ചേക്കാവുന്നതെന്തെന്നാൽ വീഴ്ചയിന്മേലുള്ള തടവ് അനുഭവിച്ചാൽപോലും പിഴ വസൂലാക്കാമെന്ന് ഉത്തരവിൽ ഉചിതമായ കാരണങ്ങളോ കുറച്ച് നല്ല കാരണമോ നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അത് മതിയാകുമെന്നതാണ്. ഈ കോടതികൾ വിധിച്ചിട്ടുള്ളതെന്തെന്നാൽ വകുപ്പ് 386 (1)-ന്റെ ക്ലിപ്ത നിബന്ധനയുടെ എത്തിച്ചേരൽ വീഴ്ചയിന്മേലുള്ള തടവുശിക്ഷ അനുഭവിച്ചതിനുശേഷം പുറപ്പെടുവിച്ച വാറണ്ടുകളിലും വകുപ്പ് 386 (1)-ലെ ക്ലിപ്തനിബന്ധനയുടെ

തത്വം വീഴ്ചയിന്മേലുളള തടവുശിക്ഷ അനുഭവിക്കുന്നതിനു മുമ്പ് പുറപ്പെടുവിച്ച വാറണ്ടുകളിലും ഒരുപോലെ ബാധകമാകുന്നതാണെന്ന വസ്തുതയെയാണ്. ആ നിയമം, അതിനാൽ, 1973-ലെ നിയമസംഹിതയുടെ നിയമനിർമ്മാണം വരെ, ഇവിടെ വ്യക്തമാക്കിയിട്ടുളളതുപോലെ, വകുപ്പ് 386-ഉം ഐപിസിയിലെ വകുപ്പ് 70 ഒരുമിച്ച് വായിക്കുമ്പോൾ വീഴ്ചയിന്മേലുളള തടവ് ശിക്ഷ അനുഭവിച്ചാൽ പോലും ആയത് വസൂലാക്കുന്നതിന് പ്രത്യേക കാരണങ്ങൾ വ്യവസ്ഥ ചെയ്താൽ, പിഴകൾ വസൂലാക്കപ്പെടാവുന്നതാണ് എന്ന അന്തിമ തീരുമാനത്തിലേക്ക് നയിച്ചേക്കാം. 1973-ലെ നിയമസംഹിതയോടുകൂടി ഇതിൽ ഒരു രസകരമായ മാറ്റം വന്നു. വകുപ്പ് 357-നോട് ഉപവകുപ്പ് (3) കൂട്ടിച്ചേർത്തു, അത് തികച്ചും ഒരു പുതിയ വ്യവസ്ഥയാണ്, അത് വ്യക്തമാക്കുന്നതെന്തെന്നാൽ, കോടതി, ഒരു വിധി പാസ്സാക്കുമ്പോൾ, പ്രതിയായ ആളെ ശിക്ഷിച്ചിട്ടുള്ള പ്രവർത്തി കാരണം നഷ്ടമോ ക്ഷതിയോ സംഭവിച്ചിട്ടുള്ള ആൾക്ക് ഉത്തരവിൽ വിനിർദ്ദേശിക്കപ്പെട്ട അത്തരം തുക നഷ്ടപരിഹാരമെന്ന രീതിയിൽ പ്രതി നൽകേണ്ടതാണെന്ന് ഉത്തരവിടേണ്ടതാണ് എന്നതാണ്. ഇത് കോടതി ഒരു ശിക്ഷ ചുമത്തുമ്പോൾ പിഴ അതിന്റെ ഒരു ഭാഗമാകരുതെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. മറ്റൊരു പ്രധാനമായ മാറ്റം വകുപ്പ് 421 (1)-ൽ ആണ് വരുത്തിയിട്ടുള്ളത്. പ്രസ്തുത ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന മാറ്റപ്പെട്ടിട്ടുള്ളതിന്റെ കാരണം എന്തെന്നാൽ, 41-ാമത് നിയമ കമ്മീഷൻ റിപ്പോർട്ട്, പഴയ വകുപ്പ് 386-ന് ഭേദഗതികൾ ശിപാർശ ചെയ്തുകൊണ്ട്, (മുകളിലത്തെ) *ദിഗംബർ* കേസിലെ ബോംബെ ഹൈക്കോടതിയുടെ വിധി ന്യായത്തെ ശ്രദ്ധിച്ചശേഷം ഇനിപ്പറയുന്നതാണ്:-

"24. 10. നഷ്ടപരിഹാരത്തിന് ഉത്തരവിടുമ്പോൾ പിഴ വസൂലാക്കപ്പെടേണ്ടതാണ്- ഞങ്ങൾ ശ്രദ്ധിക്കുന്നതെന്തെന്നാൽ, മുകളിലത്തെ വിധിന്യായത്തിൽ പരാതിക്കാരന് പിഴയുടെ ഭാഗമായി അനുവദിക്കപ്പെട്ടത് ഇപ്പോൾ നിലനില്ക്കുന്നതുപോലെയുള്ള ക്ലിപ്തനിബന്ധന യുടെ ആവശ്യത്തിലേക്കായിട്ടുള്ള ഒരു പ്രസക്തമായ പ്രത്യേക കാരണമായി പരിഗണിക്കേണ്ടതില്ല എന്ന വസ്തുതയെയാണ്. ഒരു അനുസരണയില്ലാത്ത കുറ്റക്കാരനെ, ഞങ്ങളുടെ അഭിപ്രായത്തിൽ, ചെറിയ നഷ്ടപരിഹാരം അനുവദിക്കപ്പെട്ടിട്ടുള്ള സങ്കട കക്ഷിയെ കഷ്ടത്തിലാക്കുന്നതിന് പിഴ ഒടുക്കുന്നതിന്മേലുള്ള വീഴ്ചയ്ക്ക് തടവുശിക്ഷ അനുഭവിച്ചാൽ മതിയെന്ന തന്ത്രം അനുവദിക്കുവാൻ പാടുള്ളതല്ല എന്നതാണ്. പിഴയിൽ നിന്നും ചെലവുകളോ നഷ്ടപരിഹാരമോ നൽകുന്നതിന് വകുപ്പ് 545 പ്രകാരം ഒരു ഉത്തരവ് പാസ്സാക്കുമ്പോൾ, പിഴയുടെ വസൂലാക്കൽ നിശ്ചയമായും പരിഗണിക്കേണ്ടതാണ്, കൂടാതെ അത്തരം സംഗതികളിൽ, വീഴ്ചക്കുള്ള തടവുശിക്ഷാ വിധി പൂർണ്ണമായും അനുഭവിച്ചു എന്ന വസ്തുത പിഴ ഈടാക്കുന്നതിലേക്കുള്ള ഒരു വാറണ്ട് പുറപ്പെടുവിക്കുന്നതിനുള്ള ഒരു തടസ്സമാകുവാൻ പാടുള്ളതല്ല. വകുപ്പ് 386 (1)-ന് ഉള്ള ക്ലിപ്ത നിബന്ധന ഇത് വ്യക്തമാകുംവിധം നിർമ്മിക്കുവാൻ ഞങ്ങൾ ശിപാർശ ചെയ്യുന്നു".

25. ഖണ്ഡിക 28.10-നെ പിൻതുടർന്നുകൊണ്ട്, "അല്ലെങ്കിൽ പിഴയിൽ നിന്ന് ചെലവുകളോ നഷ്ടപരിഹാരമോ കൊടുക്കുവാൻ 357-ാം വകുപ്പിൻകീഴിലുള്ള ഒരു ഉത്തരവ് അത് പുറപ്പെടുവിച്ചിട്ടില്ലാത്ത പക്ഷമോ" എന്ന വാക്കുകൾ പഴയ വകുപ്പ് 386 (1)-ൽ ഉൾപ്പെട്ടിരുന്നതും വകുപ്പ് 421 (1)-ൽ തുടരുന്നതുമായ ക്ലിപ്തനിബന്ധനയോട് കൂട്ടിച്ചേർത്തു.

26. ഈ നിർണ്ണായക ഘട്ടത്തിൽ, *വിജയൻ അഭി സദാനന്ദൻ. കെ* (2009) 6 എസ്സിസി 652 എന്ന കേസ് കുറിക്കേണ്ടത് പ്രധാനമായതാണ്, അതിൽ ഈ കോടതി വിധി കല്പിച്ചത്:

27. പ്രസ്തുത നിയമസ്ഥിതി വിലയിരുത്തുന്നതിന്, വകുപ്പ് 431-ലെ വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുള്ളത് ഇതിനുശേഷമുള്ളതു പോലെയാണ്.

431. കൊടുക്കാൻ ഉത്തരവ് ചെയ്ത പണം പിഴ പോലെ വസൂലാക്കാമെന്ന്.- ഈ നിയമസംഹിതയിൻ കീഴിൽ ചെയ്ത ഏതെങ്കിലും ഉത്തരവിന്റെ ബലത്തിൽ കൊടുക്കാനുള്ള തും വസൂലാക്കുന്ന സമ്പ്രദായത്തിന് മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമായ ഏതെങ്കിലും പണം ഒരു പിഴയായിരുന്നാലെന്നപോലെ വസൂലാക്കപ്പെടാവുന്നതാണ്:

എന്നാൽ, 421-ാം വകുപ്പ്, അത് ഈ വകുപ്പിന്റെ ബലത്തിൽ 359-ാം വകുപ്പിൻകീഴിലുള്ള ഒരു ഉത്തരവിന് ബാധകമാകുന്നതിൽ, 421-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "357-ാം വകുപ്പിൻ കീഴിലുള്ള" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ശേഷം "അല്ലെങ്കിൽ 359-ാം വകുപ്പിൻ കീഴിൽ ചെലവുകൾ കൊടുക്കാനുള്ള ഒരു ഉത്തരവ്" എന്ന വാക്കുകളും അക്കങ്ങളും ചേർത്തിരുന്നാലെന്നപോലെയുള്ള അർത്ഥം കൽപ്പിക്കേണ്ടതാണ്. വകുപ്പ് 431, നിയമസംഹിത പ്രകാരം പാസ്സാക്കിയ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ പിഴ അല്ലാതെയുള്ള ഏതൊരു പണവും ഒരു പിഴ എന്നതുപോലെ വസൂലാക്കപ്പെടേണ്ടതാണെന്ന് വ്യക്തമാക്കിക്കൊണ്ട് ഉണ്ടാക്കിയിട്ടുള്ളതാണ്, ആയത് ഞങ്ങളെ ഐപിസി വകുപ്പ് 64-ലേയ്ക്ക് നയിക്കുന്നു.

28. ഐപിസി വകുപ്പ് 64 പിഴ ഒരു ശിക്ഷാവിധിയായി ചുമത്തുമ്പോൾ ആയതിന്റെ കൊടുക്കൽ ഉറപ്പുവരുത്തുന്നതിനായി വീഴ്ചക്കുള്ള ഒരു ശിക്ഷാവിധി ഉൾപ്പെടുത്തുന്നതിന് കോടതിയെ പ്രാപ്തമാക്കുന്നു എന്നത് വ്യക്തമാക്കിക്കൊണ്ട് ഉണ്ടാക്കിയിട്ടുള്ളതാണ്. സൂചനയുടെ ആവശ്യത്തിലേക്കായി ഐപിസി വകുപ്പ് 64 തയ്യാറാക്കിയിട്ടുള്ളത് ഇതിനുശേഷമുള്ളതുപോലെയാണ്:

"64. പിഴയുടെ അടക്കാതിരിക്കലിന്മേലുള്ള തടവ് ശിക്ഷ.- ഓരോ കേസിലുമുള്ള ഒരു കുറ്റത്തിന് തടവ് പോലെ തന്നെ പിഴയും ശിക്ഷിക്കപ്പെടുന്നിടത്ത്, അതിൽ കുറ്റക്കാരനെ ഒരു പിഴയ്ക്ക് തടവോ തടവ് കൂടാതെയോ ശിക്ഷിക്കപ്പെടുന്നിടത്തും, കൂടാതെ ഓരോ കേസിലുമുള്ള ഒരു കുറ്റത്തിന് തടവോ പിഴയോ പിഴ മാത്രമോ ശിക്ഷിക്കപ്പെടുന്നിടത്ത് അതിൽ കുറ്റക്കാരനെ ഒരു പിഴ ശിക്ഷിക്കപ്പെടുന്നിടത്തും, അത്തരം കുറ്റക്കാരുടെ ശിക്ഷാവിധിയിൽ, പിഴ അടക്കുന്നതിൽ വീഴ്ച വരുത്തുന്നതിന്മേൽ കുറ്റക്കാരൻ ഒരു നിശ്ചിത കാലാവധി തടവ് അനുഭവിക്കണമെന്നും ആ തടവ് അയാളെ ശിക്ഷിച്ചിട്ടുള്ള ഏതെങ്കിലും മറ്റ് തടവിനും, ഒരു ശിക്ഷാവിധിയിലുള്ള ഒരു ലഘൂകരണത്തിൻ കീഴിൽ അയാൾക്കുള്ള ബാദ്ധ്യതയ്ക്കും അധികമായിട്ടുള്ള ശിക്ഷ നിർദ്ദേശിക്കുന്നതിന് ശിക്ഷിക്കുന്ന കോടതിക്ക് ക്ഷമത ഉണ്ടായിരിക്കുന്നതാണ്".

29. സിആർപിസി യിലെ വകുപ്പ് 357 (3)-ഉം വകുപ്പ് 431-ഉം ഐപിസി യിലെ വകുപ്പ് 64-ഉം ചേർത്ത് വായിക്കുമ്പോൾ നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള ഒരു ഉത്തരവ് ഉണ്ടാക്കുമ്പോൾ, അത് നൽകാതിരിക്കുന്ന സംഗതിയിൽ വീഴ്ചക്കുള്ള ശിക്ഷയും കൂടി ഉൾപ്പെടുത്തുന്നതിന് കോടതിക്ക് അധികാരമുണ്ട്.

30. നിയമത്തിന്റെ ഈ പ്രസ്താവന *ആർ. മോഹൻ* അഭി *എ.കെ. വിജയ കുമാർ*, (2012) 8 എസ്സിസി 721 (ഖണ്ഡികകൾ 26 മുതൽ 29 വരെ കാണുക) എന്ന കേസിൽ ഉദ്ധരിച്ചിരിക്കുന്നു.

31. ഈ രണ്ട് വിധിന്യായങ്ങളിൽ നിന്നും സിആർപിസി വകുപ്പ് 431-ന്റെ കരുതപ്പെടുന്ന സങ്കല്പം വകുപ്പ് 421-ലേക്ക് മാത്രമല്ല ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ വകുപ്പ് 64-ലേക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ടെന്ന് ഇതിൽ വ്യക്തമാക്കുന്നു. സംഗതി അതായിരിക്കെ, ഐപിസി വകുപ്പ് 70, അത് പിഴ അടക്കാതിരിക്കുന്നതിനുള്ള തടവ് ശിക്ഷാവിധി കൈകാര്യം ചെയ്യുന്ന ഒരു കൂട്ടം വകുപ്പുകളുടെ അവസാനത്തിലുള്ളതു കൊണ്ട് വകുപ്പ് 357(3) പ്രകാരമുള്ള നഷ്ടപരിഹാരത്തിന് ആയിട്ട് നേരിട്ട് ബാധകമാക്കിക്കൊണ്ട് ഉൾപ്പെടുത്തേണ്ടതാണ് നിയമത്തിന്റെ സ്ഥിതി ഇപ്പോൾ വ്യക്തമായി വരുന്നു. വകുപ്പ് 431-ന്റെ കരുതപ്പെടുന്ന വ്യവസ്ഥ വകുപ്പ് 421 (1), അതുപോലെ വകുപ്പ് 421 (1)-ന്റെ ക്ലിപ്ത നിബന്ധനയുടെ അന്തിമഭാഗം ഒരു പിഴയിൽ നിന്നും ചെലവോ നഷ്ടപരിഹാരമോ കൊടുക്കുന്നതിനുള്ള ഒരു ഉത്തരവിലേക്കുള്ള ഒരു സൂചന മാത്രമാകുന്നതും, അത് വകുപ്പ് 357 (3) അല്ല വകുപ്പ് 357 (1)-നെ തീർച്ചയായും സൂചിപ്പിക്കുന്നതുമാണെന്ന വസ്തുതക്ക് പോലും ബാധകമാക്കേണ്ടതാണ്. എന്നിട്ടും ഇത് അങ്ങനെയായിരിക്കെ, നഷ്ടപരിഹാരം നൽകേണ്ടതായി നിർദ്ദേശിച്ചിട്ടുള്ളിടത്തെല്ലാം, വകുപ്പ് 357 (3), വകുപ്പ് 431, ഐപിസി വകുപ്പ് 70 കൂടാതെ വകുപ്പ് 421 (1)-ന്റെ ക്ലിപ്ത നിബന്ധന എന്നിവ പ്രകാരം, ഒരു നിയമ സങ്കല്പം വ്യക്തമാക്കുന്നതെന്തെന്നാൽ, വീഴ്ചയിന്മേലുള്ള ഒരു ശിക്ഷാവിധി അനുഭവിച്ചിരുന്നാൽപോലും വകുപ്പ് 421 (1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ നഷ്ടപരിഹാരം വസൂലാക്കപ്പെടാവുന്നതാണ് എന്നതാണ്. ഇത്, എങ്ങനെയായാലും, ഏതെങ്കിലും പ്രത്യേക കാരണങ്ങൾ ആവശ്യമായി രേഖപ്പെടുത്താതെയും ആയിരിക്കാവുന്നതാണ്. ഇതെന്തുകൊണ്ടെന്നാൽ വകുപ്പ് 421 (1)-ന്റെ ക്ലിപ്ത നിബന്ധനയിലെ വാക്യത്തെ വേർപിരിക്കുന്ന അല്ലെങ്കിൽ എന്ന പദം നിയമ കമ്മീഷന്റെ ശിപാർശയായ വീഴ്ച വരുത്തിയതിൻമേലുള്ള ഒരു തടവ് ശിക്ഷ പൂർണ്ണമായും അനുഭവിച്ചാൽപോലും പിഴ ഈടാക്കുന്നതിനുള്ള ഒരു വാറണ്ട് പുറപ്പെടുവിക്കുന്നതിനുള്ള ഒരു തടസ്സമല്ലെന്നുള്ള പഴയ 386 (1) വകുപ്പിന്റെ ക്ലിപ്ത നിബന്ധനയെ പിന്തുടർന്നുകൊണ്ട്, ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ്. നിയമ കമ്മീഷന്റെ ഈ ശിപാർശയുടെ ഫലമായി വകുപ്പ് 421 (1)-ന്റെ ക്ലിപ്ത നിബന്ധനയുമായി കൂട്ടിച്ചേർത്ത അവസാനഭാഗം സ്വയമേവ ഒരു പ്രത്യേക വിഭാഗമാകുന്നതും വകുപ്പ് 357 (1) പ്രകാരം ഒരു പിഴയിൽ നിന്നും നഷ്ടപരിഹാരം നൽകേണ്ടുന്നതിനു കൂടാതെ, വകുപ്പ് 431-ൽ അടങ്ങിയിരിക്കുന്ന സങ്കല്പം പ്രയോഗിക്കുമ്പോൾ, വകുപ്പ് 357 (3) പ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനും ബാധകമാകുന്നതാണ്.

32. നല്ലവണ്ണം അറിയപ്പെടുന്നതുപോലെ, ഒരു നിയമ സങ്കല്പം അതിനെ സൃഷ്ടിച്ചിട്ടുള്ള ആവശ്യത്തിനപ്പുറവും അതിനെ സൃഷ്ടിച്ചിട്ടുള്ള വകുപ്പിലെ ഭാഷക്കപ്പുറത്തേക്കും ദീർഘിപ്പിക്കാത്തതാണ്. ഉദാഹരണമായി, *പ്രകാശ് എച്ച് ജയിൻ* അഭി *മേരി ഫെർണാണ്ടസ്* (2003) 8 എസ് സി സി 431-ലെ പുറം 438 കാണുക. എന്നിരുന്നാലും ഒരിക്കൽ നിയമ സങ്കല്പത്തിന്റെ ആവശ്യം ഉറപ്പിച്ചിട്ടുണ്ടെങ്കിൽ അതിന് മുഴുവൻ പ്രഭാവവും നൽകേണ്ടതാണ്. കൂടാതെ അതിന്റെ വാചാതീർപ്പിലേക്ക് അതിനെ കൊണ്ടുപോകേണ്ടതുമാണ്. ഇത് *ഈസ്റ്റ് എന്റ് ഡൊല്ലിംഗ് കമ്പനി ലിമിറ്റഡ്* അഭി *ഫിൻസ്ബറി ബറോ കൗൺസിൽ*, 1951 (2) ആൾ ഇആർ 587-ലെ പുറം 589-ലെ വിഖ്യാതമായ ഖണ്ഡികയിൽ നിന്നും വ്യക്തമാണ്.

"നിങ്ങൾ ഒരു സാങ്കല്പികമായ കാര്യത്തെ യഥാർത്ഥത്തിലുള്ളതായി കണക്കാക്കുമ്പോൾ, നിങ്ങൾ തീർച്ചയായും, അപ്രകാരം ചെയ്യുന്നതിൽ നിന്നും തടയപ്പെടുന്നില്ലെങ്കിൽ, യഥാർത്ഥത്തിലുള്ള അനന്തരഫലങ്ങളും സംഭവങ്ങളും അതിൽ, സങ്കല്പിത കാര്യങ്ങളുടെ അവസ്ഥ യഥാർത്ഥത്തിൽ സ്ഥിതി ചെയ്യുന്നതും, അതിൽനിന്നും തീർച്ചയായും അനിവാര്യമായി ആരംഭിക്കുന്നതും ഒപ്പം ഉണ്ടായിരിക്കുന്നതും കൂടി സങ്കല്പി ക്കേണ്ടതും ആണ്. അതിൽ ഒന്നാമതായിട്ട് ഉള്ളത് ഈ കേസിൽ, വാടകകൾക്ക് 1939-ലെ തലത്തിൽ നിന്നും ഉള്ള മോചനമാകുന്നു. നിയമ പുസ്തകം പറയുന്നതെന്തെന്നാൽ നിങ്ങൾ ചില കാര്യങ്ങളുടെ അവസ്ഥ സങ്കല്പിക്കേണ്ടതാണ് എന്നാണ്; അത് പ്രകാരം ചെയ്യുന്നതിന് അത് പറയാതിരിക്കുകയും ചെയ്യുമ്പോൾ, അത്തരം കാര്യങ്ങളുടെ അവസ്ഥ സംബന്ധിച്ച അനിവാര്യമായ അഭ്യൂഹത്തിൽ അത് എത്തിച്ചേരുമ്പോൾ നിങ്ങളുടെ സങ്കല്പത്തെ ശങ്കിക്കുന്നതിന് ഇടയാക്കുകയോ അനുമതി നൽകുകയോ ചെയ്യേണ്ടതാണ് എന്നതാണ്".

33. വകുപ്പ് 431 പ്രകാരം നിയമനിർമ്മാണം നടത്തിയിട്ടുള്ള നിയമസങ്കല്പം, **അശോക് ലൈലാന്റ് ലിമിറ്റഡ്** *അഭി* **തമിഴ്നാട് സർക്കാർ** (2004) 3 എസ് സിസി1 ഖണ്ഡിക 32, 76-ലെ കേസിൽ കേന്ദ്ര വില്പന നികുതി ആക്റ്റിലെ വകുപ്പ് 6എ-യെ പോലല്ലാതെ "ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി" പരിമിതപ്പെടുത്തേണ്ടതല്ലാത്തതാണ്. വകുപ്പ് 431-ൽ ഉണ്ടാക്കിയ നിയമസങ്കല്പത്തിന്റെ ലക്ഷ്യം നഷ്ടപരിഹാരത്തിന്റെ വസൂലാക്കൽ പൂർണ്ണമാകുന്നതുവരെ അത്തരം നഷ്ടപരിഹാരത്തിന്റെ വസൂലാക്കലിന്റെ ആവശ്യത്തിന് ദീർഘിപ്പിക്കേണ്ടതാണെന്ന് അപ്രകാരം വളരെ വ്യക്തമാകുന്നു-കൂടാതെ ഇത് ഞങ്ങളെ, സിആർപിസി-യിലെ വകുപ്പ് 421-നെ മാത്രമല്ല ശിക്ഷാ നിയമസംഹിത, ഒരു സഹ-ക്രിമിനൽ നിയമ പുസ്തകത്തിലെ വകുപ്പ് 70-ലേക്കും, മുകളിൽ വിധി കല്പിച്ചിട്ടുള്ളതുപോലെ അവശ്യമായും കൊണ്ടുപോകുന്നു.

34. സംഗതി ഇതായിരിക്കെ, ഈ വിധിന്യായത്തിൽ നൽകുന്ന കാരണങ്ങളാൽ, കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ 2012 ആഗസ്റ്റ് 8-ലെ വിധിന്യായത്തിലെ തീർപ്പിനെ ഞങ്ങൾ സ്ഥിരപ്പെടുത്തുന്നു. അതനുസരിച്ച് അപ്പീലുകൾ തീർപ്പാക്കപ്പെടുന്നു.

*——————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്ററിസ് മദൻ ബി ലോകുർ

&

ബഹു. ജസ്ററിസ് ദീപക് ഗുപ്ത

ഗൗരവ് കുമാർ ബൻസൽ

*അഭി*

യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും

റിട്ട് ഹർജി (സിവിൽ) നം. 444/2013

കൂടെ

ഫൗണ്ടേഷൻ ഫോർ റസ്റ്റോറേഷൻ ഓഫ് നാഷണൽ വാല്യൂസ്

അഭി

യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും

റിട്ട് ഹർജി (സിവിൽ) നം. 823/2013

2017 മേയ് 8–ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

എൻഡിഎംഎ എടുത്തിട്ടുള്ള നടപടികൾ പരിശോധിക്കുമ്പോൾ, ഞങ്ങളുടെ അഭിപ്രായത്തിൽ, ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി മതിയായ നടപ്പിലാക്കൽ ഉണ്ടെന്നും അതിനായി ഏതെങ്കിലും പ്രത്യേക നിർദ്ദേശങ്ങൾ നൽകേണ്ട ആവശ്യം ഞങ്ങൾക്കില്ല എന്നുമാണ്. മുഴുവനായും ഞങ്ങൾക്ക് പറയാനുള്ളതെന്തെന്നാൽ, ദേശീയതലത്തിൽ രൂപീകൃതമായിട്ടുള്ള എൻഡിഎംഎ യും സംസ്ഥാന തലത്തിലുള്ള സംസ്ഥാന ദുരന്ത നിവാരണ അധികാരസ്ഥാനവും എപ്പോഴും ജാഗരൂകരായിരിക്കേണ്ടതും ഏതെങ്കിലും നിർഭാഗ്യകരമായ ദുരന്തം അവിടെ ആഞ്ഞടിക്കുകയാണെങ്കിൽ പൂർണ്ണമായും തയ്യാറായിരിക്കേണ്ടതും ആശ്വാസത്തിനായി ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ എല്ലാ ബന്ധപ്പെട്ടവർക്കും നൽകേണ്ടതുമാണ് എന്നതാണ്. എന്നിരുന്നാലും, എൻഡിഎംഎയോട് ഇതിലേക്കായി തുടർച്ചയായിട്ട് അതിന്റെ വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിക്കേണ്ടതും (അവസാനമായി ഞങ്ങളുടെ രേഖകളിലുളളത് 2013-14-ലേത്, ആകുന്നു), അവലോകനം ചെയ്യേണ്ടതും എല്ലാ പദ്ധതികളും അനുഭവത്തിന്റെ വെളിച്ചത്തിൽ കാലാനുസൃതമാക്കേണ്ടതും, എല്ലാ ബന്ധപ്പെട്ടവർക്കുമുളള അനുകൂലത്തിനായിട്ട് വിവിധ ഭാഷകളിൽ അതിന്റെ വെബ്സൈറ്റ് ആയ എൻഡിഎംഎ.ജിഒവി.ഇൻ- ആക്കുന്നതും അഭികാമ്യമായേക്കാവുന്നതാണ് - ഹർജികൾ തീർപ്പാക്കി.

## വിധിന്യായം

ജസ്റ്റിസ് മദൻ ബി ലോകുർ

1. 2013-ൽ ഉത്തരാഖണ്ഡിൽ മുമ്പെങ്ങും ഉണ്ടാകാത്ത വെള്ളപ്പൊക്കവും മണ്ണിടിച്ചിൽ ദുരന്തവും സംഭവിച്ചതിന്റെ അനന്തരഫലമായിട്ടാണ് ഭരണഘടനയുടെ അനുച്ഛേദം 32 പ്രകാരം ഈ രണ്ട് റിട്ട് ഹർജികൾ സമർപ്പിച്ചത്. സംശയാതീതമായി, ഈ ദുരന്തം വ്യാപക നാശനഷ്ടം ജീവനും അവയവങ്ങൾക്കും സ്വത്തിനും വരുത്തുകയും ഹർജിക്കാർ പറയുന്നതനുസരിച്ച് 2005-ലെ ദുരന്തനിവാരണ ആക്റ്റ് (ചുരുക്കത്തിൽ "ആക്റ്റ്") ഫലപ്രദമായി നടപ്പിലാക്കിയും കൂടാതെ ഉത്താരാഖണ്ഡ് സംസ്ഥാന സർക്കാരിന്റെ പര്യാപ്തമായ തയ്യാറെടുപ്പും ഉണ്ടായിരുന്നെങ്കിൽ ദുരന്തത്തിന്റെ പ്രതികൂലമായ അനന്തരഫലം കുറയ്ക്കുവാൻ കഴിയേണ്ടതായിരുന്നു എന്നാണ്. ഈ റിട്ട് ഹർജികളിൽ, ഭൂരിഭാഗം മറ്റു സംസ്ഥാനങ്ങളും ഒരു ദുരന്തത്തെ നേരിടുന്നതിന് മുഴുവനായും തയ്യാറായിട്ടില്ലെന്നും അതുകൊണ്ട്, ഈ കോടതി ഈ ആക്റ്റിന്റെ ഫലപ്രദമായ നടപ്പിലാക്കലിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും പ്രസ്താവിച്ചിരിക്കുന്നു.

2. ഈ കോടതി, പൊതു താല്പര്യത്തിൽ ഹർജികൾ എടുക്കുകയും കൂടാതെ സംസ്ഥാന സർക്കാരുകളോട് പ്രതികരണം സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ, സാധാരണ ശീലം പോലെ, സംസ്ഥാന സർക്കാരുകൾ സത്യവാങ്മൂലം സമർപ്പിക്കുന്നതിൽ അയഞ്ഞതും അങ്ങേയറ്റം മന്ദഗതിയിലാവുകയും ചെയ്തു. കേന്ദ്ര സർക്കാരും, ഈ ആക്റ്റ് അതിന്റെ വാക്കിലും അർത്ഥത്തിലും നടപ്പിലാക്കി എന്ന് ഉറപ്പാക്കുന്നതിൽ കുറച്ചു മന്ദഗതിയിലായിരുന്നു. തത്ഫലമായും പ്രത്യക്ഷമായും ഈ കോടതിയുടെ പ്രചോദനത്താൽ, കേന്ദ്ര സർക്കാർ ചില മുഖ്യമായ നടപടികളെടുക്കുകയും 2016 ഫെബ്രുവരി 25-ന് ദേശീയ ദുരന്ത നിവാരണ അതോരിറ്റിയുടെ (ചുരുക്കത്തിൽ 'എൻഡിഎംഎ') ജോയിന്റ് സെക്രട്ടറി (നയവും പദ്ധതിയും) എല്ലാ സംസ്ഥാനങ്ങളുടെയും ചീഫ് സെക്രട്ടറിമാർക്ക് ഒരു അറിയിപ്പ് നൽകുകയും ചെയ്തു. ഈ കത്തിലൂടെ ദുരന്തത്തിലെ ഇരകൾക്ക് ആശ്വാസം നൽകുന്നതിനുള്ള ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ രൂപപ്പെടുത്തുവാൻ എല്ലാ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാരോട് ആവശ്യപ്പെട്ടു. ഈ കോടതിയും ചീഫ് സെക്രട്ടറിമാരോട് മറ്റ് പലതിന്റേയും കൂട്ടത്തിൽ ഒരു ദുരന്തബാധിതമായ ആളുകൾക്ക് നൽകേണ്ടുന്ന ആഹാരം, വെള്ളം, ശുചീകരണ പ്രക്രിയ, വൈദ്യ സംരക്ഷണം എന്നിവ സംബന്ധിച്ചും വിധവകൾക്കും അനാഥർക്കുമായി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതിനും കൂടി ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾക്കുള്ള-മാർഗ്ഗനിർദ്ദേശക രേഖകൾ രൂപപ്പെടുത്തുവാൻ ആവശ്യപ്പെട്ടു. പ്രതീക്ഷിച്ചതുപോലെ, ഈ കോടതിയുടെ നിർദ്ദേശങ്ങൾ പാലിക്കുന്നതിലും കുറച്ചു താമസം വന്നു.

3. സംസ്ഥാന സർക്കാരുകളുമായും ദുരന്തനിവാരണ മേഖലയിലെ പ്രഗല്ഭ നികായങ്ങളോ സംഘടനകളോ ആയും കൂടിയാലോചിച്ച് ദുരന്തനിവാരണത്തിനായുള്ള ഒരു ദേശീയ പദ്ധതിയുടെ രൂപരേഖ ആക്റ്റിലെ വകുപ്പ് 11 ആവശ്യപ്പെടുന്നതായിട്ട് 05.04.2016 -ൽ ഈ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഒരു നയരേഖ ഉണ്ടെങ്കിലും ദേശീയ പദ്ധതി ഇതുവരെയും അന്തിമമായി തീർച്ചപ്പെടുത്തിയിട്ടില്ലായെന്നത് ശ്രദ്ധയിൽ കൊണ്ടുവന്നു.

4. ആക്റ്റിലെ 23-ാം വകുപ്പ് പ്രകാരം ഓരോ സംസ്ഥാനവും ദുരന്ത നിവാരണത്തിനായി ഒരു സംസ്ഥാന പദ്ധതി ആവിഷ്കരിക്കേണ്ടത് ആവശ്യമാണെന്നും ആക്റ്റിലെ വകുപ്പ് 31 പ്രകാരം ഓരോ ജില്ലയും ദുരന്ത നിവാരണത്തിനുവേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതാണെന്നും കൂടി

ശ്രദ്ധയിൽപ്പെടുത്തി. പാർലമെന്റ് ഈ ആക്റ്റ് പാസ്സാക്കിയതിനുശേഷം 10-ൽ കൂടുതൽ വർഷങ്ങൾ കഴിഞ്ഞെങ്കിലും ധാരാളം സംസ്ഥാനങ്ങളും ആക്റ്റ് നടപ്പാക്കുന്നതിന്റെയും ദുരന്തനിവാരണ പദ്ധതി ആവിഷ്കരിക്കേണ്ടതിന്റേയും ആവശ്യകതകൾ ഉറപ്പാക്കുന്നതിലേക്ക് നടപടികൾ എടുക്കാത്തത് ദൗർഭാഗ്യകരമാണ്.

5. കാര്യങ്ങൾ കൂടുതൽ കുഴപ്പത്തിലാക്കുന്നതിനായി 2016 സെപ്തംബർ 14-ന് ചില സംസ്ഥാനങ്ങൾ പ്രത്യേകിച്ചും ഹിമാചൽ പ്രദേശ്, കേരളം, മഹാരാഷ്ട്ര, മേഘാലയ, ഉത്തർപ്രദേശും പശ്ചിമ ബംഗാളും എൻഡിഎംഎ അയച്ച കത്തിന് ഇതുവരെ പ്രതികരിച്ചിട്ടില്ല എന്ന് ഞങ്ങളെ അറിയിച്ചു. തൽഫലമായി, എന്നിരുന്നാലും, എല്ലാ സംസ്ഥാന സർക്കാരുകളും അവരുടെ നിയമപരമായ കർത്തവ്യങ്ങളെക്കുറിച്ച് ഉണർവുള്ളവരാവുകയും ഉചിതമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തതായി തോന്നുന്നു.

6. 2017 ഏപ്രിൽ 28-ന് നടന്ന വാദത്തിനിടയിൽ, എൻഡിഎംഎക്കു വേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുള്ള അഭിഭാഷകൻ ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം 2016 നവംബർ 18-ലെ ഒരു വിജ്ഞാപനം വഴി ഒരു ദേശീയ ഉപദേശക സമിതി രൂപവൽക്കരിച്ചിട്ടുണ്ടെന്നും അതിന് രണ്ട് വർഷത്തെ ഒരു കാലാവധി ഉണ്ടെന്നും ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അതുപോലെ, ആക്റ്റിലെ 8-ാം വകുപ്പ് പ്രകാരം ഒരു ദേശീയ നിർവ്വാഹക സമിതി കൂടി 2006 സെപ്തംബർ 27-ലെ ഒരു വിജ്ഞാപനം വഴി രൂപവൽക്കരിച്ചിട്ടുണ്ട് ആക്റ്റിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അത് ഒരു തുടരുന്ന സമിതിയുമാണ്.

7. ഒരു ദേശീയ പദ്ധതി അംഗീകരിച്ചതായും ആക്റ്റിലെ വകുപ്പ് 11 പ്രകാരം എൻഡിഎംഎയുടെ വെബ്സൈറ്റിൽ അത് ഇട്ടിട്ടുണ്ടെന്നും ആക്റ്റിലെ വകുപ്പ് 12 പ്രകാരം ആശ്വാസത്തിനുള്ള ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശരേഖകളും എൻഡിഎംഎയുടെ വെബ് സൈറ്റിൽ ഇടുകയും ചെയ്തിട്ടുണ്ടെന്നും കൂടി ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

8. ആക്റ്റിലെ വ്യവസ്ഥകൾ കൂടുതലായി നടപ്പിലാക്കുന്നതിലേയ്ക്കായി, ആക്റ്റിലെ വകുപ്പ് 14 പ്രകാരം ഒരു സംസ്ഥാന ദുരന്തനിവാരണ അധികാരസ്ഥാനം എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും സ്ഥാപിതമായിട്ടുള്ളതും ആക്റ്റിലെ വകുപ്പ് 20 പ്രകാരമുള്ള ഒരു സംസ്ഥാന നിർവ്വാഹക സമിതി കേന്ദ്ര ഭരണ പ്രദേശമായ ചണ്ടിഗർ ഒഴികെ ഉളളിടത്ത് സ്ഥാപിതമായിട്ടുള്ളതുമാണ്.

9. ആക്റ്റിലെ വകുപ്പ് 17 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അധികാരസ്ഥാനം, ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടില്ല എന്നും ഇതിനെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും ആളായി തന്നെ ഹാജരായ ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആക്റ്റിലെ 17-ാം വകുപ്പ് ഇനി പറയുംപ്രകാരം വായിക്കാവുന്നതാണ്:-

17. <u>സംസ്ഥാന അതോരിറ്റിയുടെ ഉപദേശക സമിതി രൂപീകരണം.-</u> (1) ഒരു സംസ്ഥാന അതോരിറ്റിക്ക്, അതിന് ആവശ്യമാകുന്ന പോലെയും, സമയത്തും, ദുരന്തനിവാരണത്തിന്റെ വ്യത്യസ്തമായ വശങ്ങളെക്കുറിച്ച് ശിപാർശകൾ നൽകുവാൻ ദുരന്തനിവാരണ മേഖലയിലെ പ്രഗല്ഭരും ദുരന്തനിവാരണത്തിൽ പ്രായോഗിക പരിചയമുളളവരും ഉൾപ്പെടുന്ന ഒരു ഉപദേശക സമിതി രൂപീകരിക്കാവുന്നതാണ്.

(2) ഉപദേശക സമിതിയിലെ അംഗങ്ങൾക്ക് സംസ്ഥാന സർക്കാർ നിർണ്ണയിക്കുന്ന പ്രകാരം അത്തരം അലവൻസുകൾ നൽകേണ്ടതാണ്.

10. മേൽ വ്യവസ്ഥയുടെ ഒരു ലളിതമായ വായനയിൽ, അതിൽ ഒരു ഉപദേശക സമിതി സ്ഥാപിക്കണമെന്ന് ബാദ്ധ്യതയുള്ള ആജ്ഞ ഇല്ലായെന്ന് ഞങ്ങൾ കാണുന്നു. യഥാർത്ഥ ത്തിൽ, സംസ്ഥാന ദുരന്തനിവാരണ അധികാ രസ്ഥാനത്തിന്, ദുരന്തനിവാരണത്തിന്റെ വിവിധ മേഖലകളിൽ, അതിന് അപ്രകാരം ചെയ്യുന്നതിന് ആവശ്യമായതുപോലെയും സമയത്തും ഒന്നോ അതിൽ കൂടുതലോ ഉപദേശക സമിതിയെ രൂപവൽക്കരിക്കാവുന്ന താണ്. തത്ഫലമായി, ആക്റ്റിലെ വകുപ്പ് 17-ന്റെ ലളിതമായ ഭാഷയിൽ ഹർജിക്കാരൻ അപേക്ഷിച്ചിട്ടുള്ള രീതിയിൽ ഏതെങ്കിലും നിർദ്ദേശം നൽകുവാൻ ഞങ്ങൾക്ക് സാധിക്കാ ത്തതാകുന്നു.

11. സംസ്ഥാന പദ്ധതി തയ്യാറാക്കുന്നതി നെപ്പറ്റിയുള്ള ആക്റ്റിലെ വകുപ്പ് 23-നെ സംബന്ധിച്ച്, എൻഡിഎംഎക്കു വേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുള്ള അഭിഭാഷ കൻ ആന്ധ്രാപ്രദേശും തെലുങ്കാനയും ഒഴികെ യുള്ള എല്ലാ സംസ്ഥാനങ്ങളും ഒരു സംസ്ഥാന ദുരന്തനിവാരണ പദ്ധതി തയ്യാറാ ക്കിയിട്ടുള്ളതും അത് തീർച്ചയായും നിലവിൽ വന്നതുമായി ഞങ്ങളെ അറിയിച്ചിട്ടുണ്ട്.

12. ജില്ലകളെ സംബന്ധിച്ചിടത്തോളം, ജില്ലാ ദുരന്തനിവാരണ അധികാരസ്ഥാനം എല്ലാ ജില്ലകളിലും ആക്റ്റിലെ വകുപ്പ് 25 പ്രകാരം രൂപികരിച്ചിട്ടുള്ളതും രാജ്യത്ത് ആക മാനമുള്ള 684 ജില്ലകളിലെ, 615 ജില്ലകളിൽ ഒരു ജില്ലാ ദുരന്തനിവാരണ പദ്ധതി നിലവിലു ള്ളതും ശേഷിക്കുന്ന ജില്ലകളിൽ അത് പണിപ്പുരയിലുമാണ് എന്ന് അതിൽ പ്രസ്താ വിച്ചിരിക്കുന്നു.

13. എൻഡിഎംഎ എടുത്തിട്ടുള്ള നടപടി കൾ പരിശോധിക്കുമ്പോൾ, ഞങ്ങളുടെ അഭി പ്രായത്തിൽ, ആക്റ്റിലെ വ്യവസ്ഥകൾക്കനു സൃതമായി മതിയായ നടപ്പിലാക്കൽ ഉണ്ടെന്നും അതിനായി ഏതെങ്കിലും പ്രത്യേക നിർദ്ദേശങ്ങൾ നൽകേണ്ട ആവശ്യം ഞങ്ങൾക്കില്ല എന്നുമാണ്.

മുഴുവനായും ഞങ്ങൾക്ക് പറയാനുള്ളതെ ന്തെന്നാൽ, ദേശീയതലത്തിൽ രൂപീകൃതമായി ട്ടുള്ള എൻഡിഎംഎയും സംസ്ഥാന തലത്തി ലുള്ള സംസ്ഥാന ദുരന്തനിവാരണ അധികാര സ്ഥാനവും എപ്പോഴും ജാഗരൂകരായിരിക്കേ ണ്ടതും ഏതെങ്കിലും നിർഭാഗ്യകരമായ ദുരന്തം അവിടെ ആഞ്ഞടിക്കുകയാണെങ്കിൽ പൂർണ്ണമായും തയ്യാറായിരിക്കേണ്ടതും ആശ്വാ സത്തിനായി ഏറ്റവും കുറഞ്ഞ മാനദണ്ഡ ങ്ങൾ എല്ലാ ബന്ധപ്പെട്ടവർക്കും നൽകേണ്ട തുമാണ് എന്നതാണ്. എന്നിരുന്നാലും എൻഡിഎംഎയോട് ഇതിലേക്കായി തുടർച്ച യായിട്ട് അതിന്റെ വാർഷിക റിപ്പോർട്ട് പ്രസി ദ്ധികരിക്കേണ്ടതും (അവസാനമായി ഞങ്ങളുടെ രേഖകളിലുള്ളത് 2013-14-ലേത്, ആകുന്നു), അവലോകനം ചെയ്യേണ്ടതും എല്ലാ പദ്ധതികളും അനുഭവത്തിന്റെ വെളിച്ച ത്തിൽ കാലാനുസൃതമാക്കേണ്ടതും, എല്ലാ ബന്ധപ്പെട്ടവർക്കുമുള്ള അനുകൂലത്തിനായിട്ട് വിവിധ ഭാഷകളിൽ അതിന്റെ വെബ്സൈറ്റ് ആയ എൻഡിഎംഎ.ജിഒവി.ഇൻ- ആക്കു ന്നതും അഭികാമ്യമായേക്കാവുന്നതാണ്.

14. ഈ നിരീക്ഷണങ്ങളിലൂടെ, ഏതൊരാ ളെയും ഏതൊരു സമയത്തും ബാധിച്ചേക്കാ വുന്ന നിയമം നടപ്പിലാക്കുന്നതിന്റെ ആവശ്യ കതയെപ്പറ്റി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലേക്ക് കൊണ്ടുവന്ന ഹർജിക്കാരുടെ പരിശ്രമങ്ങളെ പ്രകീർത്തിച്ചുകൊണ്ട് റിട്ട് ഹർജികൾ ഞങ്ങൾ തീർപ്പാക്കുന്നു.

15. റിട്ട് ഹർജികൾ തീർപ്പാക്കി.

*——————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ജെ. ചെലമേശ്വർ

&

ബഹു. ജസ്റ്റിസ് എസ്. അബ്ദുൾ നസീർ

പവൻ കുമാർ ഗുപ്ത

*അഭി*

ബി.ആർ.ഗുപ്ത

സിവിൽ അപ്പീൽ നം. 6461/2017

(പ്രത്യേകാനുമതി ഹർജി (സിവിൽ) നമ്പർ 36427/2014-ൽ

നിന്നുത്ഭവിച്ചത്)

2017 മേയ് 9-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

1958-ലെ ഡൽഹി റെന്റ് കൺട്രോൾ ആക്റ്റ് -ആക്റ്റിലെ വകുപ്പ് 15 (1) പ്രകാരം റെന്റ് കൺട്രോളർ 07.02.2005-ൽ 1.10.2004 മുതൽ മാസം പ്രതി രൂ.500/- നിരക്കിൽ വാടക നൽകുന്നതിനോ നിക്ഷേപിക്കുന്നതിനോ കൂടാതെ പ്രസ്തുത നിരക്കിൽ മാസാമാസത്തിൽ ആയത് തുടർന്നും നൽകുന്നതിനും വാടകക്കാരനോട് നിർദ്ദേശിച്ചുകൊണ്ട് ഒരു ഉത്തരവ് പാസാക്കിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാടക നൽകുന്നതിന് അയാൾ പരാജയപ്പെട്ടതായി സമ്മതിച്ചിട്ടുണ്ട്. വിചാരണയ്ക്കൊടുവിൽ ആക്റ്റിലെ വകുപ്പ് 14(1) (എ) പ്രകാരം റെന്റ് കൺട്രോളർ 27.4.2010-ലെ ഉത്തരവ് മുഖാന്തിരം ഹർജി അനുവദിച്ചു. 19.1.2004-ലെ ആവശ്യപ്പെടൽ അറിയിപ്പിനെ തുടർന്നു ജന്മിക്ക്, വാടകക്കാരൻ വാടക നൽകി എന്ന് തെളിയിക്കുന്നതിൽ അയാൾ പരാജയപ്പെട്ടു എന്ന് റെന്റ് കൺട്രോളർ വിധി കല്പിച്ചു. ആക്റ്റിലെ വകുപ്പ് 14 (2) പ്രകാരമുളള ആനുകൂല്യത്തിന് വാടകക്കാരന്റെ ആനുകൂല്യത്തിന് വാടകക്കാരന്റെ അർഹത പരിഗണിക്കുന്നതിന്റെ ആവശ്യത്തിനായി നാസിറിനോട് ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ റെന്റ് കൺട്രോളർ നിർദ്ദേശിച്ചു. ആക്റ്റിലെ വകുപ്പ് 15 (1) പ്രകാരം പാസാക്കിയ ഉത്തരവ് പാലിച്ചുകൊണ്ട് വാടകക്കാരൻ ക്രമമായി വാടക അടച്ചിട്ടില്ല എന്നത് നാസിറിന്റെ റിപ്പോർട്ട് കാണിക്കുന്നു. വാടക നിഷേധിക്കുന്നതിൽ ഒരു വലിയ കാലവിളംബം ഉണ്ടായിരിക്കുന്നു. അയാളുടെ നിയന്ത്രണത്തിനപ്പുറത്തുളള ചുറ്റുപാടുകളാൽ അയാൾ ഉത്തരവ് പാലിക്കുന്നതിൽ നിന്നും തടയപ്പെട്ടു എന്ന് കാണിക്കുന്ന നീതിയുക്തമായ കാരണങ്ങൾ കാണിച്ചുകൊണ്ട് വീഴ്ച വരുത്തിയിട്ടുളള വാടകക്കാരൻ അപേക്ഷിക്കുമ്പോൾ മാത്രമേ കാലവിളംബം മാപ്പാക്കുന്നതിന് സാധിക്കുകയുളളു. ഈ വാടകക്കാരൻ വാടക നിക്ഷേപിക്കുന്നതിൽ വന്ന കാലവിളംബത്തിന് ഏതൊരു വിശദീകരണവും നൽകിയിട്ടില്ല. അതുകൊണ്ട്, ഹൈക്കോടതിയുടെ ഉത്തരവിൽ ഇടപെടുന്നതിന് യാതൊരു നീതികരണവും ഞങ്ങൾ കാണുന്നില്ല-അപ്പീൽ തളളിക്കളയുന്നു.

## വിധിന്യായം

### ജസ്റ്റീസ് എസ്. അബ്ദുൾ നസീർ

1. അനുമതി നൽകി.

2. ഈ അപ്പീൽ, ഡൽഹി, കമ്ലനഗർ, ബംഗ്ലാവ് റോഡ്, 1-ാം നില, വസ്തു നമ്പർ 47-ന്റെ കെട്ടിട പരിസരങ്ങളിൽ നിന്നും അപ്പീൽ വാദി - വാടകക്കാരനെ ഒഴിപ്പിക്കുന്നത് ആവശ്യപ്പെട്ടുകൊണ്ട് ഡൽഹി തീസ് ഹസാരി കോടതികൾ, അഡീഷണൽ റെന്റ് കൺട്രോളർ മുമ്പാകെ അപ്പീൽ വാദി - വാടകക്കാരന് എതിരായി 1958-ലെ ഡൽഹി റെന്റ് കൺട്രോൾ ആക്റ്റ് (ചുരുക്കത്തിൽ ആക്റ്റ്)-ലെ വകുപ്പുകൾ 14( 1) (എ), (ബി), (ഡി)-ഉം (എച്ച്)-ഉം പ്രകാരം എതിർ കക്ഷി - ജന്മി ഫയൽ ചെയ്ത ഒരു ഒഴിപ്പിക്കൽ ഹർജിയിലെ നടപടികളിൽ നിന്നും ഉത്ഭവിച്ചതാണ്. ചോദ്യത്തിലുള്ള കെട്ടിട പരിസരങ്ങൾ ജന്മി, വാടകക്കാരന്റെ താമസത്തിനായി വാടകക്ക് നൽകിയിട്ടുള്ളതും എല്ലാ ചെലവുകളും ഉൾപ്പെടെ രൂ. 500/- പ്രതിമാസമെന്ന രീതിയിൽ അവസാനം വാടക നൽകിയതായും സമ്മതിച്ചിട്ടുള്ള ഒരു സ്ഥിതി ആകുന്നു. ഒഴിപ്പിക്കൽ ഹർജി ആക്റ്റിലെ വകുപ്പ് 14 (1) (എ)-ലെ ഏക കാരണത്തിലേക്ക് അന്തിമമായി പരിമിതപ്പെടുത്തി. ജന്മി 19-1-2004 -ൽ ആക്റ്റിലെ വകുപ്പ് 14 (1) (എ) പ്രകാരം 1-4-2001 മുതൽ പ്രതിമാസം രൂ. 500/-ഉം അതിന്മേലുള്ള പലിശയും ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ആവശ്യപ്പെടൽ അറിയിപ്പ് നൽകി. വാടക നൽകുന്നതിൽ വാടകക്കാരൻ പരാജയപ്പെട്ടപ്പോൾ വാടകക്കാരനെ ഒഴിപ്പിക്കുന്നതിന് മേല്പറഞ്ഞതുപോലെ ഹർജി ഫയൽ ചെയ്തിട്ടുള്ളതാണ്.

3. ഗുണദോഷങ്ങൾ അയാളുടെ എതിർവാദമായി നൽകിക്കൊണ്ട്, പ്രത്യേകിച്ചും ഒഴിപ്പിക്കൽ ഹർജിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ നിഷേധിച്ചുകൊണ്ട് വാടകക്കാരൻ കാര്യവിവര പത്രിക ഫയൽ ചെയ്തു. എന്നാൽ, വാടക നൽകാതിരിക്കലിനുള്ള കാരണം, അത്, മറ്റൊരുവിധത്തിൽ, വാദിച്ചതെന്തന്നാൽ, നൽകാതിരുന്നതിന് അയാൾ കുറ്റക്കാരനല്ലെന്നും അയാൾ യഥാസമയം ജന്മിക്ക് വാടക നൽകിയിട്ടുണ്ടെന്നും ആയതിനെതിരായി യാതൊരു രസീതും അയാൾക്ക് നൽകിയിട്ടില്ലെന്നുമാണ്. 19-1-2004-ലെ ആവശ്യപ്പെടൽ അറിയിപ്പിനെ തുടർന്ന് അയാൾ 22.3.2004 -ൽ ജന്മിക്ക് ഒരു മറുപടി അയച്ചെന്നും അതിൽ അയാൾ ജന്മിക്ക് ഒരു തുകയായ രൂപ 18000/-, 1-4-2001 മുതൽ 30.9.2004 വരെയുള്ള കാലയളവിന് പ്രതിമാസം രൂപ. 500/-എന്ന നിരക്കിലുള്ള വാടകയ്ക്ക് ഒരു ബാങ്ക് ഡ്രാഫ്റ്റ് സമർപ്പിച്ചെന്നും അതിൽ വീണ്ടും വാദിച്ചിരിക്കുന്നു. വാടകക്കാരന്റെ പ്രസ്തുത കാര്യവിവര പത്രികക്ക് ജന്മി ആ കാര്യവിവര പത്രികയിലെ ആരോപണങ്ങൾ സ്പഷ്ടമായി നിരസിച്ചുകൊണ്ടും ഒഴിപ്പിക്കൽ ഹർജിയിലെ ഉള്ളടക്കം സ്ഥിരപ്പെടുത്തിക്കൊണ്ടും ഒരു മറുപടി പത്രിക ഫയൽ ചെയ്തു.

4. വാദങ്ങളുടെ പൂർണ്ണതയിന്മേൽ ആക്റ്റിലെ വകുപ്പ് 15 (1) പ്രകാരം റെന്റ് കൺട്രോളർ സംഗതി പരിഗണനയ്ക്കായി എടുത്തു. കക്ഷികളുടെ യഥാക്രമമുള്ള സ്ഥിതിയിൽ ആശ്രയം അർപ്പിച്ച് 1.10.2004 മുതൽ വാടകയായി പ്രതിമാസം രൂപ. 500/ നൽകുകയോ നിക്ഷേപിക്കുകയോ ചെയ്യണമെന്നും ഓരോ മാസത്തിലും പ്രസ്തുത നിരക്കിൽ അത് തുടർച്ചയായി നൽകണമെന്നും വാടകക്കാരനോട് നിർദ്ദേശിച്ചുകൊണ്ട് 7.2.2005-ൽ റെന്റ് കൺട്രോളർ ഒരു ഉത്തരവ് പാസ്സാക്കി.

5. അതിനുശേഷം, കക്ഷികൾ അവരുടെ തെളിവു നൽകി. തെളിവുകളുടെ വിശകലനത്തിനുശേഷം റെന്റ് കൺട്രോളർ 27.4.2010-ൽ ആക്റ്റിലെ വകുപ്പ് 14(1) (എ) പ്രകാരം ഉത്തരവിലൂടെ ഹർജി അനുവദിച്ചു. 19.1.2004-ലെ ആവശ്യപ്പെടൽ അറിയിപ്പിനെ തുടർന്ന് വാടക



5/475/2017 - 7

ക്കാരൻ ജന്മിക്ക് വാടക നൽകിയതായി കാണിക്കുന്നതിൽ അയാൾ പരാജയപ്പെട്ട തായും ആക്റ്റിലെ വകുപ്പ് 14 (1) (എ) യുടെ പരിധിക്കുള്ളിൽ വാടക നൽകാതിരിക്കലിൽ വാടകക്കാരൻ അപ്രകാരം കുറ്റക്കാരനാ ണെന്നും റെന്റ് കൺട്രോളർ വിധി കല്പിച്ചു.

ആക്റ്റിലെ വകുപ്പ് 14 (2) പ്രകാരമുള്ള ആനുകൂല്യത്തിന് ഉള്ള വാടകക്കാരന്റെ അർഹത പരിഗണിക്കുന്നതിനായി ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാസിറിനോട് റെന്റ് കൺട്രോളർ പ്രസ്തുത വിധിന്യായം പാസ്സാക്കുന്ന വേളയിൽ നിർദ്ദേശിച്ചു. 6.7.2010 -ൽ റെന്റ് കൺട്രോളർ ഈ കാര്യം പരിഗണ നയ്ക്ക് എടുക്കുകയും ആ ദിവസം തന്നെ നാസിറിന്റെ റിപ്പോർട്ട്, അതിൽ ആക്റ്റിന്റെ വകുപ്പ് 15 (1) പ്രകാരം പ്രസ്തുത ഉത്തരവ് പാലിച്ചുകൊണ്ട് വാടകക്കാരൻ പതിവായി വാടക നിക്ഷേപിക്കുന്നതിൽ പരാജയപ്പെട്ടു വെന്ന് പ്രസ്താവിച്ചിട്ടുണ്ട്, വായിക്കുകയും ചെയ്തു. അതുകൊണ്ട് റെന്റ് കൺട്രോളർ 6.7.2010-ലെ ഒരു ഉത്തരവിൽ ആക്റ്റിലെ 14 (2) പ്രകാരമുള്ള ആനുകൂല്യത്തിന് വാടകക്കാരന് അർഹത ഇല്ലെന്ന് വിധി കല്പിക്കുകയും ആക്റ്റിലെ 14 (1) (എ) പ്രകാരമുള്ള ഒഴിപ്പി ക്കൽ ഉത്തരവ് പാസാക്കുകയും ചെയ്തു. വാടകക്കാരൻ പ്രസ്തുത ഉത്തരവിനെതി രായി അഡീഷണൽ റെന്റ് കൺട്രോൾ ട്രിബ്യൂണൽ, നോർത്ത് ഡൽഹി (ചുരുക്ക ത്തിൽ ട്രിബ്യൂണൽ) മുമ്പാകെ ഒരു അപ്പീൽ ഫയൽ ചെയ്തു. ട്രിബ്യൂണൽ 12.1.2011-ൽ ആ അപ്പീൽ അനുവദിക്കുകയും സംഗതി റെന്റ് കൺട്രോളറിന്റെ അടുത്തേക്ക് തിരിച്ചയ ക്കുകയും ചെയ്തു.

6 ട്രിബ്യൂണൽ പാസ്സാക്കിയ 12.1.2011-ലെ ഉത്തരവിനെ തുടർന്ന്, റെന്റ് കൺട്രോളർ വാട കക്കാരനെ രണ്ടു സാക്ഷികളുടെ വിസ്താരം രേഖപ്പെടുത്താൻ അനുവദിച്ചു. ചില പ്രമാണ ങ്ങൾ മാർക്കു ചെയ്യുന്നതിനും അയാളെ അനുവദിച്ചു. റെന്റ് കൺട്രോളർ, കക്ഷികളെ കേട്ടശേഷം ആവശ്യപ്പെടൽ അറിയിപ്പിനു ശേഷം വാടക നൽകുന്നതിന് വാടകക്കാരൻ പരാജയപ്പെട്ടെന്നും ആക്റ്റിലെ വകുപ്പ് 14 (1) (എ)-യുടെ അർത്ഥവ്യാപ്തിയിൽ വീഴ്ചവ രുത്തിയെന്നും വിധിച്ചുകൊണ്ട് ആക്റ്റിലെ വകുപ്പ് 1 (എ) പ്രകാരം 5-7-2011-ലെ ഉത്തരവ് മുഖാന്തിരം ഹർജി അനുവദിച്ചു. വാടക ക്കാരനോട് 1-4-2001 മുതലുള്ള വാടകയുടെ കുടിശ്ശിക പ്രതിമാസം രൂ. 500-ഉം പ്രതിവർഷം 15 ശതമാനം പലിശ സഹിതം നിക്ഷേപിക്കു ന്നതിന് റെന്റ് കൺട്രോളർ നിർദ്ദേശിച്ചു. അതനുസരിച്ച് ആക്റ്റിലെ വകുപ്പ് 15 (1) പ്രകാരം 7-2-2005-ൽ പാസ്സാക്കിയ മുൻ ഉത്തരവ രൂപഭേദം വരുത്തി. ആക്റ്റിലെ വകുപ്പ് 14 (2) പ്രകാരമുള്ള ആനുകൂല്യത്തിന് വാടകക്കാരന്റെ അർഹത പരിഗണിക്കുന്നതി നുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോടതി യുടെ നാസിറിനോട് നിർദ്ദേശിച്ചു.

7. ആക്റ്റിലെ വകുപ്പ് 15 (1) പ്രകാരം 7.2.2005-ൽ പാസ്സാക്കിയ ഉത്തരവ് അനുസരി ക്കാത്തതിനാൽ വാടകക്കാരൻ കുറ്റക്കാരനാ ണെന്ന് കണ്ടെത്തിയതായിട്ടുള്ള ഒരു റിപ്പോർട്ട് നാസിർ സമർപ്പിച്ചു. 5.7.2011-ലെ അന്തിമ വിധി ന്യായം അയാൾ അനുസരിച്ചിട്ടുണ്ടെന്നും ആക്റ്റിലെ വകുപ്പ് 14 (2) പ്രകാരമുള്ള ആനു കൂല്യത്തിന് വാടകക്കാരൻ അർഹനാ ണെന്നും ഉള്ള ഒരു സ്ഥിതി അയാൾ കൈക്കൊണ്ടു. കക്ഷികൾക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകരെ കേട്ടശേഷം, 7.2.2005-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, മാസാമാസം വാടക നിക്ഷേപിക്കുന്നതിൽ വരുത്തിയ കാലതാമസത്തിന് ഉള്ള വിശദീക രണം നൽകുന്നതിൽ വാടകക്കാരൻ പരാജയ പ്പെട്ടുവെന്ന് 24.8.2011-ലെ ഒരു ഉത്തരവിൽ റെന്റ് കൺട്രോളർ വിധി കല്പിച്ചു. അതി നാൽ ആക്റ്റിലെ വകുപ്പ് 14 (2) പ്രകാരം ഉള്ള ആനുകൂല്യത്തിന് അവർക്ക് അർഹതയി ല്ലാത്തതാണ്. അതുകൊണ്ട് ആക്റ്റിലെ വകുപ്പ് 14 (1) (എ) പ്രകാരം വാടകക്കാരന് എതിരായി ഒഴിപ്പിക്കൽ ഉത്തരവ് റെന്റ് കൺട്രോളർ പാസാക്കി.

8. റെന്റ് കൺട്രോളറുടെ പ്രസ്തുത ഉത്തരവിനെ എതിർത്തുകൊണ്ട് റെന്റ് കൺട്രോൾ ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ 24.2.2012-ന് അനുവദിക്കപ്പെട്ടു. ഡൽഹി ഹൈക്കോടതി മുമ്പാകെ സി.എം.മെയിൻ നമ്പർ 415/2012 ആയി പ്രസ്തുത ഉത്തരവിനെതിരെ ജന്മി ആക്ഷേപം ബോധിപ്പിച്ചു.

ഹൈക്കോടതി 01.12.2014-ലെ ഉത്തരവിലൂടെ അപ്പീൽ അനുവദിക്കുകയും ട്രിബ്യൂണലിന്റെ ഉത്തരവിനെ അസ്ഥിരപ്പെടുത്തുകയും റെന്റ് കൺട്രോളർ പാസാക്കിയ ഉത്തരവിനെ പുന:സ്ഥാപിക്കുകയും ചെയ്തു. ഈ അപ്പീലിൽ പ്രസ്തുത ഉത്തരവിന്റെ നിയമസാധുതയും കൃത്യതയും വാടകക്കാരൻ ചോദ്യം ചെയ്യുന്നു.

9. അപ്പീൽവാദി-വാടകക്കാരനുവേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ആക്റ്റിലെ വകുപ്പ് 15 (1) പ്രകാരം പാസാക്കിയ 7.2.2005-ലെ ഉത്തരവിനെ 5.7.2011-ലെ പിന്നീടുള്ള ഒരു ഉത്തരവ്, അതിൽ പ്രസ്തുത ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം വാടക കുടിശ്ശികകൾ 15% വാർഷിക പലിശ സഹിതം വാടകക്കാരൻ കെട്ടിവെക്കുന്നതിന് ഒരു നിർദ്ദേശം നൽകികൊണ്ട്, രൂപ ഭേദം വരുത്തിയതായി വാദിക്കുന്നു. ഈ ഉത്തരവ് വാടകക്കാരൻ പാലിച്ചിട്ടുണ്ട്. അങ്ങനെ 7.2.2005-ലെ ഉത്തരവ് 5.7.2011 -ലെ ഉത്തരവിൽ ലയിച്ചു. രണ്ടാമതായിട്ട്, വാദിച്ചതെന്തെന്നാൽ, ഹൈക്കോടതി *ഹേമ്ചന്ദ് മുതലായവർ* അഭി *ഡൽഹി ക്ലോത്ത് ആന്റ് ജനറൽ മിൽസ് കമ്പനി ലിമിറ്റഡും മറ്റൊരാളും മുതലായവർ* (1977) 3 എസ്സിസി 483 എന്ന വിധിന്യായത്തിൽ ആശ്രയം അർപ്പിച്ചിട്ടുണ്ട്. ഈ വിധിന്യായം *ശ്യാമചരൺ ശർമ്മ* അഭി *ധർമ്മദാസ്* (1980) 2 എസ്സിസി 151 എന്ന കേസ്സിൽ മറിച്ചു വിധിക്കുകയും അതിൽ റെന്റ് കൺട്രോളർക്ക് വീഴ്ച മാപ്പാക്കുന്നതിനും വാടക കെട്ടിവയ്ക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നതിനും ഉള്ള വിവേചനാധികാരം നിക്ഷിപ്തമാണെന്ന് ഈ കോടതി വിധികല്പിക്കുകയും ചെയ്തു.

ഈ നിയമസ്ഥിതി ഈ കോടതിയുടെ *രാമമൂർത്തി* അഭി *ഭോലനാഥും മറ്റൊരാളും* (1984) 3 എസ്സിസി 111 എന്ന കേസ്സിൽ അംഗീകരിക്കുകയും അതിൽ റെന്റ് കൺട്രോളർക്ക് ഭാവിയിലെ വാടക നൽകുന്നതിനോ കെട്ടിവെക്കുന്നതിനോ വാടകക്കാരന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ള വീഴ്ച മാപ്പാക്കുന്നതിന് അധികാരം ഉണ്ടെന്ന് വിധി കല്പിക്കുകയും ചെയ്തു. (മുകളിലത്തെ) രാമമൂർത്തിയുടെ കേസ്സിലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ വാടക നൽകുന്നതിനുണ്ടായ കാലതാമസം ഹൈക്കോടതി മാപ്പാക്കേണ്ടതായിരുന്നു.

10. മറുഭാഗത്ത്, ജന്മിക്ക് വേണ്ടി ഹാജരായ പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിക്കുന്നത് എന്തെന്നാൽ വാടകക്കാരൻ ഒരു നിർബന്ധ ബുദ്ധിയും മന:പൂർവ്വം വാടക വീഴ്ചവരുത്തുന്ന ഒരാളുമാണ് എന്നതാണ്. ആക്റ്റിലെ വകുപ്പ് 14 (1) (എ) പ്രകാരം അറിയിപ്പ് നൽകിയതിന് പ്രതികരണമായി വാടകയുടെ കുടിശ്ശികകൾ അടക്കുന്നതിന് അയാൾക്ക് അവസരം ലഭിച്ചിരുന്നു. വാടക കുടിശ്ശിക അടക്കുന്നതിനുപകരം അയാൾ ജന്മിക്ക് വാടക നൽകിയതായും അതിന് ജന്മി എതൊരു രസീതിയും നൽകിയിട്ടില്ലെന്നും ഉള്ള ഒരു എതിർവാദം കെട്ടിപ്പൊക്കി. 1.4.2001 മുതൽ 31.1.2004 വരെയുള്ള വാടകക്കായി അയാൾ രൂ.18000/- ബാങ്ക് ഡ്രാഫ്ട് മുഖേന നൽകിയതായും വീണ്ടും വാദിച്ചു. അതിനാലാണ് റെന്റ് കൺട്രോളർ, വകുപ്പ് 15 (1) പ്രകാരം സംഗതി പരിഗണിക്കുകയും 1.10.2004 മുതൽ വാടകയായി പ്രതിമാസം രു. 500/- വീതം നൽകണമെന്നും അതേ നിരക്കിൽ മാസം തോറും അത് നൽകണമെന്നും നിർദ്ദേശിച്ചിട്ടുള്ളത്. 1.4.2001 മുതൽ 30.9.2004 വരെയുള്ള വാടകയുടെ നൽകൽ സംബന്ധിച്ച ചോദ്യം ഇനിയും അവശേഷിക്കുന്നു. ഈ

ഉത്തരവിന്റെ അടിസ്ഥാനത്തിലും വാടകക്കാരൻ വാടക നൽകുന്നതിൽ പരാജയപ്പെട്ടു. ഈ സംഗതി വകുപ്പ് 14 (1) (എ) പ്രകാരം പരിഗണനയ്ക്ക് എടുക്കുകയും കോടതി വാടകക്കാരനോട് മേല്പറഞ്ഞ കാലയളവിലെ വാടക നൽകുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. 7.2.2005-ലെ ഉത്തരവും 5.7.2011-ലെ ഉത്തരവും തമ്മിൽ യാതൊരു ലയനവും സംഭവിച്ചിട്ടില്ലാത്തതാകുന്നു.

11. സമാനമായി, ആക്റ്റിലെ വകുപ്പ് 15 (1) പ്രകാരമുള്ള ഉത്തരവ് നടപ്പാക്കുന്നതിന് വാടകക്കാരൻ പരാജയപ്പെട്ടതായി വാദിക്കപ്പെട്ടു. 1.1.2004 മുതൽ 31.1.2006 വരെയുള്ള വാടക 9 മാസവും 12 ദിവസവും കഴിഞ്ഞ ശേഷവും 1.4.2006 മുതൽ 31.2.2007 വരെയുള്ള വാടകയും അയാൾ നിക്ഷേപിച്ചിട്ടുണ്ട്. വാടകയുടെ നിക്ഷേപം 3 മാസവും 6 ദിവസവും കഴിഞ്ഞതിനുശേഷമാണ് നടത്തിയിട്ടുള്ളത്. സമാനമായി, തൊട്ടടുത്ത കാലയളവിലേക്കുള്ള വാടകയുടെ നൽകൽ ചില സമയങ്ങളിൽ ഒരു വർഷത്തിനു ശേഷവും ചില സമയങ്ങളിൽ 3 മാസങ്ങൾക്കുശേഷവും ആണ് നടത്തിയിട്ടുള്ളത്. വാടക നൽകുന്നതിനുള്ള കാലതാമസത്തിന് വാടകക്കാരൻ യാതൊരു വിശദീകരണവും നൽകുന്നില്ല. അതുകൊണ്ട് ചോദ്യം ചെയ്യപ്പെട്ട ഉത്തരവിന് യാതൊരുവിധ ഇടപെടലും ആവശ്യമില്ലാത്തതാണ്.

12. കക്ഷികളുടെ വാദപ്രതിവാദങ്ങളെ പരിഗണിക്കുന്നതിന് മുമ്പ് ആക്റ്റിലെ പ്രസക്തമായ വ്യവസ്ഥകൾ പ്രതിപാദിക്കേണ്ടത് അഭിലഷണീയമായതാണ്. വകുപ്പ് 14 (1), വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒന്നോ അതിലധികമോ കാരണങ്ങളാൽ കൈവശം വസൂലാക്കുന്നതിനുള്ള ഒരു ഉത്തരവിനായി കൺട്രോളറിന് ഒരു അപേക്ഷ നൽകാതെ ഏതൊരു വാടകക്കാരനേയും ഒഴിപ്പിക്കുവാൻ കഴിയുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നു. വകുപ്പ് 14 (1) (എ), വാടകക്കാരൻ വാടക നൽകാതിരിക്കുകയോ അയാളിൽ നിന്നും നിയമപ്രകാരം ഈടാക്കാവുന്ന മുഴുവൻ വാടകക്കുടിശ്ശികയും, 1882-ലെ വസ്തു കൈമാറ്റം ചെയ്യൽ ആക്റ്റിലെ വകുപ്പ് 106-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ജന്മി വാടകക്കാരന് വാടകയുടെ കുടിശ്ശികകൾ ആവശ്യപ്പെടുന്ന ഒരു അറിയിപ്പ് നൽകുന്ന തീയതി മുതൽ രണ്ടു മാസത്തിനുള്ളിൽ നൽകാതിരിക്കുകയോ ചെയ്യുന്ന വീഴ്ചയുടെ കാരണത്താൽ ഒരു വാടകക്കാരനെ ഒഴിപ്പിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. അറിയിപ്പ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ വാടകക്കാരൻ വാടക കുടിശ്ശിക നൽകുന്നുവെങ്കിൽ, വാടക നൽകുന്നതിൽ വീഴ്ച സംഭവിച്ചു എന്ന കാരണത്താൽ ജന്മിക്ക് കൈവശപ്പെടുത്തലിനുള്ള ഉത്തരവ് ലഭിക്കുകയില്ല. എന്നാൽ വകുപ്പ് 14(1) (എ) പ്രകാരം ആവശ്യമായിട്ടുള്ള വാടക നൽകുന്നതിൽ വാടകക്കാരൻ പരാജയപ്പെടുമ്പോൾ, ആക്റ്റിലെ വകുപ്പ് 15 (1) പ്രകാരം ഉള്ള നടപടികൾ എടുക്കാമെന്നും ഇതിൽ നിന്നും വ്യക്തമാകുന്നു. ഈ വ്യവസ്ഥ പ്രകാരം കൺട്രോളർക്ക്, കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകിയ ശേഷം, ഉത്തരവിന്റെ തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ജന്മിക്ക് നൽകുന്നതിനോ, കൺട്രോളറുടെ അടുത്ത് നിക്ഷേപിക്കുന്നതിനോ, വാടകക്കാരനോട് നിർദ്ദേശിക്കുന്ന ഒരു ഉത്തരവ് അതിൽ വാടകക്കാരനിൽ നിന്നും നിയമപ്രകാരം വസൂലാക്കാവുന്ന വാടകയുടെ കുടിശ്ശിക അതിൽ അവസാനം നൽകിയ കാലാവധിക്ക് ശേഷമുള്ള കാലാവധി മുതൽ വാടക നൽകുന്ന അല്ലെങ്കിൽ നിക്ഷേപിക്കുന്നതിന് തൊട്ടു മുമ്പുള്ള മാസം അവസാനിക്കുന്നതുവരേയും ഉള്ള നിരക്കിൽ വാടക കണക്കാക്കിയ ഒരു തുക നൽകുകയും അതേ നിരക്കിൽ വാടകക്ക് തുല്യമായ ഒരു തുക തുടർന്നുവരുന്ന ഓരോ മാസം 15-ന് മാസം പ്രതി നൽകുകയോ നിക്ഷേപിക്കുകയോ ചെയ്യുന്നത് തുടരുകയും ചെയ്യുന്നതിന് ഉണ്ടാക്കാവുന്നതാണ്.

13. വകുപ്പ് 15 ഉപ-വകുപ്പ് (6) പ്രസ്താവിക്കുന്നതെന്തന്നാൽ, ഒരു വാടകക്കാരൻ ഉപവകുപ്പ് (1) അല്ലെങ്കിൽ ഉപവകുപ്പ് (3)-ൽ ആവശ്യപ്പെടുന്ന നൽകലോ നിക്ഷേപിക്കലോ ചെയ്യുമ്പോൾ, വാടകക്കാരൻ വാടകയുടെ നൽകലിൽ വീഴ്ച വരുത്തുന്ന കാരണത്തിൽ കൈവശം വസൂലാക്കലിനുള്ള ഏതൊരു ഉത്തരവും ഉണ്ടാക്കാൻ പാടില്ലാത്തതാണ് എന്നതാണ്. എന്നാൽ കൺട്രോളർക്ക് യുക്തമെന്ന് തോന്നുന്ന അത്തരം ചെലവ് ജന്മിക്ക് അനുവദിക്കാവുന്നതാണ്. വകുപ്പ് 15 ഉപവകുപ്പ് (7) പ്രസ്താവിക്കുന്നതെന്തന്നാൽ ഈ വകുപ്പ് ആവശ്യപ്പെടുന്ന നൽകലോ നിക്ഷേപിക്കലോ നടത്തുന്നതിന് ഒരു വാടകക്കാരൻ പരാജയപ്പെടുമ്പോൾ കൺട്രോളർക്ക് ഒഴിപ്പിക്കലിനെതിരെയുള്ള വാദം നീക്കാവുന്നതും അപേക്ഷ കേൾക്കുന്നതിനും നടപടിയെടുക്കുന്നതിനും ഉത്തരവാകാമെന്നുമാണ്. മറ്റൊരു പ്രധാനപ്പെട്ട വ്യവസ്ഥയാണ് വകുപ്പ് 14 ഉപ വകുപ്പ് (2)-ൽ ഉള്ളത്, അത് പ്രസ്താവിക്കുന്നതെന്തന്നാൽ, വകുപ്പ് 15-ൽ ആവശ്യപ്പെടുന്ന നൽകലോ നിക്ഷേപിക്കലോ വാടകക്കാരൻ ചെയ്യുന്നിടത്ത് ഉപവകുപ്പ് (1)-ലെ ക്ലിപ്ത നിബന്ധനയിലെ ഖണ്ഡം (എ)-യിൽ വിനിർദ്ദേശിച്ച കാരണത്തിൽ ഏതെങ്കിലും കെട്ടിടപരിസരത്തിന്റെ കൈവശം വസൂലാക്കാനുള്ള യാതൊരു ഉത്തരവും ഉണ്ടാക്കാൻ പാടുള്ളതല്ല എന്നാണ്. അങ്ങനെ, വകുപ്പ് 14 (1) (എ) പ്രകാരമുള്ള ഒഴിപ്പിക്കൽ ഒഴിവാക്കുന്നതിനായി വകുപ്പ് 15 ഉപവകുപ്പ് (1) പ്രകാരം കൺട്രോളർ നിർദ്ദേശിച്ചിട്ടുള്ളതുപോലെ വാടകയുടെ നൽകൽ നിർബന്ധമാക്കുന്നു.

14. ആക്റ്റിലെ വകുപ്പ് 15 (1) പ്രകാരം 7.2.2005-ൽ പാസാക്കിയ ഉത്തരവ് 5.7.2011-ലെ ഉത്തരവ് മുഖാന്തരം റെന്റ് കൺട്രോളർ രൂപഭേദം വരുത്തിയിട്ടുണ്ടെന്നതാണ് വാടകക്കാരനുവേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകന്റെ ആദ്യവാദം. അതുകൊണ്ട് 2005 ഫെബ്രുവരി 7-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാടക നൽകാതിരുന്നതിന് ഒഴിപ്പിക്കൽ ഉത്തരവ് പാസാക്കിയതിന് റെന്റ് കൺട്രോളർ നീതികരിക്കപ്പെടുന്നില്ല. ഈ വാദത്തിന് യാതൊരു യോഗ്യതയും ഇല്ലാത്തതാണ്, മുകളിൽ ശ്രദ്ധിച്ചതുപോലെ, അപ്പീൽവാദി, വകുപ്പ് 14 (1) (എ) പ്രകാരം 2001 ഏപ്രിൽ 1-ാം തീയതി മുതൽ പ്രതിമാസം അഞ്ഞൂറ് രൂപ നിരക്കിൽ വാടകയ്ക്കും അതിന്മേലുള്ള പലിശയ്ക്കും അവകാശവാദമുന്നയിച്ച് കൊണ്ട് ഒരു ആവശ്യപ്പെടൽ അറിയിപ്പ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. വാടകക്കാരൻ കാലാകാലങ്ങളായി വാടക നൽകുന്നുണ്ടെന്നും ജന്മി അതിനുള്ള യാതൊരു രസീതിയും നൽകിയിട്ടില്ലെന്നും പ്രസ്താവിച്ചുകൊണ്ട് ഒരു എതിരാക്ഷേപം ഫയൽ ചെയ്തിട്ടുമുണ്ട്. 2004 ജനുവരി 19-നുള്ള ആവശ്യപ്പെടൽ അറിയിപ്പിനെ തുടർന്ന് പ്രതിമാസം അഞ്ഞൂറ് രൂപാ നിരക്കിൽ 1.4.2001 മുതൽ 31.3.2004 വരെയുള്ള വാടക എന്ന കണക്കിൽ രൂപ.18000/ ഒരു ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അയാൾ ഒരു മറുപടി നൽകി എന്നും കൂടി വാദിച്ചിരിക്കുന്നു. 07.02.2005-ൽ റെന്റ് കൺട്രോളർ, ആക്റ്റിലെ വകുപ്പ് 15 (1) പ്രകാരം ഉത്തരവിലെ തീയതി മുതൽ ഒരു മാസത്തിനുള്ളിൽ 1.10.2004 മുതൽ പ്രതിമാസം രൂപ അഞ്ഞൂറ് നൽകുകയോ നിക്ഷേപിക്കുകയോ ചെയ്യണമെന്നും വിചാരണ കാലയളവിൽ മേല്പറഞ്ഞ അതേ നിരക്കിൽ മാസം പ്രതി തൊട്ടടുത്ത മാസം 15-ാം തീയതിയിൽ ഭാവി വാടക തുടർന്നും നൽകുകയോ നിക്ഷേപിക്കുകയോ ചെയ്യണമെന്നും കൂടി വാടകക്കാരനോട് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പാസാക്കി. 1.04.2001 മുതൽ 30.9.2004 വരെയുള്ള വാടകയുടെ നൽകൽ സംബന്ധിച്ചു തർക്കം ഉണ്ടെന്ന കാരണത്താലാണ് ഈ ഉത്തരവ് പാസാക്കിയിട്ടുള്ളത്. ഈ കാലയളവിലേക്കുള്ള വാടകയുടെ നൽകൽ സംബന്ധിച്ച ചോദ്യം അവസാനിച്ചിട്ടില്ല. വിചാരണയ്ക്കുശേഷം, വാടകക്കാരൻ 1.4.2001 മുതലുള്ള വാടകയുടെ കുടിശ്ശിക നൽകിയത് സ്ഥാപിക്കുവാൻ പരാജയപ്പെട്ടു എന്ന അന്തിമതീർപ്പിലേക്ക് റെന്റ് കൺട്രോളർ എത്തിച്ചേർന്നു.

07.02.2005-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൂടിയും 1.10.2004 മുതലുള്ള വാടക കൊടുക്കുന്നതിൽ വാടകക്കാരൻ പരാജയപ്പെട്ടു. ഈ സാഹചര്യത്തിൽ, 07.02.2005-ലെ ഉത്തരവ് 05.07.2011-ലെ ഉത്തരവുമായി ലയിച്ചിട്ടുണ്ടെന്ന് വാദിക്കുന്നത് നിരർത്ഥകമായതാണ്.

(മുകളിലത്തെ) റാം മൂർത്തിയിലെ തീരുമാനത്തിൽ ശ്രദ്ധിച്ചുകൊണ്ട് വാടകയിലെ നൽകലിലുള്ള കാലവിളംബത്തെ മാപ്പാക്കുന്നത് കീഴ്ക്കോടതി പരിഗണിച്ചില്ല എന്നതാണ് അപ്പീൽവാദിയുടെ രണ്ടാമത്തെ വാദം. ഹൈക്കോടതി ആശ്രയിച്ചിട്ടുള്ള (മുകളിലത്തെ) ഹേമ് ചന്ദ്-ന്റെ വിധിന്യായം (മുകളിലത്തെ) ശ്യാമചരൺ ശർമ്മ എന്ന കേസ്സ് പ്രകാരം വ്യംഗ്യമായി മറിച്ചു വിധിക്കപ്പെട്ടതാണെന്നും അതിൽ അയാൾ ബോധിപ്പിച്ചിരിക്കുന്നു. (മുകളിലത്തെ) ഹേമ് ചന്ദിൽ ആക്റ്റിലെ വകുപ്പ് 15 (1) പ്രകാരമുള്ള വാടക നൽകലിനുള്ള സമയം ദീർഘിപ്പിക്കുന്നതിന് റെന്റ് കൺട്രോളർക്ക് വിവേചനാധികാരം ഇല്ലെന്ന് ഈ കോടതി വിധിച്ചിട്ടുണ്ട്. എന്നിരുന്നാലും, (മുകളിലത്തെ) റാം മൂർത്തിയുടെ കേസിൽ (മുകളിലത്തെ) ശ്യാംചരൺ ശർമ്മ എന്ന കേസ്സിലെ വിധിന്യായം പരിഗണനയിൽ എടുത്തുകൊണ്ടു, ഭാവി വാടക നൽകുന്നതിനോ നിക്ഷേപിക്കുന്നതിനോ വാടകക്കാരന്റെ ഭാഗത്തു നിന്നും ഉണ്ടായേക്കാവുന്ന വീഴ്ച മാപ്പാക്കുന്നതിനുള്ള അധികാരം റെന്റ് കൺട്രോളർക്ക് ഉണ്ടെന്ന് വിധിച്ചിട്ടുണ്ട്. ഈ തീരുമാനം, വാടക കൊടുക്കുന്നതിനുള്ള കാലതാമസം മാപ്പാക്കുന്നത് ആവശ്യപ്പെട്ടുകൊണ്ട് വാടകക്കാരൻ അപേക്ഷ സമർപ്പിക്കുന്ന ഒരു സംഗതിയിലേ ബാധകമാവുകയുള്ളു. ഈ വാടകക്കാരൻ വാടക നൽകുന്നതിൽ ബോധപൂർവ്വം വീഴ്ച വരുത്തുന്ന ഒരാളെന്ന് കുറിക്കേണ്ടത് പ്രസക്തമാണ്. അയാൾ മുഴുവൻ വാടക കുടിശ്ശികയും കൊടുത്തതാണെന്ന നിലയാണ് റെന്റ് കൺട്രോളറുടെ മുമ്പാകെ സ്വീകരിച്ചിരുന്നത്. ആക്റ്റിലെ വകുപ്പ് 15 (1) പ്രകാരം റെന്റ് കൺട്രോളർ 07.02.2005-ൽ 1.10.2004 മുതൽ മാസം പ്രതി രൂ.500/- നിരക്കിൽ വാടക നൽകുന്നതിനോ നിക്ഷേപിക്കുന്നതിനോ കൂടാതെ പ്രസ്തുത നിരക്കിൽ മാസാമാസത്തിൽ ആയത് തുടർന്നും നൽകുന്നതിനും അയാളോട് നിർദ്ദേശിച്ചുകൊണ്ട് ഒരു ഉത്തരവ് പാസാക്കിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാടക നൽകുന്നതിനും അയാൾ പരാജയപ്പെട്ടതായി സമ്മതിച്ചിട്ടുണ്ട്. വിചാരണക്കൊടുവിൽ ആക്റ്റിലെ വകുപ്പ് 14( 1) (എ) പ്രകാരം റെന്റ് കൺട്രോളർ 27.4.2010-ലെ ഉത്തരവ് മുഖാന്തിരം ഹർജി അനുവദിച്ചു. 19.1.2004-ലെ ആവശ്യപ്പെടൽ അറിയിപ്പിനെ തുടർന്നു ജന്മിക്ക്, വാടകക്കാരൻ വാടക നൽകി എന്ന് തെളിയിക്കുന്നതിൽ അയാൾ പരാജയപ്പെട്ടു എന്ന് റെന്റ് കൺട്രോളർ വിധി കല്പിച്ചു. ആക്റ്റിലെ വകുപ്പ് 14 (2) പ്രകാരമുള്ള ആനുകൂല്യത്തിന് വാടകക്കാരന്റെ അർഹത പരിഗണിക്കുന്നതിന്റെ ആവശ്യത്തിനായി നാസിറിനോട് ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ റെന്റ് കൺട്രോളർ നിർദ്ദേശിച്ചു. ആക്റ്റിലെ വകുപ്പ് 15 (1) പ്രകാരം പാസാക്കിയ ഉത്തരവ് പാലിച്ചുകൊണ്ട് വാടകക്കാരൻ ക്രമമായി വാടക അടച്ചിട്ടില്ല എന്നത് നാസിറിന്റെ റിപ്പോർട്ട് കാണിക്കുന്നു. വാടക നിഷേധിക്കുന്നതിൽ ഒരു വലിയ കാലവിളംബം ഉണ്ടായിരിക്കുന്നു. അയാളുടെ നിയന്ത്രണത്തിനപ്പുറത്തുള്ള ചുറ്റുപാടുകളാൽ അയാൾ ഉത്തരവ് പാലിക്കുന്നതിൽ നിന്നും തടയപ്പെട്ടു എന്ന് കാണിക്കുന്ന നീതിയുക്തമായ കാരണങ്ങൾ കാണിച്ചുകൊണ്ട് വീഴ്ച വരുത്തിയിട്ടുള്ള വാടകക്കാരൻ അപേക്ഷിക്കുമ്പോൾ മാത്രമേ കാലവിളംബം മാപ്പാക്കുന്നതിന് സാധിക്കുകയുള്ളു. ഈ വാടകക്കാരൻ വാടക നിക്ഷേപിക്കുന്നതിൽ വന്ന കാലവിളംബത്തിന് യാതൊരു വിശദീകരണവും നൽകിയിട്ടില്ല. അതുകൊണ്ട്, ഹൈക്കോടതിയുടെ ഉത്തരവിൽ ഇടപെടുന്നതിന് യാതൊരു നീതികരണവും ഞങ്ങൾ കാണുന്നില്ല.

16. തത്ഫലമായി, അപ്പീൽ പരാജയപ്പെടുന്നു തദനുസൃതമായി തള്ളിക്കളയന്നു. എന്നിരുന്നാലും, അപ്പീൽവാദിക്ക്, ഒഴിഞ്ഞുപോകുന്നതിനും ചോദ്യത്തിലുള്ള, കെട്ടിടപരിസരത്തിന്റെ കൈവശം എതിർകക്ഷിക്ക് തിരിച്ചു നൽകുന്നതിനും ഇന്നു മുതൽ മൂന്നുമാസം പൂർത്തിയാകുന്ന അന്നോ, അതിനകമോ കെട്ടിട പരിസരങ്ങൾ ഒഴിയുന്നതാണെന്ന് ഈ കോടതി മുമ്പാകെ ഒരു അണ്ടർടേക്കിംഗ് ഫയൽ ചെയ്യുന്നതിനു വിധേയമായി ഇന്നുമുതൽ മൂന്നുമാസത്തെ സമയം അനുവദിച്ചു നൽകുന്നു. ഇന്നുമുതൽ രണ്ടാഴ്ചക്കകം അണ്ടർടേക്കിംഗ് ഫയൽ ചെയ്യേണ്ടതാണ്.

*————*

# ഹൈക്കോടതി വിധിന്യായങ്ങൾ

5/475/2017 - 8

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എ. ഹരിപ്രസാദ്

&

ആർ.എസ്.എ. നമ്പർ 1061/2010

പൊറതിശ്ശേരി ഗ്രാമപഞ്ചായത്ത്, കരുവണ്ണൂർ

*അഭി*

ആന്റണിയും മറ്റൊരാളും

2016 ആഗസ്റ്റ് 1-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**2001-ലെ മൃഗ ജനന നിയന്ത്രണം (നായ്ക്കൾ) ചട്ടങ്ങൾ-ഈ കേസിൽ വാദിയെ കടിച്ച അലഞ്ഞുനടക്കുന്ന നായ്ക്ക് പേവിഷ ബാധയുണ്ടായിരുന്നുവെന്ന് വിധിക്കുന്നതിന് തെളിവൊന്നുമില്ല. അതുകൊണ്ട്, 1960-ലെ ആക്റ്റും ചട്ടങ്ങളും ന്യായമായും ബാധകമാക്കാവുന്നതാണ്. മേൽ ചർച്ചകളിൽ നിന്നും, അപ്പീൽവാദി പഞ്ചായത്തിന് അതിന്റെ പ്രദേശാതിർത്തിയിൽ പൗരന്മാരെ അലഞ്ഞു നടക്കുന്ന നായ്ക്കൾ കടിക്കുന്നതിൽ നിന്നും തടയുന്നതിന് നടപടികളെടുക്കേണ്ട കർത്തവ്യമുണ്ടെന്നുള്ളതും വ്യക്തമാണ്. അതുകൊണ്ട്, അപ്പീൽവാദി, വാദി/1-ാം എതിർകക്ഷിക്ക് നഷ്ടപരിഹാരം നൽകുവാൻ ബാദ്ധ്യസ്ഥനാണെന്നുള്ള കീഴ് അപ്പീൽ കോടതിയുടെ കണ്ടെത്തലിൽ ഇടപെടേണ്ട ഒരു കാരണവും കാണുന്നില്ല-അപ്പീൽ തള്ളിക്കളഞ്ഞു.**

### വിധിന്യായം

ഇരിഞ്ഞാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെയുള്ള ഒ.എസ്. 1729/2003-ലെ ഒന്നാം പ്രതി പൊറതിശ്ശേരി ഗ്രാമപഞ്ചായത്ത് ആണ് അപ്പീൽവാദി. കീഴ് അപ്പീൽ കോടതി, വിചാരണ കോടതിയുടെ ഡിക്രിയും വിധിന്യായവും മറിച്ചു വിധിക്കുകയും അതിൽ നഷ്ടപരിഹാരത്തിനും നഷ്ടത്തുകയ്ക്കും ആയി ഫയൽ ചെയ്ത കേസ് കീഴ് അപ്പീൽ കോടതി അനുവദിച്ചതിൽ സങ്കടപ്പെട്ടാണ് പഞ്ചായത്ത് ഈ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്. വാദിയും രണ്ടാം എതിർകക്ഷിയും ഈ അപ്പീലിലെ എതിർകക്ഷികളാണ്.

2. അന്യായത്തിലെ കേസ്, ചുരുക്കത്തിൽ താഴെ കൊടുത്തിരിക്കുംവിധമാണ്: വാദി/1-ാം എതിർകക്ഷി അങ്കമാലി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ ഒരു പോർട്ടറാണ്. 18-06-2003-ൽ രാവിലെ 7.35-ന് അയാളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി ബസ് നിർത്തുന്ന ഒരു സ്ഥലത്തേയ്ക്ക് പോകുമ്പോൾ അലഞ്ഞു നടക്കുന്ന ഒരു നായ അയാളെ ആക്രമിക്കുകയും അയാളുടെ കാലിൽ കടിക്കുകയും ചെയ്തു. ഉടനെ തന്നെ അയാളെ തൃശ്ശൂർ മുളംകുന്നത്തുകാവിലുള്ള മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചു. അയാൾക്ക് പേവിഷബാധയ്ക്ക് എതിരായ കുത്തിവയ്പ് എടുക്കേണ്ടത് ആവശ്യമായി വന്നു. പ്രസ്തുത മരുന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലഭ്യമല്ലായിരുന്നതുകൊണ്ട് 14,076/- രൂപ

ചെലവിൽ അത് കോയമ്പത്തൂരിൽ നിന്നും കൊണ്ടുവരേണ്ടി വന്നു. അയാളുടെ കൂട്ടുകാരുടെയും ബന്ധുക്കളുടെയും ഇടയിൽ നിന്ന് പ്രസ്തുത തുക അയാൾ സ്വരൂപിച്ചു. അയാൾക്ക് ദിവസേന 264 രൂപ എന്ന ചെലവിൽ മൂന്നു ദിവസം മറ്റു മരുന്നുകളും റാബിപൂർ കുത്തിവയ്പ്പും നൽകിയിരുന്നു. അയാൾക്ക് യാത്ര ക്കൂലിയും കൂട്ടിരിപ്പ് ചെലവുകളും കൂടി നേരിടേണ്ടി വന്നു. അയാൾ മെഡിക്കൽ ശുശ്രൂഷയ്ക്കും മറ്റു ചെലവുകൾക്കായും 20,000/- രൂപ ചെലവാക്കിയെന്നാണ് വാദി പറയുന്നത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (ചുരുക്കത്തിൽ "ആക്റ്റ്") മൂന്നാം പട്ടികയിലെ ഇനം നം, 27-ൽ എണ്ണി പറഞ്ഞ ചുമതലകളെ സംബന്ധിച്ച് ആ പഞ്ചായത്തിൽ നിവസിക്കുന്നവർക്ക് സഹായം നൽകുക യെന്നത് ഗ്രാമ പഞ്ചായത്തിന്റെ നിർബന്ധിത കർത്തവ്യമാണ്. 1-ാം പ്രതി ആക്റ്റിലെ വ്യവസ്ഥകളാലും ബന്ധപ്പെട്ട ചട്ടങ്ങളാലും അതിൽ നിക്ഷിപ്തമായ നിർബന്ധിത കർത്തവ്യം നിറവേറ്റുവാൻ യാതൊന്നും ചെയ്തിട്ടില്ല. വാദി പറയുന്നതനുസരിച്ച്, നഷ്ട തുകയായി രൂപ 3,500/—ഉം, വ്യഥയ്ക്കും സമ്മർദ്ദത്തിനും രൂപ 5,000/- ഉം വേദനയ്ക്കും കഷ്ടപ്പാടിനും രൂപ 5000/-ഉം ലഭിക്കുവാൻ അയാൾക്ക് അർഹത ഉണ്ട് എന്നതാണ്. പ്രത്യേക നഷ്ട തുകയായി രൂപ 13,500/- അവകാശപ്പെട്ടെങ്കിലും അത് അയാൾ രൂപ 10,000/- ആയി പരിമിതപ്പെടുത്തി. അതിനാൽ ആകെ നഷ്ടപരിഹാരം രൂപ 30,000/—വും കേസ് കൊടുത്ത തീയതി മുതൽ പണമായി മാറുന്നതുവരെയുള്ള 12 % വാർഷിക പലിശയുമാണ് വാദി അവകാശപ്പെടുന്നത്.

3. ഒന്നാം പ്രതി, വാദിയെ അലഞ്ഞു നടക്കുന്ന ഒരു നായ കടിച്ചുവെന്നത് സമ്മതിച്ചുകൊണ്ട് ഒരു കാര്യവിവര പത്രിക ഫയൽ ചെയ്തു. ഈ സംഭവത്തെ സംബന്ധിച്ച് ഒരു റിപ്പോർട്ട് കിട്ടിയതിനു ശേഷം ഉടനെ തന്നെ പഞ്ചായത്ത് ഒരു അടിയന്തിര യോഗം കൂടുകയും അലഞ്ഞു നടക്കുന്ന നായ കടിച്ചിട്ടുള്ള ആളുകൾക്ക് ചികിത്സാ സഹായമായി 500/- രൂപ കൊടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഏകദേശം 30 പേരെ അലഞ്ഞു നടക്കുന്ന നായ കടിച്ചിട്ടുണ്ടെന്ന് കണക്കു കൂട്ടുകയും ചെയ്തിട്ടുള്ളതാണ്. ഒന്നാം പ്രതി പഞ്ചായത്ത്, സർക്കാരിനോട് കൂടിയും ധനസഹായം അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ സർക്കാർ, പഞ്ചായത്തിന് ഏതെങ്കിലും സഹായം നൽകുന്നതിൽ പരാജയപ്പെട്ടു. അന്യായത്തിൽ അവകാശപ്പെട്ട തുകയുടെ അളവ് ഒന്നാം പ്രതി നിഷേധിച്ചു. പഞ്ചായത്ത്, ബന്ധപ്പെട്ട ആക്റ്റും, ചട്ടങ്ങളും പ്രകാരമുള്ള അതിന്റെ ബാധ്യത സ്വയമേവ നിഷേധിക്കുന്നില്ലായെന്ന് കാര്യവിവര പത്രികയിൽ നിന്നും കാണാൻ കഴിയുന്നതാണ്.

4. രണ്ടാം പ്രതി സർക്കാർ അവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ബാധ്യത യില്ലായെന്നു തർക്കിച്ചുകൊണ്ട് ഒരു കാര്യവിവര പത്രിക ഫയൽ ചെയ്തു.

5. വിചാരണ കോടതി പിഡബ്ല്യു 1 മുതൽ 3 വരേയും പിഡബ്ല്യു 1-ന്റേയും തെളിവുകൾ പരിഗണിച്ചശേഷവും എക്സിബിറ്റുകൾ എ1 മുതൽ എ 7 വരെയും ബി1 മുതൽ ബി4 വരെയും എക്സ് 1 കൂടിയും പരിഗണിച്ച ശേഷവും ഈ കേസ് തള്ളിക്കളഞ്ഞു. അപ്പീലിൽ ഈ സംഗതി എടുത്തപ്പോൾ, കീഴ് അപ്പലേറ്റ് കോടതി തെളിവിന്റെ പുന:വിശ കലനത്തിൽ അപ്പീൽ അനുവദിക്കുകയും വ്യവഹാരം വിധിക്കുകയും ചെയ്തു.

6. അപ്പീൽവാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനേയും 1-ാം എതിർകക്ഷിക്കുവേണ്ടിയുളള (വാദി) പാണ്ഡിത്യമുളള അഭിഭാഷകനേയും, സർക്കാർ അഭിഭാഷകനേയും കൂടി കേട്ടു.

7. നിയമപരമായും വസ്തുതാപരമായും ഉള്ള കാരണങ്ങളാൽ കീഴ് അപ്പീൽ കോടതി, പഞ്ചായത്ത് നഷ്ടപരിഹാരം നൽകണമെന്നു നിർദ്ദേശിച്ച് പാസ്സാക്കിയ ഡിക്രി അനുവദിച്ചു കൊടുക്കത്തക്കതല്ല എന്നാണ് അപ്പീൽ

വാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ തർക്കിച്ചത്. അയാൾ പറയുന്ന തനുസരിച്ച് അലഞ്ഞുനടക്കുന്ന നായകളുടെ ശല്യം ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നുണ്ടോ എന്ന് നോക്കുന്നത് തീർച്ചയായും പഞ്ചായത്തിന്റ ഉത്തരവാദി ത്വമാണ്. പ്രസ്തുത ആക്റ്റിലെ 166–ാം വകുപ്പ് നമ്മുടെ ആവശ്യത്തിന് പ്രസക്തമായതാണ്. അത് ഗ്രാമ പഞ്ചായത്തിന്റെ അധികാരങ്ങളും, കർത്തവ്യങ്ങളും ചുമതലകളും കൈകാര്യം ചെയ്യുന്നു. മൂന്നാം പട്ടികയിൽ എണ്ണി പറഞ്ഞിരിക്കുന്ന സംഗതികളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ആവശ്യ കതകൾ നിറവേറ്റുകയെന്നത് ഗ്രാമ പഞ്ചായ ത്തിന്റെ കർത്തവ്യമാണെന്നാണ് ആക്റ്റിലെ 166–ാം വകുപ്പ് (ക)–ാം ഉപവകുപ്പ് പറയുന്നത്.

ഈ ഉപവകുപ്പിനോട് ചേർന്നുള്ള ക്ലിപ്ത നിബന്ധന, മൂന്നാം പട്ടികയിൽ നിർബന്ധിത ചുമതലകളായി എണ്ണി പറഞ്ഞിരിക്കുന്ന സംഗതികളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത്, സ്ഥലനിവാസികൾക്ക് സേവനങ്ങൾക്ക് നൽകുകയെന്നത് ഗ്രാമ പഞ്ചായത്തിനെ നിർബന്ധിതമാക്കുന്നു.

8. മൂന്നാം പട്ടികയിലെ ഇനം നം. 27 വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിനെപ്പറ്റിയും അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനെപ്പറ്റിയും പറയുന്നു. ഈ സംഗതികളെ സംബന്ധിച്ചുള്ള ആവശ്യകതകൾ നീറവേറ്റുകയെന്നത് ഗ്രാമ പഞ്ചായത്തിന്റെ നിർബന്ധിത ചുമതല യാണെന്നതാണ് ഈ വ്യവസ്ഥകളിൽ നിന്നും വ്യക്തമാകുന്നത്, സംഭവത്തിനുശേഷം പെട്ടെന്ന് പഞ്ചായത്തെടുത്ത എക്സിബിറ്റ് ബി 3 പ്രമേയം, ഈ സംഗതി പഞ്ചായത്ത് നടപടിക്കെടുത്തുവെന്നും ഇരകൾക്ക് നഷ്ട പരിഹാരം കൊടുക്കാൻ തീരുമാനിച്ചു വെന്നുമാണ് വ്യക്തമാക്കുന്നത്. എക്സിബിറ്റ് ബി4 പ്രകാരം പരിക്കേറ്റ ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിന് സർക്കാരിൽ നിന്നും പഞ്ചായത്ത് അധിക നിധി തേടിയിട്ടുണ്ട്. എന്നാൽ, സർക്കാർ പഞ്ചായത്തിന് യാതൊരു ധനസഹായവും നൽകിയിട്ടില്ലെന്നുള്ളത് സമ്മതിച്ചിട്ടുള്ള ഒരു കാര്യമാണ്.

9. മറ്റൊരു പ്രസക്തമായ നിയമ നിർമ്മാണമാണ് 1998–ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (പന്നികളുടെയും നായ്ക്കളു ടെയും ലൈസൻസിംഗ്) ചട്ടങ്ങൾ. അലഞ്ഞു നടക്കുന്ന നായ്ക്കളെയും പന്നികളെയും പിടികൂടി നശിപ്പിക്കുകയെന്നത് എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും ഒഴിച്ചുകൂടാൻ പറ്റാത്ത ചുമതലയാണ് എന്നാണ് ചട്ടം 6 പറയുന്നത്. മറ്റൊരു പ്രസക്തമായ നിയമ നിർമ്മാണമാണ് 2001–ലെ മൃഗ ജനന നിയന്ത്രണം (നായ്ക്കൾ) ചട്ടങ്ങൾ. 1960–ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ ആക്റ്റിലെ 38–ാം വകുപ്പിൽ നിന്നും ഉള്ള അധികാരം വിനിയോഗിച്ചാണ് ഈ നിയമ നിർമ്മാണം നടത്തിയിട്ടുള്ളത്. ഈ ചട്ടങ്ങൾ പ്രകാരം, നായ്ക്കളെ രണ്ട് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു, അതായത്, (ശ) ഓമന നായ്ക്കളും (ശശ) തെരുവ് നായ്ക്കളും. ചട്ടം 7, ഈ നായ്ക്കളെ എങ്ങനെ പിടിക്കണമെന്നും /വന്ധ്യംകരണം നടത്തണമെന്നും/അണു വിമുക്ത മാക്കണമെന്നും സ്വതന്ത്രരാക്കണ മെന്നതിനെപ്പറ്റി പറയുന്നു. ചട്ടം 9, തെരുവ് നായ്ക്കളുടെ ദയാവധത്തെ കൈകാര്യം ചെയ്യുന്നു. ഈ കേസിൽ, അലഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം അകറ്റുന്നതിലേയ്ക്കായി ആക്റ്റ് പ്രകാരമോ ചട്ടപ്രകാരമോ ഉള്ള യാതൊരു നിയമപരമായ കർത്തവ്യങ്ങളും അപ്പീൽവാദി പഞ്ചായത്ത്, നിർവ്വഹിച്ചിട്ടില്ലാ യെന്നത് സമ്മതിച്ചതാണ്.

10. ഈ കോടതിയുടെ ഒരു ഡിവിഷൻ ബെഞ്ച് **ആനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ** *അഭി* **ഓംബുഡ്സ്മാൻ (2006 (2) കെ.എൽ,റ്റി 91)**–ൽ 2001–ലെ മൃഗ ജനന നിയന്ത്രണം (നായ്ക്കൾ) ചട്ടങ്ങളിലെ

വ്യവസ്ഥകളിലേയ്ക്ക് ശ്രദ്ധിക്കുകയും നായ് ചട്ടങ്ങളുടെ മേൽ 1960-ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ ആക്റ്റിലെ വ്യവസ്ഥകൾക്ക് അതിപ്രഭാവം ഉണ്ടാകുന്നതിന് കഴിയുന്നതല്ല എന്ന് റൂൾ ചെയ്തിട്ടും ഉണ്ട്. 1960-ലെ ആക്റ്റും ചട്ടങ്ങളും അലഞ്ഞു നടക്കുന്ന നായ്ക്കൾക്ക് മാത്രം ബാധകമാവുന്നുള്ളൂ. അതിൽ പ്രത്യേകമായി എടുത്ത് പറഞ്ഞിരിക്കുന്ന തെന്തന്നാൽ, പേയോ മറ്റു അസുഖങ്ങളോ ക്ലേശിപ്പിക്കുന്ന നായ്ക്കൾക്ക് അത് ബാധക മാവില്ലയെന്നതാണ്.

11. ഈ കേസിൽ, വാദിയെ കടിച്ച അലഞ്ഞു നടക്കുന്ന നായ്ക്ക് പേവിഷ ബാധയുണ്ടായിരുന്നുവെന്ന് വിധിക്കുന്നതിന് തെളിവൊന്നുമില്ല. അതുകൊണ്ട്, 1960-ലെ ആക്റ്റും ചട്ടങ്ങളും ന്യായമായും ബാധക മാക്കാവുന്നതാണ്. മേൽ ചർച്ചകളിൽ നിന്നും, അപ്പീൽവാദി പഞ്ചായത്തിന് അതിന്റെ പ്രദേശാതിർത്തിയിൽ പൗരന്മാരെ അലഞ്ഞു നടക്കുന്ന നായ്ക്കൾ കടിക്കുന്നതിൽനിന്നും തടയുന്നതിന് നടപടികളെടുക്കേണ്ട കർത്തവ്യമുണ്ടംന്നുള്ളതും വ്യക്തമാണ്. അതുകൊണ്ട്, അപ്പീൽവാദി, വാദി/1-ാം എതിർകക്ഷിക്ക് നഷ്ടപരിഹാരം നൽകുവാൻ ബാദ്ധ്യസ്ഥനാണെന്നുള്ള കീഴ് അപ്പീൽ കോടതിയുടെ കണ്ടെത്തലിൽ ഇടപെടേണ്ട ഒരു കാരണവും ഞാൻ കാണുന്നില്ല.

12. നഷ്ടപരിഹാരത്തിന്റെ അളവിനെ സംബന്ധിച്ച്, പാതി ചികിത്സാ ചെലവുകൾക്ക് അയാൾ 15,000/- രൂപ ചെലവാക്കിയതായി കാണിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടുണ്ട്. അതിനും പുറമേ അദ്ദേഹം മനോവ്യഥയ്ക്കും വേദനയ്ക്കും കഷ്ടപ്പാടിനുമായി നഷ്ട പരിഹാരത്തിന് അവകാശവാദം ഉന്നയി ച്ചിട്ടുണ്ട്. കീഴ് അപ്പീൽ കോടതി ശരിയായി നഷ്ട പരിഹാര തുക കണക്കാക്കുകയും അപ്പീൽവാദിക്ക് ആകെ നഷ്ടപരിഹാരമായി 30,000/- രൂപയും കേസ് തീയതി മുതൽ ഈടാക്കി നൽകുന്ന തീയതി വരെ 6 % വാർഷിക പലിശയും ചേർത്ത് നൽകുന്നതിന് നിർദ്ദേശം നൽകി. വസ്തുതാപരമായ സവിശേഷത കണക്കിലെടുത്ത്, കീഴ് അപ്പീൽ കോടതിയുടെ നഷ്ടപരിഹാരത്തിന്റെ അളവിന്മേലുള്ള തീരുമാനത്തിൽ ഇടപെടേണ്ട യാതൊരു കാരണവും ഞാൻ കാണുന്നില്ല. സാരവത്തായ യാതൊരു നിയമപ്രശ്നവും ഉത്ഭവിച്ചിട്ടില്ല.

ഫലത്തിൽ, കീഴ് അപ്പീൽ കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായവും, ഡിക്രിയും സ്ഥിരപ്പെടുത്തിക്കൊണ്ട് ഈ അപ്പീൽ തള്ളിക്കളയുന്നു.

കെട്ടിക്കിടക്കുന്ന എല്ലാ ഇടക്കാല അപേക്ഷകളും തള്ളിക്കളഞ്ഞിരിക്കുന്നു.

*————————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് സുനിൽ തോമസ്

ബിപിൻ

*അഭി*

മീര. ഡി.എസും മറ്റുള്ളവരും

ക്രിമിനൽ എം.സി. നം. 2990/2016

2016 ഒക്ടോബർ 13-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

2005-ലെ ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്-വകുപ്പുകൾ 3, 18, 19, 20, 21, 22-കക്ഷികൾ തമ്മിലുള്ള ഗാർഹിക ബന്ധം തകർന്നതിനു ശേഷം, വിവാഹമോചിതയായ ഭാര്യയുടെ ഏതെങ്കിലും ഒരു അപേക്ഷയെ ഒരു അപരിചിതയിൽ നിന്നും തേടപ്പെടുന്ന ഒരു നിവൃത്തിയായി മാത്രമേ കണക്കാക്കാനാവൂ എന്നും, അത് ഗാർഹിക ഹിംസയുടെ പരിധിയിൽ വരുന്നതല്ല എന്നുമായിരുന്നു ഹർജിക്കാരന്റെ പാണ്ഡിത്യമുള്ള അഭിഭാഷകന്റെ മൂന്നാമത്തെ വാദം. മുകളിൽ പറഞ്ഞതുപോലെ നിയമത്തിന്റെ പരിധി സമയപരിധിയിലും, സ്ഥലപരിധിയിലും ഒതുങ്ങിനിൽക്കുന്നില്ല. വിവാഹ മോചനത്തിനുശേഷമുള്ള അത്തരം ഒരു പ്രവർത്തന നടപടി അപൂർവ്വമായിരിക്കില്ല, എന്നാൽ അതിനെ മുൻകാലത്തിലുള്ള വിവാഹ ബന്ധവുമായി ബന്ധപ്പെടുത്തിയിട്ടുള്ളതും, ദമ്പതികൾ തമ്മിൽ വേർപിരിഞ്ഞതിനു ശേഷം പോലും, സംരക്ഷണ ഉത്തരവുകൾ തേടുവാൻ കഴിയുന്നു എന്ന് വാദിക്കുന്നതും, ഒറ്റ നോട്ടത്തിൽ പോലും വിരോധാഭാസമായി തോന്നിയേക്കാം. വിവാഹബന്ധം വേർപിരിഞ്ഞതിനു ശേഷം പോലും, മുൻവിവാഹബന്ധത്തിൽ നിന്നും ഉത്ഭവിച്ച ജീവനാംശം, കുട്ടികളുടെ സംരക്ഷണം, തുകകൾ അടയ്ക്കുന്നതിനുള്ള ബാദ്ധ്യതയോ, ലഭിച്ച ആസ്തികൾ, ബാങ്ക് അക്കൗണ്ടുകളുടെ പ്രവർത്തിപ്പിക്കൽ, കൂടാതെ ബന്ധം വേർപെടുത്തിയ ഭാര്യയുടെയും വിവാഹ ബന്ധത്തിൽ ജനിച്ച കുട്ടികളുടെയും വ്യക്തിഗത സുരക്ഷ എന്നിവ പോലുള്ള ചില ഉത്തരവാദിത്വങ്ങൾ തുടരുന്നത്, അസാധാരണമല്ല. വിവാഹബന്ധം വേർപെടുത്തപ്പെട്ട നിമിഷം മുതൽ സംരക്ഷണ ഉത്തരവിന്റെ പരിധിയും ഇല്ലാതാകുന്നു എന്ന് വിധിക്കുന്നത് യുക്തിരഹിതവും അസംബന്ധവും ആയിരിക്കുന്നതായേക്കാം. സമയത്തിന്റെയും സ്ഥലത്തിന്റെയും പരിധിയിൽ ഇത് പരിമിതപ്പെടുത്താൻ കഴിയുന്നതല്ല. കൂടാതെ, 18-ാം വകുപ്പിന്റെ വ്യാപ്തി സങ്കടപ്പെടുന്ന ആളിന്റെ തൊഴിൽ സ്ഥലത്ത് നടക്കാനിടയുള്ള ഏതെങ്കിലും ഹിംസയാലോ, അല്ലെങ്കിൽ സങ്കടപ്പെടുന്ന ആൾ ഒരു മൈനർ ആണെങ്കിൽ, കുട്ടിയുടെ വിദ്യാലയമോ, അത് സ്ഥിരമായി പോകുന്ന ഏതെങ്കിലും സ്ഥലമോ അല്ലെങ്കിൽ സങ്കടപ്പെടുന്ന ആളുമായി ഇലക്ട്രോണിക് മീഡിയ ഉൾപ്പെടെയുള്ള ഏതെങ്കിലും മാർഗ്ഗങ്ങളിലൂടെയുള്ള ആശയവിനിമയം നടത്തുവാനുള്ള ശ്രമമോ സൂചിപ്പിക്കുന്നത്

ഗാർഹിക ഹിംസ, വിവാഹം കഴിച്ചെത്തിയ വീടിന്റെ നാലു ചുമരുകൾക്കപ്പുറം പോലും നടന്നേക്കാമെന്നതിന് പര്യാപ്തമായതു പോലെ വിപുലമാകുന്നു. ആയതിനാൽ ആക്റ്റിന്റെ 3-ാം വകുപ്പിന്റെ നിർവ്വചനത്തിന് യോജിക്കുന്ന രീതിയിലുളള ഹിംസയുടെ ഏതെങ്കിലും പ്രവർത്തിയും അതിന് മുൻപുള്ള വൈവാഹിക ബന്ധത്തിനോട് ഒരു യുക്തിസഹമായ ബന്ധം ഉണ്ടെങ്കിലോ, അല്ലെങ്കിൽ ആ ബന്ധത്തിൽ നിന്നോ ബന്ധത്തിന്റെ തുടർച്ചയായി ഉത്ഭവിച്ചു വന്നതോ ആണെങ്കിൽ അത് ഗാർഹിക ഹിംസ ആക്റ്റിലെ വ്യവസ്ഥകൾക്കുള്ളിൽ ആശയപരമായി വരേണ്ടതാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ആക്റ്റിന്റെ വിപുലമായ വ്യാപ്തിയും ഉദ്ദേശ്യവും പരിഗണിക്കുമ്പോൾ (മുകളിലത്തെ) *പ്രിയയുടെ* കേസിലെ തത്വം, ഡി.വി. ആക്റ്റിന്റെ വകുപ്പ് 18-നും മറ്റ് നിവൃത്തികൾക്കും കൂടി ദീർഘിപ്പിക്കാവുന്നതാണ് എന്ന് വിധിക്കുന്നതിലേക്ക് ഞാൻ ന്യായം കാണുന്നു. ആയതിനാൽ വിവാഹ മോചിതയായ ഒരു ഭാര്യയ്ക്ക്പോലും ഡി.വി. ആക്റ്റിന്റെ 18, 19, 20, 21, 22 എന്നീ വകുപ്പുകൾ പ്രകാരമുളള ഉചിതമായ നിവൃത്തികൾ തേടാവുന്നതാണ്. ക്രിമിനൽ എം.സി തള്ളിക്കളഞ്ഞു.

### ഉത്തരവ്

2005-ലെ ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റിൻ (ഇതിനുശേഷം സംക്ഷിപ്തതക്കായി 'ഡി.വി. ആക്റ്റ്') കീഴിലുള്ള നിവൃത്തി തേടുന്നതിനായി വൈവാഹിക ബന്ധം നിലവിൽ വേണം എന്നത് ഒഴിച്ചുകൂടാനാവാത്ത ഒരു വ്യവസ്ഥ ആണോ എന്നതാണ് ഈ കേസിൽ പരിഗണിക്കപ്പെടാൻ ഉത്ഭവിച്ചിട്ടുള്ള ചെറിയ പ്രശ്നം. കൂടുതൽ കൃത്യതയോടെ, നിയമപരമായി വിവാഹമോചിതയായ ഒരു ഭാര്യക്ക് ഡി.വി ആക്റ്റിൻ കീഴിലുള്ള നിവൃത്തി തേടാൻ കഴിയുമോ എന്നതാണ്.

2. അനാവശ്യ വിശദാംശങ്ങൾ എല്ലാം എടുത്തുകളഞ്ഞശേഷം, കേസിന്റെ വസ്തുതകൾ ഹ്രസ്വമായി താഴെ പറയുന്നു. ഈ ക്രിമിനൽ എം.സി-യിലെ ഹർജ്ജിക്കാരൻ 2011-ൽ ഒന്നാം എതിർകക്ഷിയെ വിവാഹം ചെയ്തിരുന്നു. അവർക്ക് ജനിച്ച കുട്ടിയാണ് രണ്ടാം എതിർകക്ഷി. അതിനുശേഷം വൈവാഹികബന്ധം വഷളാകുകയും തുടർന്ന് ഹിന്ദു വിവാഹ ആക്റ്റിലെ 13-ബി വകുപ്പ് പ്രകാരം ആ ദമ്പതികൾ കുടുംബ കോടതിയിൽ വിവാഹമോചനത്തിന് ഒരു സംയുക്ത ഹർജി നൽകി. നിയമപരമായ ഔപചാരികതകൾ പാലിച്ചശേഷം,, മെയ് 2015-ൽ കുടുംബ കോടതി വിവാഹ മോചനം അനുവദിച്ചു നൽകി. വിധിന്യായത്തിന്റെ തീയതി മുതൽ വിവാഹം നിലവിലില്ലാത്തതാക്കി. അതിനെ തുടർന്ന് ആഗസ്റ്റ് 2015-ൽ ഡി.വി. ആക്റ്റിന്റെ 18-ഉം, 20-ഉം വകുപ്പുകളുടെ കീഴിലുളള നിവൃത്തികൾ തേടി 1-ഉം, 2-ഉം എതിർകക്ഷികൾ മജിസ്ട്രേറ്റ് കോടതിയിൽ നിലവിലത്തെ അപേക്ഷ ഫയൽ ചെയ്തു. ഗാർഹിക ഹിംസയിൽ നിന്നും സംരക്ഷണത്തിനുള്ള ഒരു ഉത്തരവ്, ഹർജിക്കാരൻ ദുരുപയോഗം ചെയ്ത ഒന്നാം എതിർകക്ഷിയുടെ 75 പവൻ സ്വർണ്ണാഭരണങ്ങളോ അതിന്റെ മൂല്യത്തിനുള്ള വിലയോ തിരിച്ചുനൽകുക, സ്വർണ്ണാഭരണങ്ങൾ സൂക്ഷിച്ചിരിക്കുന്ന ബാങ്ക് ലോക്കർ കൈകാര്യം ചെയ്യുന്നതിൽ നിന്നും അയാളെ വിലക്കിക്കൊണ്ടുള്ള ഉത്തരവ്, ഹർജിക്കാരൻ വെച്ചുകൊണ്ടിരിക്കുന്ന ഒന്നാം എതിർകക്ഷിയുടെ പാസ്പോർട്ടിന്റെ മടക്കി നൽകൽ എന്നിവയാണ് ആവശ്യപ്പെട്ട നിവൃത്തികൾ.

3. മേൽപ്പറഞ്ഞ അപേക്ഷ നിയമ നടപടിക്രമങ്ങളുടെ ഒരു ദുരുപയോഗം ആണ് എന്ന കാരണത്താൽ മേൽപ്പറഞ്ഞ നടപടികൾ റദ്ദുചെയ്യുവാൻ ഹർജിക്കാരൻ ആവശ്യപ്പെടുന്നു. ഹർജിക്കാരൻ മൂന്നു പ്രത്യേക കാരണങ്ങളാണ് അപേക്ഷിച്ചി

രിക്കുന്നത്. ഒന്നാമതായി, ഭാവിയിൽ, ഭർത്താവിൽ നിന്നും പണമോ, ആഭരണങ്ങളോ, സംരക്ഷണത്തുകയോ ഭാര്യ ആവശ്യപ്പെടില്ല എന്ന ഒരു പ്രത്യേകവും, സ്പഷ്ടവുമായ കരാറിൽ ആണ് കക്ഷികൾ പരസ്പര സമ്മതപ്രകാരം വിവാഹമോചനം ആവശ്യപ്പെട്ടിട്ടുള്ളത്. രണ്ടാമതായിട്ടുള്ളത്, വൈവാഹികബന്ധം നിലനിൽക്കുന്നതോ അല്ലെങ്കിൽ ഉണ്ടായിരുന്നതോ, വിവാഹബന്ധത്തിന്റെ സ്വഭാവത്തിൽ ഉള്ളതോ, ആയ ബന്ധം ഉള്ള ഒരു സ്ത്രീക്ക് മാത്രമേ അല്ലാതെ വിവാഹമോചനം നേടിയ ഒരു ഭാര്യയ്ക്ക് അല്ല ആവശ്യപ്പെട്ടിട്ടുള്ള നിവൃത്തികൾ അനുവദിക്കാൻ കഴിയുകയുള്ളൂ എന്നതാണ്. മൂന്നാമതായി, മറ്റെല്ലാ നിവൃത്തികളും അനുവദിക്കുവാൻ കഴിയുന്നെങ്കിൽ പോലും, വിവാഹബന്ധം വസ്തുതാപരമായും നിയമപരമായും അവസാനിപ്പിക്കപ്പെട്ടിട്ടുള്ളതിനാൽ, യാതൊരു വിധത്തിലും, വിവാഹമോചനം നേടിയ ഒരു ഭാര്യക്കോ ആ ബന്ധത്തിൽ ജനിച്ച കുട്ടിക്കോ സംരക്ഷണം നൽകുന്ന സ്വഭാവത്തിലുള്ള ഒരു നിവൃത്തി അനുവദിക്കുവാൻ കഴിയാത്തതാണ്. അല്ലാത്തപക്ഷം, അത്തരമൊരു നിവൃത്തി, ഭാര്യയുടെയും കുട്ടിയുടെയും മുഴുവൻ ജീവിതകാലത്തിനിടയിലുള്ള ഏതു സമയത്ത് വേണമെങ്കിലും ആവശ്യപ്പെടാൻ കഴിയുന്നതായിരിക്കും, ആയത് ആ നിയമത്തിൽ വിഭാവനം ചെയ്തിട്ടില്ലാത്തതാണ്.

4. മുകളിലെ വാദങ്ങൾ വിശകലനം ചെയ്യുന്നതിന് മുമ്പ്, ഗാർഹിക ഹിംസകളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുവാനും, സമൂഹത്തിൽ ഗാർഹിക ഹിംസകൾ ഉണ്ടാകുന്നത് തടയുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ഒരു പുരോഗമനവും, പ്രയോജനകരവുമായ നിയമനിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള ഡി.വി. ആക്റ്റിന്റെ പ്രാധാന്യത്തെ മനസ്സിൽ വഹിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കുടുംബത്തിനുള്ളിൽ നിന്നും ഉണ്ടാകുന്ന ഏതെങ്കിലും തരത്തിലുള്ള ഹിംസകൾക്ക് ഇരകളാകുന്ന സ്ത്രീ ഭാരതത്തിന്റെ ഭരണഘടന ഉറപ്പുനൽകുന്ന സ്ത്രീയുടെ അവകാശങ്ങളെ കൂടുതൽ ഫലപ്രദമായി സംരക്ഷിക്കുന്നതിന് അതിൽ വ്യവസ്ഥ ചെയ്യുന്നു എന്നതാണ് ആ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സങ്കടപ്പെടുന്ന ആൾ, ഗാർഹിക ബന്ധുത്വം, എതിർകക്ഷി തുടങ്ങിയവയുടെ വിശാലമായ നിർവ്വചനം വകുപ്പുകൾ 2(എ), (എഫ്), (ക്യൂ) എന്നിവയിലൂടെയും മറ്റു വ്യവസ്ഥകളിലൂടെയും, അതിന് വിശാലമായ വ്യാപ്തി ഉള്ളതായി സാക്ഷ്യപ്പെടുന്നതോടൊപ്പം മുൻകാലത്തോ ഇപ്പോഴോ ഒരു യുക്തിസഹമായ ഗാർഹിക ബന്ധുത്വം ഉണ്ടെങ്കിൽ ആക്റ്റിൻകീഴിൽ എന്തെങ്കിലും നിവൃത്തിക്കുള്ള നടപടിക്ക് ഇടയാക്കുന്നതിന് വിവാഹബന്ധത്തിന്റെ കാര്യത്തിലുള്ള സമയം, ഇടം എന്നിവയിൽ അത് ഒതുങ്ങി നിൽക്കുന്നതല്ലാത്തതും, എന്നാൽ അവയുടെ പരിധിക്കപ്പുറം പോകുന്നതും ആണ്.

5. വിവിധ ആനുകൂല്യങ്ങളും അവകാശങ്ങളും സ്വമേധയാ ഉപേക്ഷിക്കാൻ കക്ഷികൾ സമ്മതിച്ചിരിക്കുന്നു എന്ന വാദത്തോട് എനിക്ക് യോജിക്കുവാൻ കഴിയുന്നതല്ല. വിവാഹ മോചനത്തിനുള്ള സംയുക്ത അപേക്ഷയിൽ താൻ പണമോ, ആഭരണങ്ങളോ, ഭാവി ജീവനാംശമോ ആവശ്യപ്പെടില്ല എന്നുള്ള ഭാര്യയുടെ ഒരു ഏകപക്ഷീയമായ ഉറപ്പ് ഉൾപ്പെടുന്നുണ്ട്. നിലവിലുള്ള എല്ലാ അവകാശവാദങ്ങളേയും പരിഗണിച്ചുകൊണ്ട് പരസ്പരം തൃപ്തികരമായി നടത്തിയ ഒരു ഒത്തുതീർപ്പാണ് ഇതെന്ന് കാണിക്കാൻ ഇവിടെ യാതൊന്നും ഇല്ലാത്തതാണ്. അത്തരം സാഹചര്യത്തിൽ, ആ സമ്മതം ബലാൽക്കരണത്തിലൂടെയോ സാഹചര്യങ്ങളുടെ സമ്മർദ്ദത്തിലൂടെയോ ഒരു വിവാഹ മോചനത്തിന് ഭർത്താവ് സമ്മതം നൽകുന്നതിനായി എന്തിനും തുനിഞ്ഞ ഭാര്യയുടെ മേൽ

ചുമത്തിയ ഒരു വ്യവസ്ഥപോലെയോ മാത്രം അതിനെ കണക്കാക്കുന്നതിന് കഴിയുകയുള്ളു. തീർച്ചയായിട്ടും, കക്ഷികൾക്ക് അവർ തമ്മിൽ പരസ്പരം യോജിപ്പുള്ള നിബന്ധനകളിന്മേൽ തങ്ങളുടെ എല്ലാ അവകാശവാദങ്ങളിലും തൃപ്തികരമായ ഒരു ഒത്തുതീർപ്പിലേക്ക് എത്തിച്ചേരാൻ സ്വാതന്ത്ര്യമുണ്ട്. എങ്കിലും, ഡി.വി ആക്റ്റിന്റെ 19 മുതൽ 22 വരെയുള്ള വകുപ്പുകൾ പ്രകാരം ഒരു ഭാര്യയ്ക്ക് നൽകിയിരിക്കുന്ന നിയമാനുസൃത അവകാശങ്ങളെ കരാർ വഴി നീക്കം ചെയ്യുന്നത് പൊതു നയത്തിന് എതിരായിട്ടുള്ളതും അതിനാൽ, എല്ലാ അവകാശവാദങ്ങൾക്കും പരസ്പരം തൃപ്തികരമായ ഒരു ഒത്തുതീർപ്പുണ്ടാക്കിയിട്ടുണ്ടെന്ന് തെളിയിക്കുന്നതു വരെ അത് അംഗീകരിക്കാൻ കഴിയാത്തതുമാണ്. 2005-ലെ ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റിലെ വകുപ്പ് 3-ലും, ക്രിമിനൽ നടപടി നിയമസംഹിതയിലെ വകുപ്പ് 125-ലും ഈ വീക്ഷണം തീർത്തും സ്ഥാപിക്കപ്പെട്ടിട്ടുള്ള നിയമസ്ഥിതിയിൽ ബലപ്പെടുത്തിയിട്ടുള്ളതാണ് [*സദാശിവൻ പിള്ള* അഭി *വിജയലക്ഷ്മി* (1987 ക്രി.ലാ.ജേ. 765), *രഞ്ജിത് കൗർ* അഭി *പവിട്ടാർ സിംഗ്* (1992 ക്രി.ലാ.ജേ. 262) *രാജേഷ് ആർ നായർ* അഭി *മീരാ ബാബു* (2013 (2) ഐഎൽആർ (കേരള) 9) എന്നിവ കാണുക].

6. ഡി.വി. ആക്റ്റിൻ കീഴിലുള്ള ഒരു നടപടി അപേക്ഷകന്റെ നിലവിലെ സ്ഥിതിയിൽ അപ്രസക്തമാണ് എന്നതിനെ അടിസ്ഥാനമാക്കിയിട്ടുള്ള രണ്ടാമത്തെ വാദത്തെ എതിർകക്ഷികൾ പ്രതിരോധിച്ചിരിക്കുന്നു. ഇതിലെ എതിർ കക്ഷികൾ, *പ്രിയ* അഭി *ഷിബു* ((2008) (3) കെഎൽറ്റി 1) എന്നതിലെ തീരുമാനത്തെ ആശ്രയിച്ചു കൊണ്ടാണ് മേൽ വാദത്തിന് ഊന്നൽ നൽകിയിട്ടുളളത്. അതിൽ, വിവാഹമോചിതയായ ഒരു ഭാര്യയുടെ നിർദ്ദേശ പ്രകാരം ഡി.വി. ആക്റ്റിന്റെ കീഴിലുള്ള 19 (8)-ഉം, 20-ഉം വകുപ്പുകൾ പ്രകാരം ജീവനാംശത്തിനും, പണമായി നൽകിയ തുക തിരികെ നൽകുന്നതിനും, സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുന്നതിനും ഉള്ള ഒരു അപേക്ഷ നിലനിൽക്കുന്നതാണോ എന്ന ചോദ്യമാണ്, ഈ കോടതി, പരിഗണിച്ചത്. പാണ്ഡിത്യമുള്ള ജഡ്ജി തയ്യാറാക്കിയ ചോദ്യം എന്തെന്നാൽ അവകാശവാദമുന്നയിക്കുന്നതിനായി തിരഞ്ഞെടുക്കുന്ന തീയതിയിൽ അപേക്ഷകൻ എതിർകക്ഷികളുമായി ഒരു വൈവാഹിക ബന്ധത്തിൽ തുടരേണ്ടതായിട്ടുണ്ടോ എന്നും, ഹർജി ഫയൽ ചെയ്ത തീയതിയിൽ, ആക്റ്റിന്റെ വകുപ്പ് 2 (എഫ്)-ൽ പരാമർശിച്ചിട്ടുള്ളതുപോലെയുള്ള രക്തബന്ധത്തിലൂടെയോ, വിവാഹത്തിലൂടെയോ, ഏതെങ്കിലും രീതിയിലോ ബന്ധം ഉള്ള ആളുകൾ തമ്മിൽ ആ ബന്ധത്തിൽ തന്നെ തുടരേണ്ടതായിട്ടുണ്ടോ എന്നതുമാണ്. വകുപ്പ് 2 (എസ്)-ലും, അതുപോലെ തന്നെ വകുപ്പ് 2 (എ), 2 (എഫ്), 2 (ക്യു)-ലും വർത്തമാന കാലത്തിൽ ഒരു പ്രവർത്തി ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്നു എന്ന് സൂചിപ്പിക്കുന്ന തരത്തിലുള്ള "ഐതർ ലീവ്", അല്ലെങ്കിൽ "ഹു ഹാവ് ലിവിഡ്" എന്നീ വാക്കുകളുടെ ഘടനയിൽ, അപേക്ഷ സമർപ്പിക്കാൻ തിരഞ്ഞെടുത്ത തീയതിയിൽ അപേക്ഷകൻ ഒരു ഗാർഹിക ബന്ധത്തിൽ ആയിരിക്കണം എന്നത് നിർബന്ധിതമാക്കി എന്ന രീതിയിൽ വാദിക്കപ്പെട്ടു. ആ വാദത്തെ ഖണ്ഡിച്ചുകൊണ്ട് "ഹാസ് ലീവ്ഡ്", "ഹാവ് ലീവിഡ്" എന്നീ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത് മുൻകാലത്തെ ബന്ധം കാണിക്കുന്നതിനു വേണ്ടിയാണെന്നും അല്ലാതെ അത് അപേക്ഷാതീയതിയിൽ ഗാർഹിക ബന്ധുത്വം ഇല്ലാത്തപക്ഷം അപേക്ഷകന് ഒരു കക്ഷിയായി മജിസ്ട്രേറ്റിനെ സമീപിക്കാൻ അംഗീകാരമില്ല എന്നല്ല എന്ന് പാണ്ഡിത്യമുള്ള ജഡ്ജി വിധിച്ചു. ഈ കാഴ്ചപ്പാട് നിയമത്തിന്റെ ഉദ്ദേശ്യത്തിന് ഏറ്റവും പൊരുത്തപ്പെടുന്നതും

നിയമത്തിന്റെ ഏറ്റവും യുക്തിപരവും വിവേചനപരമായതുമായ വ്യാഖ്യാനവും ആണ്. ഗാർഹിക ഹിംസ നടത്തിയതിനെ പിന്തുടർന്നുകൊണ്ട് വിവാഹ മോചനത്തിനുള്ള ഒരു വിധി ദമ്പതികൾ സമ്പാദിച്ചതുമായി ബന്ധപ്പെട്ട ഒരു കേസായിരുന്നിട്ടും കൂടി ബഹു. സുപ്രീം കോടതിയുടെ *ജുവേറിയ അബ്ദുൾ മജീദ് അഭി അലീഫ് ഇഖ്ബാലും മറ്റൊരാളും* (2014 (2) കെഎൽഡി 693 (എസ് സി)-ലെ വിധിന്യായത്തിൽ അതേ തത്വം ഉൾക്കൊണ്ടിട്ടുണ്ട്. മേൽ സൂചിപ്പിച്ച തീരുമാനങ്ങളുടെ വെളിച്ചത്തിൽ, ആക്റ്റിലെ വകുപ്പ് 20 പ്രകാരം ഇതിലെ എതിർകക്ഷികൾ ആവശ്യപ്പെട്ട നിവൃത്തി തികച്ചും നിലനിൽക്കപ്പെടുന്നതാണ്.

7. കക്ഷികൾ തമ്മിലുള്ള ഗാർഹിക ബന്ധം തകർന്നതിനുശേഷം, വിവാഹ മോചിതയായ ഭാര്യയുടെ ഏതെങ്കിലും അപേക്ഷയെ ഒരു അപരിചിതയിൽ നിന്നും തേടപ്പെടുന്ന ഒരു നിവൃത്തിയായി മാത്രമേ കണക്കാക്കാനാവൂ എന്നും, അത് ഗാർഹിക ഹിംസയുടെ പരിധിയിൽ വരുന്നതല്ല എന്നുമായിരുന്നു ഹർജിക്കാരന്റെ പാണ്ഡിത്യമുള്ള അഭിഭാഷകന്റെ മൂന്നാമത്തെ വാദം. മുകളിൽ പറഞ്ഞതുപോലെ, നിയമത്തിന്റെ പരിധി സമയപരിധിയിലും, സ്ഥലപരിധിയിലും ഒതുങ്ങിനില്ക്കുന്നില്ല. വിവാഹ മോചനത്തിനു ശേഷമുള്ള അത്തരം ഒരു പ്രവർത്തന നടപടി അപൂർവ്വമായിരിക്കില്ല, എന്നാൽ അതിനെ മുൻകാലത്തിലുള്ള വിവാഹബന്ധവുമായി ബന്ധപ്പെടുത്തിയിട്ടുള്ളതും, ദമ്പതികൾ തമ്മിൽ വേർപിരിഞ്ഞതിനു ശേഷം പോലും, സംരക്ഷണ ഉത്തരവുകൾ തേടുവാൻ കഴിയുന്നു എന്ന് വാദിക്കുന്നതും ഒറ്റ നോട്ടത്തിൽ പോലും വിരോധാഭാസമായി തോന്നിയേക്കാം. വിവാഹബന്ധം വേർപിരിഞ്ഞതിനുശേഷംപോലും, മുൻവിവാഹ ബന്ധത്തിൽ നിന്നും ഉത്ഭവിച്ച ജീവനാംശം, കുട്ടികളുടെ സംരക്ഷണം, തുകകൾ അടയ്ക്കുന്നതിനുള്ള ബാദ്ധ്യത അല്ലെങ്കിൽ ലഭിച്ച ആസ്തികൾ, ബാങ്ക് അക്കൗണ്ടുകളുടെ പ്രവർത്തിപ്പിക്കൽ കൂടാതെ, ബന്ധം വേർപെടുത്തിയ ഭാര്യയുടെയും വിവാഹ ബന്ധത്തിൽ ജനിച്ച കുട്ടികളുടെയും വ്യക്തിഗത സുരക്ഷ എന്നിവപോലുള്ള ചില ഉത്തരവാദിത്വങ്ങൾ തുടരുന്നത്, അസാധാരണമല്ല. വിവാഹബന്ധം വേർപെടുത്തപ്പെട്ട നിമിഷം മുതൽ സംരക്ഷണ ഉത്തരവിന്റെ പരിധിയും ഇല്ലാതാകുന്നു എന്ന് വിധിക്കുന്നത് യുക്തിരഹിതവും അസംബന്ധവും ആയിരിക്കുന്നതായേക്കാം. സമയത്തിന്റെയും സ്ഥലത്തിന്റെയും പരിധിയിൽ ഇതിനെ പരിമിതപ്പെടുത്താൻ കഴിയുന്നതല്ല. കൂടാതെ, 18-ാം വകുപ്പിന്റെ വ്യാപ്തി, സങ്കടപ്പെടുന്ന ആളിന്റെ തൊഴിൽസ്ഥലത്ത് നടക്കാനിടയുള്ള ഏതെങ്കിലും ഹിംസയിലോ, അല്ലെങ്കിൽ സങ്കടപ്പെടുന്ന ആൾ ഒരു മൈനർ ആണെങ്കിൽ, കുട്ടിയുടെ വിദ്യാലയമോ, അത് സ്ഥിരമായി പോകുന്ന ഏതെങ്കിലും സ്ഥലമോ അല്ലെങ്കിൽ സങ്കടപ്പെടുന്ന ആളുമായി ഇലക്ട്രോണിക് മീഡിയ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെയുള്ള ആശയവിനിമയം നടത്തുവാനുള്ള ശ്രമമോ സൂചിപ്പിക്കുന്നത്. ഗാർഹിക ഹിംസ, വിവാഹത്തിനുശേഷമുള്ള വീടിന്റെ നാലു ചുമരുകൾക്കപ്പുറം പോലും നടന്നേക്കാമെന്നതിന് പര്യാപ്തമായതു പോലെ വിപുലമാകുന്നു ആയതിനാൽ, ആക്റ്റിന്റെ 3-ാം വകുപ്പിന്റെ നിർവ്വചനത്തിന് യോജിക്കുന്ന രീതിയിലുള്ള ഹിംസയുടെ ഏതെങ്കിലും പ്രവർത്തിയും, അതിന് മുൻപുള്ള വൈവാഹിക ബന്ധത്തിനോട് ഒരു യുക്തിസഹമായ ബന്ധം ഉണ്ടെങ്കിലോ, അല്ലെങ്കിൽ ആ ബന്ധത്തിൽ നിന്നോ ആ ബന്ധത്തിന്റെ തുടർച്ചയായി ഉത്ഭവിച്ചു വന്നതോ ആണെങ്കിൽ അത് ഗാർഹിക ഹിംസ ആക്റ്റിലെ വ്യവസ്ഥകൾക്കുള്ളിൽ ആശയപരമായി വരേണ്ടതാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ആക്റ്റിന്റെ വിപുലമായ

വ്യാപ്തിയും ആക്റ്റിന്റെ ഉദ്ദേശ്യവും പരിഗണിക്കപ്പെടുമ്പോൾ (മുകളിലത്തെ) *പ്രിയയുടെ* കേസിലെ തത്വം, ഡി.വി. ആക്റ്റിന്റെ വകുപ്പ് 18-നും മറ്റ് നിവൃത്തികൾക്കും കൂടി ദീർഘിപ്പിക്കാവുന്നതാണ് എന്ന് വിധിക്കുന്നതിലേക്ക് ഞാൻ ന്യായം കാണുന്നു. ആയതിനാൽ, വിവാഹ മോചിതയായ ഒരു ഭാര്യയ്ക്ക് പോലും ഡി.വി. ആക്റ്റിന്റെ 18, 19, 20, 21, 22 എന്നീ വകുപ്പുകൾ പ്രകാരമുള്ള ഉചിതമായ നിവൃത്തികൾ തേടാവുന്നതാണ്.

8. മേല്പറഞ്ഞതിന്റെ വെളിച്ചത്തിൽ, കീഴ്കോടതി മുമ്പാകെ ആവശ്യപ്പെട്ടിട്ടുള്ള നിവൃത്തികൾ നിലനിൽക്കത്തക്കതല്ല എന്ന വാദം നിയമപരമായി ശരിയല്ലാത്തതും, സാധുവായി കണക്കാക്കുവാൻ കഴിയാത്തതുമാണ്.

ക്രിമിനൽ എം.സി പരാജയപ്പെടുന്നതും തദനുസൃതമായി തള്ളിക്കളയുന്നതുമാണ്.

*————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ചീഫ് ജസ്റ്റിസ് മോഹൻ എം, ശാന്തനഗൗഡർ

&

ബഹു. ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ

റിട്ട് ഹർജി (സിവിൽ) നം. 37386/2016 (എസ്)

2017 ജനുവരി 24-ന് വിധി പുറപ്പെടുവിച്ചത്

വീണാ രവീന്ദ്രൻ

*അഭി*

കേരള സർക്കാരും മറ്റൊരാളും

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഏതെങ്കിലും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിന്റെ ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന രജിസ്ട്രേഷൻ ഫീസ് സ്വീകരിക്കുന്നതിന് എല്ലാ സബ്-രജിസ്ട്രാർമാരോടും നിർദ്ദേശിച്ചു കൊണ്ട് 26-12-2016-ന് ഒരു പരിപത്രം ഇതിനകം തന്നെ നൽകിയിട്ടുണ്ടെന്നാണ് ഈ പത്രിക വ്യക്തമായിട്ട് വെളിപ്പെടുത്തുന്നത്. ഇ-പേയ്മെന്റ് മുഖേന രജിസ്ട്രേഷൻ ഫീസ് സ്വീകരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് എടുത്തു വരുന്നു. അതിലേക്കായി, വകുപ്പ് എൻ.ഐ.സി യുടെ സാങ്കേതിക പിൻബലത്തോടെ തിരുവനന്തപുരത്തെ ശാസ്തമംഗലം സബ്-രജിസ്ട്രാർ ആഫീസിൽ 05-01-2017-ന് ഒരു പൈലറ്റ് പ്രോജക്ട് ആരംഭിച്ചു. എന്നിരുന്നാലും, സംസ്ഥാനത്തെ മറ്റ് രജിസ്ട്രേഷൻ ആഫീസുകളിൽ ഈ സംവിധാനം നടപ്പാക്കാൻ വകുപ്പിന് കൂടുതൽ സമയം ആവശ്യമായിട്ടുണ്ട്.**

**രണ്ടാം എതിർകക്ഷി ഫയൽ ചെയ്ത പത്രികയിൽ ഹർജികക്ഷി സംതൃപ്തനായതിനാലും രണ്ടാം എതിർകക്ഷി മതിയായ സുരക്ഷാ സംവിധാനങ്ങൾ സ്വീകരിച്ചിട്ടുള്ളതായി ഞങ്ങൾക്കും തോന്നുന്നതിനാലും ഈ റിട്ട് ഹർജിയിൽ മറ്റൊരു നിർദ്ദേശം നൽകേണ്ട ആവശ്യമില്ലാത്തതാണ്. അതനുസരിച്ച്, രണ്ടാം എതിർകക്ഷി ഫയൽ ചെയ്ത പത്രിക രേഖപ്പെടുത്തിക്കൊണ്ട് റിട്ട് ഹർജി തീർപ്പാക്കുന്നു.**

### വിധിന്യായം

ചീഫ് ജസ്റ്റീസ് മോഹൻ എം. ശാന്തനഗൗഡർ,

താഴെ പറയുന്ന നിവൃത്തി തേടി ഒരു പൊതുതാത്പര്യ വ്യവഹാരമായിട്ടാണ് ഈ റിട്ട് ഹർജി സമർപ്പിച്ചിട്ടുള്ളത്.

സ്റ്റാമ്പ് ഡ്യൂട്ടി സ്വീകരിക്കുന്നതിനായി എൻഇഎഫ്ടി/ആർടിജിഎസ് സൗകര്യം അല്ലെങ്കിൽ പണമടയ്ക്കൽ ഒഴികെയുള്ള മറ്റേതെങ്കിലും സംവിധാനം മുഖേന രജിസ്ട്രേഷൻ ഫീ നൽകുന്നത് അനുവദിക്കുന്നതിന് എതിർകക്ഷികളോട് നിർദ്ദേശിച്ചു കൊണ്ട് ഒരു മാൻഡമസ് റിട്ടോ, മറ്റേതെങ്കിലും ഉചിതമായ റിട്ടോ ഉത്തരവോ പുറപ്പെടുവിക്കുന്നതിന്.

2. ഫലത്തിൽ, രജിസ്ട്രേഷൻ അധികാരികൾ രജിസ്ട്രേഷന്റെ ആവശ്യത്തിനായി രജിസ്ട്രേഷൻ ആഫീസിൽ വരുന്ന ആൾക്കാരോടു പണമായി രജിസ്ട്രേഷൻ

ഫീസ് ഒടുക്കാൻ നിർബന്ധിക്കുന്നതു മൂലം, കേരള സംസ്ഥാനത്ത് രേഖകൾ രജിസ്റ്റർ ചെയ്യാൻ ഹർജികക്ഷി നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾ എടുത്തു കാണിച്ചിരിക്കുന്നു. 1908-ലെ രജിസ്ട്രേഷൻ ആക്റ്റിന്റെ കീഴിൽ രജിസ്ട്രേഷൻ ഫീസായി മൊത്തം വില്പന വിലയുടെ 12% നൽകേണ്ടതും, രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നതിന് ആർടിജിഎസ് സംവിധാനം ഇതുവരെ ല ൃമല്ലാത്തതിനാൽ ആയത് പണം ആയി നൽകേണ്ടതുമാണ്. 1934-ലെ ഭാരതീയ റിസർവ്വ് ബാങ്ക് ആക്റ്റിലെ വകുപ്പ് 26 (2) (vi)-ഉം (vii)-ഉം ആജ്ഞാപിക്കുന്നതെന്തെന്നാൽ ബാങ്ക് അക്കൗണ്ട് വഴി കൗണ്ടറിൽ കൂടിയുള്ള പണം പിൻവലിക്കൽ ഒരാഴ്ചയിൽ 24,000 രൂപയെന്ന് പരിമിതിക്ക് വിധേയമായി പ്രതിദിനം 10,000 രൂപയാക്കി പരിമിതപ്പെടുത്തുകയും അതോടൊപ്പം ചെക്കുകൾ, ഡിമാന്റ് ഡ്രാഫ്റ്റ്. ക്രഡിറ്റ് അല്ലെങ്കിൽ ഡെബിറ്റ് കാർഡുകൾ, വാലറ്റ്സും, ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ സംവിധാനങ്ങളോ അതുപോലുള്ളതോ ആയ ഏതെങ്കിലും പണരഹിത ഇടപാടുകൾ വഴി ഒരാളുടെ അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിൽ യാതൊരു നിയന്ത്രണവുമില്ല എന്നതാണ്. അതുകൊണ്ട് ഹർജികക്ഷിപറയുന്നതനുസരിച്ച്, രജിസ്ട്രേഷൻ ഫീ ഒടുക്കുന്നതിന് ഭീമമായ പണത്തിന്റെ മൂല്യത്തിൽ പണം പിൻവലിക്കുന്നതിന് കഴിയാത്തതാകുന്നു. ആ കാര്യത്തിൽ, സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തതുപോലെ എൻഇഎഫ്ടി/ആർടിജിഎസ് സൗകര്യമോ മറ്റേതെങ്കിലും സംവിധാനമോ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിനായി അനുവദിക്കുന്നതിന് ഒരു നിർദ്ദേശം നൽകണമെന്നാണ് ഹർജികക്ഷി പ്രാർത്ഥിച്ചിട്ടുള്ളത്.

3. രണ്ടാം എതിർകക്ഷി 17-01-2017-ന് ഒരു പത്രിക ഫയൽ ചെയ്തു, അതിലെ പ്രസക്തമായ ഭാഗം ഇപ്രകാരം വായിക്കാം: ധനകാര്യ മന്ത്രാലയത്തിന്റെ 08-11-2016-ലെ വിജ്ഞാപനം നം. എസ്.ഒ. 3407 (ഇ) പ്രകാരം ഭാരത സർക്കാർ 500 രൂപയുടേയും, 1000 രൂപയുടേയും കറൻസി നോട്ടുകൾ അസാധുവാക്കുകയും അത് കാരണം ഭൂമി രജിസ്ട്രേഷനിൽ നിന്നുള്ള വരുമാനം താഴ്ന്ന നിലയിൽ എത്തിയതിനാൽ അത് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ വലിയ തോതിൽ മോശമായി ബാധിച്ചു എന്ന് ബോധിപ്പിക്കുന്നു. ബാധിച്ചു എന്ന് ബോധിപ്പിക്കുന്നു. നോട്ട് അസാധുവാക്കലിന്റെ പശ്ചാത്തലത്തിൽ, ഇപ്പോൾ കേരള സർക്കാർ ഏതെങ്കിലും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിന്റെ ഡിമാന്റ് ഡ്രാഫ്റ്റ് വഴി രജിസ്ട്രേഷൻ ഫീസ് സ്വീകരിക്കാൻ 26-12-2016 തീയതിയിലെ പരിപത്രം മുഖേന എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇ-പേയ്മെന്റ് മുഖേന രജിസ്ട്രേഷൻ ഫീസ് സ്വീകരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചതായും കൂടി ബോധിപ്പിക്കുന്നു. ഇതുമായി ബന്ധപ്പെട്ട്, തിരുവനന്തപുരം ജില്ലയിലെ ശാസ്തമംഗലം സബ്-രജിസ്ട്രാർ ആഫീസിൽ, ദേശീയ ഇൻഫോമാറ്റിക് സെന്ററിന്റെ സാങ്കേതിക പിൻബലത്തോടെ 05-01-2017-ന് വകുപ്പ് ഒരു പൈലറ്റ് പ്രോജക്റ്റ് ആരംഭിച്ചു. സംസ്ഥാനത്തിലെ മറ്റ് രജിസ്ട്രേഷൻ ആഫീസുകളിൽ ഈ സംവിധാനം നടപ്പാക്കുന്നതിന് വകുപ്പിന് കൂടുതൽ സമയം ആവശ്യമുണ്ട്. മറ്റ് രജിസ്ട്രേഷൻ ആഫീസുകളിൽ ഈ സംവിധാനം നടപ്പാക്കുന്നതിന് വകുപ്പിന് കൂടുതൽ സമയം ആവശ്യമുണ്ട്.

ഇപ്പോൾ രജിസ്ട്രേഷൻ ഫീസ്, പണമായും ഡിമാന്റ് ഡ്രാഫ്റ്റായും രണ്ടുമായും ശേഖരിച്ചു കൊണ്ടിരിക്കുകയാൽ ഹർജികക്ഷിയുടെ ആവലാതി ഒരു പരിധിവരെ പരിഹരിക്കപ്പെട്ടിരിക്കുന്നു. വകുപ്പിൽ ആരംഭിച്ച പൈലറ്റ് പ്രോജക്റ്റിന്റെ പ്രായോഗികത പരിശോധിച്ചശേഷം ഒരു മാസത്തിനകം വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം പ്രാവർത്തികമാക്കുന്നതാണ്.

4. മുകളിൽ പറഞ്ഞിരിക്കുന്ന പത്രിക തിരുവനന്തപുരത്തെ ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ യഥാവിധി ഒപ്പു വച്ചതാണ്. ഈ പത്രികയുടെ ഉള്ളടക്കം രേഖപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും ദേശ സാൽകൃത/ഷെഡ്യൂൾഡ് ബാങ്കിന്റെ ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന രജിസ്ട്രേഷൻ ഫീസ് സ്വീകരിക്കുന്നതിന് എല്ലാ സബ്- രജിസ്ട്രാർ മാരോടും നിർദ്ദേശിച്ചുകൊണ്ട് 26-12-2016-ന് ഒരു പരിപത്രം ഇതിനകം തന്നെ നൽകിയിട്ടു ണ്ടെന്നാണ് ഈ പത്രിക വ്യക്തമായിട്ട് വെളിപ്പെടുത്തുന്നത്.

ഇ-പേയ്മെന്റ് മുഖേന രജിസ്ട്രേഷൻ ഫീസ് സ്വീകരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് എടുത്തുവരുന്നു. അതിലേക്കായി, വകുപ്പ് എൻ.ഐ.സി യുടെ സാങ്കേതിക പിൻബലത്തോടെ തിരുവനന്തപുരത്തെ ശാസ്തമംഗലം സബ് രജിസ്ട്രാർ ആഫീസിൽ 05-01-2017-ന് ഒരു പൈലറ്റ് പ്രോജക്ട് ആരംഭിച്ചു. എന്നിരുന്നാലും, സംസ്ഥാനത്തെ മറ്റ് രജിസ്ട്രേഷൻ ആഫീസുകളിൽ ഈ സംവിധാനം നടപ്പാക്കാൻ വകുപ്പിന് കൂടുതൽ സമയം ആവശ്യമായിട്ടുണ്ട്.

രണ്ടാം എതിർകക്ഷി ഫയൽ ചെയ്ത പത്രികയിൽ ഹർജികക്ഷി സംതൃപ്തനായ തിനാലും രണ്ടാം എതിർകക്ഷി മതിയായ സുരക്ഷാ സംവിധാനങ്ങൾ സ്വീകരിച്ചിട്ടു ള്ളതായി ഞങ്ങൾക്കും തോന്നുന്നതിനാലും ഈ റിട്ട് ഹർജിയിൽ മറ്റൊരു നിർദ്ദേശം നൽകേണ്ട ആവശ്യമില്ലാത്തതാണ്. അതനുസരിച്ച്, രണ്ടാം എതിർകക്ഷി ഫയൽ ചെയ്ത പത്രിക രേഖപ്പെടുത്തിക്കൊണ്ട് റിട്ട് ഹർജി തീർപ്പാക്കുന്നു.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ചീഫ് ജസ്റ്റിസ് നവനിതി പ്രസാദ് സിംഗ്**

**&**

**ബഹു. ജസ്റ്റിസ് ആന്റണി ഡൊമിനിക്**

**കുഞ്ഞി മുഹമ്മദ്. കെ-യും മറ്റൊരാളും**

*അഭി*

**മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കലിന് ജില്ലാതലത്തിൽ അധികാരപ്പെടുത്തിയ സമിതി, തൃശ്ശൂരും മറ്റുള്ളവരും**

**റിട്ട് അപ്പീൽ നമ്പരുകൾ 560 & 561/2017**

**2017 മാർച്ച് 22-ന് വിധി കൽപ്പിച്ചത്**

## വിധി ന്യായത്തിലെ പ്രസക്തഭാഗങ്ങൾ

### വിധിന്യായം

ചീഫ് ജസ്റ്റിസ് നവനിതി പ്രസാദ് സിംഗ്.

പോലീസിന് ''അധികാരപ്പെടുത്തിയ സമിതി'' എഴുതിയ കത്തുകളെ ചോദ്യം ചെയ്തുകൊണ്ടുള്ള റിട്ട് ഹർജിക്കാരുടെ ഡബ്ല്യൂ.പി (സി) നമ്പരുകൾ 6473-ലും 6774/ 2017-ലും ഈ കോടതിയുടെ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി 06-03-2017-ന് പാസ്സാക്കിയ ഒരു പൊതു വിധിന്യായത്തിനെതിരെയാണ് ഈ രണ്ട് അപ്പീലുകളും ഉത്ഭവിച്ചിരിക്കുത്. ആ പരിശോധന റിപ്പോർട്ടുകൾ ചോദ്യം ചെയ്യപ്പെടുകയും ആ ചോദ്യം ചെയ്യൽ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി നിരസിക്കുകയും ചെയ്തു.

2. ഹ്രസ്വമായ പ്രശ്നം എന്തെന്നാൽ 1994-ലെ മനുഷ്യാവയവങ്ങളും കോശജാലങ്ങളും മാറ്റിവയ്ക്കൽ ആക്റ്റിലെ വകുപ്പ് 24 പ്രകാരം രൂപപ്പെടുത്തിയ 2014-ലെ മനുഷ്യാവയവങ്ങളും കോശജാലങ്ങളും മാറ്റിവയ്ക്കൽ ചട്ടങ്ങളിലെ ചട്ടം 7-ഉം, വിശിഷ്യാ ചട്ടം 7(3)-ഉം, പോലീസിനെ പോലെ ഒരു മൂന്നാം ഏജൻസിയെ പരിശോധനകൾ നടത്തുതിനായി ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എതാണ്. സൗകര്യത്തിനായി, ചട്ടം 7(3) പൂർണ്ണമായിട്ട് നമുക്ക് താഴെ ഉദ്ധരിക്കാം:

'7(3) നിർദ്ദിഷ്ട ദാനദാതാവും സ്വീകർത്താവും അടുത്ത ബന്ധുക്കളല്ലാത്തപ്പോൾ, അധികാരപ്പെടുത്തിയ സമിതി,-

(i) സ്വീകർത്താവും ദാനദാതാവും തമ്മിൽ യാതൊരു വാണിജ്യ ഇടപാടുകളും ഇല്ലെന്നും ദാനദാതാവിന് യാതൊരു പണം നൽകലും നടത്തിയില്ലെന്നും ദാനദാതാവിനോടോ ഏതെങ്കിലും മറ്റ് ആളിനോടോ വാഗ്ദാനം നൽകിയിട്ടില്ലെന്നും വിലയിരുത്തേണ്ടതാണ്;

(ii) അവർ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചും സമ്മതം നൽകുന്നതിലേക്ക് നയിച്ചിട്ടുള്ള ചുറ്റുപാടുകളെ സംബന്ധിച്ചും ഒരു വിശദീകരണം തയ്യാറാക്കേണ്ടതാണ്;

(iii) ദാനദാതാവ് എന്തു കാരണത്താലാണ് ദാനം ചെയ്യുന്നതിന് ആഗ്രഹിക്കുന്നതെന്ന് പരിശോധിക്കേണ്ടതാണ്;

(iv) ബന്ധത്തിന്റെ രേഖാമൂലമുള്ള തെളിവ്, അതായത്, അവർ തമ്മിൽ ഒരുമിച്ച് താമസിക്കുന്നു എന്നത് മുതലായവയുടെ തെളിവ് പരിശോധിക്കേണ്ടതാണ്;

(v) ദാനദാതാവും സ്വീകർത്താവും ഒരുമിച്ചിരുന്നു എന്ന് കാണിക്കുന്ന പഴയ ഫോട്ടോ ഗ്രാഫുകൾപരിശോധിക്കേണ്ടതാണ്;

(vi) ഏതെങ്കിലും മദ്ധ്യസ്ഥനോ ദല്ലാളോ ഉൾപ്പെട്ടിട്ടില്ലെന്ന് വിലയിരുത്തേണ്ടതാണ്;

(vii) ദാനദാതാവിന്റേയോ സ്വീകർത്താവിന്റേയോ ധനസ്ഥിതി അവരുടെ ജോലിയും തൊട്ടുമുമ്പത്തെ മൂന്ന് ധനകാര്യ വർഷത്തിലെ ആദായവും സംബന്ധിച്ച് ഉചിതമായ തെളിവുകൾ നൽകുന്നതിന് അവരോട് ആവശ്യപ്പെട്ട് വിലയിരുത്തേണ്ടതും വാണിജ്യ ഇടപാട് തടയുന്ന ഉദ്ദേശ്യത്തിന്റെ പശ്ചാത്തലത്തിൽ ഏതെങ്കിലും വലിയ അന്തരം രണ്ടുപേരുടേയും സ്ഥിതിയിൽ ഉണ്ടോ എന്ന് വിലയിരുത്തേണ്ടതാണ്;

(viii) ദാനദാതാവ് ഒരു ലഹരി മരുന്നിന് അടിമ അല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്;

(ix) അടുത്ത ബന്ധുവോ, അടുത്ത ബന്ധുക്കളില്ലെങ്കിൽ, ഏതെങ്കിലും മുതിർ ആളിന് ദാനദാതാവുമായി രക്തബന്ധമുണ്ടെങ്കിലോ, ബന്ധമില്ലാത്ത ദാനദാതാവിനെ അവന്റെയോ അവരുടെയോ ഒരു അവയവമോ കോശകലയോ ദാനം ചെയ്യുന്ന ഉദ്ദേശ്യത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുതിന് മുഖാമുഖം നടത്തേണ്ടതും ദാനദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധത്തിന്റെ അധികാരിതയും, ദാനത്തിന്റെ കാരണങ്ങളും ഏതെങ്കിലും ശക്തമായ അഭിപ്രായമോ എതിർപ്പോ അത്തരം ബന്ധുവുമായുളള തടസ്സമോ രേഖപ്പെടുത്തേണ്ടതും ശ്രദ്ധയിൽ എടുക്കേണ്ടതും ആണ്'.

3. പ്രാഥമികമായി ചട്ടം 7-ന് അനുസൃതമായി, അവയവങ്ങളുടെ ദാനം വാണിജ്യവൽക്കരിക്കപ്പെടുന്നത് മുഖ്യമായും തടയുതിലേയ്ക്കായി അധികാരപ്പെടുത്തിയ സമിതി ചട്ടം 7(3)-ൽ പ്രതിപാദിച്ചിട്ടുള്ള വിവിധ വിഷയങ്ങളിലും സ്വയം തൃപ്തി വരുത്തേണ്ടതുണ്ടെന്ന് അപ്പീൽവാദികളുടെ പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. ആ ബോധിപ്പിക്കലിന് ഞങ്ങൾക്ക് തർക്കിക്കാൻ കഴിയുതല്ല.

4. 1995-ലെ മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ ചട്ടങ്ങളിലെ വ്യവസ്ഥ, പ്രത്യേകമായിട്ട് അതിലെ ചട്ടം 4 എ (4) (v)-യും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഒരു വേർതിരിവ് കാണാനാകും എട്ട് അപ്പീൽവാദികളുടെ പാണ്ഡിത്യമുള്ള അഭിഭാഷകൻ വീണ്ടും ബോധിപ്പിച്ചു. മേൽപ്പറഞ്ഞ വ്യവസ്ഥ താഴെക്കൊടുക്കുന്നത് പോലെ വായിക്കാവുന്നതാണ്.

"4 എ (4)(v) ദാതാവ് മയക്കുമരുന്നിന് ഒരു അടിമയോ, അറിയപ്പെടുന്ന ക്രിമിനൽ പശ്ചാത്തലം ഉള്ള ആളോ ആകാൻ പാടില്ലാത്തതാണ്;"

5. 2014-ലെ മനുഷ്യാവയവങ്ങളും കോശജാലങ്ങളും മാറ്റിവയ്ക്കൽ ചട്ടങ്ങളിലെ ചട്ടം 7(3) viii)-ഉം, 1995-ലെ മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ ചട്ടങ്ങളിലെ ചട്ടം 4 എ (4)(v)-യും തമ്മിൽ ഒരു താരതമ്യപ്പെടുത്തൽ നടത്തിയാൽ 'ക്രിമിനൽ പശ്ചാത്തലമുള്ള ഒരു ആൾ' എ പദപ്രയോഗം ഇപ്പോഴത്തെ ചട്ടങ്ങളിൽ ഇല്ലാത്ത ഒന്നായി കാണാൻ സാധിക്കുന്നതാണ്. അവിടെ പോലീസിന്റെ അന്വേഷണം ഉദ്ദേശിക്കുന്നില്ല എന്നത് ഇതിൽ നിന്നും വ്യക്തമായി കാണിക്കുന്നതായി ബോധിപ്പിച്ചു. ആക്റ്റിലും ചട്ടങ്ങളിലും വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ ഒന്നും തന്നെ ഉല്ലംഘിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടത് പ്രധാനമായും അധികാരപ്പെടുത്തിയ സമിതി ആണ് എന്ന് ബോധിപ്പിക്കുകയുണ്ടായി.

6. ഞങ്ങൾ ഈ വിഷയം പരിഗണിക്കുകയും, ഞങ്ങളുടെ വീക്ഷണത്തിൽ ബോധിപ്പിച്ചിട്ടുള്ളത് ശരിയാണ് എന്നതുമാണ്, എന്നാൽ അത് മാത്രവുമല്ല. ചട്ടങ്ങളെ പറ്റിയുള്ള സൂചന വെളിവാക്കുതെന്തെന്നാൽ അധികാരപ്പെടുത്തിയ സമിതിയാണ് തീരുമാനമെടുക്കേണ്ടത് എന്നതാണ്. ആ കണ്ടെത്തലുകളിലേക്ക് എത്തിച്ചേരുതിനുള്ള


5/475/2017 - 10

വഴികളും മാർഗ്ഗങ്ങളും അത് തന്നെ രൂപപ്പെടുത്തേണ്ടതായിട്ടുണ്ട്. ഉദ്യോഗസ്ഥ തലത്തിൽ തീരുമാനമെടുക്കുന്നതിലുള്ള കാലതാമസവും ചുവപ്പുനാടയും കുറയ്ക്കുതിനായി മറ്റുള്ളവർക്ക് വികേന്ദ്രീകരിച്ചു നൽകാതെ അവർ തന്നെ നേരിന്ന് തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്. ഫലത്തിൽ ഒരു ആൾ മരണക്കിടക്കയിൽ ആയിരിക്കുകയും സമയം കാതലായിട്ടുള്ളതും ആയ ഒരു സ്ഥിതിവിശേഷം അവർ കൈകാര്യം ചെയ്യുതിനാൽ ഇത് ഒരു വലിയ അളവു വരെ ഒരു തീരുമാനം എടുക്കുന്നതിനുളള കാലതാമസം കുറയ്ക്കുന്നതാണ്.

7. എന്നാൽ, ഏതൊരു സാഹചര്യത്തിലും പോലീസിന്റെ സഹായം എടുക്കാൻ പാടില്ല എന്ന സമർപ്പണത്തോട് ഞങ്ങൾക്ക് യോജിപ്പില്ല. ഞങ്ങൾ വിവിധ ഉപചട്ടങ്ങൾ സൂചിപ്പിക്കുമ്പോൾ വ്യത്യസ്ത പരിഗണനകൾ അന്വേഷിക്കേണ്ടതായിട്ട് വരുന്നുണ്ട്. എന്നാൽ, തൃപ്തിപ്പെടലിൽ എത്തിച്ചേരുതിനായി സാധാരണയായി അധികാരപ്പെടുത്തിയ സമിതി സത്യവാങ്മൂലവും, സാക്ഷ്യപ്പെടുത്തലുകളും മുഖേന അതിനുള്ള വഴികളും മാർഗ്ഗങ്ങളും രൂപപ്പെടുത്താറുണ്ട്. അവകാശ വാദങ്ങളുടെ സത്യാവസ്ഥയിലോ ആളുകളുടെ ഉദ്ദേശശുദ്ധിയിലോ, ഹാജരാക്കിയ രേഖകളുടെ വിശ്വാസ്യതയിലോ ഉദ്ദേശ ശുദ്ധിയിലോ അധികാരപ്പെടുത്തിയ സമിതി സംശയം പ്രകടിപ്പിക്കുന്ന പക്ഷം മാത്രമേ പോലീസിന് ഇടപെടാനോ അല്ലെങ്കിൽ പോലീസിനെ ഇടപെടീക്കാനോ സാധ്യമാകുകയുള്ളൂ, മറിച്ചാണെങ്കിൽ സാധിക്കുകയുമില്ല. സാധാരണ ഗതിയിൽ എല്ലാ കേസുകളിലും പോലീസ് മുഖാന്തരം പതിവ് രീതിയിലുള്ള സത്യബോധ്യപ്പെടുത്തൽ ഒഴിവാക്കേണ്ടതാണ്. അത് നേരത്തേ പീഡനം അനുഭവിച്ച ആളിന്റെ സമയം ലാഭിപ്പിക്കുകയും പീഡനത്തിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നു. പ്രധാന പരിഗണന എന്തൊൽ, അവയവദാന സംഗതികളിൽ വാണിജ്യവത്കരണം ഇല്ല എന്നതായിരിക്കേണ്ടതാണ്. ഓർഗനൈസേഷൻ സമിതിക്ക്, വിവിധ സർട്ടിഫിക്കറ്റുകളും രേഖകളും തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പായി ഫയൽ ചെയ്യേണ്ടത് ആവശ്യമായിട്ടുള്ളതിനാൽ, അവ അവർക്ക് തീർച്ചയായിട്ടും കണ്ടുപിടിക്കുന്നതിന് കഴിയുന്നതാണ്.

8. ആയതിനാൽ, മേൽ സൂചിപ്പിച്ചിടത്തോളം, പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ കാഴ്ചപ്പാടുകളോട് ഞങ്ങൾ യോജിക്കുന്നില്ല. അത് അപ്രകാരം ആണെന്നിരിക്കെ, അഹമ്മദ് നൗഷാദ് അഭി തൃശ്ശൂരിലെ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കലിന്റെ ജില്ലാതല അധികാരപ്പെടുത്തിയ സമിതിയും മറ്റുള്ളവരും (2016(3)കെ.എച്ച്.സി969) എ മുൻപുള്ള വിധിന്യായത്തിൽ ഈ കോടതിയുടെ ഒരു സിംഗിൾ ജഡ്ജി ചട്ടങ്ങൾ പരിശോധിച്ച ശേഷം അധികാരപ്പെടുത്തിയ സമിതിക്ക്, വിഷയം പോലീസിനോട് അന്വേഷിക്കാൻ ആവശ്യപ്പെടാനാവില്ല എന്ന് വിധിച്ചുകൊണ്ട് റിട്ട് ഹർജി അനുവദിച്ചത് ഞങ്ങൾ കുറിക്കുകയും കൂടി ചെയ്യുന്നു.

9. മേൽപ്പറഞ്ഞ കാരണങ്ങളാൽ, ഈ വിധി ഞങ്ങൾ ഇപ്പോൾ മുകളിൽ എടുത്തിട്ടുളളതും സൂചിപ്പിച്ചിട്ടുള്ളതും പോലെയുള്ള ആശയങ്ങളുമായി കൂട്ടിവായിക്കേണ്ടതാണ് എന്നതാണ് ഞങ്ങളുടെ അഭിപ്രായം.

10. നിയമത്തിനും ഈ കോടതിയുടെ നിരീക്ഷണങ്ങൾക്കും അനുസൃതമായി ഈ വിഷയത്തിൽ ധൃതഗതിയിൽ തീരുമാനങ്ങൾ എടുക്കാൻ ബന്ധപ്പെട്ട അധികാരപ്പെടുത്തിയ സമിതിയോട് ഞങ്ങൾ തദനുസൃതമായി നിർദ്ദേശിക്കുന്നു.

അതിൻപ്രകാരം ഈ അപ്പീലുകൾ തീർപ്പാക്കപ്പെടുന്നു.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എ. മുഹമ്മദ് മുസ്താഖ്

കൃഷ്ണൻകുട്ടി

ആർ. രവികുമാർ

അഭി

ജാനകിയും മറ്റുള്ളവരും

ആദ്യഹർജി (സിവിൾ) നമ്പർ 1834/2016

2017 മാർച്ച് 23-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**മറുകക്ഷിയുടെ സമ്മതമില്ലാതെ ഒരു കക്ഷിക്കും കരാറിലെ വ്യവസ്ഥകൾ മാറ്റാൻ കഴിയുകയില്ല. വാദിക്ക് താമസിച്ചുള്ള പണം കൊടുക്കലിനു ന്യായീകരിക്കാവുന്ന കാരണങ്ങൾ കണ്ടേക്കാം. എന്നാൽ ആ കാരണങ്ങൾ ഒത്തുതീർപ്പിലെ വ്യവസ്ഥകൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതായിരിക്കണം - ഹർജി തള്ളിക്കളഞ്ഞു.**

### വിധിന്യായം

ബലാൽക്കാരമായ ഒഴിപ്പിക്കലിനെതിരെ നിരോധന ഉത്തരവിനു വേണ്ടിയുള്ള ഒരു വ്യവഹാരത്തിൽ മദ്ധ്യസ്ഥതയിലൂടെ കക്ഷികൾ തർക്കം ഒത്തുതീർത്തിട്ടുള്ളതാണ്. ഒത്തുതീർപ്പനുസരിച്ച്, പ്രതികൾക്ക് 12 ലക്ഷം രൂപ കൊടുക്കണമെന്നും പ്രതികൾ 16.5.2014-നു മുമ്പായി വാദിയുടെ പേരിൽ ഒരു വിലയാധാരം ഒപ്പിട്ട് പൂർത്തീകരിച്ച് രജിസ്റ്റർ ചെയ്ത് കൊടുക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാദി വീഴ്ച വരുത്തുന്ന പക്ഷം പട്ടികവസ്തു പ്രതികൾക്ക് വിട്ടു നൽകാമെന്നും കൂടി സമ്മതിച്ചിട്ടുള്ളതാണ്. പ്രതികൾ വിലയാധാരം എഴുതി കൊടുക്കുതിൽ പരാജയപ്പെട്ടാൽ വാദിക്ക് 12 ലക്ഷം രൂപ കെട്ടിവയ്ക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും കീഴ്കോടതിയിലൂടെ വിലയാധാരം ഒപ്പിട്ട് പൂർത്തീകരിച്ച് നൽകാമെന്നും കൂടി സമ്മതിച്ചിട്ടുള്ളതാണ്. നടത്തിപ്പിനുവേണ്ടി 16.5.2014 ആണ് സമയപരിധിയായി നിശ്ചയിച്ചിരുന്നത്. വാദിയാലുള്ള പണം കൊടുക്കൽ നടപ്പിൽ വരുത്തുന്നതിനു വേണ്ടിയും ഒരു സമയപരിധി നിശ്ചയിച്ചിരുന്നു. സാമ്പത്തിക പരിമിതികൾ മൂലം സമയപരിധിക്കുള്ളിൽ ആ തുക കൊടുക്കാൻ അയാൾക്കു കഴിഞ്ഞിട്ടില്ലെന്നതും കൂടി അയാളുടെ കേസാണ്. സമയപരിധിക്കുള്ളിൽ വാദി തുക കെട്ടിവെയ്ക്കാൻ പരാജയപ്പെട്ടതിനാൽ പ്രതികൾ ഒരു വിധി നടത്തൽ ഹർജി സമർപ്പിച്ചിട്ടുള്ളതാണ്. വിധി നടത്തൽ ഹർജിയിൽ ഒ.പി.സി. 1834/2016 ആയി കൈമാറ്റം ഉത്തരവായിട്ടുള്ളതാണ്. വിധി നടത്തൽ നടപടികളെ എതിർത്തുകൊണ്ടാണ് ഹർജികക്ഷി ഈ കോടതിയെ സമീപിച്ചിട്ടുള്ളത്. ഒത്തുതീർപ്പ് ഒരു കരാറല്ലാതെ മറ്റൊന്നുമല്ല. മറു കക്ഷിയുടെ പൂർണ്ണ സമ്മതമില്ലാതെ യാതൊരു കക്ഷിക്കും കരാറിലെ വ്യവസ്ഥകൾ വ്യത്യാസപ്പെടുത്താൻ

കഴിയുകയില്ല. വാദിയ്ക്ക് താമസിച്ച് പണം കൊടുക്കലിന് ന്യായീകരിക്കാവുന്ന കാരണങ്ങൾ കണ്ടേക്കാം എന്നാൽ ആ കാരണം എത്തിച്ചേർന്ന ഒത്തുതീർപ്പിലെ വ്യവസ്ഥകളെ ഉൾക്കൊള്ളാൻ കഴിയുന്നതായിരിക്കണം. ഇപ്പോൾ ഉന്നയിച്ചിട്ടുള്ള കാരണങ്ങൾ കരാറിലെ നിബന്ധനകൾക്കും ഉപാധികൾക്കും അപ്പുറമാണ്. അത് അങ്ങനെയായിരിക്കെ, ഒത്തുതീർപ്പിന്റെ വെളിച്ചത്തിൽ, കൈമാറ്റം എടുക്കുന്നതിലേക്കായി വിധി നടപ്പാക്കൽ ഹർജി സമർപ്പിക്കുന്നതിന് പ്രതികളെ വഴി തെളിയിക്കുക വഴി വാദി വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ഊഹിക്കാവുതാണ്. അതുകൊണ്ട്, കൈമാറ്റം ചെയ്തുകൊണ്ടുള്ള ഉത്തരവിൽ ഞാൻ ഒരു വൈകല്യവും കാണുന്നില്ല. ആദ്യ ഹർജി തള്ളുന്നു. ചെലവൊന്നുമില്ല.

*————————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എ.എം. ബാബു

കെ. പ്രദീപ് കുമാർ

*അഭി*

കേരള സർക്കാർ

ജാമ്യാപേക്ഷ നം. 1228/2017

2017 ഏപ്രിൽ 12-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**അന്വേഷണം അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ഇത് ആരംഭിച്ചിട്ട് ഒരു മാസത്തിനകമേ ആയിട്ടുള്ളൂ. സി.ആർ.പി.സി യിലെ 438-ാം വകുപ്പിൻ കീഴിൽ ഹർജിക്കാരന് ജാമ്യം അനുവദിക്കുന്നത് അന്വേഷണത്തെ ബാധിക്കുവാൻ സാധ്യതയുണ്ട്. അതുകൊണ്ട്, നേരത്തെതന്നെ പ്രതിപാദിച്ചിട്ടുള്ള മറ്റു കാരണങ്ങളാൽ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 438-ാം വകുപ്പിൻകീഴിൽ ഹർജിക്കാരന് ജാമ്യം നൽകുന്നതിനെ ഞാൻ അനുകൂലിക്കുന്നില്ല. ഈ ജാമ്യാപേക്ഷ തള്ളിക്കളയേണ്ടതിന് ബാദ്ധ്യസ്ഥമായതാണ്.**

### ഉത്തരവ്

1. പരാതിക്കാരൻ ക്രിമിനൽ നടപടി നിയമസംഹിതയിലെ 438-ാം വകുപ്പിൻ കീഴിൽ ജാമ്യം തേടുന്നു. അയാൾ കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 472/2017 ആയി രജിസ്റ്റർ ചെയ്ത കേസിലെ പ്രതിയാണ്. അയാൾ ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയിലെ 420, 468, 471 എന്നീ വകുപ്പിൻ കീഴിലുള്ള കുറ്റങ്ങൾ ചെയ്തിട്ടുള്ളതായി ആരോപിക്കപ്പെടുന്നു.

2. പ്രോസിക്യൂഷൻ കേസ് ഇപ്രകാരമാണ്; ഹർജിക്കാരൻ കൊട്ടാരക്കര താലൂക്ക് ഓഫീസിലെ ഡെപ്യൂട്ടി തഹസീൽദാരായി ജോലിചെയ്തിരുന്നു. അങ്ങനെയിരിക്കെ, അയാൾ സർക്കാരിനെ വഞ്ചിക്കുന്നതിനുവേണ്ടി ഒരു രേഖ കെട്ടിച്ചമയ്ക്കുകയും അയാളുടെ ഉദ്യോഗക്കയറ്റത്തിനുവേണ്ടി അത് യഥാർത്ഥമായിട്ടുള്ളതുപോലെ ഉപയോഗിക്കുകയും ചെയ്തു. ഉദ്യോഗക്കയറ്റം കിട്ടുന്നതിനുവേണ്ടി അയാൾ ഒരു ക്രിമിനൽ ജുഡീഷ്യൽ സർട്ടിഫിക്കറ്റ് വ്യാജമായി സൃഷ്ടിച്ചു.

3. ഹർജിക്കാരനുവേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകനെയും പാണ്ഡിത്യമുള്ള മുതിർന്ന പബ്ലിക് പ്രോസിക്യൂട്ടറെയും കേട്ടു.

4. കേസ് ഡയറി പരിശോധിച്ചു.

5. ഇവിടെ കുറച്ചു സമ്മതിക്കപ്പെട്ട വസ്തുതകളുണ്ട്. ഹർജിക്കാരൻ ഡെപ്യൂട്ടി തഹസീൽദാരായി ജോലിചെയ്തിരുന്നു. 2015 ആഗസ്റ്റിൽ അയാൾക്ക് തഹസീൽദാരായി ഉദ്യോഗക്കയറ്റം ലഭിച്ചിരുന്നു. 2016 മേയിൽ അയാൾ സർവ്വീസിൽ നിന്നും വിരമിച്ചു. മുകളിലുള്ളവ സമ്മതിച്ചിട്ടുള്ള വസ്തുതകളാണ്.

6. കേസ് ഡയറിയിൽ ഒരു സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പിന്റെ ഒരു പകർപ്പ് ഞാൻ കാണുകയുണ്ടായി.

ഹർജിക്കാരൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയിട്ടുള്ള കേരള ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് വിജയിച്ചിട്ടുള്ളതായി ഇത് സാക്ഷ്യപ്പെടുത്തുന്നു. 9-4-2010-ലേതാണ് ഈ സർട്ടിഫിക്കറ്റ്. അയാളെ ഉദ്യോഗക്കയറ്റത്തിനുവേണ്ടി പരിഗണിക്കുന്നതിനു വേണ്ടിയാണ് ഹർജിക്കാരൻ സർട്ടിഫിക്കറ്റിന്റെ ഈ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയതെന്നു പ്രോസിക്യൂഷൻ ആരോപിക്കുന്നു. പ്രോസിക്യൂഷനെ സംബന്ധിച്ചിടത്തോളം, പ്രസ്തുത സർട്ടിഫിക്കറ്റ് ഒരു വ്യാജ നിർമ്മിതമാണ്.

7. സീനിയോറിറ്റി ആണ് ഉദ്യോഗക്കയറ്റത്തിനുള്ള ഒരേയൊരു മാനദണ്ഡമെന്ന് ഹർജിക്കാരൻ വാദിക്കുന്നു. ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനു വേണ്ടി പിന്തുടരേണ്ട മാനദണ്ഡങ്ങൾ എന്ന തലക്കെട്ടോടുകൂടിയ ഒരു രേഖ സൂക്ഷ്മ പരിശോധനയ്ക്കായി പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ എനിക്ക് കൈമാറിയിട്ടുള്ളതാണ്. (ആയത് ബി.എ 1228/17 ഫയലിൽ ഉൾച്ചേർത്തിട്ടുണ്ട്). ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനുവേണ്ടി ക്രിമിനൽ ജുഡീഷ്യൽ പരീക്ഷയുൾപ്പെടെയുള്ള ചില നിർബന്ധമായിട്ടുള്ള പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും 50 വയസ്സ് പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാരെ ഒഴിവാക്കേണ്ടതാണെന്ന് മാനദണ്ഡം 10 പ്രസ്താവിച്ചിരിക്കുന്നു. പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ (ചുരുക്കത്തിൽ കെ.എസ്.എസ്. എസ്.ആർ) പാർട്ട് II-ന്റെ ചട്ടം 13 ബി പരാമർശിച്ചു. കെ.എസ്.എസ്. എസ്.ആറിലോ പ്രത്യേക ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാർ സേവനത്തിലുള്ള ആളുകൾ 50 വയസ്സ് പൂർത്തീകരിച്ചിരിക്കുകയും അവർ 25 വർഷമായി സർവ്വീസിലുള്ളവരും ആണെങ്കിൽ ഉദ്യോഗ ക്കയറ്റം, സേവനത്തിലെ സ്ഥിരാംഗമായുള്ള നിയമനം മുതലായ ഉദ്ദേശ്യങ്ങൾക്കല്ലാതെ പ്രത്യേക ചട്ടങ്ങളിൽ യോഗ്യതയായി നിർണ്ണയിച്ചിട്ടുള്ളത് ഒഴികെ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിന് സ്ഥിരമായ ഒഴിവാക്കലിന് അർഹരരാണ് എന്ന് ആ ചട്ടം വ്യവസ്ഥ ചെയ്യുന്നു. ഉദ്യോഗക്കയറ്റം കിട്ടുന്നതിനു വേണ്ടി ഹർജിക്കാരന് ഒരു രേഖയും കെട്ടിച്ചമയ്ക്കേണ്ട ആവശ്യമില്ലെന്നുള്ളതാണ് ആ സംഗതി.

8. പാണ്ഡിത്യമുള്ള മുതിർന്ന പബ്ലിക് പ്രോസിക്യൂട്ടർ, 1980-ലെ കേരളാ റവന്യൂ സർവ്വീസ് പ്രത്യേക ചട്ടങ്ങൾ (ചുരുക്കത്തിൽ കെ.ആർ.എസ്.എസ്.ആർ) ചട്ടങ്ങൾ 4-ഉം 6-ഉം പരാമർശിച്ചു. ചട്ടം 4 തഹസീൽദാർമാരുടെ നിയമനത്തെ പ്രതിപാദിക്കുന്നു. ഇതിലേക്കുള്ള നിയമനം നടത്തേണ്ടത് കേരളാ റവന്യൂ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരാംഗങ്ങളുടെയും അംഗീകരിച്ച പ്രൊബേഷണറന്മാരുടെയും ഇടയിൽ നിന്നും ബൈ- ട്രാൻസ്ഫർ വഴിയുള്ള തിരഞ്ഞെടുപ്പ് വഴി നടത്തേണ്ടതാണ് എന്നതാണ്. ആ ചട്ടം വീണ്ടും വ്യവസ്ഥ ചെയ്യുന്നതെന്തെന്നാൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആളുകൾക്ക് അവർക്ക് ഡെപ്യൂട്ടി തഹസീൽദാർമാരുടെ വിഭാഗത്തിൽ ഉള്ള സീനിയോറിറ്റിയുടെ ക്രമത്തിൽ പദവി നൽകണം എന്നതാണ്. അത് വീണ്ടും വ്യവസ്ഥ ചെയ്തിട്ടുള്ളതെന്തെന്നാൽ യോഗ്യതയും കഴിവും ഏകദേശം സമാനമാകുമ്പോൾ മാത്രം സീനിയോറിറ്റി കണക്കാക്കാം എന്നതാണ്. ഉദ്യോഗക്കയറ്റത്തിനു വേണ്ടിയുള്ള ഏക മാനദണ്ഡം സീനിയോറിറ്റി ആണെന്ന ഹർജിക്കാരന്റെ വാദത്തിനെ അഭിമുഖീകരിക്കുന്നതിനു വേണ്ടിയാണ് ചട്ടം 4 എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്.

9. കെ.ആർ.എസ്.എസ്.ആറിന്റെ ചട്ടം 6, മറ്റുകാര്യങ്ങൾക്കിടയിൽ വ്യവസ്ഥ ചെയ്യുന്നത് എന്തെന്നാൽ ഒരു ആളും, ഒരു അംഗീകൃത

സർവ്വകലാശാലയിൽ നിന്നും നിയമത്തിലുള്ള ഒരു ബിരുദം അയാൾ കൈവശപ്പെടുത്തിയിട്ടില്ലെങ്കിലോ അല്ലെങ്കിൽ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് വിജയിക്കുകയോ ചെയ്തിട്ടില്ലാത്തപക്ഷം അയാളെ സർവ്വീസിൽ നിന്നുള്ള നിയമനത്തിന് അർഹനാക്കുന്നില്ല എന്നതാണ്. അതുകൊണ്ട്, പാണ്ഡിത്യമുള്ള മുതിർന്ന പബ്ലിക് പ്രോസിക്യൂട്ടർ പറയുന്നതനുസരിച്ച് ഒരു നിയമ ബിരുദധാരിയല്ലാത്ത ഹർജിക്കാരനെ ഉദ്യോഗക്കയറ്റത്തിനു പരിഗണിക്കുന്നതിനുവേണ്ടി അയാൾ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് വിജയിക്കേണ്ടതാണ് എന്നതാണ്. സമർപ്പിക്കപ്പെട്ടിട്ടുള്ള വ്യാജ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിച്ചില്ലായിരുന്നുവെങ്കിൽ ഹർജിക്കാരന് ഉദ്യോഗക്കയറ്റം നൽകുവാൻ കഴിയുമായിരുന്നില്ലെന്നു വാദിച്ചിരിക്കുന്നു.

10. ഒരു ജാമ്യാപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിനായി സർവ്വീസ് ചട്ടങ്ങളിലേക്കും മാനദണ്ഡങ്ങളിലേക്കും വളരെ ആഴത്തിൽ പോകേണ്ട ആവശ്യമില്ലാത്തതാണ്. എന്നാൽ, സർവ്വീസ് ചട്ടങ്ങളും ഒരു പ്രത്യേക മാനദണ്ഡവും ശക്തമായി വാദിച്ചിട്ടുള്ളതുകൊണ്ട് എനിക്കത് തള്ളിക്കളയുവാൻ കഴിയുന്നതല്ല. ഈ ഉത്തരവിലെ ഖണ്ഡിക 7-ൽ സൂചിപ്പിച്ചിരിക്കുന്ന മാനദണ്ഡം പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനുവേണ്ടി മാത്രമുള്ള ഒരു മാനദണ്ഡമാണ്. കെ.ആർ.എസ്.എസ്.ആർ ചട്ടം 4 (2)-ൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ ഉദ്യോഗക്കയറ്റത്തിന് സീനിയോറിറ്റി മാത്രമല്ല ഏകമാനദണ്ഡം. കെ.എസ്.എസ്.എസ്.ആർ ഭാഗം II ചട്ടം 13 ബി ജീവനക്കാരന് 50 വയസ്സ് പൂർത്തിയാകുകയും സേവനത്തിലുണ്ടായ ശേഷം 25 വർഷം കഴിയുകയും ചെയ്താൽ മാത്രമേ ബാധകമാക്കുന്നതിന് കഴിയുകയുള്ളൂ. ചോദ്യം ചെയ്യപ്പെട്ട സർട്ടിഫിക്കറ്റ് ഹർജിക്കാരൻ 2010-ൽ സമർപ്പിച്ചതായി ആരോപിച്ചിരിക്കുന്നു. അയാൾ 2016-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതും ആയതുകൊണ്ട് 2010-ൽ അയാൾ 50 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതുമാണ്. എന്നാൽ കെ.എസ്.എസ്. എസ്. ആറിന്റെ ഭാഗം കക ചട്ടം 13 ബി പ്രകാരം വാദമുന്നയിക്കുന്ന ആൾ 2010-ൽ അയാൾക്ക് 25 വർഷം സേവന ദൈർഘ്യം പൂർത്തിയായി എന്നു കാണിക്കുന്ന ഒരു സംഗതിയും ഹാജരാക്കിയിട്ടില്ല. പ്രായമോ സേവന ദൈർഘ്യമോ സാരമായ ഒരു ഘടകമായി ഇവിടെ പ്രകടമാക്കപ്പെടുന്നില്ല. എന്തു കൊണ്ടെന്നാൽ, ഏതെങ്കിലും പ്രത്യേക ചട്ടത്തിൽ ഉദ്യോഗക്കയറ്റത്തിനുവേണ്ടി ഏതെങ്കിലും യോഗ്യത നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ചട്ടം 13 ബി-യ്ക്ക് ഒരു സാംഗത്യവുമില്ല എന്ന് ചട്ടം 13 ബി-യിൽ തന്നെ പറയുന്നുണ്ട്. കെ.ആർ.എസ്.എസ്.ആർ എന്നത് ഒരു പ്രത്യേക ചട്ടമാണ്. ഡെപ്യൂട്ടി തഹസീൽദാർമാരുടെ കേഡറിൽ നിന്നും തഹസീൽദാർമാരായി ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കണമെങ്കിൽ നിയമത്തിലുള്ള ഒരു ബിരുദമോ അല്ലെങ്കിൽ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് വിജയമോ ഏറ്റവും ചുരുങ്ങിയ ആവശ്യകതയായി കെ.ആർ.എസ്.എസ്.ആർ ചട്ടം 6 നിർബന്ധിക്കുന്നു. അതുകൊണ്ട്, ചോദ്യം ചെയ്യപ്പെട്ട സർട്ടിഫിക്കറ്റ് വ്യാജമായി നിർമ്മിച്ചു എന്ന് അയാളെ സംശയിക്കുവാൻ കഴിയാത്തതാണ് എന്ന് ഹർജികക്ഷി പറയുന്നത് കേൾക്കാൻ കഴിയുന്നതല്ല.

11. ഞാൻ കേസ് ഡയറിയിലെ ഓരോ പുറവും വായിച്ചു. ഹർജികക്ഷിക്ക് എതിരായിട്ട് അതിൽ വസ്തുതകളുണ്ട്. ഹർജിക്കാരൻ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് വിജയിച്ചു എന്നു സാക്ഷ്യപ്പെടുത്തുന്ന ഒരു സാക്ഷ്യ പത്രത്തിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് നിലവിലുള്ളതാകുന്നു. പ്രസ്തുത സാക്ഷ്യപത്രം വ്യാജമായതാണെന്ന് ധ്വനിപ്പിക്കുന്ന കടലാസ്സുകൾ കേസ് ഡയറിയിലുണ്ട്. ഇതൊരു യഥാർത്ഥ സർട്ടിഫിക്കറ്റാണെന്ന് ഹർജിക്കാരനുപോലും കേസില്ലാത്തതാണ്. ഹർജിക്കാരനല്ലാതെ

അയാളുടെ ഉദ്യോഗക്കയറ്റത്തിൽ താല്പര്യമുള്ളതു മറ്റാർക്കാണെന്നും അയാളുടെ ഉദ്യോഗക്കയറ്റത്തിനുവേണ്ടി അയാൾ അല്ലാതെ മറ്റാരാണ് ആ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളതെന്നും പാണ്ഡിത്യമുള്ള മുതിർന്ന പബ്ലിക് പ്രോസിക്യൂട്ടർ ബോധിപ്പിച്ചിട്ടുണ്ട്. കേസിന്റെ ഈ ഘട്ടത്തിൽ എന്തെങ്കിലും കണ്ടെത്തുന്നതിന് എന്നിൽ നിന്നും പ്രതീക്ഷിക്കുന്നില്ല. എന്നാൽ, പാണ്ഡിത്യമുള്ള മുതിർന്ന പബ്ലിക് പ്രോസിക്യൂട്ടറുടെ മുകളിലത്തെ വാദം എനിക്ക് നിസ്സാരമായി തള്ളിക്കളയുവാൻ കഴിയുന്നതല്ല.

12. ഈ കേസിൽ കസ്റ്റഡിയിലുള്ള ചോദ്യം ചെയ്യൽ തീർച്ചയായും അനാവശ്യമാണ് എന്ന് പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ബോധിപ്പിച്ചിരിക്കുന്നു. അതുകൊണ്ട്, മുതിർന്ന അഭിഭാഷകന്റെ അഭിപ്രായത്തിൽ, പ്രോസിക്യൂഷന്റെ വാദഗതി സ്വീകരിക്കുകയാണെങ്കിലും ഹർജിക്കാരനു ജാമ്യം നിഷേധിക്കേണ്ട ആവശ്യമില്ലാത്തതാണ് എന്നതാണ്. പാണ്ഡിത്യമുള്ള മുതിർന്ന പബ്ലിക് പ്രോസിക്യൂട്ടർ താഴെപ്പറയുന്ന സമർപ്പണങ്ങൾ നടത്തുകയുണ്ടായി: അതായത്, (1) എന്താണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത് എന്നത് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് മാത്രമാണ് (ii) യഥാർത്ഥത്തിലുള്ള സർട്ടിഫിക്കറ്റ് കണ്ടെടുക്കേണ്ടതാണ് കൂടാതെ (iii) പ്രവർത്തി ചെയ്ത രീതിയും മറ്റ് ഏതെങ്കിലും ആളിന്റെ ഇടപെടൽ ഉണ്ടോ എന്നതും തീർച്ചപ്പെടുത്തേണ്ടതാണ്. അതുകൊണ്ട്, മുതിർന്ന പബ്ലിക് പ്രോസിക്യൂട്ടറുടെ അഭിപ്രായത്തിൽ, കസ്റ്റഡിയിലുള്ള ചോദ്യം ചെയ്യൽ ആവശ്യമാണ്. ഹർജിക്കാരന്റെ കസ്റ്റഡി, അത്തരം കസ്റ്റഡി ആവശ്യപ്പെട്ടിട്ടുള്ളപ്പോൾ പോലീസിനു നൽകണമോ വേണ്ടയോ എന്നത് പരിഗണിക്കേണ്ടതും തീരുമാനിക്കേണ്ടതും മജിസ്ട്രേറ്റ് ആണ്. എന്നാൽ, ഈ കേസിലെ വസ്തുതകളിലും സാഹചര്യങ്ങളിലും കസ്റ്റഡിയിലുള്ള ചോദ്യം ചെയ്യൽ തികച്ചും അനാവശ്യമാണെന്ന് ഈ കോടതിയ്ക്ക് വിധി കല്പിക്കുന്നതിന് കഴിയുന്നതല്ലാത്തതാണ്.

13. അന്വേഷണം അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ഇത് ആരംഭിച്ചിട്ട് ഒരു മാസത്തിനകമേ ആയിട്ടുള്ളൂ. സി.ആർ.പി.സിയിലെ 438-ാം വകുപ്പിൻ കീഴിൽ ഹർജിക്കാരനു ജാമ്യം അനുവദിക്കുന്നത് അന്വേഷണത്തെ ബാധിക്കുന്നതിന് സാധ്യതയുണ്ട്. അതുകൊണ്ട്, നേരത്തെതന്നെ പ്രതിപാദിച്ചിട്ടുള്ള മറ്റു കാരണങ്ങളാൽ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 438-ാം വകുപ്പിൻ കീഴിൽ ഹർജിക്കാരന് ജാമ്യം നൽകുന്നതിനെ ഞാൻ അനുകൂലിക്കുന്നില്ല. ഈ ജാമ്യാപേക്ഷ തള്ളിക്കളയേണ്ടതിന് ബാദ്ധ്യസ്ഥമായതാണ്.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ഷാജി.പി. ചാലി

ലിജോ ജോസും മറ്റൊരാളും

*അഭി*

സബ് രജിസ്ട്രാർ/മാര്യേജ് ഓഫീസർ, എരുമേലിയും മറ്റൊരാളും

റിട്ട് ഹർജി നം. 12614/2017

2017 ഏപ്രിൽ 12-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഒരു ഭാരതീയ പൗരനും ഒരു വിദേശ പൗരിയും സംയുക്തമായി പ്രത്യേക വിവാഹ ആക്റ്റിൻ കീഴിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനെ സംബന്ധിച്ചിട്ടുള്ള സംഗതി ഈ കോടതി വിവിയൻ വർഗ്ഗീസ് *അഭി* കേരള സർക്കാർ (2015 (3) കെ.എൽ.റ്റി 21)-ൽ പരിഗണിച്ചിട്ടുള്ളതും അപ്രകാരമുള്ള ഒരു നടപടി പ്രത്യേക വിവാഹ ആക്റ്റിൻ കീഴിൽ സാദ്ധ്യമാകുന്നതുമാണ് എന്ന് വിധി കല്പിച്ചിട്ടുള്ളതുമാണ്-റിട്ട് ഹർജി അനുവദിച്ചു.**

### വിധിന്യായം

ഒന്നാം ഹർജികക്ഷി ഒരു ഭാരത പൗരനാണ്. രണ്ടാം ഹർജികക്ഷിയും ജന്മം കൊണ്ട് ഒരു ഭാരത പൗരിയാണെങ്കിലും, പക്ഷേ, പിന്നീട് എക്സിബിറ്റ്-പി2(എ) പൗരത്വ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആസ്ട്രേലിയയുടെ പൗരത്വം ആർജ്ജിച്ചിട്ടുള്ളതാണ്. അവൾ ഏകയാണെന്ന അവസ്ഥ കാണിക്കുന്ന എക്സിബിറ്റ്-പി5 സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ള രണ്ടാം ഹർജികക്ഷിയെ ഒന്നാം ഹർജികക്ഷി വിവാഹം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. ഒന്നാം എതിർകക്ഷി മുമ്പാകെ ഒരു സംയുക്ത അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും, 01-04-2017 തീയതിയിലെ എക്സിബിറ്റ്-പി4 ഉത്തരവ് പ്രകാരം (1) ഒരു ഭാരത പൗരനും ഒരു വിദേശ പൗരിയും തമ്മിൽ വിവാഹം ചെയ്യുന്നതിന് 1954-ലെ പ്രത്യേക വിവാഹ ആക്റ്റിൽ വ്യവസ്ഥയില്ലെന്നും (2) ഒന്നാം എതിർകക്ഷിക്ക് വിവാഹം നടത്തുന്നതിന് അധികാരിതയില്ല എന്നീ കാരണങ്ങളാൽ ആയത് നിരസിച്ചിട്ടുള്ളതാണ്. എതിർകക്ഷിക്ക് അപേക്ഷ സ്വീകരിക്കുന്നതിന് പ്രാദേശിക അധികാരിത ഇല്ലെന്നുള്ളത് തികച്ചും ശരിയാണ്. തദനന്തരം, ഹർജികക്ഷി ഒരപേക്ഷ സമർപ്പിച്ചിട്ടുള്ള രണ്ടാം എതിർകക്ഷിയെ അധികമായി കക്ഷി ചേർത്തിട്ടുള്ളതും റിട്ട് ഹർജ്ജി നം. 12614/2017 പ്രകാരമുള്ള വിവാഹം നടത്തുവാനുള്ള ഫീസ് ഒടുക്കിയ എക്സിബിറ്റ്-പി6 രസീത് ഹാജരാക്കിയിട്ടുള്ളതുമാണ്. സ്ഥിതി അതായിരിക്കെ, അധികമായി ചേർത്തിട്ടുള്ള രണ്ടാം എതിർകക്ഷിക്ക് ഒരു നിർദ്ദേശം നൽകുന്നത് തികച്ചും ഉചിതമാകുമെന്ന് ഞാൻ വിചാരിക്കുന്നു. ഇത്, അപ്രകാരം, എക്സിബിറ്റ്-പി4 അസ്ഥിരപ്പെടുത്തുന്നതിനും ബന്ധപ്പെട്ട മറ്റു പരിഹാരങ്ങൾക്കുമാണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്.



5/475/2017 - 11

2. ഹർജികക്ഷിക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനേയും പാണ്ഡിത്യമുള്ള സർക്കാർ അഭിഭാഷകനേയും കേൾക്കുകയും രേഖയിലുള്ള പ്രമാണങ്ങളും ഹർജികക്ഷിയുടെ വാദങ്ങളും പരിശോധിക്കുകയും ചെയ്തു.

3. ഒരു ഭാരതീയ പൗരനും ഒരു വിദേശ പൗരിയും സംയുക്തമായി പ്രത്യേക വിവാഹ ആക്റ്റിൻകീഴിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതു സംബന്ധിച്ചുള്ള സംഗതി ഈ കോടതി *വിവിയൻ വർഗ്ഗീസ്* അഭി *കേരള സർക്കാർ* (2015 (3) കെ.എൽ.റ്റി 21)-ൽ പരിഗണിച്ചിട്ടുള്ളതും അപ്രകാരമുള്ള ഒരു നടപടി പ്രത്യേക വിവാഹ ആക്റ്റിൻ കീഴിൽ സാധ്യമാകുന്നതുമാണ് എന്ന് വിധി കല്പിച്ചിട്ടുള്ളതുമാണ്. ഹർജികക്ഷിക്കും അതേ പരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളതാണ്. ആയതിനാൽ ഞാൻ എക്സിബിറ്റ്-പി4 അസ്ഥിരപ്പെടുത്തുന്നു.

റിട്ട് ഹർജി അനുവദിച്ചിരിക്കുന്നു. നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ഒരു നോട്ടീസ് ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതിനും നിയമത്തിൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സമയത്തിനുള്ളിൽ വിവാഹം നടത്തുവാനും രണ്ടാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു. വിവാഹം നടത്തുന്നതിനുമുമ്പ് വിദേശ പൗരിയുടെ വിവാഹാവസ്ഥ എതിർകക്ഷി ഉറപ്പാക്കേണ്ടതാണ്.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

ഹോട്ടൽ പാർക്ക് റസിഡൻസി

*അഭി*

കേരള സർക്കാരും മറ്റുള്ളവരും

റിട്ട് ഹർജി (സിവിൽ) നം. 12822/2017

2017 മേയ് 16-ന് വിധി കല്പിച്ചത്

ഡബ്ല്യു പി (സി) നമ്പരുകൾ. 12581, 12822, 14354, 14362,

14525, 16075, 16076, 16077,16078 ഉം 16079/2017

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

പരാതിക്കാരുടെ സമർപ്പണങ്ങളിൽ പരിഗണിതമായ ബലം ഞാൻ കാണുന്നു. ഈ റിട്ട് ഹർജികളിൽ, ഹൈവേകളുടെ പട്ടികയിൽ നിന്നും റോഡിന്റെ ഈ വിസ്തൃതി ഒഴിവാക്കിയ പിന്നീടുള്ള വിജ്ഞാപനം, അതായത് 14.08.2014-ലെ എസ്.ഒ.2061 (ഇ) എക്സിബിറ്റ് പി4 ആയി ഹാജരാക്കിയിട്ടുണ്ട്. ഈ വിജ്ഞാപനം ബലമായി ചൂണ്ടിക്കാട്ടുന്നത് എന്തെന്നാൽ ഇതിൽ സൂചിപ്പിച്ചിരിക്കുന്ന റോഡ്, അതായത് കണ്ണൂർ-വെങ്ങളം-കുറ്റിപ്പുറം റോഡ് 148 മുതൽ 318 കിലോമീറ്റർ വരെ വിസ്തൃതി ഉളളത് ഇനി ഒരിക്കലും ഒരു ദേശീയ/സംസ്ഥാന ഹൈവേയല്ലായെന്നും ബഹു.സുപ്രീം കോടതി, വി.കെ.ബാലു (മുകളിലത്തെ) എന്ന കേസ്സിൽ ഉണ്ടാക്കിയിട്ടുളള മറ്റു മാനദണ്ഡങ്ങൾക്കു വിധേയമായി അധികാരികൾ ഹർജിക്കാരുടെ ഷാപ്പുകൾ/ബാറുകളുടെ പ്രവർത്തനം അവ ഈ റോഡിന്റെ പരിധിക്കോ പരിധിയിലോ സ്ഥിതിചെയ്യുന്നു എന്ന വെറും കാരണംകൊണ്ട് മാത്രം തടയുന്നത് നീതീകരിക്കപ്പെടുന്നതല്ല എന്നതാണ്. കണ്ണൂർ-വെങ്ങളം-കുറ്റിപ്പുറം റോഡ് 148 മുതൽ 318 കിലോമീറ്റർ വരെ ഇനി ഒരിക്കലും ഒരു ഹൈവേയല്ലാത്തിനാൽ, ബഹു.സുപ്രീം കോടതിയുടെ വി.കെ.ബാലു (മുകളിലത്തെ) എന്ന കേസ്സിലെ നിർദ്ദേശങ്ങളുടെ സ്തംഭനാവസ്ഥ പ്രസ്തുത റോഡിന് ബാധകമാക്കപ്പെടേണ്ടതല്ലെന്ന് എനിക്ക് ഉറപ്പുണ്ട്. എന്നാൽ, മറ്റു ദേശീയ/സംസ്ഥാന ഹൈവേകളിൽ നിന്നുളള ദൂരത്തെ സംബന്ധിച്ചിട്ടുളളതും മറ്റുളള ദേശീയ/സംസ്ഥാന ഹൈവേകളിൽ നിന്നുളള പ്രവേശനത്തെ സംബന്ധിച്ചിട്ടുളളതുമായ മറ്റു നിർദ്ദേശങ്ങൾ തികച്ചും പ്രസക്തമാക്കേണ്ടതാണ്.ഹർജികൾ അനുവദിച്ചു.

### വിധിന്യായം

ഈ കൂട്ടം കേസുകളിൽ, ഹർജികക്ഷികൾ 2017-2018 വർഷത്തേക്ക് കേരള അബ്കാരി ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സാധുതയോടെ പുതുക്കിയിട്ടുളള എഫ്എൽ-11 ലൈസൻസുകൾ കൈവശമുണ്ടെന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. ഈ കോടതിയെ ഹർജികക്ഷികൾ സമീപിച്ചിരിക്കുന്നത്, ബഹുമാനപ്പെട്ട സുപ്രീം കോടതി **തമിഴ്നാട്**

**സർക്കാർ** *അഭി* **വി. കെ. ബാലു (2017(1) കെഎച്ച്സി 26 (എസ് സി)** എന്ന കേസ്സിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ട്, അധികാരികൾ അവരുടെ ഷാപ്പുകളിൽ/ബാറുകളിൽ മദ്യം വിൽക്കുന്നതിനായി പ്രവർത്തിപ്പിക്കുന്നതിൽ നിന്നും അവരെ തടഞ്ഞതു കാരണമാണ്. അവരുടെ ഷാപ്പുകളും/ബാറുകളും ദേശീയ/സംസ്ഥാന ഹൈവേകളിലോ സ്ഥിതി ചെയ്യാത്തതുകൊണ്ട് അവ അങ്ങനെയുള്ള ഹൈവേയിൽനിന്ന് ദൃശ്യഗോചരമല്ലാത്തതിനാലും, അത്തരത്തിലുള്ള ഹൈവേകളിൽ നിന്നും നേരിട്ട് പ്രവേശനമില്ലാത്തതിനാലും, അവ ഏറ്റവും അടുത്തുള്ള ദേശീയ/സംസ്ഥാന ഹൈവേയിൽ നിന്നും 500 മീറ്ററിലധികം ദൂരത്തിലുമാണെന്നതിനാൽ, ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ പ്രകാരമുള്ള നിയമബദ്ധതയിൽ അവർ എത്തിപ്പെടുന്നില്ലായെന്ന് അവർ പറയുന്നു.

2. അധികാരികൾ അവരുടെ പുതുക്കിയ ലൈസൻസുകൾ പ്രകാരം ഹർജികക്ഷികളുടെ ഷാപ്പുകൾ/ബാറുകൾ കണ്ണൂർ-വെങ്ങളം-കുറ്റിപ്പുറം റോഡുകളിൽ 148 മുതൽ 318 കിലോമീറ്ററുകൾക്കിടയിലോ അല്ലെങ്കിൽ അതുമായി അടുത്ത സാമീപ്യമുള്ളതോ ആയ സ്ഥലത്ത് സ്ഥിതി ചെയ്യുന്നു എന്ന വസ്തുത കണക്കിലെടുത്ത് അവയുടെ പ്രവർത്തനം അനുവദിക്കുന്നത് നിരസിച്ചു എന്നുള്ള ഹർജികക്ഷികളുടെ പ്രത്യേക പ്രസ്താവനയെ ഞാൻ ശ്രദ്ധിക്കുന്നു. അധികാരികൾ, റോഡിന്റെ ഈ വിശാലതയും ഒരു ദേശീയ ഹൈവേയാണ് എന്ന ധാരണ പ്രകാരം ബഹു. സുപ്രീം കോടതിയുടെ *വി.കെ. ബാലു* (മുകളിലത്തെ) എന്ന കേസ്സിലെ നിർദ്ദേശങ്ങൾ പ്രകാരമുള്ള നിയമബദ്ധത ഹർജികക്ഷികൾക്കും ബാധകമാകും എന്ന വിശ്വാസത്തിലായിരിക്കുമെന്ന് ഹർജികക്ഷികൾ ഉറപ്പിച്ചു പറയുന്നു. ഹർജികക്ഷികൾ ചില വിജ്ഞാപനങ്ങളുടെ ശക്തിയിൽ ഈ റോഡിന്റെ വിശാലത ഇനിമേൽ ഒരു ദേശീയ ഹൈവേയല്ലയെന്ന് പ്രമാണീകരിക്കുന്നതും അങ്ങനെയുള്ള ദൃഢപ്രതിജ്ഞയിന്മേൽ അവർ പുതുക്കിയ ലൈസൻസുകളുടെ ബലത്തിൽ അവരുടെ ബിസിനസ് തുടരാൻ അവരെ അനുവദിക്കുന്നതിന് എതിർകക്ഷികൾക്കെതിരായിട്ട് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അവർ ഈ റിട്ട് ഹർജികൾ ഫയൽ ചെയ്തിരിക്കുകയും ചെയ്യുന്നു.

3. 12.05.2017-ൽ മറ്റു ചില സംഗതികളിൽ, ഞാൻ മുമ്പ് തന്നെ ഒരു വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്, അതിൽ ബഹു. സുപ്രീം കോടതി നിർണ്ണയിച്ച ഘടകങ്ങൾ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ഇടയാക്കുന്നിടത്ത് അധികാരികൾ അനുവർത്തിക്കേണ്ട അടിസ്ഥാന മാനദണ്ഡങ്ങളും പ്രോട്ടോകോളുകളും ഞാൻ ഉയർത്തിക്കാട്ടിയിട്ടുണ്ട്. ഞാൻ മുമ്പോട്ടു പോകുന്നതിന് മുമ്പ്, ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ വായിക്കുന്നത് ഫലപ്രദമായേക്കും. അത് ചുവടെ ചേർത്ത പോലെയാണ്:

(i) എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ ഭൂപ്രദേശങ്ങളും ഉടനടി ദേശീയ സംസ്ഥാന ഹൈവേകൾ നീളെ മദ്യ വില്പനയ്ക്കുള്ള ലൈസൻസുകൾ നൽകുന്നത് അവസാനിപ്പിക്കുകയും പിൻതിരിയേണ്ടതുമാണ്;

(ii) മേൽ (i)-ൽ അടങ്ങിയിരിക്കുന്ന വിലക്ക് ഒരു മുനിസിപ്പൽ കോർപ്പറേഷന്റെയോ, നഗരം, പട്ടണം, അല്ലെങ്കിൽ തദ്ദേശ അതോരിറ്റിയുടെയോ പരിധിയിൽ വരുന്ന അങ്ങനെയുള്ള ഹൈവേകളുടെ വ്യാപ്തികളിലേക്ക് ദീർഘിപ്പിക്കുന്നതും ഉൾപ്പെടുന്നതുമാണ്.

(iii) ഈ ഉത്തരവിന്റെ തീയതിക്കു മുമ്പായി ഇതിനകം തന്നെ പുതുക്കപ്പെട്ടിട്ടുള്ള നിലവിലുള്ള ലൈസൻസുകൾ ലൈസൻസിന്റെ കാലാവധി കഴിയുന്നതുവരെ എന്നാൽ 2017 ഏപ്രിൽ 1-ന് ശേഷമല്ലാതെ, തുടരുന്നതാണ്.

(iv) ദേശീയ ഹൈവേയിലും, സംസ്ഥാന ഹൈവേയിലും രണ്ടിലുമുള്ള മദ്യ ലഭ്യതയെ കുറിക്കുന്ന ചിഹ്നങ്ങൾ, അടയാളവാക്കുകൾ, ചിത്രങ്ങൾ, പ്രതീകങ്ങൾ തുടങ്ങിയവയും പരസ്യങ്ങളും എല്ലാം വിലക്കേണ്ടതും ഇപ്പോൾ നിലവിലുള്ളവ ഉടനടി നീക്കം ചെയ്യേണ്ടതുമാണ്.

(v) മദ്യവില്പനയ്ക്കായുള്ള യാതൊരു ഷാപ്പും (i) ഒരു ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേയിൽ നിന്നു കാണാനോ; (ii) ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേയിൽ നിന്ന് നേരിട്ട് പ്രവേശനമുള്ളതാകാനോ കൂടാതെ (iii) ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേയിൽ നിന്നോ ഹൈവേക്ക് സമാന്തരമായ ഒരു സർവ്വീസ്ലൈനിന്റേയോ ഏറ്റവും പുറംവശത്തിൽ നിന്നും 500 മീറ്ററിനകത്തുള്ള ഒരു ദൂരത്തിൽ സ്ഥിതിചെയ്യാനേ പാടുള്ളതല്ല.

(vi) എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും, മേൽ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാൻ കല്പിച്ചിരിക്കുന്നു. ചീഫ് സെക്രട്ടറിമാരും പോലീസിലെ ഡയറക്ടർ ജനറൽമാരും സംസ്ഥാന റവന്യു ആഭ്യന്തരവകുപ്പുകളുമായി കൂടിയാലോചിച്ച് ഒരു മാസത്തിനുള്ളിൽ നടപ്പിലാക്കലിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ജില്ലാ കളക്ടർമാർക്കും പോലീസ് സൂപ്രണ്ടുമാർക്കും മറ്റു ക്ഷമതയുള്ള അതോരിറ്റികൾക്കും മറ്റു പലതിന്റെയും കൂട്ടത്തിൽ ഉത്തരവാദിത്വം ഏല്പിച്ചു നൽകേണ്ടതാണ്. നടപടി എടുത്തതിന്റെ രണ്ടാഴ്ച കൂടുമ്പോഴുള്ള റിപ്പോർട്ടുകൾ വിളിച്ചു വരുത്തി നടപ്പിലാക്കൽ കർശനമായി നിരീക്ഷിക്കേണ്ടതാണ്.

(vii) ഈ നിർദ്ദേശങ്ങൾ ഭരണഘടനയുടെ അനുച്ഛേദം 142 പ്രകാരം പുറപ്പെടുവിക്കുന്നു.

4. എന്റെ നേരത്തേയുള്ള വിധിന്യായത്തിൽ, അബ്കാരി ആക്റ്റ് പ്രകാരമുള്ള എല്ലാ അധികാരികൾക്കും പൊതുവായി ബാധകമാവുന്ന മാനദണ്ഡങ്ങളും പ്രോട്ടോകോളും താഴെ കൊടുത്തിരിക്കും പ്രകാരം ഉണ്ടാക്കിയിരുന്നു:

സംസ്ഥാന എക്സൈസിലെ വിവിധ ഡെപ്യൂട്ടി കമ്മീഷണറന്മാരെ അധികാരപ്പെടുത്തുന്നതിൽ പൊതുവായി ബാധകമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിധിന്യായമെന്നതിനാൽ വിവിധ ആഫീസറന്മാരുടെ പരിഗണനയിൽ ചില അളവോളം ഏക രൂപം കിട്ടുന്നതിലേയ്ക്കായും ബഹു. സുപ്രീം കോടതി നിർണ്ണയിച്ചിട്ടുള്ള ഘടകങ്ങൾ നടപ്പിലാക്കുമ്പോഴുണ്ടായേക്കാവുന്ന സാധ്യമായ ആശയക്കുഴപ്പങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായും ഇവിടെ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ക്ഷമതയുള്ള അധികാരി വിലയിരുത്തലുകളും പരിശോധനകളും നടത്തുമ്പോൾ അനുവർത്തിക്കേണ്ട അടിസ്ഥാന മാനദണ്ഡങ്ങളും പ്രോട്ടോകോളും നിശ്ചയിക്കുന്നത് ഉചിതവും ആവശ്യവുമാണെന്ന് ഞാൻ കരുതുന്നു.

ബഹുമാനപ്പെട്ട സുപ്രീം കോടതി മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് പിന്നിൽ മുന്നിട്ടു നിൽക്കുന്നതും പരിപൂർണ്ണവുമായ ഉദ്ദേശ്യവും മദ്യപാനം ചെയ്തതിനു ശേഷമുള്ള ഡ്രൈവിംഗ് ഈ രാജ്യത്തെ ഹൈവേകളിൽ നിന്നും ഉന്മൂലനം ചെയ്യുന്നതിനും അതുപോലെയുള്ള ഉദ്ദേശ്യങ്ങൾക്കും, ദേശീയ/ സംസ്ഥാന ഹൈവേകളിൽ നിന്നും മദ്യസ്രോതസ്സും ലഭ്യതയും നിരോധിക്കുന്നതിനായിട്ടും, ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണറന്മാർ, ഈ വിധിന്യായത്തിന്റെ വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കുമ്പോൾ അതിന്റെ അന്തസത്തയ്ക്കനുസരിച്ച് മേൽ നിർദ്ദേശങ്ങൾ

പാലിക്കുകയും, ബഹു. കോടതിയുടെ സ്പഷ്ടമായ ഉത്കണ്ഠ ഉൾക്കൊള്ളുകയും *വി.കെ.ബാലു* (മുകളിലത്തെ) വിലെ വിധിന്യായത്തിൽ പരിഹരിക്കപ്പെടേണ്ടതായി ആവശ്യപ്പെട്ടിട്ടുള്ള തിന്മ വ്യക്തമായി തിരിച്ചറിഞ്ഞ് പാണ്ഡിത്യദർശിയായും ഔപചാരികമായതല്ലാതെയും പ്രവർത്തിക്കേണ്ടതാണ്.

ബഹു. സുപ്രീം കോടതി നിർണ്ണയിച്ചിട്ടുള്ളതുപോലെ ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണറന്മാർ ദേശീയ/സംസ്ഥാന ഹൈവേയിലോ വിലക്കിയിട്ടുള്ള ദൂരമായ അതിൽ നിന്നും 500 മീറ്ററിനുള്ളിലോ യാതൊരു ഷാപ്പോ/ബാറോ മദ്യം വിൽക്കുന്നതിനായി പ്രവർത്തിപ്പിക്കുവാൻ അനുവദിച്ചിട്ടില്ലെന്നോ അധികാരപ്പെടുത്തിയിട്ടില്ലെന്നോ ഉറപ്പ് വരുത്തേണ്ടതാണ്. ഈ ഉദ്ദേശ്യത്തിലേയ്ക്കായി ഡെപ്യൂട്ടി കമ്മീഷണറന്മാർ ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്ക് പിന്നിലുള്ള പ്രത്യേക ഉദ്ദേശ്യം മനസ്സിൽ വച്ചുകൊണ്ട് ഹർജികക്ഷികളുടെ ഷാപ്പുകളോ/ബാറുകളോ സ്ഥിതിചെയ്യുന്ന റോഡുകളുടെ സ്വഭാവം, വിജ്ഞാപനം ചെയ്തിട്ടുള്ള ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേകളോ അല്ലെങ്കിൽ സാധുതയുള്ള വിജ്ഞാപനങ്ങൾ പ്രകാരം ഇപ്പോൾ അങ്ങനെ തന്നെ ഉപയോഗിക്കുന്നതുമായവ സത്യം ബോധ്യപ്പെടുത്തുന്നതിന് കടമപ്പെട്ടവരാണ്.

ഹർജി കക്ഷികളിൽ ചിലർ, അവരുടെ ഷാപ്പുകൾ/ബാറുകൾ സ്ഥിതിചെയ്യുന്ന റോഡുകൾ പണ്ട് ഒരു ഹൈവേയായി വിജ്ഞാപനം ചെയ്തിരുന്നുവെങ്കിലും അതിന്റെ അത്തരത്തിലുള്ള സ്വഭാവം പിന്നീടുള്ള വിജ്ഞാപനങ്ങൾ വഴിയോ, പുതിയ റോഡുകളും ബൈപാസുകളും നിർമ്മിച്ചിട്ടുള്ളതു വഴിയോ ഹൈവേ ട്രാഫിക്ക് നിറവേറ്റുന്നതിനായി അങ്ങനെ ഫലപ്രദമായും സ്ഥിരമായും പ്രവർത്തനപരമായി അത് കുറയ്ക്കുന്നതിന്, വെറും ജില്ല അല്ലെങ്കിൽ നഗര/പട്ടണ റോഡുകൾ മാത്രമായി എന്ന് ഊന്നിപ്പറഞ്ഞത് ഞാൻ ശ്രദ്ധിച്ചു. ഈ സമർപ്പണങ്ങളും ഊന്നിപ്പറയലുകളും അവയുടെ സാധുതയുള്ള സാക്ഷ്യപ്പെടുത്തലുകളോ രേഖകളോ ദേശീയ/സംസ്ഥാന ഹൈവേകളുടെ വിജ്ഞാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങൾ പ്രകാരമുള്ള ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ നൽകിയതാണെങ്കിൽ പ്രസക്തമായേക്കാവുന്നതാണ്. ഈ വസ്തുതാപരമായ തർക്കങ്ങൾ അതിന്റെ ശരിയായ കാഴ്ചപ്പാടിൽ എക്സൈസിന്റെ ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണറന്മാർ തീർച്ചയായും പരിഗണിക്കേണ്ടതും ഹർജികക്ഷിക്കാർ പരാമർശിച്ച റോഡുകൾ വിജ്ഞാപനം ചെയ്ത ദേശീയ/സംസ്ഥാന ഹൈവേയല്ലന്നോ, ഇപ്പോൾ അത്തരത്തിലുള്ള ദേശീയ/സംസ്ഥാന ഹൈവേയ്ക്കു സമാനമായ ദീർഘദൂര ട്രാഫിക്ക് നിറവേറ്റുന്നതിലേയ്ക്ക് ഉപയോഗിക്കുന്നില്ലന്നോ അത്തരത്തിലുള്ള ട്രാഫിക്കിനായി പുതിയ റോഡുകളോ/ബൈപാസുകളോ നിർമ്മിച്ചിട്ടുള്ളതിനാലോ, വീണ്ടുമുള്ള വിജ്ഞാപനങ്ങളോ ഉത്തരവുകളോ വഴി അതിനെ ഹൈവേയല്ലാതാക്കി വിജ്ഞാപനം പിൻവലിച്ചിട്ടുണ്ടെങ്കിലോ, അതിന്റെ പഴയ സ്ഥാനത്ത് മറ്റു റോഡുകളെ വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലോ ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ കൊടുത്തിട്ടുള്ള പ്രബലമായതും സാധുതയുള്ളതും വിശ്വാസയോഗ്യവുമായ തെളിവ്, സാമഗ്രികൾ, രേഖകൾ അല്ലെങ്കിൽ സർട്ടിഫിക്കറ്റുകൾ അദ്ദേഹത്തിന്റെ സംതൃപ്തിക്കനുസരിച്ച് ഹർജികക്ഷികൾക്ക് കാണിക്കുവാനും സ്ഥാപിക്കുവാനും കഴിയുന്നപക്ഷം ഡെപ്യൂട്ടികമ്മീഷണന്മാർക്ക് ലിഖിതമായ കാരണങ്ങളിന്മേൽ, മദ്യം വിൽക്കുന്നുതിന് ഷാപ്പുകൾ/ബാറുകൾ പ്രവർത്തിപ്പിക്കുന്നതിനും ലൈസൻസ് നൽകുന്നതിനും/പുതുക്കുന്നതിനും അനുവാദം നൽകുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ, *വി.കെ.ബാലു* (മുകളിലത്തെ) എന്ന കേസ്സിലെ വിധിന്യായതീയതിക്കുമുമ്പ് അതായത് 15/12/2016-ന് മുമ്പായി റോഡുകൾ ഹൈവേകളല്ലാതാക്കി പിൻവലിക്കൽ

വിജ്ഞാപനം ചെയ്തിട്ടുള്ള അത്തരത്തിലുള്ള ഉത്തരവുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഈ കേസ്സുകളുടെ ഉദ്ദേശ്യത്തിലേയ്ക്കായി അവ എടുക്കുവാൻ പാടുള്ളു.

ഹർജികക്ഷി ബന്ധപ്പെട്ട ഡെപ്യൂട്ടികമ്മീഷണന്മാരുടെ മുമ്പാകെ ക്ഷമതയുള്ള അധികാരികൾ നൽകിയിട്ടുള്ള എല്ലാ അത്തരത്തിലുള്ള കൂടുതൽ സാധനങ്ങൾ, രേഖകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ വെച്ചുകൊണ്ട് അവരുടെ ഉറപ്പിക്കലുകൾ തെളിയിക്കുവാൻ അതുകൊണ്ട് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും ആ ആഫീസർ അനുയോജ്യമായ ഒരു തീർപ്പിൽ എത്തിച്ചേരുന്നതിലേക്ക് അത്തരത്തിലുള്ള എല്ലാം കൂടിയും വിവിധ റിട്ട് ഹർജികളിൽ ഹാജരാക്കിയ രേഖകൾ കൂടിയും പരിഗണിക്കുന്നതിന് ചുമതലപ്പെട്ടിരിക്കുന്നു.

500 മീറ്റർ ദൂരമെന്ന വിലക്കിയിട്ടുള്ള ദൂരം എന്ന തർക്കം, പ്രത്യേകിച്ച് പുറത്തെടുക്കുമ്പോൾ, ഹർജികക്ഷിക്കാർ ഒരളവ് ആവശ്യപ്പെടുമ്പോഴോ ഡെപ്യൂട്ടി കമ്മിഷണറന്മാർ എടുക്കാനായി ആവശ്യപ്പെട്ടിട്ടുള്ളതായി കാണുമ്പോഴോ അത് ദേശീയ/സംസ്ഥാന ഹൈവേയുടെയോ അതിന്റെ സർവ്വീസ് റോഡിന്റേയോ അരികിൽ നിന്നും ആരംഭിച്ച് ഷാപ്പ്/ബാർ വരെഎത്തുന്ന ഏറ്റവും കുറഞ്ഞ വാഹന യോഗ്യമായ റൂട്ടോ റോഡോ വരെ എടുക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ ദൂരം കൂട്ടാൻ മാത്രമായി അർത്ഥമാക്കുന്ന എല്ലാ യുക്തിസഹജമല്ലാത്തതും യാന്ത്രികവുമായിട്ടുള്ള വ്യതിചലനങ്ങളും, വഴിമാറിപോകലുകളും, വളഞ്ഞുപോകലുകളും നിർബന്ധമായും ഡെപ്യൂട്ടി കമ്മീഷണറന്മാർ ഉപേക്ഷിക്കേണ്ടതും അളവുകാരന്റെ പ്രവേശനം മിക്കപ്പോഴും ദൂരം കുറഞ്ഞ യുക്തിസഹജമായ സാധാരണ വാഹന യോഗ്യമായ റൂട്ടോ/റോഡോ ആയിരിക്കേണ്ടതുമാണ്. ഇതാണ് ഹൈവേയിൽ ഓടുന്ന ഒരു വാഹനത്തിന്റെ ഡ്രൈവറെ മദ്യത്തിന്റെ ലഭ്യതയിൽ നിന്നും നീക്കി നിർത്തുന്നതിനായി ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ തത്ത്വത്തിൽ വ്യംഗ്യമായി പാലിക്കുവാനുള്ള ഏറ്റവും നല്ല വഴി.

മുകളിലത്തേത് അടിസ്ഥാന മാനദണ്ഡങ്ങളും പ്രോട്ടോക്കോളുമായി മാത്രമാണ് പ്രസ്താവിച്ചിരിക്കുന്നതെന്നും ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണറന്മാർക്ക് അത് ആവശ്യമുണ്ടെങ്കിൽ, ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ വ്യംഗ്യമായി പാലിക്കുന്നതിലേയ്ക്കായി അത്തരത്തിലുള്ള കൂടുതൽ വിലയിരുത്തലുകൾക്കോ പരിശോധനകൾക്കോ ഇടയാക്കാവുന്നതാണ്.

അന്തിമമായി, മേലുദ്ധരിച്ച നാലാം നിർദ്ദേശത്തെ സംബന്ധിച്ച് ചിഹ്നങ്ങൾ, പ്രതീകങ്ങൾ, അടയാളങ്ങൾ എന്നിവയും പരസ്യങ്ങളും യാതൊരുവിധത്തിലുമുള്ള മാറ്റിവയ്ക്കലുകളോ ഒഴിവാക്കലുകളോ ഇല്ലാതെ നടപ്പിലാക്കേണ്ടതാണ്.

ഹർജിക്കാരുടെ ആ ഷാപ്പുകളെയും ബാറുകളെയും സംബന്ധിച്ച് ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്കുള്ളിൽ നിന്നും വിഭിന്നമല്ലാതെ പൊരുത്തക്കേടിനാൽ, ഇവിടെ നിർദ്ദേശിച്ചിരിക്കുന്ന പോലെ ഘടകങ്ങൾ പരിശോധിച്ചതിനും വിലയിരുത്തിയതിനും ശേഷം ഡെപ്യൂട്ടി കമ്മീഷണറന്മാർ അബ്കാരി ആക്റ്റിന്റെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, ഈ വിധിന്യായത്തിൽ നിശ്ചയിച്ച മൂന്നാഴ്ച സമയത്തിനകം വിവിധ ഹർജിക്കാർ സമർപ്പിച്ച അപേക്ഷപോലെ, അതതു സംഗതികളിൽ, ലൈസൻസുകൾ നൽകുകയോ, പുതുക്കുകയോ ചെയ്യുന്നതിനും നേരത്തേ തന്നെ പുതുക്കിയ ലൈസൻസുകളുടെ ബലത്തിൽ പ്രവർത്തനം അനുവദിക്കുന്ന ഉത്തരവുകൾ നൽകേണ്ടതാണെന്നും ഞാൻ ഇതിനാൽ വ്യക്തമാക്കുന്നു.

5.കൈയ്യിലുള്ള ഈ കേസുകളിൽ, കണ്ണൂർ-വെങ്ങളം-കുറ്റിപ്പുറം റോഡ് 148 മുതൽ 318 കിലോമീറ്റർവരെ 1988-ലെ ദേശീയ ഹൈവേകൾ അതോരിറ്റി ആക്റ്റ് ഓഫ് ഇന്ത്യയിലെ വകുപ്പ് 11 പ്രകാരം അവരിൽ

നിക്ഷിപ്തമായ അധികാരങ്ങൾ പ്രകാരം ഭാരത സർക്കാർ ആദ്യമേ തന്നെ ഒരു ദേശീയഹൈവേയായി വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നുള്ളത് സത്യമാണ്. മേൽവിജ്ഞാപനം, അതായത് 26.2.2010-ലെ എസ്.ഒ.485 (ഇ) ഇതിലെ ചില റിട്ട് ഹർജികളിൽ ഒരു എക്സിബിറ്റായി ഹർജികക്ഷികൾ ഹാജരാക്കിയിട്ടുണ്ട്. (ഡബ്ല്യു പി (സി) നമ്പരുകൾ.16075/2017, 16076/2017, 16077/2017, 16078/2017 ഉം 16079/2017 -ഉം-ലെ എക്സിബിറ്റ്പി3) മേൽ വിജ്ഞാപനത്തിന്റെ ഫലം, തീർച്ചയായും, മേൽ റോഡിനെ ഒരു ദേശീയ ഹൈവേയായി നിയമപരമായി വിജ്ഞാപനം ചെയ്യുകയെന്നതാണ്, കൂടാതെ അങ്ങനെയാണെങ്കിൽ, ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശങ്ങളുടെ നിയമബദ്ധത ഈ കേസിലെ ഹർജികക്ഷികളുടെ കേസുകളിൽ കൂടി സാധാരണയായി ബാധകമാക്കേണ്ടതാണ്. എന്നാൽ, ഈ കൂട്ടം കേസുകളിൽ ശ്രദ്ധിക്കേണ്ടതെന്തെന്നാൽ പിന്നീടുള്ള ഒരു വിജ്ഞാപനം വഴി, അതായത് 1988-ലെ ദേശീയ ഹൈവേ അതോറിറ്റി ആക്റ്റ് ഓഫ് ഇന്ത്യയുടെ വകുപ്പ് 11-ലെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ഭാരത സർക്കാർ 14.8.2014 എസ്.ഒ. 2061 (ഇ) വഴി, മുമ്പുള്ള വിജ്ഞാപനത്തിൽ ഭേദഗതി വരുത്തി, അതുവഴി കണ്ണൂർ-വെങ്ങളം-കുറ്റിപ്പുറം റോഡ് 148 മുതൽ 318 കിലോമീറ്റർ വരെ ദേശീയ ഹൈവേയുടെ പട്ടികയിൽ നിന്നും പ്രകടമായി ഒഴിവാക്കിയിട്ടുണ്ട് എന്നതാണ്. ഈ വിജ്ഞാപനത്തിന്റെ രക്ഷപ്പെടാനാവാത്ത ഫലമാണ് മേൽ വിജ്ഞാപനത്തിൽ സൂചിപ്പിച്ചിട്ടുള്ള ഈ റോഡിന്റെ നീളത്തിന്റെ വിസ്തൃതി അത്തരത്തിലുള്ള വിജ്ഞാപനത്തീയതി, അതായത് 14.8.2014, മുതൽ ദേശീയഹൈവേയല്ലാതായി അത് മാറുന്നു എന്നതാകുന്നു. ബഹു.സുപ്രീം കോടതി നിർദ്ദേശങ്ങൾ നൽകിയത് 15.12.2016-ലാണ്. ഹർജികക്ഷിക്കാർ ഉറപ്പിച്ചുപറയുന്ന, ആ ഉറപ്പിക്കലിൽ പ്രകടമാകുന്നത്, ആ വിജ്ഞാപനത്തിൽ നിന്നും കണ്ണൂർ-വെങ്ങളം-കുറ്റിപ്പുറം റോഡിലെ 148 മുതൽ 318 കിലോമീറ്റർ വരെ ബഹു.സുപ്രീം കോടതി അതിന്റെ വിധിന്യായം പുറപ്പെടുവിച്ച സമയത്ത് തന്നെ ഹൈവേയല്ലാതായി മാറിയിരുന്നത്, ന്യായീകരിക്കപ്പെടുന്നുവെന്നും ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശങ്ങളുടെ നിയമബദ്ധത വിജ്ഞാപനം ചെയ്ത ദേശീയ/ സംസ്ഥാന ഹൈവേകൾക്കു മാത്രമേ ബാധകമാകൂ. എന്നതിനാൽ അധികാരികൾ, അവരെ അവരുടെ ഷാപ്പുകൾ/ബാറുകൾ സാധുതയുള്ള പുതുക്കിയ ലൈസൻസുകളുടെ ബലത്തിൽ പ്രവർത്തിപ്പിക്കുന്നതിൽ ഇടപെടുന്നതിൽ ന്യായീകരിക്കപ്പെടുന്നില്ലായെന്നുമാണ്.

6. പരാതിക്കാരുടെ സമർപ്പണങ്ങളിൽ പരിഗണിതമായ ബലം ഞാൻ കാണുന്നു. ഈ റിട്ട് ഹർജികളിൽ, ഹൈവേകളുടെ പട്ടികയിൽ നിന്നും റോഡിന്റെ ഈ വിസ്തൃതി ഒഴിവാക്കിയത് പിന്നീടുള്ള വിജ്ഞാപനം, അതായത് 14.08.2014-ലെ എസ്.ഒ.2061(ഇ) എക്സിബിറ്റ് പി4 ആയി ഹാജരാക്കിയിട്ടുണ്ട്. ഈ വിജ്ഞാപനം ബലമായി ചൂണ്ടിക്കാട്ടുന്നത് എന്തെന്നാൽ ഇതിൽ സൂചിപ്പിച്ചിരിക്കുന്ന റോഡ്, അതായത് കണ്ണൂർ- വെങ്ങളം-കുറ്റിപ്പുറം റോഡ് 148 മുതൽ 318 കിലോമീറ്റർ വരെ വിസ്തൃതി ഉള്ളത് ഇനി ഒരിക്കലും ഒരു ദേശീയ/സംസ്ഥാന ഹൈവേയല്ലായെന്നും ബഹു.സുപ്രീം കോടതി *വി.കെ.ബാലു* (മുകളിലത്തെ) എന്ന കേസ്സിൽ ഉണ്ടാക്കിയിട്ടുള്ള മറ്റു മാനദണ്ഡങ്ങൾക്കു വിധേയമായി അധികാരികൾ ഹർജിക്കാരുടെ ഷാപ്പുകൾ/ബാറുകളുടെ പ്രവർത്തനം അവ ഈ റോഡിന്റെ പരിധിക്കോ പരിധിയിലോ സ്ഥിതിചെയ്യുന്നു എന്ന വെറും കാരണംകൊണ്ട് മാത്രം തടയുന്നത് നീതീകരിക്കപ്പെടുന്നതല്ല എന്നതാണ്. കണ്ണൂർ-വെങ്ങളം-കുറ്റിപ്പുറം റോഡ് 148 മുതൽ 318 കിലോമീറ്റർ വരെ ഇനി ഒരിക്കലും ഒരു ഹൈവേയല്ലാത്തിനാൽ, ബഹു.സുപ്രീംകോടതിയുടെ *വി.കെ.ബാലു* (മുകളിലത്തെ) എന്ന കേസ്സിലെ നിർദ്ദേശങ്ങളുടെ നിയമബദ്ധത പ്രസ്തുത റോഡിന് ബാധ

കമാക്കപ്പെടേണ്ടതല്ലെന്ന് എനിക്ക് ഉറപ്പുണ്ട്. എന്നാൽ, മറ്റു ദേശീയ/സംസ്ഥാന ഹൈവേക ളിൽ നിന്നുള്ള ദൂരത്തെ സംബന്ധിച്ചിട്ടു ള്ളതും മറ്റുള്ള ദേശീയ/സംസ്ഥാന ഹൈവേക ളിൽ നിന്നുള്ള പ്രവേശനത്തെ സംബ ന്ധിച്ചിട്ടുള്ളതുമായ മറ്റു നിർദ്ദേശങ്ങൾ തികച്ചും പ്രസക്തമാക്കേണ്ടതാണ്.

7. ഈ തർക്കങ്ങൾ, തീർച്ചയായും ക്ഷമതയുള്ള അധികാരികൾ നിയമത്തി ന്റെയും *വി.കെ.ബാലു* (മുകളിലത്തെ)- വിന്റെയും നിർദ്ദേശങ്ങളുടേയും അടിസ്ഥാന ത്തിൽ പരിഗണിപ്പെടേണ്ട ഒന്നാണ്.

അങ്ങനെയുള്ള സാഹചര്യത്തിൽ, ഹർജികക്ഷിക്കാരുടെ ഷാപ്പുകൾ/ബാറുകൾ സ്ഥിതിചെയ്യുന്ന പ്രദേശത്തെ അധികാരികത യുള്ള എക്സൈസ് ഡെപ്യൂട്ടി കമ്മിഷണറ ന്മാരെ *വി.കെ.ബാലു* (മുകളിലത്തെ) എന്ന കേസ്സിലും മുകളിലുദ്ധരിച്ച എന്റെ മുൻ വിധി ന്യായത്തിലും ഉണ്ടാക്കിയ മാനദണ്ഡങ്ങൾ ക്കുള്ളിൽ നിർബന്ധമായും നിന്നു കൊണ്ട് ഹർജികക്ഷിക്കാരുടെ അവർക്ക് സിദ്ധിച്ചിരി ക്കുന്ന പുതുക്കിയ ലൈസൻസുകൾ അടി സ്ഥാനമാക്കി മദ്യം വിൽക്കുന്നത് തുടരുന്നതി നുള്ള അവകാശവാദം എത്രയും പെട്ടെന്നും എന്നാൽ ഈ വിധിന്യായത്തിന്റെ പകർപ്പ് കിട്ടി രണ്ടാഴ്ച കഴിയാതെയും പരിഗണിക്കണ മെന്ന് നിർദ്ദേശിച്ചുകൊണ്ട് ഞാൻ ഈ റിട്ട് ഹർജികളിൽ ഉത്തരവാകുന്നു. ഇതിലെ ചില കേസുകളിൽ ഈ കോടതി ഹർജികക്ഷി ക്കാരിൽ ചിലരെ അവരുടെ പ്രവർത്തനം തുടരാനുവദിച്ചുകൊണ്ട് ഇടക്കാല ഉത്തരവു കൾ ആദ്യം തന്നെ നൽകിയിട്ടുണ്ടെന്ന് ഞാൻ കാണുന്നത് കൊണ്ടാണ് ഞാൻ സമയം ഇത്ര ചുരുക്കി നിശ്ചയിച്ചിട്ടുള്ളത്. അധികാരികൾ, ഹർജ്ജിക്കാരെ ഷാപ്പുകൾ/ബാറുകൾ പ്രവർത്തിപ്പിക്കാൻ അനുവദിക്കാൻ കഴി യുമോ എന്നതിൽ ഒരു നിഗമനത്തിലെ ത്തിച്ചേരുന്നതിന് ഭാരതസർക്കാർ. കണ്ണൂർ- വെങ്ങളം-കുറ്റിപ്പുറം റോഡ് 148 മുതൽ 318 കിലോമീറ്റർ വരെ വിസ്തൃതിയിൽ ഒഴി വാക്കിക്കൊണ്ട് പുറപ്പെടുവിച്ച എക്സിബിറ്റ് പി4 വിജ്ഞാപനം പ്രത്യേകിച്ച് കണക്കിലെ ടുക്കേണ്ടതാണെന്ന് ഞാൻ വ്യക്തമാക്കുന്നു.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് പി.എൻ. രവീന്ദ്രൻ**

**&**

**ബഹു. ജസ്റ്റിസ് ദാമാ ശേഷാദ്രി നായിഡു**

**എൻ. സതീഷ് കുമാർ**

*അഭി*

**കുടുംബ കോടതി, നെടുമങ്ങാട്, തിരുവനന്തപുരം**

**ആദ്യഹർജി (കുടുംബ കോടതി) നം. 447/2016**

**2017 മേയ് 23-ാം തീയതി വിധി കല്പിച്ചത്**

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഒരഭിഭാഷകൻ അദ്ദേഹത്തിന്റെ കക്ഷി ആരംഭിച്ച ഒരു കേസിൽ അയാളുടെ സ്വന്തം പേരിൽ നിയമനടപടികൾ നടത്തുന്നതിന് കഴിയുന്നതല്ലെന്ന് തീരുമാനിക്കാൻ ഞങ്ങളുടെ ഭാഗത്തു നിന്നും കൂടുതൽ ആലോചനയുടെ ആവശ്യമില്ല. ഈ ദൃഢ പ്രസ്താവം, എന്നിരുന്നാലും, യോഗ്യമാക്കേണ്ട ആവശ്യമുണ്ട്. അഭിഭാഷകൻ സങ്കടമനുഭവിക്കുന്നയാളാകുന്നിടത്തും കൂടാതെ അയാളുടെ കക്ഷിയെ അനുവർത്തിക്കേണ്ട ഒരു കാരണത്തിൽ പോലും അദ്ദേഹത്തിന് സ്വതന്ത്രമായ ഒരു കാരണമുണ്ടാകുന്നിടത്തും അദ്ദേഹത്തിന് സ്വന്തം പേരിൽ കോടതിയിൽ വ്യവഹാരം ഫയൽ ചെയ്യുവാൻ കഴിയുന്നതാണ്. ഒപി (എഫ്സി) അനുവദിച്ചു.**

### വിധിന്യായം

**ജസ്റ്റിസ് ദാമാ ശേഷാദ്രി നായിഡു**

**പശ്ചാത്തലം:**

സാവിത്രിക്ക് ഒരു മകനും ഒരു മകളും യഥാക്രമം സതീഷ് കുമാറും ലതാകുമാരിയും ഉണ്ട്. അവൾ നെടുമങ്ങാട് കുടുംബകോടതി മുമ്പാകെ അവളുടെ മകനിൽ നിന്നും ജീവനാംശം അവകാശപ്പെട്ട് കൊണ്ട് ഒരു നമ്പരിടാത്ത എം.സി ഫയൽ ചെയ്തു. സാവിത്രിയുടെ മകൾ അവളെ പ്രതിനിധീകരിക്കുന്നു.

2. എന്നാൽ, രജിസ്ട്രി ഹർജിയിൽ ചില ന്യൂനതകൾ ശ്രദ്ധിക്കുകയും ഒരു പക്ഷെ, കക്ഷികൾ ന്യൂനതകൾ പരിഹരിക്കുന്നതിനു വേണ്ടി 18.08.2016-ൽ അത് തിരിച്ചു നൽകുകയും ചെയ്തു. രജിസ്ട്രി ശ്രദ്ധിച്ച ന്യൂനതകൾ ഇതൊക്കെയാണ് (1) വക്കാലത്ത്നാമ (എക്സിബിറ്റ് പി2) ഒരു അഭിഭാഷകൻ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതാണ്. (2) ഹർജിക്കാരിയുടെ മകൾ ഫയൽ ചെയ്ത എം. സിയിൽ യാതൊരു മുക്ത്യാറും ചേർത്തിട്ടില്ലാത്തതാണ്.

3. സാവിത്രിയുടെ അഭിഭാഷകൻ ശ്രീ. എൻ. സതീഷ്കുമാർ രണ്ടാമത്തെ ന്യൂനത പരിഹരിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഒന്നാം ന്യൂനതയെ സംബന്ധിച്ച്, വക്കാലത്ത്നാമ 1971-ലെ സിവിൽ റൂൾസ് ഓഫ് പ്രാക്റ്റീസിലെ ചട്ടം 27 (1) പ്രകാരമുള്ള എല്ലാ നിയമപരമായ ഔപചാരികതയും പാലിച്ച് ശരിയായ ഒരു ഫാറത്തിൽ അദ്ദേഹം ഫയൽ ചെയ്തിട്ടുണ്ടെന്ന ഒരു വാദം അദ്ദേഹം എടുത്തു.

4. എന്നാൽ, ഹർജിക്കാരന്റെ അഭിപ്രായത്തിൽ, കുടുംബക്കോടതിയുടെ രജിസ്ട്രി വക്കാലത്ത്നാമ, നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമായി യോജിച്ചു പോകുന്നില്ലായെന്ന് ശഠിച്ചു. വക്കാലത്ത്നാമയിലുള്ള രജിസ്ട്രിയുടെ ഈ നിലപാടാണ് ഇപ്പോൾ തർക്കിച്ചിരിക്കുന്നത്. ഈ ലളിതമായ വസ്തുതകൾ വിസ്തരിച്ചെഴുതുമ്പോൾ ഞങ്ങൾ ഒന്നും അനുചിതമായി കാണുന്നില്ല; ഇത് അനേകം കേസ്സുകളിലെ ശരാശരി ഒന്നാകേണ്ടതായിരുന്നു. എന്നാൽ ഇത് അങ്ങനെയല്ല. ഇവിടെ അഭിഭാഷകൻ തന്നെയാണ് ഈ റിവിഷൻ ഫയൽ ചെയ്തത്; മുഖ്യകക്ഷി സാവിത്രിയെയോ, അവരുടെ മകളെയോ, അവർ തന്റെ അമ്മയുടെ മുക്ത്യാറുകാരിയായി പ്രതിനിധീകരിക്കുന്നു, നടപടികളുടെ ഒരു കക്ഷിയായി പോലും ചേർത്തിട്ടില്ലാത്തതുമാണ്.

**തർക്കം:**

5. സതീഷ് കുമാറിനു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രീ. എ.എസ്.ഷമ്മി രാജ്, കുടുംബക്കോടതി അതിന്റെ സമീപനത്തിൽ പൊരുത്തമില്ലായ്മ കാണിക്കുന്നുവെന്ന് സമർപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, മുമ്പ്, മറ്റൊരു കേസിൽ, അത് സതീഷ് കുമാറിന്റെ വക്കാലത്ത്, അനന്യമായ സന്ദർഭത്തിൽ, സ്വീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഈ സമയം അത് ദുർവാശിയുള്ള ഒരു നിലപാടെടുക്കുകയാണ് ചെയ്തത്.

**കോടതിയുടെ വിശദീകരണം:**

6. ഈ കോടതി, രജിസ്ട്രിയുടെ നിലപാട് മനസ്സിലാക്കുന്നതിലേയ്ക്കായി നെടുമങ്ങാട് കുടുംബക്കോടതിയിൽ നിന്നും ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടു, അത്, വാസ്തവത്തിൽ, ഒരെണ്ണം അയച്ചു തന്നു. പാണ്ഡിത്യമുള്ള പ്രിസൈഡിംഗ് ആഫീസർ, അവരുടെ ഖ്യാതിക്കായി എന്താണ്, അവരുടെ അഭിപ്രായത്തിൽ, അത് ഒരു തർക്കമല്ലാത്തത് ആണ് എന്ന് വിശദമാക്കി ഒരു റിപ്പോർട്ട്, തയ്യാറാക്കി അയച്ചുതന്നിട്ടുണ്ട്. ഞങ്ങൾക്കും, അത് അങ്ങനെയാണെന്ന് തോന്നുന്നു.

**റിപ്പോർട്ട്:**

7. പാണ്ഡിത്യമുള്ള പ്രിസൈഡിംഗ് ആഫീസർ ദൃഢമായി പറയുന്നതെന്തെന്നാൽ കോടതി നമ്പറിടാത്ത എം.സി തിരികെ നൽകാൻ ഉത്തരവിട്ടിട്ടില്ലാത്തതും, വാസ്തവത്തിൽ, അഭിഭാഷകൻ സ്വയം തന്നെ ന്യൂനതകൾ പരിഹരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതുമാതിരി അതെടുത്തതുമാണ് എന്നതാണ്. പാണ്ഡിത്യമുള്ള പ്രിസൈഡിംഗ് ആഫീസർക്ക് തോന്നിയതെന്തെന്നാൽ, രണ്ടാമത്തെ ന്യൂനത അഭിഭാഷകൻ പരിഹരിച്ചിരുന്നുവെങ്കിലും, കോടതി അത് നമ്പർ ചെയ്യുമായിരുന്നു എന്നാണ്. സിവിൽ റൂൾസ് ഓഫ് പ്രാക്റ്റീസിലെ ചട്ടം 27 (1) പൂർണ്ണമായും അനുസരിച്ചുകൊണ്ടാണ് അഭിഭാഷകൻ വക്കാലത്ത് ഫയൽ ചെയ്തിരിക്കുന്നതെന്നും അവർ സമ്മതിച്ചിരുന്നു. പരാതിക്കാരന്റെ തർക്കമായ രജിസ്ട്രിയുടെ പൊരുത്തമില്ലായ്മ തെറ്റാണെന്ന് തെളിയിക്കുന്നതിനായി അതേ അഭിഭാഷകന്റെ വക്കാലത്ത് മറ്റൊരു കേസിൽ സ്വീകരിച്ചത് നിലവിലത്തെ കേസുമായി യാതൊരു സമാനതയുമില്ലാത്തതാണെന്നും; അത് മുഴുവനായും വ്യത്യസ്ത സാഹചര്യങ്ങളിലായിരുന്നു എന്നും പ്രിസൈഡിംഗ് ആഫീസർ ഉറപ്പിച്ചു പറയുന്നു.

**സി ആർ പി-യിലെ ചട്ടം 27:**

8. സിവിൽ റൂൾസ് ഓഫ് പ്രാക്റ്റീസിലെ ചട്ടം 27 ഒരു അഭിഭാഷകൻ ഒരു വക്കാലത്ത് നാമ നൽകേണ്ട രീതിയെയും വിധത്തെയും കൈകാര്യം ചെയ്യുന്നു. ആ ചട്ടത്തിലെ ഉപചട്ടം (1) എല്ലാ വക്കാലത്തും ഒഴിവാക്കലുകൾക്കു വിധേയമായി ഫാറം നം. 12-ൽ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. അത് ഡിക്രിയോ ഉത്തരവോ നടപടികളിൽ പാസ്സാക്കിയതിനുശേഷം പോലും ആ വ്യവഹാരത്തിലോ, സംഗതിയിലോ എല്ലാ

വിധി നടത്തലുകളിലും പലവക നടപടികളിലും ഹാജരാകുവാൻ അഭിഭാഷകനെ അധികാരപ്പെടുത്തുന്നു. നടപടിക്രമത്തിൽ, (1) വക്കാലത്തിൽ അഭിഭാഷകന്റെ പേര് അത് ഒപ്പിട്ട് പൂർത്തീകരിക്കുന്നതിന് മുമ്പ് ചേർത്തിരിക്കേണ്ടതാണ്; (2) അത് ഒപ്പിട്ട് പൂർത്തിയാക്കുമ്പോഴും സ്വീകരിക്കുമ്പോഴും തീയതി വച്ചിരിക്കേണ്ടതാണ്. കൂടാതെ (3) അതിന്റെ ഒപ്പിട്ട് പൂർത്തിയാക്കൽ താഴെപ്പറയുന്ന ഏതെങ്കിലും ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്. (എ) ഒരു നീതിന്യായ ആഫീസർ (ബി) ഒരു ജില്ലാ രജിസ്ട്രാറോ ഒരു സബ് രജിസ്ട്രാറോ (സി) കേരള സംസ്ഥാനത്തിലെ ഒരു സിവിൽ അല്ലെങ്കിൽ ക്രിമിനൽ കോടതിയിലെ ചീഫ് മിനിസ്റ്റീരിയൽ ആഫിസർ, (ഡി) പാർലമെന്റിലെയോ ഭാരതത്തിലെ ഏതെങ്കിലും സംസ്ഥാന നിയമസഭയിലെയോ ഒരു അംഗം (ഇ) ഭാരതത്തിലെ ഏതെങ്കിലും മുനിസിപ്പൽ കൗൺസിലിന്റേയോ കോർപ്പറേഷന്റെയോ മറ്റ് തദ്ദേശാധികാരസ്ഥാനത്തിന്റെയോ ചെയർമാൻ, എക്സിക്യൂട്ടീവ് അധികാരി അല്ലെങ്കിൽ അംഗം, (എഫ്) ഒരു വില്ലേജ് ആഫീസർ, (ജി) കേന്ദ്ര സർക്കാരിന്റെയോ ഭാരതത്തിലെ ഏതെങ്കിലും സംസ്ഥാനത്തിന്റെയോ സേവനത്തിലുള്ള ഒരു ഗസറ്റഡ് ആഫീസർ, (എച്ച്) ഭാരതത്തിന്റെ പ്രതിരോധ സേനകളിലെ ഒരു കമ്മീഷൺഡ് ആഫീസർ, (ഐ) കേന്ദ്ര സർക്കാരിന്റെയോ കേന്ദ്ര സർക്കാർ യഥാവിധി അധികാരപ്പെടുത്തിയ ഒരു അംബാസിഡറോ സ്ഥാനപതിയോ, (ജെ) അഥവാ വക്കാലത്ത് സ്വീകരിക്കുന്ന അഭിഭാഷകനല്ലാത്ത മറ്റൊരു അഭിഭാഷകൻ.

9. കേസ് സ്വീകരിക്കുന്ന അഭിഭാഷകന് കക്ഷിയെ വ്യക്തിപരമായി അറിയാവുന്നിടത്തും അദ്ദേഹത്തിന് കക്ഷിയെ അറിയാം എന്ന് അഭിഭാഷകന്റെ മേലെഴുത്തോടുകൂടി അഭിഭാഷകന്റെ സാന്നിദ്ധ്യത്തിൽ കക്ഷി വക്കാലത്ത് ഒപ്പിടുന്നിടത്തും ഏതെങ്കിലും മറ്റൊരാൾക്ക് വക്കാലത്ത് സാക്ഷ്യപ്പെടുത്താവുന്നതാണെന്ന് ഉപവകുപ്പ് (1)-ന്റെ ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കുന്നുണ്ട്.

10. നിയമപ്രഭാവമുള്ളതായിട്ട്, ഈ കോടതി *ബാലചന്ദ്രൻ. എസ്.* **അഭി** *എൻ. കൃഷ്ണമൂർത്തി* **2009** (1) കെ.എൽ.റ്റി 975-ൽ സിവിൽ റൂൾസ് ഓഫ് പ്രാക്റ്റിസിലെ ചട്ടം 27 വ്യാഖ്യാനിച്ചിട്ടുണ്ട്. പാണ്ഡിത്യമുളള ഡിവിഷൻ ബഞ്ച് ചട്ടം 27 (1)-ലെ ഭാഷ യാതൊരു സംശയത്തിനും ഇട നൽകുന്നില്ലായെന്നു വിധിച്ചിട്ടുണ്ട്. ഒപ്പിട്ടു പൂർത്തീകരിച്ച ആളിനെ അയാൾക്ക് അറിയാമെങ്കിലും വക്കാലത്തിൽ അതിന്റെ ഫലത്തിലേക്ക് ഒരു മേലെഴുത്ത് ഉണ്ടാക്കിയെന്നിരുന്നാലും വക്കാലത്ത് സ്വീകരിക്കുന്ന അഭിഭാഷകന് വക്കാലത്ത് സാക്ഷ്യപ്പെടുത്താൻ കഴിയുന്നതല്ല. വാസ്തവത്തിൽ, വക്കാലത്ത് ഒപ്പിട്ടു പൂർത്തീകരിക്കുന്നതും സ്വീകരിക്കുന്നതും അഭിഭാഷക ആഫീസുകളിലെ ഒരു സാധാരണ സംഗതിയാണെങ്കിലും, അത് ഒരു ഗൗരവമുളള പ്രവൃത്തിയാണെന്ന് ഈ കോടതി ഊന്നൽ കൊടുക്കുന്നു.

**ഒരു അഭിഭാഷകന് അദ്ദേഹത്തിന്റേതായ നീതിന്യായ നടപടികൾ ഫയൽ ചെയ്യാൻ കഴിയുമോ?**

11. പ്രിസൈഡിംഗ് ആഫീസറെടുത്ത നല്ല നിലപാടായ അഭിഭാഷകൻ കേസ് കെട്ട് അവരുടെ അറിവില്ലാതെ തിരിച്ചെടുത്തുവെന്നും രണ്ടാമത്തെ ന്യൂനത മാത്രമേ പരിഹരിക്കേണ്ടതുള്ളുവെന്നും കൊടുത്തിരിക്കുന്നതുകൊണ്ട്, ഞങ്ങൾക്ക് ആരംഭത്തിൽ തന്നെ കേസ് അവസാനിപ്പിക്കാവുന്നതായിരുന്നു. എന്നാൽ, ഇതിൽ ഞങ്ങൾ ശ്രദ്ധിച്ചതെന്തെന്നാൽ വക്കാലത്ത് സ്വീകരിച്ച അഭിഭാഷകൻ തന്നെയാണ് ഈ ആദ്യ ഹർജ്ജി കുടുംബ കോടതി (ഒ പി എഫ് സി) ഫയൽ ചെയ്തിരിക്കുന്നു എന്നതാണ്. ഈ പ്രതിഭാസത്തിൽ അല്പം ചർച്ച ചെയ്യുന്നതും ഉചിതമാണെന്ന് ഞങ്ങൾക്ക് തോന്നുന്നുണ്ട്.

(ഫെഡ് ആർ ഷാപിരോ, ഓക്സ്ഫേർഡ് ലീഗൽ ക്വട്ടേഷനുകളുടെ നിഘണ്ടു-272 (ന്യൂയോർക്ക്: ഒയുപി 1993).

18. **മഹാരാഷ്ട്ര ബാർ കൗൺസിൽ അഭി എം.വി.ഡാഭോർക്കർ (1976) 2 എസ്സിസി 291** എന്ന കേസ്സിൽ സുപ്രീം കോടതി നിയമ പ്രൊഫഷണലുകളെ ഗുണദോഷിക്കുന്നു: നിയമ വൃത്തിയുടെ (പ്രൊഫഷന്റെ) മുഖ്യ ചുമതല നീതിയുടെ ഭരണനിർവ്വഹണത്തെ പ്രോത്സാഹിപ്പിക്കുകയാണെന്നത് ഓർമ്മിക്കേണ്ടതാണ്. നിയമത്തിലുള്ള പ്രാക്റ്റീസ് ബൃഹത്തായ അനുമാനങ്ങളുള്ള ഒരു പൊതു പ്രയോജന തത്വമായും രാജ്യം നിയമപ്രകാരം പ്രധാനം ചെയ്യുന്ന ഒരു കുത്തകയായും ആണെങ്കിൽ അത് അഭിഭാഷകരെ സാമൂഹിക നീതി- നീതിയുടെ ഒരു വാഹനം - എന്ന നിലയിൽ സമൂഹത്തിന്റെ വിശ്വാസത്തിന് അദ്ദേഹത്തെ യോഗ്യമാക്കുന്ന അത്തരത്തിലുള്ള നിലവാരം കണിശമായി കാത്തു സൂക്ഷിക്കുന്നതിന് അത് നിർബന്ധിക്കുന്നു. നിയമം വ്യാപാരമല്ല, കേസ് വ്യാപാരചരക്കല്ലയെന്ന് അത് മുന്നറിയിപ്പ് നൽകുന്നു.

19. ശരിയാണ്, ഒരഭിഭാഷകൻ അദ്ദേഹത്തിന്റെ കക്ഷിയുടെ പ്രതിനിധി യാകുന്നതും വക്കാലത്ത് അദ്ദേഹത്തിനുള്ള അധികാരപ്പെടുത്തലുമാണ്;അദ്ദേഹത്തിന് കക്ഷിക്കുവേണ്ടി വാദിക്കാൻ കഴിയുന്നു.

എന്നാൽ അദ്ദേഹത്തിന് കക്ഷിയെ ഭ്രഷ്ടനാക്കാൻ കഴിയുമോ? അദ്ദേഹത്തിന് സ്വയമേവ കക്ഷിയാകുവാൻ-അദ്ദേഹത്തിന്റെ കക്ഷിയുടെ കാരണത്തിൽ ഒരു സങ്കടമനുഭവിക്കുന്ന ഒരാൾ ആയിട്ട്-കഴിയുമോ?

20. ഒരു എജന്റിന് അദ്ദേഹത്തിന്റെ മുതലാളിക്ക് വേണ്ടി പ്രവൃത്തിക്കാൻ കഴിയുന്നു; ഉദാഹരണമായി, അദ്ദേഹത്തിനുവേണ്ടി അദ്ദേഹത്തിന് വ്യവഹാരം നടത്തുവാൻ കഴിയുന്നു. എന്നാൽ ഏജന്റ് ആദ്യം മുതലാളിയെ നടപടികളിൽ ആദ്യത്തെ ഒരു കക്ഷിയായി കൊണ്ടുവരേണ്ടതും അതിനുശേഷം അദ്ദേഹത്തിന്റെ ഏജന്റായി പ്രതിനിധീകരിക്കേണ്ടതുമാണ്. അതുപോലെ, അയാൾക്ക് മുതലാളിക്കുവേണ്ടി സത്യവാങ്മൂലം കൊടുക്കുവാനും കഴിയുന്നു. അയാളുടെ സാക്ഷ്യം പറയൽ അയാളുടെ വിവാദ്യകങ്ങളിൽ അയാൾക്കുള്ള വ്യക്തിപരമായ അറിവിലേക്ക് ചുരുക്കുകയും ചെയ്യുന്നു. അപ്രകാരം ഏജന്റിന് അയാളുടെ മുതലാളിയെ പ്രതിനിധീകരിക്കുയോ പരിപൂരകമാവുകയോ ചെയ്യാൻ കഴിയുന്നതും എന്നാൽ മുതലാളിക്കു പകരം നിൽക്കുകയോ, ഭ്രഷ്ടനാക്കുവാനോ കഴിയുന്നതല്ലാത്തതുമാണ്.

21. ബാലചന്ദ്രന്റെ കേസിലും, അഭിഭാഷകൻ നടപടികൾ അദ്ദേഹത്തിന്റെ സ്വന്തം പേരിലാണ് നടത്തിയിട്ടുള്ളത്. എന്നാൽ അദ്ദേഹത്തിന്റെ കക്ഷി ആരംഭിച്ച ഒരു കേസിൽ അദ്ദേഹത്തിന് സ്വന്തം പേരിൽ വ്യവഹരിക്കുവാൻ കഴിയുമോ എന്ന വിവാദ്യകം മൗനമായി പോയിരിക്കുന്നു.

22. ഒരഭിഭാഷകൻ അദ്ദേഹത്തിന്റെ കക്ഷി ആരംഭിച്ച ഒരു കേസിൽ അയാളുടെ സ്വന്തം പേരിൽ നിയമനടപടികൾ നടത്തുന്നതിന് കഴിയുന്നതല്ലെന്ന് തീരുമാനിക്കാൻ ഞങ്ങളുടെ ഭാഗത്തു നിന്നും കൂടുതൽ ആലോചനയുടെ ആവശ്യമില്ല. ഈ ദൃഢപ്രസ്താവം, എന്നിരുന്നാലും, യോഗ്യമാക്കേണ്ട ആവശ്യമുണ്ട്. അഭിഭാഷകൻ സങ്കടമനു വിക്കുന്നയാളാകുന്നിടത്തും കൂടാതെ, അയാളുടെ കക്ഷിയെ അനുവർത്തിക്കേണ്ട ഒരു കാരണത്തിൽപോലും, അദ്ദേഹത്തിന് സ്വതന്ത്രമായ ഒരു കാരണമുണ്ടാകുന്നിടത്തും അദ്ദേഹത്തിന് സ്വന്തം പേരിൽ കോടതിയിൽ വ്യവഹാരം ഫയൽ ചെയ്യുവാൻ കഴിയുന്നതാണ്.

23. വസ്തുതകൾ പിരശോധിച്ചു, അഭിഭാഷകന് കക്ഷി വക്കാലത്ത് കൊടുത്തിട്ടുണ്ടെന്ന് ഞങ്ങൾക്ക് ബോധ്യപ്പെടുന്നു. കേസിലെ കടലാസ്സുകളോടൊപ്പം ഈ കോടതി മുമ്പാകെ അഭിഭാഷകൻ അത് ഫയൽ ചെയ്തിരിക്കുന്നു. തടസ്സവാദത്തെ സംബന്ധിച്ച് എന്താണ് എന്നാൽ ന്യൂനതയുള്ള ഒരു വക്കാലത്ത് സമർപ്പണം-സാക്ഷ്യപ്പെടുത്തൽ എന്നാണ് പറയുന്നത്.

24. അതിനാൽ, ഞങ്ങൾ കരുതുന്നത്, രജിസ്ട്രി ഒരു കേസ് രജിസ്റ്റർ ചെയ്യാനോ നമ്പരിടാനോ വിസമ്മതിച്ചത് കേസ്സിന്റെ ഹാജരാക്കലിലുള്ള ഒരു ന്യൂനത കൊണ്ടാണെങ്കിൽ ആ കക്ഷിക്ക് മാത്രമേ ആ വിസമ്മതത്തെപ്പറ്റി തർക്കിക്കുവാൻ കഴിയുകയുള്ളു എന്നാണ്. നേരെമറിച്ച്, ന്യൂനതയെ സംബന്ധിച്ച് അഭിഭാഷകന്റെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷയാണെങ്കിൽ അദ്ദേഹത്തിന് സ്വതന്ത്രമായി ഒരു കോടതി വ്യവഹാരം ബോധിപ്പിക്കുവാൻ കഴിയുന്നതാണ്. നിയമത്തിലുള്ള തൊഴിൽ കുലീനമാകയാൽ അഭിഭാഷകനും അദ്ദേഹത്തിന്റെ അവകാശങ്ങളുണ്ട്; ഉദാഹരണമായി, അദ്ദേഹത്തിന്റെ തൊഴിൽ ചെയ്യാനുള്ള അവകാശം-പരിപാവനവും ഭരണഘടനാപരമായി വിശുദ്ധമാക്കപ്പെട്ടതുമായ ഒരു അവകാശം..

**ഉപസംഹാരം:**

25. ഞങ്ങൾ, അതുകൊണ്ട് ഒപി(എഫ്സി) ശ്രേഷ്ടമായും ന്യായീകരിക്കത്തക്കതാണ് എന്ന് തീരുമാനിക്കുന്നു. കൂടുതലായി, പാണ്ഡിത്യമുള്ള പ്രിസൈഡിംഗ് ആഫീസർ സമർപ്പിച്ച കുറിപ്പിനെ സംബന്ധിച്ച്, അഭിഭാഷകൻ രണ്ടാമത്തെ ന്യൂനത-അമ്മ അവരുടെ മകൾക്ക് അനുകൂലമായിട്ട് ഒപ്പിട്ട് പൂർത്തീകരിച്ച മുക്ത്യാർ ഹാജരാക്കുക- പരിഹരിക്കുകയാണെങ്കിൽ ജീവനാംശകേസ് നമ്പർ ചെയ്യുന്നതിന് നെടുമങ്ങാട് കുടുംബ കോടതിയോട് നിർദ്ദേശിച്ചുകൊണ്ട് ഞങ്ങൾ ഈ ഒപി തീർപ്പാക്കുന്നു.

അക്കാരണത്താൽ, ഈ ഒപി(എഫ്സി) തീർപ്പാക്കിയിരിക്കുന്നു. ചെലവിനെക്കുറിച്ച് ഉത്തരവൊന്നുമില്ല.

*——————*

12. ഞങ്ങൾ അവ വെറും പ്രമാണവാക്യങ്ങളായോ പറഞ്ഞു പഴകിയ ശൈലിയെന്നോ ആയി തള്ളിക്കളഞ്ഞിട്ടില്ലെങ്കിൽ, ഈ നിയമ ധാരണകൾ സുസ്ഥാപിതങ്ങളാണ്; ഒരഭിഭാഷകൻ അയാളുടെ കക്ഷിയുടെ ഒരു വക്താവല്ല, കൂലിയ്ക്കു മാത്രം പ്രവർത്തിക്കുന്ന ഒരുവനെക്കാളും താഴ്ന്നവനുമല്ല. അദ്ദേഹം കോടതിയോടാണ്, അതിന്റെ ആഫീസർ-സാദ്ധ്യമായ രീതിയിൽ ന്യായമായി അതിനെ സഹായിക്കുക, എന്ന പ്രഥമ കർത്തവ്യത്തിന് കടപ്പെട്ടിരിക്കേണ്ടത്. അദ്ദേഹത്തിന്റെ കക്ഷിയുടെ പ്രതിനിധിയായി അദ്ദേഹം പ്രവർത്തിക്കുന്നു, വക്കാലത്ത് നാമ എന്ന പദം ആയതിന്റെ അർത്ഥ-വിചാരബോധത്തെ വ്യഞ്ജിപ്പിക്കുന്നു. ഒരു അഭിഭാഷകനെ കക്ഷിക്കു വേണ്ടി പ്രവർത്തിക്കുവാനും വാദിക്കുവാനും അധികാരപ്പെടുത്തിക്കൊണ്ടുള്ള ഒരു ലിഖിതമായ പ്രമാണത്തിനുള്ള ഒരു ഉറുദു പദമാണത്. അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ വകുപ്പ് 2 (യു) വക്കാലത്ത്നാമ ഒരഭിഭാഷകനെ ഏതെങ്കിലും കോടതിയിലോ, ട്രിബ്യൂണലിലോ മറ്റെതെങ്കിലും അധികാര സ്ഥാനം മുമ്പാകെയോ ഹാജരാകുന്നതിനും വാദിക്കുന്നതിനും അധികാരപ്പെടുത്തുന്ന ഒരു ഹാജരാകൽ മെമ്മോറാണ്ടമോ ഏതെങ്കിലും മറ്റ് പ്രമാണമോ എന്നർത്ഥം ഉൾപ്പെടുന്ന നിർവ്വചനം നൽകുന്നു. ഇംഗ്ലീഷ് പദമായ പവർ ഓഫ് അറ്റോർണിക്ക് ചേർച്ചയുള്ള അതേപോലെയുള്ള ഒരു പ്രത്യേക ഒന്ന്.

13. നിയമസാന്മാർക്ഷികതയിന്മേലുള്ള വിവിധ ചർച്ചകളിലെ മർമ്മഭാഗം അഭിഭാഷകന്റെ പങ്ക് ആകുന്നു. ചില വിമർശകർക്ക്, കക്ഷി പക്ഷപാതത്തിന്റെ ആശയം ആ പങ്കിന്റെ കേന്ദ്രത്തിലാകുന്നു. മറ്റൊരു തരത്തിൽ അസാന്മാർഗ്ഗികം എന്ന് തോന്നുന്ന ഒരു രീതിയിൽ പ്രവൃത്തി ചെയ്യുക എന്ന അർത്ഥത്തിലാണെങ്കിൽ പോലും ഒരു കക്ഷിയുടെ കേസ് നടത്തുന്നതിൽ അഭിഭാഷകൻ അത്യുത്സാഹം കാണിക്കേണ്ടതുണ്ട്. അങ്ങനെയുള്ള വിമർശകർക്കുവേണ്ടി കക്ഷിക്കുവേണ്ടി അവനോ അവൾക്കോ കഴിയുന്നതെല്ലാം ചെയ്യുകയെന്നത് അഭിഭാഷകന്റെ കർത്തവ്യമാണ്. മറ്റുള്ളവർക്ക്, അഭിഭാഷകന് മുഴുവൻ നിയമ വ്യവസ്ഥയോടും, കൂടാതെ പൊതുവായുള്ള ധാർമ്മിക തത്വങ്ങളോടും, ബാധ്യസ്ഥത ഉണ്ടെന്നുള്ളതാണ്. ഈ കാഴ്ചപ്പാട് ഒരു അഭിഭാഷകന് അനുഷ്ഠിക്കാൻ കഴിയുന്ന അമിതോത്സാഹത്തിന്റെ അളവ് കുറച്ച് നിയന്ത്രിക്കുന്നു. ഈ കാഴ്ചപ്പാടുകൾ തമ്മിലുള്ള ചർച്ച അഭിഭാഷകർ അഭിമുഖീകരിക്കുന്ന ഒരു വലിയ എണ്ണം ധാർമ്മിക വിവാദ്യകങ്ങളെക്കുറിച്ചുള്ള ചർച്ചകളിൽ പ്രതിഫലിക്കപ്പെടുന്നു. (ജോനാഥൻ പൊറിംഗ്, ലീഗൽ എത്തിക്സ് (ഓക്സ്ഫോർഡ് യുപി, 2014)28-29.

14. അഭിഭാഷകൻ, അവന്റെ ജീവിതം, പ്രവൃത്തി സ്വാതന്ത്ര്യം, ധനം, കീർത്തി, പൊതുസന്തോഷം എന്നിവ അയാളുടെ കൈകളിലേയ്ക്ക് വച്ച് നൽകുന്ന ആളോട് ഒരു പ്രധാന കർത്തവ്യത്തിന് കടപ്പെട്ടിരിക്കുന്നു. അഭിഭാഷകൻ അയാളുടെ വിവേചനത്തിൽ അയാളുടെ കക്ഷിക്ക് ഏറ്റവും പ്രയോജനം ചെയ്യുന്ന എല്ലാ സത്യസന്ധമായ പ്രയത്നവും ഉണ്ടാക്കി നൽകേണ്ടതാണ്. ഇംഗ്ലണ്ടിലേയും വെയിൽസിലേയും ബാറിലെ പെരുമാറ്റനിയമസംഹിതയിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട് (ഖണ്ഡിക 207), എല്ലാ ശരിയായതും നിയമപരമായതുമായ മാർഗ്ഗത്തിൽ കൂടി അയാളുടെ സാധാരണ കക്ഷിയുടെ ഏറ്റവും നല്ല താല്പര്യങ്ങൾ അയാളുടെ സ്വന്തം താല്പര്യങ്ങളെക്കുറിച്ചോ അയാൾക്കോ ഏതെങ്കിലും മറ്റ് ആൾക്കോ അയാളുടെ വൃത്തിയിലുള്ള കക്ഷി അല്ലെങ്കിൽ നിയമവൃത്തിയിലെ സഹാംഗം ഉൾപ്പെടെ ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചോ ശ്രദ്ധിക്കാതെ ഭയരഹിതമായി പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും അയാൾക്ക് ഒരു വ്യക്തിപരമായ കർത്തവ്യമുണ്ട്. (ഡേവിഡ് പാനിക്, അഡ്വക്കേറ്റ് (ഓക്സ്ഫോർഡ് യു.പി. 1992) 90.

15. എന്നാൽ അത്യുത്സാഹത്തിന്റെ സങ്കല്പം വ്യാപകമായി പങ്കുവെക്കപ്പെടുന്നില്ല. ഡേവിഡ് പാനിക്ക് അദ്ദേഹത്തിന്റെ അഡ്വക്കേറ്റിൽ, (105-106 പുറങ്ങളിൽ) തിരഞ്ഞെടുത്ത സ്രോതസ്സുകളിൽ നിന്നും ഉദ്ധരിച്ചുകൊണ്ട് പറയുന്നതെന്തെന്നാൽ അഭിഭാഷകന് കോടതിയോടും അതുപോല തന്നെ അയാളുടെ കക്ഷിയോടും പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ ഉണ്ട് എന്നാണ്. യു.എസ് സുപ്രീം കോടതിയിലെ ചീഫ് ജസ്റ്റിസ് ബർഗർ, ഓൾഡ് വെസ്റ്റിലെ വാടകക്കെടുത്ത തോക്ക് ആയിട്ടാണ് അഭിഭാഷകനെ ദോഷൈകദൃക് കാണുന്നതെന്ന്, ശരിയായി വിമർശിച്ചിരിക്കുന്നു. അഭിഭാഷകൻ ഒരു വക്താവിനേക്കാളും കൂടുതലാണ്. മിസ്റ്റർ ജസ്റ്റിസ് ബ്ലാക്ക്ബേൺ വിശദീകരിക്കുന്നതുപോലെ, ചില അഭിഭാഷകർ..................... ഒരു കേസെടുക്കുന്നത് (അത്തരം) വ്യവസ്ഥകളിലാണ്. അദ്ദേഹം ഒരു വലിയ കാരണത്തിനുള്ള കർത്തവ്യത്തിനായി കടപ്പെട്ടിരിക്കുന്നു.

16. അഭിഭാഷകന്റെ കോടതിയോടുള്ള കർത്തവ്യത്തിന്റെ സ്വഭാവം ദശാബ്ദങ്ങൾക്കപ്പുറമായി ജഡ്ജിമാർ വിഭിന്നമായി വിശദീകരിക്കുന്നു എന്നാണ് ഡേവിഡ് പാനിക്ക് തുടരുന്നത്. ലോഡ് ജസ്റ്റിസ് സിംഗിൾടൺ ചിന്തിച്ചിരിക്കുന്നതെന്തെന്നാൽ അദ്ദേഹം, 'നീതിയുടെ ഭരണനിർവ്വഹണത്തിലെ ഒരു സഹായി', അയാൾ കക്ഷികൾ തമ്മിലുള്ള തർക്കത്തിൽ ഒരു ശരിയായ ഫലത്തിൽ എത്തിച്ചേരുന്നതിൽ തുണയ്ക്കുക എന്ന അത്യദ്ധ്വാനം ചെയ്യുന്നു എന്നാണ്. ലോഡ് പിയെഴ്സിന്റെ അഭിപ്രായത്തിൽ, അദ്ദേഹത്തിന് പൊതു പരിഗണനകൾ അനുവദിക്കുന്നതുപോലെ അയാളുടെ കക്ഷിയുടെ തർക്കങ്ങൾക്ക് അനുകൂലമായ പക്ഷപാതം പോലുള്ള നീതി തേടലിലും പൊതു താല്പര്യത്തിൽ സത്യം സ്പഷ്ടമാക്കുന്നതിലുമുള്ള ഒരു സമീപനരീതി അവലംബിച്ചുകൊണ്ട് അഭിഭാഷണത്തിലെ ആയുധങ്ങൾ ഉപയോഗിക്കേണ്ട ഒരു കർത്തവ്യമുണ്ട്. ലോഡ് ലാംഗ്ഡെയിലിന്, ഓരോ അഭിഭാഷകന്റേയും അത്യുത്സാഹത്തിലും വാദങ്ങളിലും അദ്ദേഹത്തിനും ആദരിക്കപ്പെടുന്ന അദ്ദേഹത്തിന്റെ വൃത്തിയിലും എന്താണ് കടപ്പെട്ടിരിക്കുന്നത് എന്നറിയുന്നത് പ്രശസ്തിയും പ്രവൃത്തി പരിചയവും പാണ്ഡിത്യവും ഉള്ള ഒരു മനുഷ്യനെപ്പോലെ അയാളുടെ സ്വഭാവത്തെ ബാധിക്കുന്ന പരിഗണനകൾ മാത്രവുമല്ല നീതിയുടെ പൊതു താല്പര്യങ്ങളെ ബാധിക്കുന്ന പരിഗണനകളുമാണ് പര്യാപ്തമാകുന്നത്. ചീഫ് ജസ്റ്റീസ് കാർഡോസോ, അഭിഭാഷകൻ സ്വകാര്യഗുണത്തിനും കൂടുതലായി എന്തിനെങ്കിലും വേണ്ടിയുള്ള വന്ദനീയമായ കൂട്ടായ്മ സ്വീകരിക്കേണ്ടിയിരിക്കുന്നുവെന്ന് വിശ്വസിക്കുന്നു. അദ്ദേഹം നീതിയുടെ പരിസമാപ്തി അഭിവൃദ്ധിപ്പെടുത്തുന്നതിലേയ്ക്ക് ഒരു ഉപകരണമോ ഒരു പ്രതിനിധിയോ ആയി കോടതിയുടെ ഒരു ഉദ്യോഗസ്ഥനായോ, കോടതി തന്നെയോ പോലെ ആയിത്തീരുന്നു. എന്തെന്നാൽ (ലോഡ് അപ്ജോണിന്റെ അഭിപ്രായത്തിൽ) കോടതികൾ കേസ്സിൽ അഭിഭാഷകന്റെ അവതരണത്തിലെ സത്യ നിഷ്ഠയിലും നിഷ്പക്ഷതയിലും ആശ്രയിക്കുന്നു, അവിടെ, സർ ജോൺ ഡൊണാൾഡ്സണ്ണിന് 'പൂർണ്ണമായ സത്യനിഷ്ഠയുടെ ആവശ്യകത' പൊതു താല്പര്യത്തിൽ അഭിഭാഷകരിൽ ചുമത്തിയിട്ടുള്ളതാകുന്നു. ഈ എല്ലാ കാരണങ്ങളാലും, എല്ലാ അഭിഭാഷകരും ഒരളവ് വരെ അമിക്കസ് ക്യൂറിയാണ് എന്നാണ് (കോടതിയുടെ കൂട്ടുകാരൻ) ലോഡ് മോറിസ് തീർപ്പു കല്പിച്ചിരിക്കുന്നത്.

17. ലോകം അതിന്റെ അധിക്ഷേപം ചിലപ്പോഴൊക്കെ അഭിഭാഷകരിൽ നടത്താറുണ്ട് എന്നാൽ അതിന്റെ നിഷേധം ഒരു സമ്മതമാണ്. ഒളിവർ വെൻഡെൽ ഹോംസ് ജൂനിയർ, ഒരു ബാർ അസോസിയേഷനിലെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു "എന്താണ് ഞാൻ സത്യമാണെന്ന് വിശ്വസിക്കുന്നത് അതിന് എല്ലാ ഭൗതികമായ വൃത്തികളിൽ നിന്നും ഇതിനാണ് ഉന്നത നിലവാരമുള്ള തറവാടിത്തമുള്ളത് എന്നാണ് ഇത് തോന്നിപ്പിക്കുന്നത്."

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് പി.ബി. സുരേഷ് കുമാർ

എം.സി. അബ്ദുൾ റഹ്മാനും മറ്റൊരാളും

*അഭി*

കേരള സർക്കാരും മറ്റുള്ളവരും

റിട്ട് ഹർജി (സിവിൽ) നം. 15822/2017

2017 മേയ് 25-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**1994-ലെ മനുഷ്യാവയവങ്ങളും കോശജാലങ്ങളും മാറ്റിവയ്ക്കൽ ആക്റ്റ്-രണ്ടാം ഹർജിക്കാരൻ ഒന്നാം ഹർജിക്കാരന്റെ അലുമിനിയം ഫാബ്രിക്കേഷൻ വർക്ക് ഷോപ്പിൽ ജോലി ചെയ്തിരുന്നുവെന്നത് ഒന്നാം ഹർജിക്കാരൻ കാഞ്ഞങ്ങാടിന് അടുത്തുള്ള ഒരു സ്ഥലത്തെ സ്വദേശിയായതിനാൽ കളവാണെന്ന് പറയുന്നതിന് കഴിയുന്നതല്ല. നിയമത്തിന്റെ പദ്ധതിയിൽ ഒരാളുടെ ജീവൻ രക്ഷിക്കുന്നതിനായി മറ്റൊരാളുടെ അവയവം ദാനം ചെയ്യുന്നതിനുള്ള സാധ്യമായ ബന്ധം സാഹചര്യത്തിൽ സൂചിപ്പിക്കുന്നുവെങ്കിൽ ആവശ്യപ്പെടുന്ന അനുമതി നൽകേണ്ടതാണ്. പഞ്ചായത്ത് പ്രസിഡന്റ് നൽകിയ സാക്ഷ്യപത്രത്തിലെ തെറ്റായ പ്രസ്താവനയുടെ കാരണത്താൽ ഹർജിക്കാർ തേടിയിട്ടുള്ള നിവൃത്തി നിരസിക്കുന്നത് ഉചിതമായിരിക്കുകയില്ല-റിട്ട് ഹർജി അനുവദിച്ചു.**

### വിധിന്യായം

ഈ സംഗതി 1994-ലെ മനുഷ്യാവയവങ്ങളും കോശജാലങ്ങളും മാറ്റിവയ്ക്കൽ ആക്റ്റ് ("ആക്റ്റ്") പ്രകാരം ഉത്ഭവിച്ചതാണ്.

2. ഒന്നാം ഹർജിക്കാരൻ ദീർഘകാലമായി വൃക്ക തകരാറിനാൽ കഷ്ടപ്പെടുകയും രക്തം ശുദ്ധീകരിക്കൽ പ്രക്രിയക്ക് വിധേയനാകുകയും ചെയ്യുന്നു. ഒന്നാം ഹർജിക്കാരന്റെ ജീവൻ രക്ഷിക്കുന്നതിന് വൃക്ക മാറ്റിവയ്ക്കൽ മാത്രമേ ഉപാധിയായിട്ടുള്ളൂ എന്ന് അയാളെ ചികിത്സിക്കുന്ന നെഫ്രോളജിസ്റ്റുകൾ അയാളെ ഉപദേശിച്ചതായി ഹർജിക്കാർ പ്രസ്താവിച്ചിരിക്കുന്നു. ഹർജിക്കാരുടെ കേസെന്തെന്നാൽ ഒന്നാം ഹർജിക്കാരന്റെ ഒരു സുഹൃത്തായ രണ്ടാം ഹർജിക്കാരൻ അയാളുടെ വൃക്കകളിൽ ഒരെണ്ണം ഒന്നാം ഹർജിക്കാരന് ദാനം ചെയ്യുന്നതിന് വാഗ്ദാനം നൽകിയെങ്കിലും ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയ സമിതി രണ്ടാം ഹർജിക്കാരന്റെ അവയവം നീക്കം ചെയ്യുന്നതിനുള്ള അനുവാദം നിരസിച്ചു. എക്സിബിറ്റ് പി2 ഇതുമായി ബന്ധപ്പെട്ട അധികാര സമിതി പാസ്സാക്കിയ ഉത്തരവാണ്. ഹർജിക്കാർ ഈ സംഗതി സംസ്ഥാന സർക്കാർ മുമ്പാകെ അപ്പീലിൽ കൊണ്ടുവന്നെങ്കിലും അപ്പീലിൽ എക്സിബിറ്റ് പി2 സ്ഥിരീകരിക്കപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പാസ്സാക്കിയ ഉത്തരവാണ് എക്സിബിറ്റ് പി3. ഈ റിട്ട് ഹർജിയിൽ എക്സിബിറ്റ് പി2-ഉം പി3-ഉം തർക്കിക്കപ്പെടുന്നു.

3. ഹർജിക്കാർക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനേയും പാണ്ഡിത്യമുള്ള സർക്കാർ അഭിഭാഷകനേയും കേട്ടു.



5/475/2017 - 13

4. അധികാരപ്പെടുത്തിയ സമിതിയുടെ മുൻകൂർ അംഗീകാരം ഇല്ലാതെ, ഒരാൾ, അടുത്ത ഒരു ബന്ധു അല്ലാത്ത മറ്റൊരാളിന്റെ ശരീരത്തിൽ, സ്വീകർത്താവുമായിട്ട് സ്നേഹ ബന്ധമോ താല്പര്യമോ കാരണത്താലോ, മറ്റേതെങ്കിലും പ്രത്യേക കാരണങ്ങളാലോ, അയാളുടെ ഏതെങ്കിലും മനുഷ്യാവയവങ്ങൾ അയാളുടെ മരണത്തിനു മുമ്പായി മാറ്റി വയ്ക്കുന്നതിന് ആയിട്ട് നീക്കം ചെയ്യുന്നതിന് അധികാരപ്പെടുത്തുമ്പോൾ, അത്തരം മനുഷ്യാവയവം നീക്കം ചെയ്യുകയോ മാറ്റി വെയ്ക്കുകയോ ചെയ്യാൻ പാടുള്ളതല്ല എന്ന് ആക്റ്റിലെ വകുപ്പ് 9 ഉപവകുപ്പ് (3) വ്യവസ്ഥ ചെയ്യുന്നു. ആക്റ്റിലെ വകുപ്പ് 2 (ശ) അടുത്ത ബന്ധു -നെ നിർവ്വചിക്കുന്നു. ജീവിത പങ്കാളി, പുത്രൻ, പുത്രി, പിതാവ്, മാതാവ്, സഹോദരൻ, സഹോദരി, അപ്പൂപ്പൻ, അമ്മൂമ്മ, പൗത്രൻ, പൗത്രി എന്നിവർ മാത്രമെ പ്രസ്തുത അടുത്ത ബന്ധു-ന്റെ നിർവ്വചനത്തിനുള്ളിൽ വരുന്നുള്ളൂ. ആക്റ്റിൽ ഉൾക്കൊണ്ടിട്ടുള്ള അടുത്ത ബന്ധു-ന്റെ നിർവ്വചനം വായിക്കുന്നതനുസരിച്ച് ഒന്നാം ഹർജിക്കാരന്റെ ഒരു അടുത്ത ബന്ധു അല്ല രണ്ടാം ഹർജിക്കാരനെന്ന് സമ്മതിച്ചിരിക്കുന്നു. അപ്രകാരം, ഹർജിക്കാരുടെ മാറ്റിവയ്ക്കലിന്റെ കേസിൽ, അധികാരപ്പെടുത്തിയ സമിതിയുടെ അനുമതി ആവശ്യമാകുന്നു. ഹർജിക്കാർ ആവശ്യപ്പെട്ടിട്ടുള്ള അനുമതി രണ്ടു കാരണങ്ങളാണ് നിരസിച്ചിട്ടുള്ളതെന്ന് എക്സിബിറ്റ് പി2 ഉത്തരവ് സൂചിപ്പിക്കുന്നു. ദാനദാതാവിന്റെയും സ്വീകർത്താവിന്റെയും ധനസ്ഥിതിയിൽ വളരെ അന്തരം ഉണ്ടെന്നുള്ളത് ഒന്നാമത്തെ കാരണവും വാഗ്ദാനം നൽകുന്നതിലേക്ക് നയിച്ച അവർ തമ്മിലുള്ള ബന്ധം സംബന്ധിച്ച് ദാനദാതാവിനും സ്വീകർത്താവിന്റെ മകൾക്കും തൃപ്തികരമായി വിശദീകരിക്കുന്നതിന് സാധിച്ചില്ല എന്നത് രണ്ടാമത്തെ കാരണവും ആണ്. രണ്ടാമത്തെ കാരണത്തിന് പിൻബലമായിട്ട്, സ്വീകർത്താവിന്റെ അലൂമിനിയം ഫാബ്രിക്കേഷൻ വർക്ക്ഷോപ്പിൽ ഒരു തൊഴിലാളിയായി അയാൾ ജോലി ചെയ്യുന്നു എന്ന ദാനദാതാവിന്റെ അവകാശവാദത്തെ അവർക്ക് സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും പഞ്ചായത്ത് പ്രസിഡന്റ് കക്ഷികളുടെ പ്രസ്തുത ബന്ധം തെളിയിക്കുന്നതിന് നൽകിയ സാക്ഷ്യപത്രം ഹർജിക്കാരുടെ കേസിനെതിരായി വരുന്നു എന്നും എക്സിബിറ്റ് പി2 ഉത്തരവിൽ പ്രസ്താവിച്ചിരിക്കുന്നു. അധികാരപ്പെടുത്തിയ സമിതി പാസ്സാക്കിയിട്ടുള്ള എക്സിബിറ്റ് പി2 ഉത്തരവിൽ ഏതെങ്കിലും അധികമായ കാരണം നൽകിയിട്ടില്ല. അതനുസരിച്ച്, ഹർജിക്കാർ ആവശ്യപ്പെട്ടിട്ടുള്ള അനുമതി വിസമ്മതിച്ചതിൽ മേൽ പറഞ്ഞ കാരണങ്ങൾ തൃപ്തികരമാണോ എന്നതാണ് ഇവിടത്തെ ചോദ്യം.

5. ജീവിച്ചിരിക്കുന്നതും മരിച്ചുപോയതും ആയ ആളുകളിൽ നിന്നും അവയവങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുന്നതും അത്തരം അവയവങ്ങളുടെ മാറ്റിവയ്ക്കലിന് മനുഷ്യാവയവങ്ങളുടെ വാണിജ്യ ഇടപാടുകൾ തടയുന്നതിനും ഈ ആക്റ്റ് ഉദ്ദേശിക്കുന്നു. മനുഷ്യാവയവ ങ്ങളുടെ ഇടപാടുകളുടെ സാമ്പത്തിക ലാഭത്തിലേക്ക് മനുഷ്യരുടെ ചൂഷണം കണക്കിലെടുത്താണ് ഇത്തരം സ്വഭാവമുള്ള ഒരു നിയമ നിർമ്മാണം ആവശ്യമായി വന്നത്. ഈ ആക്റ്റിന്റെ ഉദ്ദേശ്യം ഉറപ്പുവരുത്തുന്നതിനായി, 2014-ലെ മനുഷ്യാവയവങ്ങളും കോശജാലങ്ങളും മാറ്റിവയ്ക്കൽ ചട്ടങ്ങളുടെ ("ചട്ടങ്ങൾ") ചട്ടം 7 ഉപചട്ടം (3) സ്വീകർത്താവും ദാനദാതാവും തമ്മിൽ യാതൊരു വാണിജ്യ ഇടപാടുകളും ഇല്ലെന്നും സ്വീകർത്താവ് ദാനദാതാവിനോ മറ്റ് ഏതെങ്കിലും ആളിനോ ഏതെങ്കിലും പണം നൽകിയിട്ടുണ്ടോ എന്നും ഉറപ്പുവരുത്തുന്നത് അധികാരപ്പെടുത്തിയ സമിതിയെ ബാധ്യതയുള്ളതാക്കുന്നു. പ്രസ്തുത ഉപചട്ടം, കക്ഷികൾ തമ്മിലുള്ള ബന്ധവും അവയവം നൽകുന്നതിനുള്ള സമ്മതത്തിലേക്ക് നയിച്ചിട്ടുള്ള ചുറ്റുപാടുകളും തൃപ്തികരമായി വിശദീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനും കൂടി

അധികാരപ്പെടുത്തിയ സമിതിയെ ബാധ്യതയുളളതാക്കുന്നു. പ്രസ്തുത ഉപചട്ടം കക്ഷികളുടെ ധനസ്ഥിതി കണക്കിലെടുത്ത് അവർ തമ്മിൽ വാണിജ്യ ഇടപാടുകൾ നടത്തുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനും കൂടി അധികാരപ്പെടുത്തിയ സമിതിക്ക് അധികാരം നൽകുന്നു. ചട്ടങ്ങളിലെ ചട്ടം 7 ഉപചട്ടം (3) ഇപ്രകാരം വായിക്കാവുന്നതാണ്:-

(3) നിർദ്ദിഷ്ട ദാനദാതാവും സ്വീകർത്താവും അടുത്ത ബന്ധുക്കളല്ലാ ത്തപ്പോൾ, അധികാരപ്പെടുത്തിയ സമിതി,-

(i) സ്വീകർത്താവും ദാനദാതാവും തമ്മിൽ യാതൊരു വാണിജ്യ ഇടപാടുകളും ഇല്ലെന്നും ദാനദാതാവിന് യാതൊരു പണം നൽകലും നടത്തിയില്ലെന്നും ദാനദാതാവിനോടോ ഏതെങ്കിലും മറ്റ് ആളിനോടോ വാഗ്ദാനം നൽകിയിട്ടില്ലെന്നും വിലയിരുത്തേണ്ടതാണ്;

(ii) അവർ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചും സമ്മതം നൽകുന്നതിലേക്ക് നയിച്ചിട്ടുളള ചുറ്റുപാടുകളെ സംബന്ധിച്ചും ഒരു വിശദീകരണം തയ്യാറാക്കേണ്ടതാണ്;

(iii) ദാനദാതാവ് എന്തു കാരണത്താലാണ് ദാനം ചെയ്യുന്നതിന് ആഗ്രഹിക്കുന്നതെന്ന് പരിശോധിക്കേണ്ടതാണ്;

(iv) ബന്ധത്തിന്റെ രേഖാമൂലമുള്ള തെളിവ്, അതായത്, അവർ തമ്മിൽ ഒരുമിച്ച് താമസിക്കുന്നു എന്നത് മുതലായവയുടെ തെളിവ് പരിശോധിക്കേണ്ടതാണ്;

(v) ദാനദാതാവും സ്വീകർത്താവും ഒരുമിച്ചിരുന്നു എന്ന് കാണിക്കുന്ന പഴയ ഫോട്ടോഗ്രാഫുകൾ പരിശോധിക്കേണ്ടതാണ്;

(vi) ഏതെങ്കിലും മദ്ധ്യസ്ഥനോ ദല്ലാളോ ഉൾപ്പെട്ടിട്ടില്ലെന്ന് വിലയിരു ത്തേണ്ടതാണ്;

(vii) ദാനദാതാവിന്റേയോ സ്വീകർത്താവിന്റേയോ ധനസ്ഥിതി അവരുടെ ജോലിയും തൊട്ടുമുമ്പത്തെ മൂന്ന് ധനകാര്യ വർഷത്തിലെ ആദായവും സംബന്ധിച്ച് ഉചിതമായ തെളിവുകൾ നൽകുന്നതിന് അവരോട് ആവശ്യപ്പെട്ട് വിലയിരുത്തേണ്ടതും വാണിജ്യ ഇടപാട് തടയുന്ന ഉദ്ദേശ്യത്തിന്റെ പശ്ചാത്തലത്തിൽ ഏതെങ്കിലും വലിയ അന്തരം രണ്ടു പേരുടേയും സ്ഥിതിയിൽ ഉണ്ടോ എന്ന് വിലയിരുത്തേണ്ടതാണ്;

(viii)) ദാനദാതാവ് ഒരു ലഹരി മരുന്നിന് അടിമ അല്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്;

(ix) അടുത്ത ബന്ധുവോ, അടുത്ത ബന്ധുക്കളില്ലെങ്കിൽ, ഏതെങ്കിലും മുതിർന്ന ആളിന് ദാനദാതാവുമായി രക്തബന്ധമുണ്ടെങ്കിലോ, ബന്ധമില്ലാത്ത ദാനദാതാവിനെ അവന്റെയോ അവരുടെയോ ഒരു അവയവമോ കോശകലയോ ദാനം ചെയ്യുന്ന ഉദ്ദേശ്യത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് മുഖാമുഖം നടത്തേണ്ടതും ദാനദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധത്തിന്റെ അധികാരിതയും, ദാനത്തിന്റെ കാരണങ്ങളും ഏതെങ്കിലും ശക്തമായ അഭിപ്രായമോ എതിർപ്പോ അത്തരം ബന്ധുവുമായുളള തടസ്സമോ രേഖപ്പെടുത്തേണ്ടതും ശ്രദ്ധയിൽ എടുക്കേണ്ടതും ആണ്. ധാരാളം എണ്ണം രോഗികൾ അവരുടെ ജീവൻ നിലനിറുത്തുന്നതിനായി അവയവം മാറ്റി വെക്കുന്നതിന് ഉചിതമായ ദാനദാതാവിനെ കണ്ടുപിടിക്കുന്നതിന് കാത്തിരിക്കുന്നതായും അതിൽ വളരെ കുറച്ച് ഭാഗ്യവാന്മാർക്ക് അവരുടെ അടുത്ത ബന്ധുക്കളിൽ നിന്നും യോജിക്കുന്ന ദാനദാതാക്കളെ കണ്ടുപിടിക്കുവാൻ സാധിക്കുന്നു എന്നത് ഒരു സാധാരണ അറിവ് ആണ്. ആക്റ്റിന്റെയും ചട്ടങ്ങളുടെയും പദ്ധതി വായിക്കുമ്പോൾ അടുത്ത ബന്ധുക്കളല്ലാത്തവരിൽ നിന്നും ഉളള മാറ്റിവെക്കൽ സ്വീകർത്താവുമായിട്ടുള്ള സ്നേഹബന്ധമോ താല്പര്യമോ അല്ലെങ്കിൽ മറ്റേതെങ്കിലും വിശേഷാൽ കാരണങ്ങളും ഉണ്ടെങ്കിലേ അനുവദനീയമാവുകയുള്ളൂ. നിലവിലത്തെ കേസിനെ സംബന്ധിച്ചിടത്തോളം, ഹർജിക്കാരുടെ കേസെന്തെന്നാൽ രണ്ടാം ഹർജിക്കാരൻ അയാളുടെ അവയവം ഒന്നാം ഹർജിക്കാരനോടുള്ള സ്നേഹബന്ധത്തിന്റെ കാരണത്താൽ ഒന്നാം ഹർജിക്കാരന് ദാനം ചെയ്യുവാൻ ഉദ്ദേശിക്കുന്നു എന്നതാണ്. ഈ സ്വഭാവത്തിലുള്ള കേസുകൾ അധികാരപ്പെടുത്തിയ സമിതി തീർച്ചപ്പെടുത്തേണ്ടത്

ആവശ്യമായി വരുന്നു. ചുറ്റുമുള്ള സാഹചര്യങ്ങളിൽ നിന്നും മാത്രം ഒരു ആൾ മറ്റൊരാൾക്ക് തന്റെ അവയവം ദാനം ചെയ്യുന്നതിനുള്ള കാരണം അയാളോടുള്ള സ്നേഹബന്ധം ആണോ എന്ന ചോദ്യം സസൂക്ഷ്മമായി അന്വേഷിച്ചറിയാൻ കഴിയുന്നതാണ്. അവയവം മാറ്റിവെക്കുന്നത് നിയമം തടയുന്നില്ലെന്ന് ഈ സന്ദർഭത്തിൽ കുറിക്കേണ്ടത് പ്രസക്തമാണ്. സാമ്പത്തിക ലാഭത്തിനായി അവയവ ഇടപാടുകളിലെ ചൂഷണം ഒഴിവാക്കുക എന്ന കാഴ്ചപ്പാടിൽ അവയവ മാറ്റിവെയ്ക്കലിനെ അത് ക്രമാനുസരമാക്കുകയേ ചെയ്യുന്നുള്ളൂ. അപ്രകാരം, എന്നെ സംബന്ധിച്ചിടത്തോളം മറ്റൊരാളുടെ ജീവൻ രക്ഷിക്കുന്നതിന് ഒരാൾ അയാളുടെ അവയവം ദാനം ചെയ്യുന്നതിന് ഒരു സാദ്ധ്യമായ ബന്ധം ചുറ്റുപാടുകളിൽ സൂചിപ്പിക്കുന്നുവെങ്കിൽ ആവശ്യപ്പെട്ടിട്ടുള്ള അനുമതി അനുവദിച്ചു നൽകേണ്ടതാണ്.

6. മുകളിൽ സൂചിപ്പിച്ചതുപോലെ, നിലവിലത്തെ കേസിൽ അധികാരപ്പെടുത്തിയ സമിതി ഹർജിക്കാർ ആവശ്യപ്പെട്ടിട്ടുള്ള അനുമതി നിരസിക്കുന്നതിന് കാണിച്ചിട്ടുള്ള കാരണങ്ങളിൽ ഒന്ന്, ദാനദാതാവും സ്വീകർത്താവും തമ്മിലുള്ള ധനസ്ഥിതിയിൽ വളരെ വ്യത്യാസമുണ്ടെന്നതാണ്. വാസ്തവമായും, ആലോചനയിലിരിക്കുന്ന അവയവത്തിന്റെ ദാനം സ്വമേധയാ ഉള്ളതാണോ എന്ന് ഉറപ്പുവരുത്തുന്നതിനും ഏതെങ്കിലും ധന ഇടപാടുകൾ ആ നടത്തിപ്പിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനും അധികാരപ്പെടുത്തിയ സമിതി തീർച്ചയായും ഒരു ഘടകമായ കക്ഷികളുടെ ധനസ്ഥിതിയിലേക്ക് പോകേണ്ടതായിട്ടുണ്ട്. എന്നാൽ ദാനദാതാവും സ്വീകർത്താവും തമ്മിൽ ധനസ്ഥിതിയിൽ വ്യത്യാസമുണ്ടെങ്കിൽ മാറ്റിവെയ്ക്കൽ അനുവദിക്കുവാൻ കഴിയുന്നതല്ല എന്നല്ല അർത്ഥമാക്കേണ്ടത്. ഒരാളുടെ ഒരു അവയവത്തിന്റെ സ്വമേധയാലുള്ള ദാനം ഒരു സ്വന്തം നഷ്ടപ്പെടുത്തലിന്റെ ഉന്നത ബഹുമതിയും അത്തരം ത്യാഗം ചെയ്യുന്ന ആളുകൾ പണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അവ ചെയ്യുന്നതെന്ന് കരുതുന്നത് മനുഷ്യത്വമില്ലായ്മയുമാണ്.

7. മുകളിൽ ശ്രദ്ധിച്ചതുപോലെ, ഹർജിക്കാർ ആവശ്യപ്പെട്ടിട്ടുള്ള അനുമതി നിരസിക്കുവാൻ അധികാരപ്പെടുത്തിയിട്ടുള്ള സമിതി പ്രസ്താവിച്ച മറ്റൊരു കാരണം വാഗ്ദാനത്തിലേക്ക് നയിക്കപ്പെട്ടതിലേക്ക് ഹർജിക്കാർ തമ്മിലുള്ള ബന്ധത്തെ തൃപ്തികരമായി അവർ വിശദീകരിച്ചിട്ടില്ല എന്നതാണ്. പ്രസ്തുത പരിസമാപ്തിയെ ബലപ്പെടുത്തുന്നതിനായി, റിക്കാർഡിലുള്ള രേഖകളിൽ നിന്നും രണ്ടാം ഹർജിക്കാരൻ ഒന്നാം ഹർജിക്കാരന്റെ അലൂമിനിയം ഫാബ്രിക്കേഷൻ വർക്ക്ഷോപ്പിൽ ജോലിചെയ്യുന്നുവെന്ന് കാണിക്കുന്നതിന് കക്ഷികൾ ഹാജരാക്കിയിട്ടുള്ള പഞ്ചായത്ത് പ്രസിഡന്റ് നൽകിയ സാക്ഷ്യപത്രം ഉചിതമല്ല എന്നും കക്ഷികൾ കെട്ടിപൊക്കിയിട്ടുള്ള പ്രസ്തുത കേസിന് എതിരാണെന്നും അധികാരപ്പെടുത്തിയ സമിതി പ്രസ്താവിച്ചിരുന്നു. ഈ സംഗതി ഒരാളുടെ ജീവന് നേരിട്ട് ആഘാതം ഉണ്ടാക്കുന്ന ഒന്നാകയാൽ രണ്ടാം ഹർജികക്ഷിയുമായി സംവദിക്കുന്നത് അനിവാര്യമായി ഈ കോടതിക്ക് തോന്നി. അനന്തരഫലമായി, ഈ കോടതി രണ്ടാം ഹർജികക്ഷിയോട് ഈ കോടതിയിൽ ഹാജരാകുവാൻ നിർദ്ദേശിച്ചു. അതനുസരിച്ച്, ഈ കോടതിയിൽ രണ്ടാം ഹർജികക്ഷി ഇന്ന് ഹാജരായി. ഞാൻ അയാളെ വിശദമായി വിസ്തരിച്ചു. അയാൾ പ്രസ്താവിച്ചിട്ടുള്ളതെന്തെന്നാൽ, അയാൾ ഈരാറ്റുപേട്ടക്കാരനാണെങ്കിലും അയാളുടെ മാതാപിതാക്കൾ കാഞ്ഞങ്ങാട്ട് സ്വദേശികളായിരുന്നുവെന്നും 1995-ന് ശേഷം അയാൾ അവരോടൊപ്പം താമസിച്ചിരുന്നു എന്നുമാണ്. 2009-ൽ അയാൾ ഈരാറ്റുപേട്ടയിലേക്ക് താമസം മാറിയതായും അയാൾ പ്രസ്താവിച്ചിരിക്കുന്നു. അയാളുടെ അമ്മയും ഇളയ സഹോദരനും ഇപ്പോഴും കാഞ്ഞങ്ങാട്ട്

താമസിക്കുകയാണെന്നും അയാളുടെ സഹോദരി നീലേശ്വരത്ത് സ്ഥിരതാമസമാണെന്നും അയാൾ വീണ്ടും പ്രസ്താവിച്ചിട്ടുണ്ട്. റിക്കാർഡിന്റെ ഭാഗമായിട്ടുള്ള ഹർജിക്കാരന്റെ കുടുംബത്തിന്റെ റേഷൻ കാർഡ് സൂചിപ്പിക്കുന്നതെന്തെന്നാൽ അത് ഹോസ്ദുർഗ് റേഷനിംഗ് അധികാരി നൽകിയിട്ടുള്ളതാണെന്നും, രണ്ടാം ഹർജിക്കാരന്റെ പേര് അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുമാണ്. ഈ കോടതി നിർദ്ദേശിച്ച പ്രകാരം മേൽപ്പറഞ്ഞ വസ്തുതകൾ കാണിച്ചുകൊണ്ട് ഒരു സത്യവാങ്മൂലം ഫയൽ ചെയ്തു. ഒന്നാം ഹർജിക്കാരൻ ഒരു അലൂമിനിയം ഫാബ്രിക്കേഷൻ വർക്ക്ഷോപ്പ് കണ്ണൂരിൽ നടത്തിയിരുന്നതായും രണ്ടാം ഹർജിക്കാരൻ കുറച്ചുനാൾ ആ വർക്ക് ഷോപ്പിലെ ഒരു തൊഴിലാളി ആയിരുന്നു എന്നുമാണ് രണ്ടാം ഹർജിക്കാരന്റെ വിശേഷാൽ കേസ്. മുതലാളി തൊഴിലാളി എന്ന അവരുടെ അടുത്തിടപഴകൽ കാരണം, രണ്ടാം ഹർജികക്ഷിക്ക് ഒന്നാം ഹർജികക്ഷിയോട് സ്നേഹബന്ധം ഉടലെടുത്ത കാരണത്താൽ രണ്ടാം ഹർജികക്ഷി ഒന്നാം ഹർജികക്ഷിയുടെ ജീവൻ രക്ഷിക്കുന്നതിനായി അയാളുടെ ഒരു അവയവം ദാനം ചെയ്യുവാൻ വാഗ്ദാനം നൽകിയെന്നുമാണ് അവരുടെ കേസ്. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ, രണ്ടാം ഹർജിക്കാരൻ ഒന്നാം ഹർജിക്കാരന്റെ അലൂമിനിയം ഫാബ്രിക്കേഷൻ വർക്ക്ഷോപ്പിൽ ജോലി ചെയ്തിരുന്നു എന്നത് ഒന്നാം ഹർജിക്കാരൻ കാഞ്ഞങ്ങാടിന് അടുത്തുള്ള ഒരു സ്ഥലത്ത് താമസിക്കുന്നതിനാൽ കളവാണെന്ന് പറയുന്നതിന് കഴിയുന്നതല്ല. ഹർജിക്കാർ കെട്ടിപ്പൊക്കിയ പ്രസ്തുത കേസ് യഥാർത്ഥമാണെങ്കിൽ, ഒന്നാം ഹർജിക്കാരന്, രണ്ടാം ഹർജിക്കാരൻ തന്റെ ഒരു അവയവം ദാനം ചെയ്യുന്നതിന് തക്കവിധത്തിലുള്ള ഒരു ബന്ധം നിലനിൽക്കുന്നുണ്ടോ എന്നതു മാത്രമാണ് ബാക്കിയുള്ള ചോദ്യം. ചുറ്റുമുള്ള സാഹചര്യങ്ങളിൽ നിന്നും ആളുകൾ തമ്മിലുള്ള ബന്ധങ്ങളുടെ ആഴത്തെ സംബന്ധിച്ചുള്ള നിഗമനങ്ങൾ ഉണ്ടാക്കുന്നത് വളരെ പ്രയാസമാണ്. മേലും, എന്നെ സംബന്ധിച്ചിടത്തോളം, നിയമം അവയവം മാറ്റിവയ്ക്കലിലെ തടയാത്തിടത്തോളം, അങ്ങനെയുള്ള ഒരു അന്വേഷണം ആക്റ്റിന്റെ ആവശ്യങ്ങളിലേക്കായി ഉദ്ദേശിച്ചിട്ടില്ലാത്തതാണ്. മുകളിൽ കുറിച്ചിട്ടുള്ളതു പോലെ, ആക്റ്റിന്റെ പദ്ധതിയിൽ ഒരാളുടെ ജീവൻ രക്ഷിക്കുന്നതിനായി മറ്റൊരാളുടെ അവയവം ദാനം ചെയ്യുന്നതിനുള്ള ഒരു സാദ്ധ്യമായ ബന്ധം സാഹചര്യങ്ങൾ സൂചിപ്പിക്കുന്നുവെങ്കിൽ ആവശ്യപ്പെടുന്ന അനുമതി നൽകേണ്ടതാണ്. പഞ്ചായത്ത് പ്രസിഡന്റിന്റെ സർട്ടിഫിക്കറ്റിൽ രണ്ടാം ഹർജിക്കാരൻ ഒന്നാം ഹർജിക്കാരനുമായി ഇപ്പോഴും ജോലി നോക്കുന്നു എന്ന് പ്രസ്താവിച്ചിരിക്കുന്നത് വാസ്തവമാണ്. അത്, ശരിയായ ഒരു പ്രസ്താവന അല്ല. ഹർജിക്കാർക്ക് അപ്രകാരമുള്ള ഒരു കേസ്സില്ല. റിക്കാർഡിലുള്ള മുഴുവൻ രേഖകളുടേയും ഒരു വിശകലനത്തിൽ, റിട്ട് ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ള നിവൃത്തികൾക്ക് ഹർജി ക്കാർ അർഹരാണെന്നും പഞ്ചായത്ത് പ്രസിഡന്റ് നൽകിയ സർട്ടിഫിക്കറ്റിലെ തെറ്റായ പ്രസ്താവനയുടെ കാരണത്താൽ ഹർജിക്കാർ തേടിയിട്ടുള്ള നിവൃത്തി നിരസിക്കുന്നതും ഉചിതമായിരിക്കുകയില്ല എന്നുമാണ് എന്റെ കാഴ്ചപ്പാട്.

8. മേൽ പ്രസ്താവിക്കപ്പെട്ട കാരണങ്ങളാൽ, ഈ റിട്ട് ഹർജി അനുവദിച്ചിരിക്കുന്നു. എക്സിബിറ്റ് പി2-ഉം പി3-ഉം ഉത്തരവുകൾ അസ്ഥിരപ്പെടുത്തുകയും അധികാരപ്പെടുത്തിയ സമിതിയോട് ഹർജിക്കാർ അഭ്യർത്ഥിച്ചിട്ടുള്ള പ്രകാരമുള്ള മാറ്റിവയ്ക്കൽ അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവുകൾ പാസ്സാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഇതു സംബന്ധിച്ച ഉത്തരവുകൾ കഴിയുന്നതും സത്വരമായി പാസ്സാക്കേണ്ടതാണ്.

*————*


5/475/2017 - 14

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ചീഫ് ജസ്റ്റിസ് നവനിതി പ്രസാദ് സിംഗ്

&

ബഹു. ജസ്റ്റിസ് രാജാ വിജയരാഘവൻ. വി

രജിപ്ത് ബാലകൃഷ്ണൻ. കെ.കെ

*അഭി*

കേരള സർക്കാരും മറ്റുള്ളവരും

റിട്ട് അപ്പീൽ നം. 571/2017

2017 ജൂൺ 13-ന് വിധി കല്പിച്ചത്

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**2008-ലെ കേരള നെൽവയൽ തണ്ണീർത്തടം സംരക്ഷണ ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിനായി 30-05-2017-ൽ പുറപ്പെടുവിച്ച ഒരു ഓർഡിനൻസ് റെക്കാർഡ് ചെയ്തു. ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉൾക്കുറിപ്പുകളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആക്ഷേപം സമർപ്പിക്കുവാൻ ഈ ചട്ടങ്ങൾ അവസരം നൽകുന്നു. അത് ചെയ്തുകഴിഞ്ഞാൽ, ഒരു വലിയ പരിധി വരെ പൗരൻമാർക്ക് തെറ്റുകൾ തിരുത്തുന്നതിനോ തെറ്റുകൾ തിരുത്തിയെടുക്കുന്നതിനോ സഹായകരമായേക്കും. റിട്ട് അപ്പീൽ തീർപ്പാക്കി.**

വിധിന്യായം

ചീഫ് ജസ്റ്റിസ് നവനിതി പ്രസാദ് സിംഗ്

ഈ കോടതിയുടെ 04-04-2017-ലെ ഉത്തരവിന് അനുസൃതമായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തടം സംരക്ഷണ ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിനായി 30-05-2017-ൽ പുറപ്പെടുവിച്ച ഒരു ഓർഡിനൻസ് റെക്കാർഡ് ചെയ്തു. ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉൾക്കുറിപ്പുകളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആക്ഷേപം സമർപ്പിക്കുവാൻ ഈ ചട്ടങ്ങൾ അവസരം നൽകുന്നു. അത് ചെയ്തു കഴിഞ്ഞാൽ, ഒരു വലിയ പരിധി വരെ പൗരൻമാർക്ക് തെറ്റുകൾ തിരുത്തുന്നതിനോ തെറ്റുകൾ തിരുത്തിയെടുക്കുന്നതിനോ സഹായകരമായേക്കും. എന്നിരുന്നാലും, ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് പൊതുജനങ്ങളുടെ അറിവിൽ എത്താത്തിടത്തോളം പ്രയോജനകരമല്ലെന്ന് സർക്കാരിനെ ധരിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സംസ്ഥാനത്ത് വിപുലമായി പ്രചാരത്തിലുള്ള വിവിധ ങ്ങളായ ദിനപ്പത്രങ്ങളിൽ വിജ്ഞാപനത്തിന്റെ സാരാംശം പ്രസിദ്ധീകരിക്കുകയും തക്കതായ പ്രചാരം നൽകുകയും ചെയ്യുന്നത് അതിലേയ്ക്ക് ഫലപ്രദമായ രീതി ആയേക്കാം. ഇത് ഇതിനകം തന്നെ ചെയ്തിട്ടില്ലെങ്കിൽ ഉടനടി സർക്കാർ അങ്ങനെ ചെയ്യണമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും അടക്കം ഈ റിട്ട് അപ്പീൽ തീർപ്പാക്കുന്നു. അപ്പീൽവാദിയുടെ പരാതി പരിഹരിക്കുന്നതിനായി ഈ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നീങ്ങാൻ അപ്പീൽവാദിക്ക് ഇപ്പോൾ സ്വാതന്ത്ര്യമുണ്ടെന്ന് പറയാതെ തന്നെ വ്യക്തമാണ്.

*——————*

യുവ കാശ്മീരി വിദ്യാർത്ഥി കലാകാരന്മാരുടെ ജീവിതത്തിലേക്കുള്ള ഒരു ഒളിഞ്ഞുനോട്ടത്തിലേക്ക് കൊണ്ടുപോകുന്നു. കാശ്മീർ താഴ്‌വരയിലെ വിദ്യാർത്ഥികലാകാരന്മാരുടെ യഥാർത്ഥമായ അഭിപ്രായങ്ങൾ ചിത്രീകരിക്കുന്നതിനുള്ള ഒരു ശ്രമമാണ് ഈ ഫിലിം എന്നാണ് ഹർജിക്കാർ പ്രസ്താവിച്ചിരിക്കുന്നത്.

2. മാർച്ച്, മാർച്ച്, മാർച്ച് എന്ന ഡോക്യുമെന്ററി ഫിലിം നിർമ്മിച്ച ആളാണ് ഡബ്ല്യു. പി.(സി) നമ്പർ 19820/2017-ലെ ഹർജിക്കാരൻ. ജവഹർ ലാൽ നെഹ്റു സർവ്വകലാശാലയിൽ അടുത്തിടെ നടന്ന പ്രക്ഷോഭത്തെ സംബന്ധിച്ചുള്ളതാണ് പ്രസ്തുത ഡോക്യുമെന്ററി എന്ന് ഹർജിക്കാരൻ പ്രസ്താവിച്ചിരിക്കുന്നു.

3. ഈ മാസം 16 മുതൽ സംസ്ഥാനത്തിൽ ഒരു അന്തർദേശീയ ഡോക്യുമെന്ററി ആന്റ് ഷോട്ട് ഫിലിം ഫെസ്റ്റിവൽ ഈ റിട്ട് ഹർജികളിലെ രണ്ടാം എതിർകക്ഷി കേരള ചലച്ചിത്ര അക്കാഡമി സംഘടിപ്പിക്കുന്നുണ്ട്. ഫെസ്റ്റിവലിലെ മത്സരവിഭാഗത്തിലെ സ്ക്രീനിംഗിനായി പ്രസ്തുത ഫിലിം ഫെസ്റ്റിവലിലെ സംഘാടക സമിതി, റിട്ട് ഹർജികളിലെ ഹർജിക്കാരുടെ അപേക്ഷകളിൽ, അവർ നിർമ്മിച്ചിട്ടുള്ള ഡോക്യുമെന്ററി ഫിലിമുകൾ തിരഞ്ഞെടുത്തിട്ടുണ്ട്. എല്ലാ തരത്തിലുമുള്ള ഫിലിമുകളുടേയും പൊതുപ്രദർശനത്തിന് 1952 - ലെ സിനിമാറ്റോഗ്രാഫ് ആക്റ്റ് ( ആക്റ്റ് ) പ്രകാരമുള്ള സർട്ടിഫിക്കേഷൻ ആവശ്യമായിട്ടുണ്ട്. ആക്റ്റിലെ വകുപ്പ് 9, എന്നിരുന്നാലും, ആക്റ്റ് പ്രകാരമുള്ള സർട്ടിഫിക്കേഷൻ നടപടികളിൽ നിന്നും ഏതെങ്കിലും ഫിലിം അല്ലെങ്കിൽ ഫിലിമുകളുടെ വിഭാഗത്തെ ഒഴിവാക്കുന്നതിന് കേന്ദ്രസർക്കാരിന് അധികാരം നൽകുന്നുണ്ട്. ഫെസ്റ്റിവലിന്റെ സ്ക്രീനിംഗിന് ഹർജിക്കാർ നിർമ്മിച്ച ഡോക്യുമെന്ററി ഫിലിമുകൾ തിരഞ്ഞെടുക്കപ്പെടുകയും, ആ ഫിലിമുകളും പൊതു പ്രദർശനത്തിന് ആക്റ്റ് പ്രകാരം സർഫിക്കേഷനുകൾ നേടാത്ത ഫെസ്റ്റിവലിന് സ്ക്രീനിംഗിനായി തിരഞ്ഞെടുത്ത മറ്റ് 168 ഡോക്യുമെന്ററി ഫിലിമുകളും ഉള്ളതിനാൽ രണ്ടാം എതിർകക്ഷി പൊതു പ്രദർശനത്തിനായി ആക്റ്റിലെ വകുപ്പ് 9 പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും മുഴുവൻ 170 ഫിലിമുകളെയും സംബന്ധിച്ചുള്ള ഒഴിവാക്കൽ തേടുക ഉണ്ടായി. രണ്ടാം എതിർകക്ഷി നൽകിയ അപേക്ഷയിൻമേൽ, കേന്ദ്രസർക്കാർ ഹർജിക്കാർ നിർമ്മിച്ച ഫിലിമുകൾ ഉൾപ്പെടെ 3 ഫിലിമുകൾ ഒഴിച്ച് ബാക്കി എല്ലാ ഡോക്യുമെന്ററി ഫിലിമുകൾക്കും തേടിയിട്ടുള്ള ഒഴിവാക്കൽ അനുവദിച്ചു നൽകി. റിട്ട് ഹർജി (സിവിൾ) നം. 19427/2017-ലെ എക്സിബിറ്റ് പി.1 ഇതു സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവാണ്. ആക്റ്റിലെ വകുപ്പ് 9 പ്രകാരം ഒഴിവാക്കലുകൾക്ക് ഉള്ള അധികാരം വിനിയോഗിക്കുന്നതിന് കേന്ദ്രസർക്കാർ നിർമ്മിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശക രേഖയാണ് 17.1.2006-ലെ ഓഫീസ് മെമ്മോറാണ്ഡം എഫ് നമ്പർ 808/5/2004-എഫ് (സി) (ചുരുക്കത്തിൽ ഒഎം ") ആക്റ്റിലെ വകുപ്പ് 9 പ്രകാരം അധികാരം വിനിയോഗിക്കുമ്പോൾ കേന്ദ്രസർക്കാർ എടുക്കുന്ന തീരുമാനത്തിനെതിരായി അപ്പീലിനുള്ള ഒരു അവകാശം പ്രസ്തുത ഒഎം-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രണ്ടാം എതിർകക്ഷി, ഈ ചുറ്റുപാടിൽ, ഒഎം പ്രകാരം രൂപീകൃതമായിട്ടുള്ള അപ്പലേറ്റ് അധികാരസ്ഥാനം മുമ്പാകെ ഹർജിക്കാർ നിർമ്മിച്ച ഡോക്യുമെന്ററി ഫിലിമുകളെ സംബന്ധിച്ചു ഒഴിവാക്കൽ നിരസിച്ചുകൊണ്ടുള്ള എക്സിബിറ്റ് പി1 ഉത്തരവിനെതിരായി തർക്കിച്ചുകൊണ്ട്, ഒരു അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും പ്രസ്തുത അപ്പീൽ തീർപ്പാക്കാതെ നിലനിൽക്കുന്നതുമാണ്. ഇതിനിടെ, രണ്ടാം എതിർകക്ഷി, കേന്ദ്രസർക്കാരിന്റെ തീരുമാനം ഹർജിക്കാരെ അറിയിക്കുകയും, പ്രസ്തുത വിവരം കൈപ്പറ്റിയതിനുശേഷം ഹർജിക്കാർ കേന്ദ്രസർക്കാരിന്റെ എക്സിബിറ്റ് പി1 തീരുമാനത്തിനെതിരായിട്ട് ഈ റിട്ട് ഹർജികൾ ഫയൽ ചെയ്തിട്ടുള്ളതുമാണ്. ഡബ്ല്യു.പി.(സി) നമ്പർ 19427/2017-ൽ

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് പി.ബി.സുരേഷ് കുമാർ

ഷാൻ സെബാസ്റ്റിനും മറ്റൊരാളും

*അഭി*

വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിലെ സെക്രട്ടറിയും മറ്റൊരാളും

റിട്ട് ഹർജി (സിവിൽ) നം. 19427 & 19820/2017

2017 ജൂൺ 16-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

1952-ലെ സിനിമാറ്റോഗ്രാഫ് ആക്റ്റ്- വകുപ്പ് 9-ആക്റ്റിലെ ഭാഗം II-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള സർട്ടിഫിക്കേഷൻ നടപടിയിൽ നിന്നും ഒരു ഫിലിമിനെയോ ഒരു വിഭാഗം ഫിലിമുകളേയോ ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിന് അധികാരം അനുവദിച്ചു നൽകുന്ന ആക്റ്റിലെ വകുപ്പ് 9 ഒരു സോപാധികമായ നിയമനിർമ്മാണമാകുന്നതും, അതുപോലെ, ആ അധികാരം നിയമനിർമ്മാണസഭ അധികാരം ഏല്പിച്ചവർ സ്വന്തമായി അവരുടെ വിഷയ സംബന്ധമായിട്ടുള്ള തൃപ്തിപ്പെടലിൽ വിനിയോഗിക്കേണ്ടതാണെന്നതും അവിതർക്കിതമാണ്. നിലവിലുള്ള കേസ്സിനെ സംബന്ധിച്ചിടത്തോളം, കേന്ദ്രസർക്കാർ, ഒഴിവാക്കലിനെ സംബന്ധിച്ചുള്ള അധികാരം വിനിയോഗിക്കുന്ന വേളയിൽ ഫിലിമുകളുടെ തിട്ടപ്പെടുത്തലിന്റെ ലക്ഷ്യങ്ങൾക്ക് ആയി ഒഎം പ്രകാരം മാർഗ്ഗനിർദ്ദേശക രേഖകൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. ആക്റ്റിലെ വകുപ്പ് 9 പ്രകാരമുള്ള അധികാരം വിനിയോഗിക്കുന്നതിനായി കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശക രേഖകൾ ചിട്ടപ്പെടുത്തിയിട്ടുള്ളിടത്തോളം, അപ്രകാരമുള്ള മാർഗ്ഗനിർദ്ദേശക രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമേ അത്തരം അധികാരം വിനിയോഗിക്കുന്നതിന് അതിന് കഴിയുകയുള്ളു. മുകളിൽ ശ്രദ്ധിച്ചതുപോലെ, ഒഎം-ൽ വിനിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ തൃപ്തിപ്പെടുത്തുന്ന ഫിലിം ഫെസ്റ്റിവലുകളുടെ സംഘാടകരിൽ നിന്നു മാത്രമേ അത്തരം ഒഴിവാക്കലിനുള്ള അപേക്ഷകൾ ഒഎം-ൽ ഉദ്ദേശിച്ചിട്ടുള്ളൂ. ഒഎം-ന് എതിരായി തർക്കം ഉന്നയിച്ചിട്ടില്ലാത്തതാണ്. ഹർജിക്കാർക്ക് അവരുടെ ഡോക്യുമെന്ററി ഫിലിമുകളുടെ പ്രദർശനത്തിന് ആക്റ്റിലെ വകുപ്പ് 9 പ്രകാരമുള്ള ഒഴിവാക്കലിനുള്ള അപേക്ഷകൾ നൽകുന്നതിന് അർഹതയില്ലെങ്കിൽ, എന്നെ സംബന്ധിച്ചിടത്തോളം അവരുടെ ഫിലിമിനുവേണ്ടി അവരെ, രണ്ടാം എതിർകക്ഷി തേടിയിട്ടുള്ള ഒഴിവാക്കലിനെ കേന്ദ്രസർക്കാർ നിരസിച്ചത് സംബന്ധിച്ച തീരുമാനത്തിൽ സങ്കട കക്ഷികളായി പറയുന്നതിന് കഴിയുന്നതല്ല - ഹർജികൾ തളളിക്കളഞ്ഞു.

### വിധിന്യായം

ഇൻ ദി ഷെയ്ഡ് ഓഫ് ഫാളൻ ചിനാർ എന്ന ഡോക്യുമെന്ററി സിനിമ നിർമ്മിച്ചവരാണ് ഡബ്ല്യു.പി.(സി) നമ്പർ 19427/2017-ലെ ഹർജിക്കാർ. ഹർജിക്കാർ പറയുന്നതനുസരിച്ച് പ്രസ്തുത ഡോക്യുമെന്ററി സിനിമ ഒരുകൂട്ടം

കേന്ദ്രസർക്കാരിനു വേണ്ടി ഒരു പത്രിക ഫയൽ ചെയ്തിട്ടുണ്ട്. റിട്ട് ഹർജി നിലനിൽക്കത്തക്കതല്ലെന്ന് ആ പത്രികയിൽ വാദിച്ചിരിക്കുന്നു. ഒഎം പ്രകാരം കേന്ദ്രസർക്കാർ നിർമ്മിച്ച മാർഗ്ഗനിർദ്ദേശക രേഖക്ക് അനുസൃതമായി ഹർജി കക്ഷികൾ നിർമ്മിച്ചിട്ടുള്ള ഫിലിമുകൾ പരിശോധിച്ചെന്നും ഒഎം പ്രകാരമുള്ള ഒഴിവാക്കലിന് നിജപ്പെടുത്തിയ മാനദണ്ഡങ്ങൾക്ക് അനുരൂപമായതല്ല പ്രസ്തുത ഫിലിമുകൾ എന്നതിനാലാണ് ആ ഫിലിമുകൾക്കുള്ള ഒഴിവാക്കൽ നിരസിച്ചതെന്നും കൂടി അതിൽ വാദിച്ചിരിക്കുന്നു. ഡബ്ല്യു.പി.(സി) നമ്പർ 19427/2017-ലെ ഹർജിക്കാർ നിർമ്മിച്ചിട്ടുള്ള ഫിലിമിനെ സംബന്ധിച്ചിടത്തോളം, ആയത്, കാശ്മീർ താഴ്വരയിലെ വിദ്യാർത്ഥി കലാകാരന്മാരുടെ യഥാർത്ഥമായ അഭിപ്രായത്തെ ചിത്രീകരിക്കുന്നെങ്കിലും, അതിലെ ഒരു ഭാഗം രാഷ്ട്ര താല്പര്യത്തിന് എതിരാണ് എന്നാണ് പത്രികയിൽ തർക്കിച്ചിരിക്കുന്നത്,

5. ഹർജിക്കാരുടെ പാണ്ഡിത്യമുള്ള അഭിഭാഷകനേയും കേന്ദ്രസർക്കാരിന്റെ പാണ്ഡിത്യമുള്ള അഭിഭാഷകനേയും കേൾക്കുകയുണ്ടായി.

6. ആക്റ്റ്, ആക്റ്റിൻ കീഴിൽ സർട്ടിഫിക്കേഷൻ ലഭിക്കാത്ത ഫിലിമുകളുടെ പൊതു പ്രദർശനം നിരോധിച്ചിരിക്കുന്നു. തീർച്ചയായിട്ടും, ആക്റ്റിലെ വകുപ്പ് 9 വ്യവസ്ഥ ചെയ്യുന്നതെന്തെന്നാൽ, ഏതെങ്കിലും ഫിലിമിന്റെയോ ഏതെങ്കിലും വിഭാഗം ഫിലിമുകളുടെയോ പ്രദർശനത്തിന് കേന്ദ്രസർക്കാരിന്, ലിഖിതമായ ഉത്തരവ് മുഖേന, അത്തരം ഉപാധികൾക്കും പരിമിതപ്പെടുത്തലുകൾക്കും വിധേയമായിട്ട്, ഏതെങ്കിലും ഉണ്ടെങ്കിൽ, അത് ചുമത്തിക്കൊണ്ട്, ആക്റ്റിലെ ഭാഗം കക-ലെ ഏതെങ്കിലും വ്യവസ്ഥകളിൽ അല്ലെങ്കിൽ, അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിൽ നിന്നും ഒഴിവാക്കാം എന്നതാണ്. മുകളിൽ ശ്രദ്ധിച്ചതുപോലെ, ഒഎം പ്രകാരം ആക്റ്റിലെ 9-ാം വകുപ്പിൻ കീഴിൽ അധികാരം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശക രേഖ കേന്ദ്രസർക്കാർ ഉണ്ടാക്കിയിട്ടുണ്ട്. വാദത്തിനിടയിൽ ഒഎംന്റെ ഒരു പകർപ്പ് ലഭ്യമാക്കിയിട്ടുള്ളത് വായിക്കാവുന്നത് ഇങ്ങനെ:

1952-ലെ സിനിമാറ്റോഗ്രാഫ് ആക്റ്റ് വകുപ്പ് 9 അനുസരിച്ച്, ഏതെങ്കിലും ഫിലിമിന്റെയോ ഏതെങ്കിലും വിഭാഗം ഫിലിമുകളുടെയോ പ്രദർശനം കേന്ദ്രസർക്കാരിന്, ലിഖിതമായ ഉത്തരവിൽ അത്തരം ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, എന്തെങ്കിലും ഉണ്ടെങ്കിൽ, അത് ചുമത്തിക്കൊണ്ട്, ഏതെങ്കിലും വ്യവസ്ഥകളിൽ നിന്നോ ഇതിൻകീഴിൽ നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിൽ നിന്നോ ഒഴിവാക്കാവുന്നതാണ്. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്, വിവിധമായ ഫെസ്റ്റിവൽ അധികാരികളിൽ നിന്നും അവരുടെ ഫെസ്റ്റിവലുകളിലെ പ്രദർശനത്തിനുള്ള ഫിലിമുകളെ സർട്ടിഫിക്കേഷൻ നടപടിയിൽ നിന്നും ഒഴിവാക്കുന്നതിന് അർത്ഥനകൾ ലഭിക്കുന്നുണ്ട്. ഈ പ്രശ്നത്തിന് വിശദമായ മാർഗ്ഗനിർദ്ദേശക രേഖ വരച്ചു കാണിച്ചുകൊണ്ടുള്ള ഒരു ഉറച്ച നയം ഉണ്ടാക്കേണ്ടതിന്റെ ഒരു ആവശ്യകത തോന്നുന്നുണ്ട്. അതിനനുസൃതമായി, ഫിലിം-നിർമ്മാതാക്കൾ, അക്കാദമീഷ്യന്മാർ മുതലായവർ ഉൾക്കൊള്ളുന്ന ഒരു വിശാലമായ അടിസ്ഥാന സമിതി, ഈ കാര്യത്തിൽ സർക്കാരിന് ഒരു നയത്തിന്റെ ചട്ടക്കൂട് ഉണ്ടാക്കുന്നതിന് ശിപാർശ ചെയ്യുന്നതിലേക്കായി രൂപവല്ക്കരിച്ചിരുന്നു.

2. വിശദമായ ചർച്ചകൾക്കുശേഷം, സമിതി അതിന്റെ റിപ്പോർട്ട് ചില ശിപാർശകൾ സഹിതം 16.11.2005-ന് സർക്കാരിന് സമർപ്പിച്ചു ആയവ സ്വീകരിക്കപ്പെട്ടു. താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശകരേഖകൾ അടിയന്തിര പ്രാബല്യത്തിൽ വിജ്ഞാപനം ചെയ്യുന്നു:

(i) സ്വഭാവത്തിൽ വാണിജ്യമല്ലാത്തതും അതിന്റെ പ്രദർശനം പ്രതിനിധികളിലേക്ക് ഒതുങ്ങുന്നതുമായ (പ്രതിനിധികളുടെ നിർവ്വ

ചനത്തിൽ ഫിലിം നിർമ്മാതാക്കൾ, മാധ്യമ വിദ്യാർത്ഥി സമൂഹം, വിമർശകർ, ഫിലിം സൈദ്ധാന്തികർ, ഫിലിം സ്നേഹികൾ, ഫിലിമിന്റെ ഉല്പാദനവും കച്ചവടവുമായി ബന്ധപ്പെട്ടവർ, ഫെസ്റ്റിവൽ അധികാരികളുമായി യഥാവിധി രജിസ്റ്റർ ചെയ്ത അച്ചടി മാധ്യമത്തിലെ അംഗങ്ങൾ, അതുപോലെ അതിന്റെ ജൂറി എന്നിവർ ഉൾക്കൊള്ളേണ്ടതാണ്,) ഫെസ്റ്റിവലുകളിൽ, സർക്കാരിന് ഭാരതീയവും വിദേശീയവും രണ്ടുമായതുമായ ഫിലിമുകൾക്ക് ഒഴിവാക്കൽ അനുവദിച്ചു നൽകാവുന്നതാണ്. എന്നാലും, ആ ഒഴിവാക്കൽ താഴെ ഖണ്ഡിക 3-ൽ വിനിർദ്ദേശിച്ചിട്ടുള്ള ഉപാധികളുടെ നിറവേറ്റലുകൾക്ക് വിധേയമായിരിക്കേണ്ടതാണ്.

(ii) ഫെസ്റ്റിവൽ ഡയറക്ടറിൽ നിന്നും ലഭിക്കുന്ന എല്ലാ വിധത്തിലും പൂർണ്ണമായ അപേക്ഷയുടെ കൈപ്പറ്റു തീയതി മുതൽ 15 ദിവസത്തിനുള്ളിൽ സർട്ടിഫിക്കേഷന്റെ നടപടികളിൽ നിന്നുള്ള ഒഴിവാക്കലിന്റെ അഭ്യർത്ഥന തീർപ്പുകല്പിച്ചിരിക്കേണ്ടതാണ്.

(iii) അപൂർവ്വമായിട്ടുള്ള സംഗതികളിൽ, ഐ & ബി മന്ത്രാലയത്തിന്, കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തിക്കൊണ്ട്, ഏതെങ്കിലും ഫിലിം (ഫിലിമുകൾ), അതിന്റെ അഭിപ്രായത്തിൽ, രാജ്യത്തിന്റെ സുരക്ഷയെയോ അഖണ്ഡതയെയോ ബാധിച്ചേക്കാമെന്നോ, ക്രമസമാധാനത്തെ ബാധിച്ചേക്കാമെന്നോ, മറ്റു രാജ്യങ്ങളുമായുള്ള ബന്ധത്തെ ബാധിച്ചേക്കാമെന്നോ എന്നുണ്ടെങ്കിൽ അവയുടെ ഒഴിവാക്കലിനുള്ള അഭ്യർത്ഥന, നിരസിക്കുവാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

(iv) നിരസിക്കലിന്റെ സംഗതിയിൽ, ഫെസ്റ്റിവൽ ഡയറക്ടർക്ക് ഐ & ബി മന്ത്രാലയത്തിന്റെ അടുത്ത ഉന്നത അധികാരി, അതായത് അഡീഷണൽ സെക്രട്ടറി/സെക്രട്ടറി, അതത് സംഗതിപോലെ, അടുത്ത് അപ്പീൽ നൽകുന്നതിന് തെരഞ്ഞെടുക്കാവുന്നതും, അദ്ദേഹം മന്ത്രാലയത്തിൽ അപ്പീൽ ലഭിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ അത് തീർപ്പാക്കേണ്ടതുമാണ്.

3. ഫെസ്റ്റിവൽ ഡയറക്ടർ ഫെസ്റ്റിവലിൽ സ്ക്രീൻ ചെയ്യുന്ന ഫിലിമുകളുടെ സർട്ടിഫിക്കേഷൻ നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അഭ്യർത്ഥന പരിഗണിക്കുന്നതിനായി, താഴെപ്പറയുന്ന രേഖകൾ ഒഴിവാക്കുന്നതിനുള്ള അഭ്യർത്ഥനയോടൊപ്പം, ജോയിന്റ് സെക്രട്ടറി (ഫിലിമുകൾ) എന്ന് അഭിസംബോധന ചെയ്ത് അയച്ചു കൊടുക്കേണ്ടതാണ്.

(i) ഫെസ്റ്റിവലിൽ സ്ക്രീൻ ചെയ്യുന്ന ഫിലിമുകളുടെ ലിസ്റ്റ്.

(ii) ഓരോ ഫിലിമിന്റേയും രത്നചുരുക്കം

(iii) പ്രിവ്യൂ സമിതിയുടെ ഘടന, അതിൽ ഫിലിം വ്യവസായമായി ബന്ധപ്പെട്ട ആളുകൾ അല്ലെങ്കിൽ ഫിലിമുമായി ബന്ധപ്പെട്ട വിമർശകർ/എഴുത്തുകാർ അടങ്ങിയിരിക്കേണ്ടതാണ്.

(iv) ഫെസ്റ്റിവലിന്റെ പ്രദർശനത്തിന് ശിപാർശ ചെയ്തിട്ടുള്ള ഫിലിമുകളെ സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള പ്രിവ്യു സമിതിയുടെ റിപ്പോർട്ട്..

(v) പ്രതിനിധികൾക്ക് മാത്രം പരിമിതിപ്പെടുത്തി ക്കൊണ്ട് അത്തരം ഫിലിമുകൾ പ്രദർശിപ്പിക്കുന്നതാണ് എന്ന ഫലത്തിലേക്ക് ഫെസ്റ്റിവൽ ഡയറക്ടർ നൽകുന്ന സാക്ഷ്യപത്രം (പ്രതിനിധികളുടെ നിർവ്വചനത്തിൽ ഫിലിം നിർമ്മാതാക്കൾ, മാധ്യമ വിദ്യാർത്ഥികൾ, വിമർശകർ, ഫിലിം സൈദ്ധാന്തികർ, ഫിലിം സ്നേഹികൾ, ഫിലിമിന്റെ ഉല്പാദനവും കച്ചവടവുമായി ബന്ധപ്പെട്ടിട്ടുള്ളവർ, ഫെസ്റ്റിവൽ അധികാരികളുമായി യഥാവിധി രജിസ്റ്റർ ചെയ്ത അച്ചടി മാദ്ധ്യമത്തിലെ അംഗങ്ങൾ അതുപോലെ അതിന്റെ ജൂറി എന്നിവർ ഉൾപ്പെടുന്നു.).

(vi) ഫെസ്റ്റിവൽ വാണിജ്യേതര സ്വഭാവത്തിലുള്ളതാണെന്ന ഫലത്തിലേക്ക് ഫെസ്റ്റിവൽ ഡയറക്ടർ നൽകുന്ന സാക്ഷ്യപത്രം.

7. ആക്റ്റിലെ ഭാഗം II-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള സർട്ടിഫിക്കേഷൻ നടപടിയിൽ നിന്നും ഒരു ഫിലിമിനെയോ ഒരു വിഭാഗം ഫിലിമുകളേയോ ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിന് അധികാരം അനുവദിച്ചു നൽകുന്ന ആക്റ്റിലെ വകുപ്പ് 9 ഒരു സോപാധികമായ നിയമനിർമ്മാണമാകുന്നതും, അതുപോലെ, ആ അധികാരം നിയമനിർമ്മാണ സഭ അധികാരം ഏല്പിച്ചവർ സ്വന്തമായി അവരുടെ വിഷയ സംബന്ധമായിട്ടുള്ള തൃപ്തിപ്പെടലിൽ വിനിയോഗിക്കേണ്ടതാണെന്നതും അവിതർക്കിതമാണ്. നിലവിലുള്ള കേസ്സിനെ സംബന്ധിച്ചിടത്തോളം, കേന്ദ്ര സർക്കാർ, ഒഴിവാക്കലിനെ സംബന്ധിച്ചുള്ള അധികാരം വിനിയോഗിക്കുന്ന വേളയിൽ ഫിലിമുകളുടെ തിട്ടപ്പെടുത്തലിന്റെ ലക്ഷ്യങ്ങൾക്ക് ആയി ഒഎം പ്രകാരം മാർഗ്ഗനിർദ്ദേശക രേഖകൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. ആക്റ്റിലെ വകുപ്പ് 9 പ്രകാരമുള്ള അധികാരം വിനിയോഗിക്കുന്നതിനായി കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശക രേഖകൾ ചിട്ടപ്പെടുത്തിയിട്ടുള്ളിടത്തോളം, അപ്രകാരമുള്ള മാർഗ്ഗനിർദ്ദേശക രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമേ അത്തരം അധികാരം വിനിയോഗിക്കുന്നതിന് അതിന് കഴിയുകയുള്ളു. മുകളിൽ ശ്രദ്ധിച്ചതുപോലെ, ഒഎം-ൽ വിനിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ തൃപ്തിപ്പെടുത്തുന്ന ഫിലിം ഫെസ്റ്റിവലുകളുടെ സംഘാടകരിൽ നിന്നു മാത്രമേ അത്തരം ഒഴിവാക്കലിനുള്ള അപേക്ഷകൾ ഒഎം-ൽ ഉദ്ദേശിച്ചിട്ടുള്ളൂ. ഒഎം-ന് എതിരായി തർക്കം ഉന്നയിച്ചിട്ടില്ലാത്തതാണ്. ഹർജിക്കാർക്ക് അവരുടെ ഡോക്യുമെന്ററി ഫിലിമുകളുടെ പ്രദർശനത്തിന് ആക്റ്റിലെ വകുപ്പ് 9 പ്രകാരമുള്ള ഒഴിവാക്കലിനുള്ള അപേക്ഷകൾ നൽകുന്നതിന് അർഹതയില്ലെങ്കിൽ, എന്നെ സംബന്ധിച്ചിടത്തോളം, അവരുടെ ഫിലിമിനുവേണ്ടി അവരെ രണ്ടാം എതിർകക്ഷി തേടിയിട്ടുള്ള ഒഴിവാക്കൽ കേന്ദ്ര സർക്കാർ നിരസിച്ചത് സംബന്ധിച്ച തീരുമാനത്തിൽ സങ്കടകക്ഷികളായി പറയുന്നതിന് കഴിയുന്നതല്ല. ചോദ്യം ചെയ്യപ്പെടുന്ന ഉത്തരവിൽ സങ്കട കക്ഷികളായി അവരെ പറയാൻ കഴിയുന്നതല്ലെങ്കിൽ, ഈ റിട്ട് ഹർജികൾ, അവരെ ഉദ്ധരിച്ചുകൊണ്ട് നിലനിൽക്കത്തക്കതല്ലാത്തതാണ്. ചോദ്യം ചെയ്യപ്പെടുന്ന ഉത്തരവിനെതിരായി രണ്ടാം എതിർകക്ഷി നൽകിയ അപ്പീൽ അപ്പലേറ്റ് അധികാരിയുടെ മുമ്പിൽ തീർപ്പാക്കപ്പെടാതെ നിലനിൽക്കുന്നതായി പ്രസ്താവിച്ചിരിക്കുന്നതിനാൽ, ചോദ്യം ചെയ്യപ്പെടുന്ന തീരുമാനത്തിന്റെ സാധുതക്കെതിരായി ഹർജിക്കാർ ഉയർത്തിയിട്ടുള്ള വാദങ്ങളിൽ ഇടപെടുന്നത് ഉചിതമാണെന്ന് ഞാൻ കരുതുന്നില്ല. ഈ സാഹചര്യങ്ങളിൽ, ഈ റിട്ട് ഹർജികൾ തള്ളിക്കളയുന്നു. എന്നാലും, ഈ വിധിന്യായം ആക്റ്റ് പ്രകാരം പൊതു പ്രദർശനത്തിനായി അവരുടെ ഫിലിമുകളുടെ സർട്ടിഫിക്കേഷന് അപേക്ഷിക്കുന്നതിൽ നിന്നും ഹർജിക്കാരെ തടയുന്നതല്ലെന്നും ഇതിനാൽ വ്യക്തമാക്കുന്നു.

*————*

FORM IV

Statement about ownership and other particulars about newspaper (NIYAMA DWANI) to be published in the first issue every year after the last day of February.

| | | | |
|---|---|---|---|
| 1. | Place of publication | : | Thiruvananthapuram |
| 2. | Periodicity of its publication | : | FMLY |
| 3. | Printer's Name | : | SUPERINTENDENT OF GOVT. PRESSES |
| | Nationality | : | Indian |
| | Address | : | Government Press, Mannanthala,<br>Thiruvananthapuram. |
| 4. | Publisher's Name | : | LAW SECRETARY |
| | Nationality | : | Indian |
| | Address | : | Law Department,<br>Government Secretariat,<br>Thiruvananthapuram. |
| 5. | Editor's Name | : | Law Secretary |
| | Nationality | : | Indian |
| | Address | : | Law Department,<br>Government Secretariat,<br>Thiruvananthapuram. |
| 6. | Name and address of individual who own the newspapers and partners or share holders holding more than one percent of the total capital | : | B.G. Harindranath, Law Secretary,<br>Law Department, Government of Kerala<br>on behalf of Government of Kerala. |

I, B.G. Harindranath hereby declare that the particulars given above are true to the best of my knowledge and belief.

(Sd.)

Date: 29-05-2017. *Signature of Publisher.*

നിയമ ധ്വനിയുടെ മുൻപതിപ്പുകൾ നിയമ വകുപ്പിന്റെ
ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.



**നിയമധ്വനി**
NIYAMADWANI
TITLE CODE KERMAL 15918
Page 96
Vol. 1

സെപ്റ്റംബർ 2017
September 2017
Date of Publication
28-09-2017
Issue 3





PRINTED BY K. P. MUHAMMED KUTTY, THE SUPERINTENDENT OF GOVERNMENT PRESSES, THIRUVANANTHAPURAM
PUBLISHED BY B.G. HARINDRANATH, LAW SECRETARY, LAW DEPARTMENT,
GOVERNMENT SECRETARIAT, THIRUVANANTHAPURAM, 695 001 ONBEHALF OF GOVT. OF KERALA
AND PRINTED AT GOVT. PRESS, MANNANTHALA, THIRUVANANTHAPURAM, 695 015, AND PUBLISHED
AT LAW DEPARTMENT, SECRETARIAT, THIRUVANANTHAPURAM, 695 001, EDITOR B.G. HARINDRANATH